ISSN 2456-2777

9 772456 277701 >

2024 സെപ്റ്റംബർ പുസ്തകം 9 ലക്കം 11 ₹ 40

# എഴുത്ത് മാസിക

ചിന്തിക്കുന്ന ഹൃദയങ്ങൾക്ക്

ഓണാശംസകൾ



**കൽപ്പറ്റ നാരായണൻ**
പ്രതിപക്ഷമെന്ന ഇടതുപക്ഷത്ത്

**സക്കറിയ**
ഇന്നും നാളെയും

**സുദേശ്ന മജുംദാർ**
പോരാട്ടത്തിന്റെ കല

കവിത
അബ്ദുള്ള പേരാമ്പ്ര
കെ. ബാബു ജോസഫ്
ശ്രീകല ചിങ്ങോലി
പി.എം. ഗോവിന്ദനുണ്ണി
സൂസൻ ജോഷി
സജീവ് സി. വാരിയർ

കഥ
സുഭാഷ് ഒട്ടുംപുറം

സി.ആർ. നീലകണ്ഠൻ
ഡോ.ജോസ് സെബാസ്റ്റ്യൻ
ഡോ.യു. നന്ദകുമാർ
റ്റിസി മറിയം തോമസ്
ആഷ്‌ലി മറിയം പുന്നൂസ്
ഡോ.അഭിലാഷ് എസ്.
ഡോ.ബൈജു കെ.കെ.

സി. രാധാകൃഷ്ണൻ
എൻ.ഇ. സുധീർ
വിനോദ് നാരായൺ
ഡോ.തോമസ് സ്കറിയ
അൽമ മരിയ ഒ. സാൽവദോർ

# എന്റെ കേരളം എവിടെ പോയി?

ഈ ആത്മബന്ധം,
ആപ്പിനും അപ്പുറം

**FEDERAL BANK**
YOUR PERFECT BANKING PARTNER

# പൊന്നോണം, ഇത് Perfect ഓണം!



ഒരുമയുടെയും നന്മയുടെയും ആഘോഷമായ ഓണത്തെ വരവേൽക്കാൻ ലോകമെമ്പാടുമുള്ള മലയാളികൾക്കൊപ്പം ഫെഡറൽ ബാങ്കും ഒരുങ്ങിക്കഴിഞ്ഞു. എവർക്കും ഫെഡറൽ ബാങ്കിന്റെ ഓണാശംസകൾ.




### ഫെഡറൽ 24 7
ഫെഡറൽ ബാങ്ക് ബ്രാഞ്ച് സന്ദർശിക്കാതെ തന്നെ സേവിങ്‌സ് അക്കൗണ്ട് തുറക്കൂ 24x7 ലൂടെ

### ക്രെഡിറ്റ് & ഡെബിറ്റ് കാർഡ് ഓഫറുകൾ
ഡിസ്‌ക്കൗണ്ടും ക്യാഷ്ബാക്കും ഉൾപ്പെടെ ആകർഷകമായ ഒട്ടനവധി ഓഫറുകൾ

### സ്വർണ്ണ വായ്പ
- കുറഞ്ഞ പലിശനിരക്ക്
- ലളിതമായ നടപടിക്രമങ്ങൾ
- കൂടുതൽ വായ്പാതുക

### വാഹന വായ്പ
- 100%* വരെ വായ്പ
- ഉയർന്ന തിരിച്ചടവു കാലാവധി
- പ്രോസസിങ് ഫീയിൽ 50 % കിഴിവ്

### ഭവന വായ്പ
- 90%* വരെ വായ്പ
- 30 വർഷത്തെ തിരിച്ചടവ് കാലാവധി

### സ്ഥിരനിക്ഷേപങ്ങൾ
- സുതാര്യം
- സുരക്ഷിതം
- ലാഭകരം

ഓഫറുകളെക്കുറിച്ച് കൂടുതൽ അറിയാൻ QR കോഡ് സ്കാൻ ചെയ്യുക




*നിബന്ധനകൾക്ക് വിധേയം

1800 420 1199
1800 425 1199
+91 484 2630994/5 (NRI)

www.federalbank.co.in

**മുൻവാക്ക്**

സി. രാധാകൃഷ്ണൻ



# വേണോ വേണ്ടേ ഓണം?



ഈ ചോദ്യത്തിന് ഒരു ഉത്തരം കിട്ടേണ്ട കാലം വൈകി. അതിലേക്കായി ഇപ്പോൾ നിലവിലുള്ള ഓണധാരണകൾ നമുക്കൊന്ന് ആറ്റിക്കുറുക്കി നോക്കാം.

ലക്കും ലഗാനും ഇല്ലാത്ത ഐതിഹ്യങ്ങളുടെ അഞ്ചുകളി ആദ്യം അവസാനിക്കണം. വലിയ ട്വിസ്റ്റുകൾ ഓണത്തിന്റെ തിരക്കഥയിൽ സംഭവിച്ചിട്ടുണ്ട് എന്നു തീർച്ച. അങ്ങനെ, വാമനനോ മഹാബലിയോ ഹീറോയെന്നു തീർച്ചയില്ലാതെയായി. ഇതിൽ മതത്തിന്റെ വല്ല സംശയവും ഉണ്ടോ ഇല്ലയോ എന്നും തീർച്ചയില്ലാതെയായി.

കേരളചരിത്രം എന്നാൽ കെട്ടുകഥകളുടെ ഒരു തിരിഞ്ഞുകളി എന്നാണല്ലോ അർഥം. ഒന്നിനും ഒരു നിശ്ചയവുമില്ല. ഗവേഷണം പുരോഗമിക്കുന്തോറും ചളി കൂടുതൽ കലങ്ങുന്നു.

തീർച്ചയുള്ള കാര്യങ്ങൾ നമുക്കൊന്ന് അക്കമിട്ട് കുറിച്ചു നോക്കാം: ഒന്ന് : കള്ളവും ചതിയും ഇല്ലാതെ മാലോകരെല്ലാം സമഭാവനയോടെ സുന്ദരമായും സന്തോഷമായും കഴിയുന്ന കാലം എന്ന സ്വപ്നം ഒരുകാലത്ത് കേരളത്തിൽ ഏറക്കുറെ യാഥാർഥ്യംതന്നെ ആയിരുന്നു. ഇങ്ങനെയൊരു സങ്കല്പം ലോകത്ത് മറ്റെങ്ങും ഉണ്ടായിരുന്നതായി അറിവും ഇല്ല. രണ്ട്: യാഥാർഥ്യത്തിന്റെ അംശം ഇതിലുണ്ട് എന്നതിന് ന്യായം, ഒരു ഭൂഭാഗത്തെ എല്ലാ മനുഷ്യരും ഒരിക്കൽ ഒരേസമയം ഒരേ സ്വപ്നം കണ്ടു എന്ന് വിചാരിക്കാൻ വയ്യ എന്നതാണ്. മൂന്ന്: സ്വപ്നവിഷയം ഉച്ചനീചത്വങ്ങൾ ഇല്ലാത്ത സമൂഹമായതുകൊണ്ട് ജാതിമതഭേദങ്ങൾ ഇല്ലാത്ത ഉത്സവമായിരുന്നു ഓണം. നാല് : മനുഷ്യർക്ക് ഈ ഭൂമിയിൽ സന്തോഷമായി കഴിയാനുള്ള ഒരു ഫോർമുല ഈ സങ്കല്പത്തിൽ ഉണ്ട്. അഞ്ച് : പൊളിറ്റിക്സ് എന്ന സയൻസും പ്രത്യയശാസ്ത്രങ്ങളും ഉരുത്തിരിയുന്നതിന് മുൻപാണ് ഇത് പിറവിയെടുത്തത്. ആറ്: അതിസരളം സുന്ദരം ആ ഫോർമുല.

എന്താണ് അതിന്റെ സാരാംശം? മനുഷ്യരുൾപ്പെടെ എല്ലാ ജീവജാലങ്ങൾക്കും ആവോളം സന്തോഷമുണ്ടാകാൻ ഈ മാർഗം മതിയോയെന്നു ചോദിച്ചാൽ മതി എന്ന് ഏത് കണ്ണുപൊട്ടനും പറയും. ഭൂമിയിലെ അതിർത്തികൾ മാഞ്ഞുപോകുന്ന മുറയ്ക്ക് ഇങ്ങനെയൊരു കാഴ്ചപ്പാട് അനുപേക്ഷണീയമായിത്തീരും. കാട്ടാളാ, കാമമോഹിതമായ ഒരു ക്രൗഞ്ചമിഥുനവും കൊല്ലപ്പെടരുത്, അതു സംഭവിച്ചാൽ നിന്റെ പരമ്പര കുറ്റിയറ്റുപോകും. ഈ വഴിക്കുള്ള ചിലതൊക്കെ നാം ഇപ്പോഴേ ചെയ്തുതുടങ്ങിയിട്ടുണ്ട്. ഉദാഹരണത്തിന്, മീനിന്റെ പ്രജനനകാലത്ത് അടക്കംകൊല്ലി വല നിരോധിച്ചിരിക്കുകയാണല്ലോ.

മനുഷ്യനും മനുഷ്യനും തമ്മിൽ മത്സരിക്കേണ്ടത് എന്തിനാണ് എങ്ങനെയാണ് എത്രത്തോളമാണ് എന്നൊക്കെ തീരുമാനിക്കേണ്ടി വരും എന്ന ബുദ്ധിമുട്ടേയുള്ളൂ. പ്രകൃതിയുടെ പുനരുദ്പാദനശേഷി നശിപ്പിക്കപ്പെടുന്നതിന്റെ പരിധി നിശ്ചയിക്കേണ്ടിയും വരും.

സയൻസ് നമുക്ക് എല്ലാം തന്നിരിക്കുന്നു. അതൊക്കെ എങ്ങനെ ഉപയോഗിക്കണം എന്ന് കണ്ണുതുറന്ന് കാണുകയേ ഇനി വേണ്ടൂ.

നമുക്ക് പിൻപേ വരുന്നവർ അത് ചെയ്യും എന്ന പൂർണമായ വിശ്വാസം അസ്ഥാനത്തല്ല. കാരണം അത് അവരുടെ ജീവൻമരണ പ്രശ്നമാണ്. അന്ന് അവർ അവർക്ക് തൊട്ടു മുൻപേ ജീവിച്ച നമ്മുടെ തലമുറയെപ്പറ്റി എന്തായിരിക്കും കരുതുക? ഒരു ഇരുണ്ട ദശാകാലത്തും ഇത്ര മണ്ടന്മാരായി ഒരു കൂട്ടരും ഭൂമിയിൽ വേറെ ജീവിച്ചിട്ടില്ല എന്നായിരിക്കും. പിച്ച യാചിക്കുന്നതുപോലും ഒരു അടവുനയവും ചതിയുമാക്കിയ ആളുകളാണല്ലോ നമ്മുടെ ആരാധ്യപുരുഷർ. ഇല്ല എന്നോ തരില്ല എന്നോ ആരോടും പറയാൻ കഴിയില്ല എന്നു കരുതുന്ന ആൾ ധിക്കാരിയായ അഹംഭാവിയാണ് എന്നും ആ കുറ്റത്തിന് പാതാളത്തിലേക്ക് ചവിട്ടിത്താഴ്ത്തപ്പെടേണ്ടവനാണ് എന്നും ഒരു കഥയായെങ്കിലും വിശ്വസിക്കാൻ തയ്യാറാകത്തക്കനിലയിൽ കഥയില്ലാത്തവരായിപ്പോയല്ലോ നാം. തൊട്ടുനക്കാൻ കടുമാങ്ങയും കൊറിക്കാൻ വറുത്തുപ്പേരിയും ഉണ്ടെങ്കിൽ ഓണക്കുപ്പി പൊട്ടിക്കാറായി എന്നു കരുതാൻ നമുക്ക് കഴിയുന്നില്ലേ? അത്രയും പോരെ? പിന്നെ ആരുടെയൊക്കെ കാൽക്കീഴിൽനിന്ന് ഭൂമി വഴുതിപ്പോയി എത്രയോ ജീവൻ നഷ്ടപ്പെട്ടാൽ നമുക്കെന്താണ്. ഈ ഭൂമിയിലെ മുഴുവൻ സ്വർണവും ഞാനും പിന്നെ ഹേമ കമ്മിറ്റികളിൽച്ചെന്ന് മൊഴികൊടുക്കാൻ ഇടയില്ലാത്ത കന്യകാകുസുമങ്ങളും പോരേ? അതെ, ഓണം യഥേഷ്ടം വേണം, പക്ഷേ, എനിക്കു മാത്രം.

# എഴുത്ത്

ചിന്തിക്കുന്ന ഹൃദയങ്ങൾക്ക്

പുസ്തകം ഒൻപത് | ലക്കം പതിനൊന്ന്
2024 സെപ്റ്റംബർ| ചിങ്ങം-കന്നി 1200



രക്ഷാധികാരി : ഇ.പി.മാത്യു എസ്.ജെ

ഉപദേശക സമിതി : എം.തോമസ് മാത്യു
കെ.സി.നാരായണൻ
മ്യൂസ് മേരി ജോർജ്
സുനിൽ പി. ഇളയിടം
തമ്പി ആന്റണി
എം.വി.ബെന്നി

മാനേജിങ് എഡിറ്റർ : ബിനോയ് പിച്ചളക്കാട്ട്

എഡിറ്റർ : ബിജു ജോർജ്

കൺസൾട്ടന്റ് : വി.ജി. തമ്പി
മോൻസി ജോസഫ്

സീനിയർ സബ് എഡിറ്റർ : മനോജ് എ.ആർ

എഡിറ്റോറിയൽ ബോർഡ് : അഗസ്റ്റിൻ പാംപ്ലാനി
: രോഷ്നി സ്വപ്ന

അഡ്വർടൈസ്മെന്റ് : ജോ മാത്യു

സർക്കുലേഷൻ : രാധാകൃഷ്ണൻ പി.ജി

ഓഫീസ് : ഷിനു പ്രദീപ്

ലേഔട്ട് : സിപ്സൺ ചെല്ലാനം

കവർ : ഗൗരി പ്രദീഷ്

ഡി.ടി.പി. : വിനോഷ് പൊന്നുരുന്നി


facebook.com/Ezhuthumagazine

ഇ-കോപ്പി വാങ്ങാം


എഴുത്ത് മാസിക
ലൂമൻ, പോണോത്ത് റോഡ്
കലൂർ, കൊച്ചി -17
മൊബൈൽ 81292 16033
ezhuthumagazine@gmail.com
editorezhuthu@gmail.com



പ്രസാധനം
ലൊയോള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ്
പീസ് ആന്റ് ഇന്റർനാഷണൽ
റിലേഷൻസ്, കൊച്ചി - 17


https://www.magzter.com/IN/LIPI/Ezhuthu/Art/

www.ezhuthu.org/subscription/ എന്ന വിലാസത്തിൽ ലോഗിൻ ചെയ്ത് വരിക്കാരാകാവുന്നതാണ്.
ബന്ധപ്പെടുക : subscribetoezhuthu@gmail.com

ഒരു ജസ്വിറ്റ് സംരംഭം




**03/ മുൻവാക്ക്**
**വേണോ വേണ്ടേ ഓണം?**
സി. രാധാകൃഷ്ണൻ

**06/ സംഭാഷണം**
**മരണത്തെ ഊറാൻ വയ്ക്കുന്ന സമയപ്രഭു**
കൽപ്പറ്റ നാരായണൻ/ രോഷ്നി സ്വപ്ന

ഫോക്കസ്

**13/ ഇന്നും നാളെയും**
സക്കറിയ

**15/ കേരളം തേടേണ്ടത് സംരഭകത്വവഴി**
ഡോ. ജോസ് സെബാസ്റ്റ്യൻ

**20/ നമ്മുടെ ആരോഗ്യം: ഇനിവരും കാലം**
ഡോ യു. നന്ദകുമാർ

**26/ വേണ്ടത് സുരക്ഷിത കേരളം**
സി.ആർ നീലകണ്ഠൻ

**30/ കാലാവസ്ഥാവ്യതിയാനത്തിന്റെ വെല്ലുവിളികളും പ്രാദേശികമായ അനുരൂപീകരണവും**
ഡോ.അഭിലാഷ് എസ്., ഡോ. ബൈജു കെ.കെ

**34/ മലയാളികളുടെ മാനസികാരോഗ്യവും ഭാവി കേരളീയ സമൂഹവും**
റ്റിസി മറിയം തോമസ്, ആഷ്ലി മറിയം പുന്നൂസ്

വിദേശകാര്യം

**67/ വിഭജനത്തിന്റെ പരിഹാരം തേടി**
അൽമ മരിയ ഒ. സാൽവദോർ

കഥ

**44/ പാത**
സുഭാഷ് ഒട്ടുംപുറം

കവിത

**43/കാട്ടിൽ പാർക്കുന്ന ചങ്ങാതി**
അബ്ദുള്ള പേരാമ്പ്ര

**47/മടങ്ങിവരാത്ത വേരുകൾ**
പി.എം. ഗോവിന്ദനുണ്ണി

**49/ 10 കവിതകൾ**
കെ. ബാബു ജോസഫ്

**58/ ഒറ്റ്**
ശ്രീകല ചിങ്ങോലി

**59/ ഇരുൾക്കുത്ത്**
സജീവ് സി. വാരിയർ

**62/ ചിലർക്ക് മാത്രം മനസ്സിലാകുന്ന ഭാഷ**
സൂസൻ ജോഷി

സമകാലികം

**40/കേരളവും പ്രകൃതിദുരന്തങ്ങളും പ്രതിവിധികൾ തേടി**
ജോർജ് തേനാടിക്കുളം, ബേബി ചാലിൽ, ജേക്കബ് നാലുപറയിൽ

പംക്തി

**39/ നോട്ടം**
വിനോദ് നാരായൺ

**50/ മൊഴിയാഴം**
എൻ.ഇ. സുധീർ

വായന

**54 / വീടുവിട്ടുപോകാത്ത കഥകൾ**
ഡോ. തോമസ് സ്കറിയ

**63/ പുസ്തകപൂമുഖം**

**64/ വായനക്കാരുടെ വാക്കുകൾ**

കല

**67/ പോരാട്ടത്തിന്റെ നാളുകളിൽ കല**
സുദേഗ്ന മജുംദാർ

പീസ് കോർണർ

**74/ സമാധാനത്തിന്റെ വക്താക്കളാകാൻ തയാറല്ലേ?**
എം.കെ.ജോർജ്


ചില സാങ്കേതിക കാരണങ്ങളാൽ സെപ്റ്റം ബർ, ഒക്ടോബർ ലക്കങ്ങളിൽ ദിനവൃത്താന്തം എന്ന പംക്തി ഉണ്ടായിരിക്കില്ല.

എഡിറ്റർ



# ഭൂതകാലക്കുളിർ

മലയാളികൾ ഗൃഹാതുരത്വം ആഘോഷിക്കുന്ന ഓണക്കാലമെത്തി. കേരളം ഉപേക്ഷിച്ച് വിദേശവാസം സ്വപ്നംകാണുന്ന പുതുതലമുറയിൽ ഓണംപോലുള്ള പഴയ മിത്തുകളും കേരളമോഡൽ, നവകേരളം പോലുള്ള ആധുനികമിത്തുകളും എന്തു കൗതുകമാണ് സൃഷ്ടിക്കുക.

മറ്റൊരു കേരളം വേണമെന്ന ചിന്ത മലയാളിമനസ്സുകളുടെ അടിത്തട്ടിലുണ്ട്. ഇതിനെക്കുറിച്ച് ഗൗരവമായി ചർച്ചചെയ്ത് നിലപാടുകൾ എടുക്കേണ്ട ഭരണകൂടം താൽക്കാലിക രാഷ്ട്രീയലാഭം നോക്കിയാണ് പലപ്പോഴും പ്രവർത്തിക്കുന്നത്. ഈ അനിശ്ചിതത്വം മലയാളികളെ, പ്രത്യേകിച്ച് പുതുതലമുറയെ, നിരാശരാക്കുന്നുണ്ട്. നമ്മുടെ അനുഭവങ്ങളുടെയും ഉൾക്കാഴ്ചയുടെയും അടിസ്ഥാനത്തിൽ ഇവിടെ നിലനിൽക്കുന്ന സാധ്യതകൾ കണ്ടെത്തി നാളത്തെ കേരളം നിർമ്മിക്കാനുള്ള ആശയസംവാദ പരിസരമാണ് ഈ ലക്കം എഴുത്ത് മാസിക മുന്നോട്ടുവയ്ക്കുന്നത്.

മലയാളികൾ നേരിടുന്ന പ്രതിസന്ധികളിലേക്കാണ് സക്കറിയ നമ്മുടെ ശ്രദ്ധ ക്ഷണിക്കുന്നത്. രാഷ്ട്രീയ ഉള്ളടക്കമായി വികസിപ്പിക്കാവുന്ന ചില നിരീക്ഷണങ്ങൾ. മനുഷ്യവിഭവശേഷി കയറ്റുമതി ചെയ്തു പണം സമ്പാദിക്കുന്നതിനുപകരം കാർഷിക - വ്യാവസായിക മേഖലകളിൽ നൂതനവും സൃഷ്ടിപരവുമായ സംരംഭകത്വവഴികളാണ് കേരളം തേടേണ്ടതെന്ന് ഡോ. ജോസ് സെബാസ്റ്റ്യൻ വാദിക്കുന്നു. പുതിയ കേരളത്തിന്റെ മുദ്രാവാക്യം കേവലം ഹരിതകേരളമല്ല, സുരക്ഷിതകേരളമാണ് എന്ന് സി.ആർ. നീലകണ്ഠൻ അഭിപ്രായപ്പെടുന്നു. നമ്മളൊരു കാലാവസ്ഥ അടിയന്തരാവസ്ഥയിലേക്ക് നീങ്ങുകയാണെന്ന് തിരിച്ചറിയാൻ വൈകിക്കൂടാ. പ്രകൃതിദുരന്തങ്ങളുടെ ആഘാതം ലഘൂകരിക്കുന്ന പ്രായോഗിക കർമ്മപരിപാടികൾക്ക് ദിശാബോധം നൽകുന്ന ചിന്തകളും ഈ ലക്കത്തിലുണ്ട്. പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കാലോചിതമായി പരിഷ്കരിക്കേണ്ടത് കേരളത്തിന്റെ ആരോഗ്യമുന്നേറ്റത്തിന് ആവശ്യമാണെന്ന് നമ്മെ ബോധ്യപ്പെടുത്തുന്നു ഡോ.യു.നന്ദകുമാർ. പഴമയ്ക്കും പുതുമയ്ക്കും ഇടയിൽ അമർന്നുപോകുന്ന മലയാളിമനസ്സിന്റെ സംതൃപ്തിയെ തിരിച്ചുപിടിക്കാനുള്ള ആലോചനകളിലേക്ക് നയിക്കുന്ന മറ്റൊരു ലേഖനമുണ്ട്.

ഒരാളും അയാൾ മാത്രമല്ല എന്നെഴുതുന്ന കൽപ്പറ്റ നാരായണൻ നാമനുഭവിക്കുന്ന കരുതലിന്റെ അഭാവത്തെക്കുറിച്ച് സംസാരിക്കുന്നു. ചില സത്യങ്ങൾ അലോസരപ്പെടുത്തുന്നതാണ്.

ദേശാതിർത്തികൾ ഭേദിക്കുന്നവരാണ് മലയാളികൾ. സ്വയം വളരാൻ പുറത്തേക്ക് സഞ്ചരിക്കുന്ന നാം കേരളത്തിനുള്ളിൽത്തന്നെയുള്ള സാധ്യതകളിലേക്കും അന്വേഷണം വ്യാപിപ്പിക്കേണ്ടതുണ്ട്. സാധ്യതകൾ ഇല്ലാഞ്ഞിട്ടല്ല, പക്ഷേ, അവ കണ്ടെടുക്കുവാനുള്ള നമ്മുടെ നൈതിക ജാഗ്രത കുറയുന്നതാണ് പ്രശ്നം. ഓർക്കുക, "മുട്ടറ്റമേയുള്ളൂ ഭൂതകാലക്കുളിർ".


പ്രിയ വായനക്കാർക്ക് ഓണാശംസകൾ.

**എഡിറ്റർ**

സംഭാഷണം: കൽപ്പറ്റ നാരായണൻ / ഡോ. രോഷ്നി സ്വപ്ന



# മരണത്തെ ഊറാൻ വയ്ക്കുന്ന സമയപ്രഭു



↘ കൽപ്പറ്റ നാരായണൻ

“Man has no knowledge” -Michel De Montaigne

തന്റെ സമ്പൂർണസമാഹാരത്തിൽ Michel de Montaigne എഴുതിയ വരികൾ ശ്രദ്ധേയമാണ്. "If I speak of myself in different ways, that is because I look at myself in different ways" എന്നാണദ്ദേഹം വിശ്വസിക്കുന്നത്. ഇതൊരു തുറന്നുപറച്ചിലാണ്. അനുഭവങ്ങളുടെ സവിശേഷമായ സ്പർശങ്ങളെ അതല്ലാത്ത മറ്റൊന്നിലേക്ക് പരിവർത്തിക്കപ്പെടാനുള്ള സാധ്യതകളെ തിരിച്ചറിയുന്ന അനുഭവസാക്ഷ്യമാണ്. അത് മനുഷ്യന്റെ ഏകാന്തതയാവം ക്രിയാത്മകതയാവാം ഹിംസാത്മകതയാവാം അപരശരീരങ്ങളുടെ ഇടപെടലാവാം. തീർച്ചയായും സാമൂഹിക വ്യവഹാരങ്ങളിൽനിന്നൊരാൾ സ്വയം അരിച്ചെടുത്ത കണ്ടെത്തലുകളാവാം. അതിൽ നിന്ന് തീർച്ചയായും രാഷ്ട്രീയസാധ്യതകളെ തള്ളിക്കളയാനാവില്ല. കവിതയിലായാലും ജീവിതത്തിലായാലും അതു ചിലപ്പോൾ ചില ഇടങ്ങളെ അസ്വസ്ഥമാക്കാം. അങ്ങനെ വേണം താനും.

കൽപ്പറ്റ നാരായണൻ എന്ന കവിയുടെ കവിതകൾ അതിസൂക്ഷ്മമായ ജാഗ്രത പുലർത്തുന്നുണ്ട്, അതേസമയം, ചില സത്യങ്ങളെ അലോസരപ്പെടുതുകയും ചെയ്യുന്നുണ്ട്. വലിയ ആൾക്കൂട്ടങ്ങൾക്ക് വേണ്ടിയല്ല ഈ കവി എഴുതുന്നത്. തീവ്രമായ നിഷ്ഠയോടെ അനുകരണീയമല്ലാത്ത വഴികൾ കൽപ്പറ്റക്കവിതകൾക്കുണ്ട്. അത് ഏകാന്തതയുടെയോ കാലത്തോടുള്ള തീക്ഷ്ണമായ വിമർശനങ്ങളുടെയോ ചരിത്രത്തിന്റെ പഴുതുകളിലൂടെ കളഞ്ഞുപോയവയ്ക്കു വേണ്ടിയുള്ള കലഹത്തിന്റെയോ ഒച്ചകൾ കേൾപ്പിക്കുന്നു.

ഒരാളും അയാൾ മാത്രമല്ല എന്ന സൂക്ഷ്മധ്യാനവും അത്രമേൽ പ്രണയവും അത്രമേൽ ഏകാഗ്രതയും അത്രമേൽ

മൃത്യുശൈത്യവും ഈ കവിതകൾക്ക് മേലുണ്ട്. ആഴത്തിലുള്ള രാഷ്ട്രീയജാഗ്രത ഈ കവിതകളുടെ അടിയൊഴുക്കായി നിലകൊള്ളുന്നുണ്ട്. വേർതിരിച്ചെടുക്കാൻ ആവാത്തവിധം വേരുകൾക്കിടയിൽ അറിയാതെ മുളയ്ക്കുന്ന പച്ചിലപ്പൊടിപ്പുകളാണവ. നിശ്ചലമായ ജലപ്പരപ്പിൽ ഒരു അരയന്നച്ചിറകടി മതിയാകും ഉള്ളിൽ ഉറക്കംനടിച്ചുകിടക്കുന്ന ഓളങ്ങൾക്ക് മുകളിലേക്ക് കുതിച്ചുയരാനെന്ന് സ്വപ്നംകാണുംപോലെ ഗുപ്തമായാണ് കൽപ്പറ്റയുടെ കവിതകളിൽ പ്രണയവും മരണവും ഏകാന്തതയും രാഷ്ട്രീയവും ഒളിച്ചു കളിക്കുന്നത്.

"അടുത്തെത്തും തോറും/ അകലം കൂട്ടിക്കൊണ്ടിരിക്കുന്ന/ഒരു ദൈവം വേണം പ്രണയത്തിൽ" എന്ന പ്രാർഥനപോലെ "ഉറങ്ങുന്നവർ മരണം പരിശീലിക്കുകയാണോ" എന്ന ആശങ്ക പോലെ, "നിത്യവും/പരിചയിച്ചില്ലെങ്കിൽ/ മരണം മെരുങ്ങില്ലെന്നു / വരുമോ" എന്ന ആധി പോലെ ഗുപ്തമാണ് ഈ സങ്കല്പം.

ഈ വരികൾ ഒന്നുകൂടി വായിക്കേണ്ടതുണ്ട്. നിത്യവും നാം മരണത്ത കൂടുതൽക്കൂടുതൽ അടുത്തുനിന്ന് അറിയാൻ പരിശീലിപ്പിക്കുകയാണ് എന്ന തിരിച്ചറിവ് കവിയെക്കൊണ്ട് തുടർന്ന് എഴുതിക്കുന്നത്: "മരിച്ചവരെ നോക്കൂ/മരണവുമായി/എത്ര മൈത്രിയിൽ ആണവർ" എന്നാണ്. എത്രയേറെ മരണവുമായി മൈത്രിയിൽ ആകുമ്പോഴും തുടിക്കുന്ന ജീവിതമാണ് ഈ കവിതകളെ ശ്രദ്ധേയമാക്കുന്നത്. സ്വന്തം മണ്ണിനുമേൽ യാതൊരു ഉടമസ്ഥാവകാശവും ഇല്ലാത്ത ഒരു പ്രവാചകനും, സ്വന്തം ആളുകൾക്കിടയിൽ അപരിചിതനായി പോകുന്ന കവിക്കും മരണം ഒരുപോലെയാണെന്ന ജിബ്രാന്റെ വരികൾ പോലെയാണത്. കവി തിരക്കേറിയ ജീവിതപ്പാത മുറിച്ചു കടക്കാൻ കാത്തുനില്ക്കുകയാണ്. ബുദ്ധന് ഏറെ എളുപ്പം മുറിച്ചുകടക്കാൻകഴിഞ്ഞ, തനിക്ക് മുറിച്ചുകടക്കാൻ ആവാത്ത ജീവിതം അയാളെ അമ്പരപ്പിക്കുന്നു. ഒരാൾക്കും ഉറങ്ങാൻകഴിയാത്ത വെളിച്ചത്തിലും സ്ഥലത്തും സമയത്തും ഒച്ചപ്പാടിലും നിശ്ചിന്തമുറങ്ങാൻ കുറഞ്ഞ പരിശീലനം മതിയോ എന്ന് അയാൾ ഒരു നിമിഷം ആലോചിക്കുന്നു.

2023-ലെ കേരള സാഹിത്യ അക്കാദമി കവിതാപുരസ്കാര നിറവിൽ കൽപ്പറ്റ നാരായണൻ കവി രോഷ്നി സ്വപ്നയുമായി സംസാരിക്കുന്നു.

**ഒരാളും അയാൾ മാത്രമല്ല എന്നെഴുതുന്നുണ്ടല്ലോ. കവിയിൽ എത്രമാത്രം മറ്റൊരാളുണ്ട്? ഈ മറ്റൊരാളായി നിന്ന് സ്വന്തം കവിതകളെ വായിക്കാറുണ്ടോ ? നോക്കാറുണ്ടോ?**

ഒരാളും ഉടനീളം അയാളല്ല/ സൂത്രംപിടിക്കുമ്പോൾ ഒറ്റക്കണ്ണൻ ഒറ്റക്കണ്ണനല്ല/ കേൾക്കുമ്പോൾ അന്ധൻ അന്ധനല്ല/ കള്ളൻ സ്വന്തം വീട്ടിൽ കള്ളനല്ല" .ഇതാണെന്റെ കാഴ്ചപ്പാട്. ജീവിതം ഒരു 'സിംഗിൾ സ്റ്റോറി' അല്ല. നദി ഒന്നല്ല, അതിനാൽ നിങ്ങൾക്ക് രണ്ടുതവണ ഒരേ നദിയിൽ കാലുകുത്താനാവുകയില്ല എന്ന് എല്ലാ കാലത്തേക്കുമായി, ഒഴുകുന്ന, അഥവാ ജീവിക്കുന്ന എല്ലാറ്റിനും ബാധകമായ സത്യം ഹെറാക്ലിറ്റസ് പറഞ്ഞിരിക്കുന്നു. സൂക്ഷ്മമായി പറഞ്ഞാൽ അതുവരെ ഇല്ലാതിരുന്ന ഒരാളാണ് ഓരോ കവിതയുമെഴുതുന്നത്. എങ്കിലും അത് അതേ പുഴയാണ് എന്ന് മറ്റൊരർഥത്തിൽ പറയാവുന്നതുപോലെ അതേ വ്യക്തിയാണ് എഴുതുന്നത് എന്നും പറയാവുന്നതാണ്. ഈ സന്ദിഗ്ധത എന്റെ കവിതകൾ വായിക്കുമ്പോഴുമുണ്ട്. എപ്പോഴത്തെയും ഞാനല്ല അത്. അയാളാവാൻ എനിക്കിനി കഴിയുകയുമില്ല, എന്നാലും എന്റെ തന്നെ പരിണാമമാണയാൾ. അയാൾ വീണ്ടും വരും എന്ന് കവലയിൽ ഞാൻ കാത്തിരിക്കുന്നു. ബാല്യകാലത്തെ എന്റെ ഫോട്ടോ നോക്കിയിരിക്കുമ്പോൾ അത് എന്റെ ഛായയുള്ള എന്നാലിപ്പോഴില്ലാത്ത അനിയനാണ് എന്നു തോന്നുന്ന ആ ആൾ എപ്പോഴത്തെയും ഞാനല്ല, ഞാനല്ലാതേയുമല്ല. മനഃപൂർവം എനിക്കയാളാവാനാവില്ല. ഒരു രാജാവിന്റെ ഛായാചിത്രം കണ്ട് ഇതാണോ രാജാവ് എന്നൊരു സെൻ ബുദ്ധിസ്റ്റ് പൊട്ടിച്ചിരിച്ചുകൊണ്ട് ചോദിക്കുന്നുണ്ട്. കവിത എപ്പോഴുമെനിക്ക് എത്തിച്ചേരാനാവാത്ത, ചിലപ്പോൾ അനായാസമായെനിക്കെത്തിച്ചേരാനാവുന്ന ഒരു 'എൻലൈറ്റൻമെന്റ്' ആണ്. എങ്കിലും 'ഛായ'നോക്കി 'സമയപ്രഭു'നോക്കി 'ആശ്വാസം'നോക്കി ഞാനദ്ഭുതത്തോടെ എന്നോട് ചോദിക്കുന്നു എങ്ങനെ ഇതിനാളായി ?


**ആ തോന്നൽ എളുപ്പത്തിൽ സ്വായത്തമാകുന്നതല്ലല്ലോ. എഴുതിയ കവിതകളെ എന്നപോലെ എഴുതി ഉപേക്ഷിച്ച കവിതക ളെക്കുറിച്ച് പറയാമോ? എഴുത്തിലെ ചേർത്തുനിറുത്തലും ഉപേക്ഷിക്കലും കവിത യിൽ എങ്ങനെയാണ് പ്രവർത്തിക്കുന്നത്?**


ഉപേക്ഷിച്ച കവിതകൾ അനവധിയാണ്. കയറിനോക്കി താമസയോഗ്യമല്ലെന്നുകണ്ട് ഉപേക്ഷിക്കുന്ന വാടകവീടുകൾ പോലെയാണവ. ചിലപ്പോൾ സംശയംതോന്നി അതിലേക്ക് മടങ്ങിവരാറില്ല എന്നുമില്ല. അതിന്റെ പോരായ്മകൾ നികത്തി അതിൽ താമസിച്ചെന്നുംവരും. അതിലെ സ്പാർക്ക് കെടാതെ നില്ക്കുന്നത് കാണുന്നതുകൊണ്ടാണത്. ഞാനിറങ്ങിപ്പോയത് അതിന് പിടിച്ചിട്ടില്ല.

> **ജീവിതം ഒരു 'സിംഗിൾ സ്റ്റോറി' അല്ല. നദി ഒന്നല്ല, അതിനാൽ നിങ്ങൾക്ക് രണ്ടുതവണ ഒരേ നദിയിൽ കാലുകുത്താനാവുകയില്ല എന്ന് എല്ലാ കാലത്തേക്കുമായി, ഒഴുകുന്ന, അഥവാ ജീവിക്കുന്ന എല്ലാറ്റിനും ബാധകമായ സത്യം ഹെറാക്ലിറ്റസ് പറഞ്ഞിരിക്കുന്നു. സൂക്ഷ്മമായി പറഞ്ഞാൽ അതുവരെ ഇല്ലാതിരുന്ന ഒരാളാണ് ഓരോ കവിതയുമെഴുതുന്നത്. എങ്കിലും അത് അതേ പുഴയാണ് എന്ന് മറ്റൊരർഥത്തിൽ പറയാവുന്നതുപോലെ അതേ വ്യക്തിയാണ് എഴുതുന്നത് എന്നും പറയാവുന്നതാണ്.**

**അത് ജീവിതത്തെ മുറിച്ചു കടക്കലും സ്വയം കരകവിയലുമാണ് എന്നു തോന്നുന്നു. ബുദ്ധന് ഏറെ എളുപ്പം മുറിച്ചുകടക്കാൻ കഴിഞ്ഞ, തനിക്ക് മുറിച്ചുകടക്കാനാവാത്ത ജീവിതം കവിയെ അമ്പരപ്പിക്കുന്നുണ്ടോ? ഈ ജീവിതമാണോ കവിതയിലേക്ക് കൊണ്ടുവരുന്നത് ?**

കവിതയെഴുതുമ്പോഴത്തെ ഞാനും അല്ലാത്തപ്പോഴത്തെ ഞാനും തമ്മിലുള്ള അന്തരമുണ്ടതിൽ. കാവ്യശക്തി കൈവരുമ്പോൾ കാവ്യപാത അനായാസമായി മുറിച്ചു കടക്കാനാവും. അതു നേരത്തെ അവിടെയുണ്ടായിരുന്ന




അതുവരെ ഞാൻ കണ്ടിരുന്നിട്ടില്ലാത്ത വിജനമായ പാത. നഗ്നദൃഷ്ടി സത്യദൃഷ്ടിയായി മാറുകയാണ്. അല്ലാത്തപ്പോൾ സ്തംഭിച്ച് ഇക്കര തന്നെ നില്ക്കും. ബുദ്ധനായപ്പോൾ സിദ്ധാർഥനു സാധ്യമായത് അനൽപം. ബുദ്ധനല്ലാത്ത സിദ്ധാർഥനോ അഥവാ മിക്കപ്പോഴത്തേയും എനിക്കോ പാത മുറിച്ചുകടക്കാനാവാതെ ഇപ്പുറത്ത് തന്നെ ചിരകാലം വിഡ്ഢിയായി നില്ക്കാം.

**ഒരാൾക്കും ഉറങ്ങാൻകഴിയാത്ത വെളിച്ചത്തിലും സ്ഥലത്തും സമയത്തും ഒച്ചപ്പാടിലും നിശ്ചിന്തമുറങ്ങാൻ കുറഞ്ഞ പരിശീലനം മതിയോ എന്ന് ഒരുനിമിഷം ആലോചിക്കുന്നുണ്ടോ? കവിതയെ ഇതിനെല്ലാമുള്ള പരിഹാരമായി കാണാൻ കഴിയുന്നുണ്ടോ?**

കവിത ആസന്നമരണന്റെ പായയിലും ഇരിക്കണം. പരിഹാരമുള്ളതിനും ഇല്ലാത്തതിനും അതു കൂട്ടിരിക്കണം. മരണത്തെയോ പാപത്തേയോ കുറിച്ചുകൂടി ഉൽക്കണ്ഠപ്പെടാത്ത കവി എന്റെ കവിയല്ല. അസ്തിത്വവ്യഥ അയാളെ നീറ്റണം. "ആ കുറ്റവാളിയും കുറ്റം തീർന്ന്/ വീട്ടിലേക്ക് പോയി / ജയിൽ വാർഡൻ ദൈവത്തോട് ചോദിക്കുന്നു/ എന്നാണ് എന്റെ കുറ്റം തീരുക". മരണശേഷം ഭൂമിയിൽത്തുടരുന്ന മരിച്ചവനെപ്പോലൊരു ഏകാകിയില്ല എന്നെഴുതിയിട്ടുണ്ട്. മരണത്തെപ്പറ്റി കൂടുതലെഴുതിയിട്ടുള്ളവരിൽ ഒരാൾ ഞാനായിരിക്കാം. മറ്റെങ്ങനെയാണ് ജീവിതത്തെക്കുറിച്ചെഴുതുക, വ്യാപ്തിയോടെ. ഞാൻ വഹിക്കുന്ന 'അധികച്ചുമതലകളിൽ' അത് മുഖ്യം. "ഇന്ന് വൈകുന്നേരം/ കുഴഞ്ഞ് വീണ് തീരുവാനിരിക്കുന്നവളോട് / പിണങ്ങിയുണ്ണാതിരിക്കുകയാണ് ഭർത്താവ് / അവളാവുമ്പോലെ അനുനയിക്കുന്നു / നോക്കൂ ഇനിയുണ്ടാവില്ല, ഒരിക്കലും ഒരിക്കലും/ അയാൾ ഗൗനിക്കുന്നില്ല". ഒരിക്കലും ഒരിക്കലും എന്നവൾ ആവർത്തിച്ചിട്ടും സമീപത്തെത്തിയ മരണത്തിലേക്ക് അയാളുടെ കാത് ചെല്ലുന്നില്ല. 'പോട്ടെ' എന്നുപറഞ്ഞ് വീട്ടിൽനിന്നിറങ്ങാൻ അമ്മ സമ്മതിക്കുമായിരുന്നില്ല. 'വരട്ടെ' എന്നു പറയൂ എന്നു നിർബന്ധിക്കും. ആ മരണഭയം എഴുതുന്ന എന്നിലെപ്പോഴുമുണ്ട്.

## മരണം, ജീവിതം, കവിത

മരണത്തെക്കുറിച്ചുള്ള ഒരു ഗാഢമായ ധ്യാനം എന്ന കോൺസെപ്റ്റിൽ എഴുതിയതാണ് 'ഇത്രമാത്രം' എന്ന നോവൽ. മരിച്ച ഒരുവൾ മറവ് ചെയ്യപ്പെടുന്നത് വരെയുള്ള കഥ. ഇത്രമാത്രം അവൾ ജീവിച്ചിട്ടില്ല ജീവിച്ചകാലത്ത്. കഠിനമായ ശരീരവേദനയും മനോവ്യഥയുംകൊണ്ട് ഉറക്കംവരാതെ കിടക്കുന്നവർ പുലർത്തുന്ന പുലരിയെക്കുറിച്ചുള്ളതാണ് 'എവിടമിവിടം' എന്ന നോവൽ. ആസിഡിരയെപ്പോലൊരിരയില്ല. അതിന്റെ സാരാംശം കവിതയായി ആവിഷ്ക്കരിച്ചപ്പോൾ ഇങ്ങനെയായി : "വേദനകൊണ്ടോ കുറ്റബോധം കൊണ്ടോ/ ഉറക്കം കിട്ടാതെ കിടക്കുന്നവരാണ്/ ദിവസത്തെ അടുത്ത ദിവസമാക്കാൻ/ എടുത്തു മാറ്റേണ്ട ഭാരിച്ച കല്ല്/ നിശ്ശബ്ദമായി എടുത്തു മാറ്റുന്നത്".

## ഓർമയുടെ കോന്തലയും കൽപ്പറ്റയുടെ ഭാഷയും

കോന്തലയിലെ 'അച്ഛൻ' എന്ന അധ്യായം മാതൃഭൂമിവാരാന്തപ്പതിലൊരുകുറി തനിച്ചുവന്നു. അന്ന് എൻ. പ്രഭാകരൻ, പി.എൻ.ദാസ് എന്നിവർ അതിനെപ്പറ്റി അസ്സലായി എന്നു പറഞ്ഞു. അതിന്റെ മുമ്പും പിമ്പുമുള്ള അധ്യായങ്ങൾക്ക് പുറത്തുവരാൻ അതുത്സാഹമായി. കെ.സി.നാരായണൻ അതിനവസരമുണ്ടാക്കി. ആത്മഗ്ലാനികളല്ലാതെ ആത്മരതി എഴുതാത്ത ആ പുസ്തകത്തെ ദേവകി നിലയങ്ങോട് അതു ചൂണ്ടിക്കാട്ടിത്തന്നെ പ്രശംസിച്ചു. മറന്നുപോകുമായിരുന്ന ചിലർ, ഇല്ലാതാകുമായിരുന്ന ചിലത് അതുമൂലം ഭൂമിയിൽ നിലനിർത്തപ്പെട്ടു. എന്റെ പുസ്തകങ്ങളിൽ കൂടുതൽ വായിക്കപ്പെട്ടത് കോന്തലയാണ്. വയനാട്ടിൽ മുട്ടോളം ചളിയിൽ ജീവിച്ച, അദൃശ്യനും അഗണ്യനുമായ ഒരു കുട്ടിയിലൂടെയല്ലാതെ ആ അനുഭവങ്ങൾ ഇങ്ങനെ എഴുതപ്പെടില്ല. രാമപുരത്ത് വാരിയരെഴുതിയതുപോലെ എനിക്കുമെഴുതാമായിരുന്നു. "ദീനദീനനാകകൊണ്ടും ഏറ്റം ഹീനനാകകൊണ്ടും ഞാനിതിന്നു തുനിയുന്നു ഞാനല്ലാതെ മതിയാകയില്ലെന്നും നൂനം". ഞാൻതന്നെ വേണം ഇതെഴുതാൻ എന്നു തോന്നാത്തതൊന്നും എഴുതാൻ ഇന്നോളം ധൈര്യം വന്നിട്ടുമില്ല.

**മരണത്തെക്കുറിച്ച് വീണ്ടും ചോദിക്കട്ടെ. അപ്രതീക്ഷിതമായിട്ടാണ് മരണം ചില കവിതകളിൽ കടന്നുവരുന്നത്. 'പുത്രൻ' എന്ന കവിതയിൽ മരണം എന്ന വാക്കേ ഉച്ചരിക്കുന്നില്ല. അച്ഛനു കൊടുക്കേണ്ട മരുന്നുമായി വരുമ്പോൾ ദൂരെനിന്നു വരുന്ന ബന്ധുക്കളാണ് മരണത്തെ അനുഭവിപ്പിക്കുന്നത്. അവനാണ് മരിച്ചതിനുശേഷവും ഏകാകിയായി അലയുന്നവൻ. ജീവിച്ചിരുന്നപ്പോൾ ഇത്ര സുവ്യക്തമായി അയാൾക്ക് കാണാൻ കഴിഞ്ഞിരുന്നില്ല എന്നതായിരുന്നു സത്യം. "ഒരിക്കൽ മരിച്ചുകഴിഞ്ഞാൽ/ ഒന്നും പഴയതുപോലെ/ആവില്ലല്ലോ." വിശപ്പ് ഭൂമിയിൽവച്ച് മറന്നുപോയവരെക്കുറിച്ചാണ്. "നരകത്തിലെയും സ്വർഗത്തിലെയും ജീവിതം" എന്ന കവിത. ജീവിതത്തിന്റെ അവ്യവസ്ഥിതങ്ങളെ കോർത്തുകെട്ടുകയാണ് ഈ കവിത. ഏകാന്തതയും ആത്മാവിനെ കാർന്നുതിന്നുന്നത് എന്തുകൊണ്ടാണ് ഈ കവിതകളിൽ?**

ഏകാന്തതകളാണ് കവിതകളായി മാറുന്നത്. പങ്കിടാനാവാത്തത്. പറകവയ്യാത്തത്. ഓരോ ദിവസം കഴിയുമ്പോഴും മരണം തന്റെ ടേബിൾ കലണ്ടറിൽനിന്ന് ഒരേട് കൂടി കീറി ചവറ്റുകുട്ടയിലിടുന്നുണ്ട് എന്ന് മനുഷ്യനറിയുന്നില്ല. നിത്യജീവിതമുള്ളതു പോലെ അവനുത്സാഹത്തിലാണ്. ജീവിതത്തിലെ ദിവസങ്ങൾ കൂടുകയാണ് നിത്യവും എന്നവൻ കരുതുന്നു. വരുമാനം വർധിക്കും പോലെ. കൂട്ടിവയ്ക്കുന്നതിലെ സന്തോഷത്തിനടിയിൽ ഒരാത്മവഞ്ചനയില്ലേ? ചിലപ്പോൾ സത്യത്തിന്റെ ചതുപ്പിൽ എന്റെ പാദങ്ങൾ താഴുന്നു. "വച്ചു കുത്തിയപ്പോഴാണ്/ എന്റെ പെരുവിരൽ ഉറങ്ങുകയായിരുന്നുവെന്നത് ഞാനറിഞ്ഞത്/ എനിക്ക് എന്നോട് തോന്നിയ അനുകമ്പ കുറച്ചല്ല". തെറ്റുധാരണയു

ടേതല്ലാത്ത ഒരു നിമിഷം. അതറിയുന്നു: "എത്ര ശരീരങ്ങൾ/ കത്തിയ വെളിച്ചത്തിലിരുന്നാണ്/നാം തർക്കിക്കുന്നത്/ വായിക്കുന്നത്?". അതിലിരുന്നു കാണുമ്പോൾ തെളിയുന്നതാണ് 'പുത്രൻ'പോലുള്ള രചനകൾ. കുറച്ചു നേരത്തേക്ക് മാത്രമായി തെളിഞ്ഞുകത്തുന്ന ഒരു വിളക്ക് കയ്യിലിരുന്നു പ്രകാശം തന്നപ്പോൾ കാണാനായവ എന്നെന്റെ കവിതകളേക്കുറിച്ച് തോന്നുന്നു. അന്ധനായ പിതാവിന് പുത്രൻ മരിച്ചപ്പോൾ അവനെ, ജീവിച്ചിരുന്നപ്പോൾ കഴിഞ്ഞതിലേറെ വ്യക്തതയോടെ കാണാൻ കഴിയുന്നു. വിരുദ്ധോക്തിയിലൂടെയല്ലാതെ പറയാനാവില്ല ഈഉൾക്കാഴ്ചകളെ.

"യഥാർഥ സിംഹം /സിംഹത്തിനു നിരക്കുന്നതല്ല / എപ്പോഴും ചെയ്യുക /ശില്പത്തിലെ /ചിത്രത്തിലെ /നേരിൽ കാണാത്തവരുടെ സങ്കല്പത്തിലെ / സിംഹമാണ് എല്ലായ്പ്പോഴും സിംഹം" എന്ന് 'സിംഹം' എന്ന കവിതയിൽ എഴുതുന്നുണ്ടല്ലോ. പല കവിതകളിലും മനുഷ്യേതരചേതനകളെ മനുഷ്യന്റെ എല്ലാ ഹിംസകളോടും വൈകാരികതളോടും ചേർത്തുവച്ചു വിമർശിക്കുന്നുണ്ടല്ലോ. മനുഷ്യരെക്കുറിച്ച് കൽപ്പറ്റയുടെ കവിത എന്താണ് കരുതുന്നത് ?

സിംഹം എന്ന കവിത സിംഹത്തെപ്പറ്റി മാത്രമല്ലല്ലോ. സിഹം ഒരു പ്രതീതിയാണ്. സിംഹം ബുദ്ധിയിൽ കാട്ടെലിയെക്കാൾ മെച്ചപ്പെട്ട ഒരു ജീവിയൊന്നുമല്ല. വലയിൽ കുടുങ്ങിയ സിംഹത്തിന്റെ ബന്ധനമഴിച്ച് അതിനെ രക്ഷിച്ച എലിയെക്കുറിച്ചുള്ള കഥയിൽ ആ ഉൾക്കാഴ്ചയുണ്ട്. സിംഹം ഒരു കെട്ടുകഥയാണ്. അഥവാ സിംഹം എന്ന കവിത പൊട്ടിക്കുന്ന പരിവേഷം ഏതു കെട്ടുകഥയുടെയും പരിവേഷമാണ്. ഒരാദർശപുരുഷനും അടുത്തറിഞ്ഞവന്റെ അറിവുകളാൽ അറിയപ്പെട്ടവനാകണമെന്നില്ല. മുറിവുണങ്ങിയിട്ടില്ലാത്ത കാൽവിരൽ ചവിട്ടിത്തേച്ച സുന്ദരി, സൗന്ദര്യം ഒരു മിത്താണെന്ന് എന്നോട് പറഞ്ഞിട്ടുണ്ട്. സമാനമായ ഏതോ അനുഭവത്തിൽ നിന്നാവും ഒരു വെളിച്ചത്തിൽ ഞാൻ സിംഹത്തിലെത്തിയത്. പിന്നീട് കിട്ടുമോ എന്ന ഉറപ്പില്ലാത്തതിനാൽ, കൈവിട്ടു പോകുമോ എന്ന പേടിയുള്ളതിനാൽ ഞാനതു കിട്ടിയപാടെ എഴുതിവച്ചു. മനുഷ്യൻ ഒരുമിത്താണ് എന്നാണാക്കവിത പറയുന്നതെന്നിപ്പോൾ തോന്നുന്നു. നിസ്സഹായതയിൽ നിസ്സഹായയായ ഏതു ജീവിയെയും പോലെ മനുഷ്യനും. സിംഹത്തെ നായയെക്കാൾ ശ്രേഷ്ഠനായിക്കാണുന്ന വിഡ്ഢിയെന്നു പറഞ്ഞാൽ ഏറക്കുറെ അതു മനുഷ്യന്റെ വിവരണവുമാകും. "പാചകം ചെയ്തത് തിമിംഗലത്തിന്റെ പുറത്തായിരുന്നു എന്ന്/ ആ ദ്വീപ് വെള്ളത്തിലേക്ക് താഴുമ്പോൾ മാത്രം/ നാമറിയുന്നു."

മനുഷ്യാവസ്ഥയുടെ ഏറ്റവും ഗഹനമായ സത്യമെന്നത് ഏകാകിത ആണോ? അങ്ങനെയെങ്കിൽ മനുഷ്യൻ എന്ന നിലയിൽ കവിയും അതേക്കുറിച്ച് ബോധവാനാകേണ്ടതില്ലേ? കൽപ്പറ്റയുടെ കവിതയിൽ കവി ഏകാന്തതയെക്കുറിച്ച് പറയുകയാണ്. അതു കേൾക്കുന്നതും ഏകാകിയായ താൻ തന്നെയാണ്. അതേക്കുറിച്ചുള്ള ബോധം മരണത്തെ പ്രണയത്തോളം എത്തിക്കാൻ സഹായിക്കുന്നു. മരണഭയം മാറ്റുന്നു. മരണശേഷവും ഏകാകിയായി ഇരിക്കാൻ അയാളെ പ്രാപ്തനാക്കുന്നു. ഈ ഏകാകിതയിൽ അയാൾ സംതൃപ്തനാണ്. "വീണപ്പോൾ താങ്ങിയ അപരിചിതൻ/ എന്നിലുള്ള ശങ്ക/ തീർത്തു തന്നില്ലേ?" എന്ന ബുദ്ധന്റെ ചോദ്യത്തിൽ മുഴങ്ങുന്ന ഏകാന്തതയല്ലേ സത്യത്തിൽ കൽപ്പറ്റ നാരായണന്റെ കവിത?

ആ സത്യത്തെ നിരന്തരം ഒഴിഞ്ഞു മാറുന്നുണ്ടെങ്കിലും എപ്പോഴെങ്കിലുമൊക്കെ അതഭിമുഖീകരിച്ചേ പറ്റു ഏത് വ്യക്തിക്കും. കവിയാകട്ടെ എന്തിലും ഏതിലും ആ ഏകാന്തതയോളം ചെല്ലുന്നവനും. കവിതയെ അതിൽ നിന്നിട്ട, അതിലേക്കിട്ട ഒരു പാലമായി ഞാൻ കാണുന്നു. "മരണമില്ലാത്ത ദൈവത്തിന്/ മനുഷ്യനെ മനസ്സിലാകുമോ?/ അസഹ്യമായവേദനയിൽ/ ദൈവത്തിന് ശരീരമില്ലാത്തതിന്റെ / പരിമിതിയാണ് നാമറിയുന്നത്." ഏകാകിയുടെ ഏകാകിയോടുള്ള സംഭാഷണമാണ് കവിത. സച്ചിദാനന്ദന്റെ ആ ഒരു വാക്യം എനിക്കിഷ്ടമാണ്. "ഞാനൊറ്റയാകുവതെങ്ങനെ കിടാങ്ങളെ/ ഞാനൊറ്റയാകുവതോളം." (അദ്ദേഹത്തിന്റെ അനേകാന്തതയിൽ എനിക്കൊരാഭിമുഖ്യവും ഇല്ലതാനും).

മരണഭയം മാറുകയല്ല, മാറ്റുകയല്ല, അതൊരനിവാര്യതയാണ് എന്നു തിരിച്ചറിയുകയാണ് ബുദ്ധപക്ഷത്തുള്ള കവി. സിദ്ധാർഥൻ എന്തിലും ഏതിലുമുള്ള മരണത്തെ തിരിച്ചറിയുകയും ഭയങ്കരമായ അതുമായി അനുരഞ്ജനത്തിലാവാൻ ദീർഘനാൾ തപിക്കുകയും ചെയ്യുന്നു. ഒരു വൈശാഖപൗർണമിനാളിൽ ആ അനുരഞ്ജനം സാധ്യമാവുന്നു. സിദ്ധാർഥൻ ബുദ്ധനായിക്കഴിഞ്ഞു. ഈ ബുദ്ധന്റെ ജീവചരിത്രമെഴുതാനാവില്ല. ബുദ്ധൻ ഒരു ചരിത്രപുരുഷനല്ല, ബുദ്ധൻ ഒരു വെളിച്ചമാണ്. കാരുണ്യത്തോടെ പെരുമാറുമ്പോൾ നിങ്ങളുടേത് ബുദ്ധജന്മമാവുകയാണ്. അതും ഞാനായിരുന്നു ആനന്ദാ എന്ന് ബുദ്ധൻ അന്യജീവനുതകാനായി ജീവത്യാഗം ചെയ്ത ഒരു രാജാവിനെക്കുറിച്ച് പറയുന്നുണ്ട്. ആരാണ് 'വിസ്ഡം' എഴുതുന്നുവോ പറയുന്നുവോ ചെയ്യുന്നുവോ, അതിനായയാൾ അവലംബിക്കുന്ന ദേഹം ബുദ്ധദേഹമാകുന്നു. സാധാരണഗതിയിൽ എന്നിലില്ലാത്ത എന്നാൽ, ചില മുന്തിയ സന്ദർഭങ്ങളിൽ എന്നിലുദിക്കുന്നവെളിച്ചമാണ് എനിക്ക് കവിത. അതാണ്, "വീണപ്പോൾ താങ്ങിയ അപരിചിതൻ / എന്നെക്കുറിച്ചുള്ള ശങ്ക തീർത്തുതന്നില്ലേ; ബുദ്ധൻ ചോദിക്കുന്നു" എന്ന എന്റെ കവിതപറയുന്നതും.

എപ്പോഴും കയറിചെല്ലാവുന്ന /മുറിയിലിരുന്നല്ല. /ഏതാവശ്യത്തിനും /അവിടെയുള്ള / മുറിയിലിരുന്നല്ല. /ചിലപ്പോൾ മാത്രം /കണ്ടെത്താൻ കഴിയുന്ന/നിഗൂഢമായ/ഒരു മുറിയിലിരുന്നാണ്/ കവിത എഴുതുന്നത്" എന്നു കവി മുന്നേ

**ഓരോ ദിവസം കഴിയുമ്പോഴും മരണം തന്റെ ടേബിൾ കലണ്ടറിൽനിന്ന് ഒരേട് കൂടി കീറി ചവറ്റുകുട്ടയിലിടുന്നുണ്ട് എന്ന് മനുഷ്യനറിയുന്നില്ല. നിത്യജീവിതമുള്ളതു പോലെ അവനുത്സാഹത്തിലാണ്. ജീവിതത്തിലെ ദിവസങ്ങൾ കൂട്ടുകയാണ് നിത്യവും എന്നവൻ കരുതുന്നു. വരുമാനം വർധിക്കും പോലെ.**

സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. അഭാവങ്ങൾ, അത് സാമൂഹികമോ രാഷ്ട്രീയപരമോ വ്യക്തിപരമോ ആയവ ആയിക്കൊള്ളട്ടെ. കവിതയിലേക്ക് ഈ അഭാവങ്ങളെ എങ്ങനെയാണ് സ്വീകരിക്കാറുള്ളത്?

അതേ, അതാണ് ഞാൻ തൊട്ടുമുന്നേ പറഞ്ഞതും. ആ മുറി എപ്പോഴുമുള്ളതല്ല, എന്റെ അധീനത്തിലുമല്ല. അവിചാരിതമായി അതു പ്രത്യക്ഷമാകും. അല്ലായിരുന്നെങ്കിൽ കവിതയിലൊരു ഭ്രമവുമുണ്ടാവുമായിരുന്നില്ല. (ഡ്രൈവിങ്ങ് പോലെ കവിതവശമായാൽ ഞാനന്ന് കവിതയെഴുത്ത് നിറുത്തുമെന്ന് ഡ്രൈവറായിരുന്ന എം. എൻ. പാലൂർ പറഞ്ഞിട്ടുണ്ട്.) കവി ഒരതിഥിയാണ്. തുറന്നിട്ട വാതിലിലൂടെ വരാത്ത, വന്നാലധികനാൾ താമസിക്കാത്ത, 'വലിയ വീര്യം' എന്നു നമ്മൾ പറയില്ലേ അങ്ങനത്തെ ഒരപൂർവാതിഥി. അതു വരുന്നത് തികച്ചും യാദൃച്ഛികമായിട്ടാണ്. ഈയിടെ എന്റെ സുഹൃത്ത് മേമുണ്ടയിലെ കൃഷ്ണദാസ് വിളിക്കുന്നു. അദ്ദേഹത്തിന്റെ അമ്മയ്ക്ക് മറവിരോഗമാണ്. ചിലപ്പോൾ കരയും. അപ്പോൾത്തന്നെ എന്തിന് കരഞ്ഞുവോ അതു മറക്കും. ഇന്നു ചോദിക്കുകയാണ് ആരാണ് എന്റെ കണ്ണു കൊണ്ട് കരഞ്ഞത്. കൃഷ്ണദാസ് തുടരുന്നു. ഇതു പറയാൻ എനിക്കൊരാൾ മാഷാണല്ലോ. ഞാനത് കേട്ടതു മുതൽ അദ്ഭുതാധീനനായി ഇരിക്കുകയാണ്. നോക്കൂ, എന്താണ് ആ അമ്മ പറഞ്ഞത്? ഇപ്പോൾ എന്റെ ശരീരമുപയോഗിച്ച് ജീവിക്കുന്നതാരാണ് എന്നല്ലേ? കവിത രാവിലെ എണീറ്റ് എനിക്ക് ഫോൺ ചെയ്തത് കണ്ടില്ലേ? മുമ്പൊരിക്കൽ പ്രായമാവുന്നതിനനുസരിച്ച് എന്റെ പഴയ ഛായ നഷ്ടപ്പെട്ട് വരുന്നതിനാൽ കാലംകൂടിക്കണ്ട എന്റെ പഴയ സുഹൃത്ത് അനിയനിപ്പോഴെവിടെയാണ് എന്നു ചോദിച്ചു. അനുജനെന്നയാൾ പറഞ്ഞത് പഴയ എന്നെപ്പറ്റിയാണ് എന്ന് അറിയാൻ നേരമെടുത്തു. ആ വിളംബത്തിൽനിന്നാണ് എന്റെ ഇഷ്ടകവിതകളിലൊന്ന്, 'ഛായ'രൂപംകൊണ്ടത്. ദൈനംദിനാനുഭവങ്ങളിൽച്ചിലത്, ചില വേദനകൾ, ചില അനുഭൂതികൾ, ചില ഉൾക്കാഴ്ചകൾ, ചില കണ്ടെത്തലുകൾ കവിതയായി ഉടലെടുക്കുന്നു. "അസുഖം പോലെ/ പിരിഞ്ഞു പോകാൻ/ മനസ്സ് വരാത്ത മിത്രമില്ല." ഇതാണെന്റെ സ്വതേയുള്ള കാവ്യവഴി.


"ഞാൻ/എന്നെ തരണം ചെയ്തില്ല" എന്ന് കവി നിശബ്ദമായി പറയുന്നുണ്ട്. "ഭൂമിയിൽ ഞാൻ മാത്രം ദൈവത്തിന്റെ ഛായയിലല്ല" എന്നതാണ് കാരണം. "എന്റേത് തെറ്റിദ്ധരിക്കാനാവാത്ത ഏകാന്തത" എന്ന കൃത്യമായ അവബോധവും ഉണ്ട്. മനസ്സിന് മാത്രമല്ലല്ലോ ഈ ഏകാന്തത."കൂട്ടത്തിലിരിക്കുമ്പോൾ കൂടുതൽ ഏകാകിയായ ഒരു അനാഥ ബാലനെപ്പോലെ എന്റെ പാദം" കൂടുതൽ ഏകാകി ആവുന്നു കവി. അതു കൂട്ടത്തിൽ ഇരിക്കുമ്പോൾ മാത്രമല്ല. ഒറ്റയ്ക്കിരിക്കുമ്പോഴും ഉണ്ട്, ഞാൻ വൈകിയോ എന്നും ഞാൻ കഴിഞ്ഞു പോയോ എന്നും മറ്റുള്ളവർക്കില്ലാത്ത ഒരക്ഷമ ഉള്ളിലുണ്ട് കവിക്ക്. എന്തുകൊണ്ടാണിത് ?

ഏകാന്തതയെപ്പറ്റി ഞാനെഴുതിയ എനിക്കേറ്റവും തീക്ഷ്ണമായി തോന്നുന്ന വരി ഇതാണ്. "ഭൂമിയിൽ ഞാൻ മാത്രം ദൈവത്തിന്റെ ഛായയിലല്ല." ഈ ഏകാന്തത എന്നെ അനുഭവിച്ചത് വിജനഗംഭീരമായ പഴയകാല വയനാടൻ ഭൂപ്രകൃതിയാണ്. ഒപ്പം എന്റെ മുഖത്തുള്ള എന്നെ അദൃശ്യനാക്കാൻ പോന്ന അതിസാധാരണത്വവും. ഞാൻ തനിച്ചായിരുന്നു എന്നും എന്റെ ഏറ്റവും കൂട്ടുകാരന്റെ ഒപ്പവും. യാദവരുടെ രാകിത്തീരാത്ത ഇരുമ്പുലക്കയുടെ അവശിഷ്ടം പോലെ ഒന്ന് – അത് അസ്ത്രമായി മാറി വംശാധിപനായ കൃഷ്ണനെ കൊല്ലുന്നു– എന്നിലിരുന്നു. 'മുടന്തന്റെ സുവിശേഷം' എന്നിലെ ഏകാകിയുടെ സുവിശേഷമായിരുന്നു. "തിരിഞ്ഞു നോക്കി യാൽ മാത്രം കാണുന്ന എന്നെ/ ഒരാളും കണ്ടില്ല." എന്തു തിന്നിട്ടാണോ ഏകാന്തതയെന്ന ഈ വിഷം എന്നിൽ കടന്നുകൂടിയതെന്ന് നിശ്ചയമില്ല. "ഏകാന്തം വിഷം അമൃതാക്കിയും" ചിലപ്പോൾ ജയിച്ചില്ലെന്നുമില്ല. ചില കൊടുമുടികളിൽ എനിക്കിരിക്കാനായി.

"എനിക്ക് ഓടി മുകളിൽ എത്താനാവില്ല/ മുകളിലെത്താൻ ആവില്ല./ഏറി മുകളിലെത്താനാവില്ല./പെട്ടെന്ന് അപ്രത്യക്ഷനാകാനാവില്ല./പിന്നിലായവന്റെ/ താഴെയായവന്റെ ഒറ്റയ്ക്കായവന്റെ/നിശബ്ദത എന്നിലുണ്ട്." എന്ന് ഉറപ്പിച്ചു പറയുന്നുണ്ടല്ലോ. സമയത്തിന്റെ ഈ കുതിപ്പാണോ സമയപ്രഭുവിന്റെ കണ്ണിലൂടെ കവിതയെയും ജീവിതത്തെയും നോക്കിക്കാണാൻ ആധാരം? എന്താ ണ് സമയത്തെക്കുറിച്ച് ഇത്ര ഉൽക്കണ്ഠ ?






**എന്റെ ഇഷ്ടകവിതകളിലൊന്ന്, 'ഛായ'ത്രൂപം കൊണ്ടത്. ദൈനംദിനാനുഭവങ്ങളിൽച്ചിലത്, ചില വേദനകൾ, ചില അനുഭൂതികൾ, ചില ഉൾക്കാഴ്ചകൾ, ചില കണ്ടെത്തലുകൾ കവിതയായി ഉടലെടുക്കുന്നു. "അസുഖം പോലെ/ പിരിഞ്ഞു പോകാൻ/ മനസ്സ് വരാത്ത മിത്രമില്ല." ഇതാണെന്റെ സ്വതേയുള്ള കാവ്യവഴി.**

നമ്മളിപ്പോൾ ഒരേ ഇടത്തിലിരുന്നാണ് വളരെ നേരമായി സംസാരിക്കുന്നതെന്നു തോന്നുന്നു. എന്നാലും പറയട്ടെ. സമയം എന്നെ വല്ലാതെ വേട്ടയാടിയിട്ടുണ്ട്. ഒരു തിരക്കുമില്ലാത്ത സമയപ്രഭുവിലെ പൂച്ചയെപ്പോലെ. സമയവുമായി സല്ലപിക്കുന്ന ഗായകനെപ്പോലെയല്ല, വൈകി എന്ന ഭയപ്പാടോടെ വേഗംകൂട്ടി നടക്കുന്ന ഞാൻ. അമ്മ മരിച്ചുകൊണ്ടിരിക്കുമ്പോൾ ലക്ഷ്യം എന്റെ മാത്രം ലക്ഷ്യമായ ടാക്സിക്കാറിനു പകരം ബസ്സിലാണ് ഞാൻ ചെന്നത്. അതാകട്ടെ എല്ലാ സ്റ്റോപ്പിലും നിർത്തി നിർത്തി ദീർഘകാലമെടുത്തു എനിക്കിറങ്ങാനുള്ളിടത്തെത്താൻ. പിന്നീട് കുറ്റബോധത്തിന്റെ കടിയേൽക്കുന്ന പ്രവൃത്തിചെയ്യാൻ എനിക്ക് ജന്മവാസനയുണ്ടായിരുന്നു. "മറ്റൊരു വിധമായിരുന്നെങ്കിൽ" എന്നത് വൈലോപ്പിള്ളിയുടെ അപ്രധാനമായ ഒരു വരിയായിരുന്നില്ല എനിക്ക്, എന്റെ ജീവിതശീർഷകമായിരുന്നു. സമയത്തിന്റെ ഇഴച്ചിലും അതിന് കാരണമായിട്ടുണ്ട്. "ഐ.സിയുവിന്റെയോ നിരപരാധികളുടെ ആദ്യദിവസങ്ങളിലെ ജയിലിന്റെയോചുമരിൽ ആണ് ഏറ്റവും പതുക്കെ നടക്കുന്ന ഘടികാരം." സമാനമായ പല ചുമരുകളിൽനോക്കി ഉറങ്ങാനാവാതെ കിടന്നിട്ടുണ്ട്. സമയം ഒരേകാധിപതിയായ ഭരണാധികാരിയാണ്.

ഓർമയും മറവിയും കവിതയെ ഉഴുതുമറിക്കുന്നുണ്ട് ചിലപ്പോൾ. 'അവർ വളരുകയാണ്' എന്ന കവിതയിൽ. മരിച്ച കുഞ്ഞുങ്ങൾ വീണ്ടും വളരുകയാണ് എന്നും അവർ മരിച്ചപ്പോൾ തെളിഞ്ഞുവന്ന ശൂന്യത വളരുകയാണ്. അവരുടെ ഓർമകൾ വളരുകയാണ് എന്നുമെഴുതുന്നു. time grows with my memories എന്ന് ചാൾസ് ബോദ്‌ലെയർ തന്റെ മറവിയോട് പറയുന്നത് ഓർക്കുകയാണ്. എന്താണ് ഓർമയും മറവിയും കൽപ്പറ്റക്കവിതക്ക് ?

മറവി അനുഗ്രഹവും ശാപവുമാണ്. ഓർമയും. "മരിച്ചെന്നുകരുതി കുഞ്ഞുങ്ങൾക്ക് വളരാതിരിക്കാനാവുമോ?" മരിച്ച കുഞ്ഞും ഉറ്റവരുടെ കണ്ണിൽ എല്ലാ ജീവിതഘട്ടവും ക്രമപ്രകാരം പിന്നിട്ട് കൂടെ വളരുന്നു. ശിശുമരണ നിരക്ക് കുറഞ്ഞു എന്നതുപോലെ ആശ്വാസംതന്ന ഒരു വാർത്തയുമില്ല. കാരണം ശിശുമരണംപോലെ അത്ര വലിയ ഒരു ദുരന്തവും വേറെയില്ല. വയനാട്ടിലെ ദുരന്തത്തിൽ കണ്ടെടുക്കപ്പെട്ട ജഡങ്ങളെക്കാൾ വേദനയുണ്ടാക്കി മരിച്ച കുഞ്ഞുങ്ങളുടെ ഒഴുകിയലയുന്ന കുഞ്ഞുചെരിപ്പുകൾ. "ഈശ്വരാ, ഒന്നുമറിയരുത്" എന്ന് തുടങ്ങുന്ന ഖസാക്കിലെ വരികൾ താണ്ടുവാൻ വളരെ ബുദ്ധിമുട്ടി. മറവിയുടെ പുതപ്പുനീക്കി ഓർമകൾ വെളിപ്പെടുന്നത് അപൂർവം സന്ദർഭങ്ങളിലൊഴിച്ചാൽ സ്വാസ്ഥ്യം തരുന്നതല്ല. "ഓർമകളുണ്ടായിരിക്കണം" എന്നതോ മറവികളുണ്ടായിരിക്കണം എന്നതോ വലിയ ശുപാർശ എന്ന് നിശ്ചയമില്ല.


"വളർച്ച അകന്നു പോവൽ ആണ്" എന്നെഴുതാനുള്ള കാരണം എന്താണ്? ഈ വരി അത്രയേറെ ചലനാത്മകവും ദൃശ്യാത്മകവും ആണ്. കവിതയെ കാഴ്ച (സിനിമ/തിയേറ്റർ) ഏതെങ്കിലും വിധത്തിൽ കൂടെനടക്കാൻ പ്രേരിപ്പിക്കുന്നുണ്ടോ ?

വളരണ്ടായിരുന്നു എന്നു വ്യസനിക്കുന്നുണ്ട്, ബാല്യകാലസഖിയിൽ സുഹ്റ. അനിയത്തി നീയെന്നെ മറന്നു എന്നു പറയുന്നുണ്ട് ചെമ്പകം പെൺകുട്ടിയോട് ഖസാക്കിൽ. വളർച്ച അകലലാണ് എന്നത് എം. ടിയുടെ നിരന്തരമായ പ്രമേയമാണ്. എത്തിയ ഉയരത്തിൽനിന്ന് നോക്കുമ്പോൾ അനുഭവപ്പെടുന്ന അകൽച്ചയും ഏകാന്തതയും ജീവിതത്തിലെ നിത്യാസ്വാസ്ഥ്യങ്ങൾ. ഇത്തരം വലിയ വാക്യങ്ങൾ എന്റെ ഒരാഗ്രഹമാണ്. ഏറെ ദൂരം പിന്നിടാൻ കുറഞ്ഞ സമയമെടുക്കുന്ന വാഹനങ്ങൾ. നാടകങ്ങളെക്കാൾ എന്നെ സ്വാധീനിച്ചത് സിനിമകളാണ്. 'കോന്തല' എന്റെ ബാല്യത്തിന്റെ ആത്മകഥയാണെങ്കിൽ 'ഒരു സിനിമാ പ്രേക്ഷകന്റെ ആത്മകഥ' എന്റെ യൗവനത്തിന്റെ ആത്മകഥയാണ്. പക്ഷേ, ഇപ്പോഴിപ്പോൾ എഴുതുന്ന കവിതകൾ നാടകവേദികളോട് കൂടുതൽ സംവദിക്കുമെന്ന് തോന്നുന്നു. നാടകം ഉള്ളടക്കിയിട്ടുണ്ട് അതിൽപ്പലതും.

കൽപ്പറ്റയിലെ കവിയെ അങ്ങേയറ്റം ഇഷ്ടപ്പെടുന്നവർപോലും മാഷിലെ രാഷ്ട്രീയ,സാംസ്കാരിക വിമർശകനെ വേണ്ടത്ര പ്രാധാന്യത്തോടെ അംഗീകരിക്കാൻ വിസമ്മതിക്കുന്നതായി പലപ്പോഴും തോന്നിയിട്ടുണ്ട്. 'കവി ആയാൽ മതി വലിയ വിമർശനമൊന്നും വേണ്ട' എന്ന മട്ടിൽ. എഴുതുന്ന സ്ത്രീ എന്ന നിലയിൽ എന്നോട് ചിലർ പറയാറുണ്ട് 'കവിതയിൽ വലിയ രാഷ്ട്രീയം പറയാൻ ശ്രമിക്കുന്നത് എന്തിനാണ്? ആണുങ്ങൾ എഴുതുംപോലെ എഴുതുന്നത് എന്തിനാണ്? സ്ത്രീവിഷയം എഴുതിയാൽ പോരെ എന്നൊക്കെ. അതിൽനിന്ന് ഞാൻ മനസ്സിലാക്കുന്നത് "നിങ്ങൾ വലിയ കാര്യങ്ങൾ ഒന്നും എഴുതേണ്ടതില്ല അതിന് ഞങ്ങൾ ആൺ കവികൾ ഉണ്ടല്ലോ എന്നാണ്." മാഷിന്റെ വിമർശനങ്ങളെ ആളുകൾ വിമർശിക്കുന്നത് എത്തരത്തിലാണ്?

ഭാവുകത്വമുള്ള ഒരു ന്യൂനപക്ഷത്തിനുമാത്രം വഴങ്ങുന്ന ഭാഷയാണ് കവിത. കവിതയിൽ ഞാൻ ഫാസിസ്റ്റ് വിരുദ്ധതയെഴുതിയാൽ ഫാസിസ്റ്റാണ് എന്ന് സമ്മതിച്ചു തരാത്ത, ഒരുപക്ഷേ, സ്വയം തിരിച്ചറിഞ്ഞിട്ടില്ലാത്ത, ഫാസിസ്റ്റ് വിരുദ്ധത പ്രസംഗിക്കുന്ന ഫാസിസ്റ്റുകൾക്ക് അതൊരല്ലലുമുണ്ടാക്കുകയില്ല. അതു പൊതുജനത്തെ സ്വാധീനിക്കുകയോ അവരുടെ തെറ്റുധാരണകൾ തിരുത്തുകയോ ചെയ്യില്ല. എന്നാൽ, 'സമയപ്രഭു'വിലെയോ 'കലികാല'ത്തിലെയോ 'ഒറ്റത്താപ്പി'ലെയോ ഉൾക്കാഴ്ചകൾ ഗദ്യമാക്കി ലേഖനമായോ പ്രസംഗമായോ പ്രയോഗിക്കുമ്പോൾ കഥ മാറി. അതു തിരഞ്ഞെടുപ്പ് കാലത്തോ മറ്റോ ആണെങ്കിൽ പറയുകയും വേണ്ട. പിന്നാലെ പാഞ്ഞു കടിക്കുന്ന ആ പട്ടിയെ അവർക്ക് തല്ലിക്കൊല്ലണം. എന്നാൽ മിടുക്കന്മാരായ കവികൾ കവിതകളിൽ ഫാസിസ്റ്റ് വിരുദ്ധരായിരിക്കുകയും അടിയന്തരഘട്ടങ്ങളിൽ ഫാസിസ്റ്റ് അനുകൂലികളായി പ്രത്യക്ഷപ്പെടുകയും ചെയ്യും. അവർ വോട്ടഭ്യർഥിച്ച് പൊതുജനത്തിന്റെ വീട്ടുമുറ്റത്തെത്തും. കാലുവയ്ക്കാൻ രണ്ട് തോണികളെങ്കിലും ഇല്ലെങ്കിൽ ഇക്കാലത്തെങ്ങനെ കഴിയും? ആ മനസ്സുള്ളവരാണ് രോഷ്നിയെ സ്വന്തം പണി ചെയ്താൽ മതി എന്നുപദേശിക്കുന്നത്.

**ഫോട്ടോസ്: ഹക്കർ ആർ.കെ.**



**മിടുക്കന്മാരായ കവികൾ കവിതകളിൽ ഫാസിസ്റ്റ് വിരുദ്ധരായിരിക്കുകയും അടിയന്തരഘട്ടങ്ങളിൽ ഫാസിസ്റ്റ് അനുകൂലികളായി പ്രത്യക്ഷപ്പെടുകയും ചെയ്യും. അവർ വോട്ടഭ്യർഥിച്ച് പൊതുജനത്തിന്റെ വീട്ടുമുറ്റത്തെത്തും. കാലുവയ്ക്കാൻ രണ്ട് തോണികളെങ്കിലും ഇല്ലെങ്കിൽ ഇക്കാലത്തെങ്ങനെ കഴിയും?**

ആയിരിക്കാം. കേരളത്തിന്റെ വായനാസമൂഹത്തെ രാഷ്ട്രീയജാഗ്രതയിലേക്ക് ചിന്തിക്കാൻ കൽപ്പറ്റയുടെ കവിതയിലൂടെ സമ്മാനിക്കാനുള്ളതെന്താണ്? കവിതയിൽ എങ്ങനെയാണ് മാഷ് രാഷ്ട്രീയം പറയാൻ ആഗ്രഹിക്കുന്നത്? എന്താണ് മാഷിന്റെ രാഷ്ട്രീയ ജാഗ്രത? അത് ചരിത്രത്തിൽ വിശ്വസിക്കുന്നുണ്ടോ? വർത്തമാനകാലത്തിൽ അത് സംതൃപ്തി പ്രകടിപ്പിക്കുന്നുണ്ടോ?

എന്റെ കവിതകളും നോവലുകളും ലേഖനങ്ങളും പ്രഭാഷണങ്ങളും ഇടതുപക്ഷ നിലപാടിൽ ഉറച്ചുനില്ക്കുന്നു. ഏതിടതുപക്ഷം? വർഗസമരസിദ്ധാന്തത്തിലുറച്ചു നില്ക്കുന്ന, ലക്ഷ്യത്തിലെത്താൻ ഏതക്രമമാർഗവും സ്വീകരിക്കുന്ന, ഏകദർശനകൃശമായ ഇടതുപക്ഷത്തല്ല. അവസാനത്തെയാൾവരെ മോചിതരാവുന്നതുവരെ (unto the last) സ്വസ്ഥമാവാത്ത സമരബോധമുള്ള, വർഗശത്രുവോ വ്യക്തിശത്രുവോ ഇല്ലാത്ത ഗാന്ധിയുടെ ഇടതുപക്ഷത്ത്. വർഗസമരത്തിലൂടെ ദലിതൻ മോചിതനാവില്ലെന്ന് കരുതുന്ന അംബേദ്ക്കറുടെ ഇടതുപക്ഷത്ത്. വർഗസമരത്തിലൂടെ സ്ത്രീകൾ മോചിതരാവുകയില്ല എന്നു കരുതുന്ന ഫെമിനിസ്റ്റുകളുടെ ഇടതുപക്ഷത്ത്. ഓരോ ഘട്ടത്തിലും പ്രതിപക്ഷത്ത് എന്ന ശരിയായ ഇടതുപക്ഷത്ത്. അമ്മയെക്കുറിച്ചെഴുതിയതെന്ന ഋജുവായ ബോധ്യത്തിനപ്പുറം, നിരുപാധികമായ കരുതലിന്റെ പ്രതിനിധിയായ ആരുടേയും ഗാന്ധിയുൾപ്പെടെ, നാമനുഭവിക്കുന്ന അഭാവത്തെക്കുറിച്ചുള്ള ഇടതുപക്ഷ രാഷ്ട്രീയ കവിതയാണ് 'ആശ്വാസം' എന്നു വ്യാഖ്യാനിച്ച് തന്ന ഭാവുകത്വമുള്ള സുഹൃത്ത് അതുറപ്പിച്ച് പറയുന്നു.

ആ ഉറപ്പ് കവിതയെ നിലനിറുത്തുക തന്നെ ചെയ്യും. ഈ സംസാരം തൽക്കാലം ഇങ്ങനെ അവസാനിപ്പിക്കാമെന്ന് തോന്നുന്നു, ഒരു ചോദ്യം കൂടി എന്താണ് ഭാവിയുടെ കവിത?

മുൻകാലത്തിന്റെ ഭാവികാലമാണല്ലോ ഇന്ന് നാം ജീവിക്കുന്നത്. ആശാന്റെ കാലത്തിന്റെ സാധ്യമാവുമെന്ന് പ്രതീക്ഷിക്കപ്പെടാനിടയില്ലാത്ത ഭാവികാലമാണ് ചങ്ങമ്പുഴയും പിയും വൈലോപ്പിള്ളിയും ഇടശ്ശേരിയും ബാലാമണിയമ്മയും സാധ്യമാക്കിയത്. ആറ്റൂരോ മേതിലോ ജയശീലനോ ടി.പി.രാജീവനോ ബാലചന്ദ്രനോ കെ.ജി.എസ്സോ മുൻപ് സങ്കല്പിക്കപ്പെട്ടിട്ടില്ലാത്ത ഒരു ഭാവികാലം സൃഷ്ടിച്ചു. "കാലമിനിയുമുരുളും വർഷം വരും വിഷു വരും........" ❍

ഫോക്കസ്



സക്കറിയ

# ഇന്നും നാളെയും

ഒരു ഭാവിയും പ്രവചിക്കുക വയ്യ – ഭാവി ഒരു ആശയം മാത്രമാണ്. പക്ഷേ, ഭാവി സങ്കല്പിക്കാൻ കഴിയും. ഭാവികേരളത്തെപ്പറ്റിയുള്ള എന്റെ ചിന്തകൾക്ക് ഡാറ്റാബേസില്ല, തെളിവില്ല. കേരളത്തോട് നന്ദിയുള്ള ഒരു പൗരൻ എന്ന നിലയിൽ അവ മുന്നോട്ടുവയ്ക്കുന്നു. ഈ ചിന്തകൾ ഭാവിയിൽ എന്തെല്ലാം ഉണ്ടായിരിക്കണം എന്നതിനെപ്പറ്റിയല്ല. മലയാളികൾ ഇപ്പോൾ അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്നതും ഒരു സംസ്കാരം എന്ന നിലയിൽ അവരുടെ ഭാവിയെ ആപത്കരമായ രീതികളിൽ ബാധിച്ചേക്കാവുന്നതുമായ ചില പ്രതിസന്ധികളെക്കുറിച്ചാണ് എനിക്ക് പറയാനുള്ളത്.

പലതരം പ്രതിസന്ധികളെ തുടർച്ചയായി നേരിട്ടുകൊണ്ടിരിക്കുന്നവരാണ് നാം. അവയിൽ ഏറ്റവും അപകടകരം എന്നു തോന്നിയ എട്ടെണ്ണമാണ് ഞാൻ താഴെ കൊടുക്കുന്നത്. അവയെ എങ്ങനെ നേരിടും എന്നതിനെ ആശ്രയിച്ചായിരിക്കും മലയാളികളുടെ ഭാവി എന്നെനിക്കുതോന്നുന്നു. ഭാവി എന്ന പദം ആലങ്കാരികമാണ്. മലയാളികളുടെ സമൂഹമെന്ന നിലയിലും സംസ്കാരമെന്ന നിലയിലുമുള്ള നിലനില്പ് എന്നതാണ് ശരി.



1

കേരളത്തിലെ ഹിന്ദു-മുസ്ലിം-ക്രൈസ്തവ സമുദായങ്ങളുടെ സഹജീവിതം തകർക്കാനുള്ള ആസൂത്രിത ശ്രമങ്ങൾ ഉയർത്തുന്ന പ്രതിസന്ധി. മൂന്നു സമുദായങ്ങളിലെയും അംഗങ്ങൾ – പ്രമുഖരും അല്ലാത്തവരും – പങ്കെടുക്കുന്നു എന്നത് ഏറ്റവും ഗുരുതരമായ കാര്യമാണ്.

2

സംശുദ്ധവും ജനങ്ങളോട് കൂറുള്ളതുമായ ഭരണകൂടങ്ങളുടെ അഭാവം സൃഷ്ടിക്കുന്ന പ്രതിസന്ധി.

3

ജനാധിപത്യത്തിൽ ജനങ്ങളാണ് മേലാളർ, അവർ തിരഞ്ഞെടുക്കുന്നവർ അല്ല, എന്ന തിരിച്ചറിവ് ഇല്ലായ്മ സൃഷ്ടിക്കുന്ന പ്രതിസന്ധി.

4

മലയാളികളുടെ ചരിത്രത്തിനും സംസ്കാരത്തിനും എതിരെ ഹിന്ദു – മുസ്ലിം – ക്രൈസ്തവ വർഗീയത ഉയർത്തുന്ന വെല്ലുവിളിയുടെ പ്രതിസന്ധി.

5

കേരളത്തിലെ രാഷ്ട്രീയപ്പാർട്ടികളുടെ കൂറ് കേരളത്തോടും മലയാളികളോടുമല്ല അധികാരത്തോടും തങ്ങളോടുതന്നെയുമാണ് എന്ന അവസ്ഥ ഉയർത്തുന്ന പ്രതിസന്ധി.

6

ജനങ്ങളോട് സത്യം പറയാനുള്ള ഉത്തരവാദിത്വത്തിൽനിന്ന് മാധ്യമങ്ങൾ ഒഴിഞ്ഞുമാറുന്നത് ഉയർത്തുന്ന പ്രതിസന്ധി.

7


പരിസ്ഥിതിയോടും പൊതുസ്ഥല ശുചിത്വത്തോടും മലയാളികൾ പ്രകടിപ്പിക്കുന്ന അവഗണന ഉയർത്തുന്ന പ്രതിസന്ധി.

8

സാമൂഹികമാധ്യമങ്ങളിലും ടെലിവിഷൻ ചർച്ചകളിലുമുള്ള മലയാളികളുടെ അന്ധമായ ആസക്തി ഉയർത്തുന്ന പ്രതിസന്ധി.

ഇവയെ കേരളസമൂഹം ഇന്ന് എങ്ങനെ കൈകാര്യം ചെയ്യുന്നു എന്നതിനെയനുസരിച്ചായിരിക്കും നാളത്തെ കേരളം രൂപപ്പെടുകയെന്നു ഞാൻ കരുതുന്നു. ❍

● ഫോക്കസ്



ഡോ. ജോസ് സെബാസ്റ്റ്യൻ

# കേരളം തേടേണ്ടത് സംരംഭകത്വവഴി

കേരളം ഇന്ന് ഒരു നാൽക്കവലയിലാണ്. ആറ് പതിറ്റാണ്ടായി കൊണ്ടുനടക്കുന്ന കേരളമാതൃകാവികസനവുമായി മുന്നോട്ടുപോകാനാവില്ല എന്നുവന്നിരിക്കുന്നു. മുഖ്യമായും മനുഷ്യവിഭവശേഷി കയറ്റുമതിചെയ്തു സമ്പാദിക്കുന്ന പണംകൊണ്ട് ഏറക്കുറെ എല്ലാ ഉപഭോഗവസ്തുക്കളും ഇറക്കുമതിചെയ്യുകയാണല്ലോ നമ്മൾ. അതിനുപകരം കാർഷിക-വ്യാവസായികമേഖലകളിൽ ഉൽപാദനവളർച്ചയിലൂടെ ഒരു പുതിയമാതൃക സൃഷ്ടിക്കാനാവുമോ? ഇതു സാധ്യമാണെന്നും അതിനു നിലവിലുള്ള മാതൃക സൃഷ്ടിച്ചിട്ടുള്ള മൂല്യങ്ങളും മനോഭാവങ്ങളും സ്ഥാപനങ്ങളുമൊക്കെ കുറെയെങ്കിലും പൊളിച്ചെഴുതേണ്ടതുണ്ടെന്നും വാദിക്കുകയാണ് ഈ ലേഖനം.

സംരംഭകത്വമെന്നത് സമ്പത്തുൽപാദനത്തിൽ തന്റെ ചുറ്റുമുള്ള അവസരങ്ങളെ തിരിച്ചറിയാനും അതു പ്രയോജനപ്പെടുത്താനും വ്യക്തിയെ സഹായിക്കുന്ന വ്യക്തിത്വഗുണങ്ങളുടെ ആകത്തുകയാണ്. സ്വാതന്ത്ര്യബോധം, തനിക്കുതാൻപോരിമ, സ്ഥിരപരിശ്രമം, സാഹസികത, സൃഷ്ടിപരത, വിജയത്തിനായുള്ള അദമ്യമായ ആഗ്രഹം തുടങ്ങി ഒട്ടേറെ വ്യക്തിത്വഗുണങ്ങളെ സംരംഭകത്വവുമായി ബന്ധപ്പെടുത്തി പറയാറുണ്ട്.

ഈ ഗുണങ്ങളൊക്കെ ഏറിയും കുറഞ്ഞും എല്ലാ വ്യക്തികളിലും അന്തർലീനമാണെങ്കിലും അനുകൂലമായ സാമൂഹികാന്തരീക്ഷത്തിലേ അവ പുഷ്പിതമാവുകയുള്ളു. ഇത് ഒട്ടനവധി ഘടകങ്ങൾ ചേർന്നതാണ്. നിയമവാഴ്ചയുമായി ബന്ധപ്പെട്ട പൊലീസ് സംവിധാനം, കോടതികൾ മുതലായവ പ്രധാനപ്പെട്ട ഒരു ഘടകമാണ്. വ്യക്തികളും സ്ഥാപനങ്ങളും തമ്മിൽത്തമ്മിലും സർക്കാരുമായും ഏർപ്പെടുന്ന കരാറുകൾ സമ്പത്തുൽപാദന പ്രക്രിയയിൽ ഒഴി



ച്ചുകൂടാനാവാത്തതാണ്. ഇവ പാലിക്കപ്പെടുന്നു എന്ന് ഉറപ്പുവരുത്തുന്നത് പൊലീസും കോടതികളുമാണ്. സംരംഭകപ്രക്രിയ, അതായത് കൃത്യമായ കണക്കുകൂട്ടലുകളോടെ സാമ്പത്തികമായ സാഹസങ്ങളിലേക്ക് എടുത്തുചാടാൻ ആളുകൾക്ക് ആത്മവിശ്വാസം നല്കുന്നത് ഇവയുടെ നിഷ്പക്ഷവും കാര്യക്ഷമവുമായ പ്രവർത്തനമാണ്.

സംരംഭകരോടുള്ള സമൂഹത്തിന്റെ മനോഭാവമാണ് മറ്റൊന്ന്. സംരംഭകരെ അംഗീകരിക്കുകയും കൊണ്ടാടുകയും ചെയ്യുന്ന സമൂഹങ്ങളിൽ അവർ അനുകരണീയമായ മാതൃകകളായി മാറുന്നു. ഇതാണ് കൂടുതൽ ആളുകളെ സംരംഭകരാക്കുന്നത്. സ്വാഭാവികമായും ഇത്തരം സമൂഹങ്ങളിലെ സർക്കാർസംവിധാനങ്ങളും നിയമവ്യവസ്ഥയുമൊക്കെ സംരംഭകരോടുള്ള സമൂഹത്തിന്റെ മനോഭാവം പ്രതിഫലിപ്പിക്കുന്നതാവും.

കേരളത്തിലെ അന്തരീക്ഷം ഒരുകാലത്തും സംരംഭകത്വത്തിന് അനുയോജ്യമായിരുന്നില്ല. കേരളത്തിലെ ജാതിവ്യവസ്ഥയിൽ ഒരു വൈശ്യസമുദായം ഉണ്ടായിരുന്നില്ല. രാജഭരണകാലത്ത് ഗുജറാത്തിൽനിന്ന് കച്ചവടത്തിനായി ആളുകളെ ക്ഷണിച്ചുകൊണ്ടുവരികയായിരുന്നല്ലോ. മരുമക്കത്തായദായക്രമം, കൂട്ടുകുടുംബ വ്യവസ്ഥ തുടങ്ങിയവ പൊതുവേ സംരംഭകത്വവിരുദ്ധമായ മൂല്യങ്ങളും മനോഭാവങ്ങളുമാണ് ഊട്ടിയുറപ്പിച്ചത്. ഇവയിൽനിന്നു കുറെയൊക്കെ വിമുക്തമായ ക്രിസ്ത്യൻ-മുസ്ലീം സമുദായങ്ങൾ സംരംഭകത്വത്തിന്റെ കാര്യത്തിൽ പിൽക്കാലത്ത് താരതമ്യേന മുന്നിലായി എന്നോർക്കണം.

ഈ പരാധീനതകളൊക്കെ ഉണ്ടായിരുന്നിട്ടും സ്വാതന്ത്ര്യലബ്ധിക്കുമുമ്പ് കേരളം ഇന്നത്തെക്കാൾ വ്യവസായവത്കൃതമായിരുന്നു എന്നതാണ് വിരോധാഭാസം. തിരുവിതാംകൂറിലും കൊച്ചിയിലും മലബാറിലും എണ്ണം പറഞ്ഞ വ്യവസായങ്ങൾ ഉണ്ടായിരുന്നു. അവ നിലനിന്നിരുന്നുവെങ്കിൽ സംരംഭകത്വത്തിന്റെ കാര്യത്തിൽ സംസ്ഥാനം വളരെ മുന്നേറുമായിരുന്നു. പക്ഷേ, തൊള്ളായിരത്തിനാല്പതുകൾമുതൽ എൺപതുകളുടെ തുടക്കംവരെ അരങ്ങേറിയ തൊഴിൽസമരങ്ങളും ഘെരാവൊപോലുള്ള സമരതന്ത്രങ്ങളുമാണ് സംരംഭകത്വത്തെ പിന്നോട്ടടിച്ചത്. അനേകം വ്യവസായങ്ങൾ പൂട്ടിപ്പോവുകയോ മറ്റു സംസ്ഥാനങ്ങളിലേക്ക് കുടിയേറുകയോ മാത്രമല്ല ഉണ്ടായത്. ജനമധ്യത്തിൽ സംരംഭകന്റെ പ്രതിച്ഛായ വികൃതമാക്കപ്പെടുകയായിരുന്നു. തൊഴിലാളികളിൽനിന്ന് മിച്ചമൂല്യം കവർന്നെടുക്കുന്ന മൂരാച്ചിയെന്ന നിലയിൽ സംരംഭകൻ എതിർക്കപ്പെടേണ്ടവനും സംരംഭകത്വം നിരുത്സാഹപ്പെടുത്തേണ്ട ഒരു മൂല്യവുമായി.

## കുടിയേറ്റം സൃഷ്ടിച്ച കേരളമാതൃക

എക്കാലവും കുടിയേറ്റത്തിൽനിന്നുള്ള പുറംവരുമാനം കേരള സമ്പദ്‌വ്യവസ്ഥയുടെ ഒരു പ്രധാന ചാലകശക്തിയായിരുന്നു. ആദ്യകാലത്ത് ഇതു സിലോൺ, ബർമ, മലയ, സിംഗപ്പൂർ തുടങ്ങിയ രാജ്യങ്ങളിലേക്കും ഇന്ത്യയിലെ വ്യവസായനഗരങ്ങളിലേക്കുമായിരുന്നു. പക്ഷേ, ഇന്നത്തെ കേരളമാതൃകാവികസനം വലിയൊരളവോളം ഗൾഫ് കുടിയേറ്റത്തിന്റെ സംഭാവനയാണ്. നാട്ടിൽ മിച്ചമൂല്യചൂഷണത്തെ എതിർത്തുതോല്പിച്ച മലയാളി, മണലാരണ്യത്തിലെ കൊടിയ ചൂഷണത്തിനു നിന്നുകൊടുത്ത് നാട്ടിൽ സമ്പത്തുൽപാദനം നടക്കുന്നില്ല എന്ന വസ്തുതയെ സമർഥമായി മറച്ചുവയ്ക്കാൻ ഇതൊരു മാതൃകയാക്കി ഉയർത്തിക്കാട്ടി. ഗൾഫ് പണംമൂലം മലയാളികളുടെ ആളോഹരി ഉപഭോഗം വളരെ വർധിച്ചു.

1999-2000 മുതൽ ഇന്ത്യൻസംസ്ഥാനങ്ങളിൽ കേരളം ഒന്നാമതാണ്. കടകമ്പോളങ്ങളും ഹോട്ടലുകളുമൊക്കെയായി സമ്പദ്‌വ്യവസ്ഥയിലെ ത്രിതീയ മേഖല ചീർത്തുവന്നു.

## 'ഡച്ച്ദീനം' തളർത്തിയ ഉൽപാദനമേഖലകൾ

ഗൾഫ് പണം സത്യത്തിൽ കേരളത്തിലെ ഉൽപാദനമേഖലകൾക്ക് ഉണർവുപകരേണ്ടതായിരുന്നു. അതു സംഭവിക്കാത്തതിന് പ്രധാനകാരണം ധനശാസ്ത്രത്തിൽ 'ഡച്ച്ദീനം' എന്നറിയപ്പെടുന്ന പ്രതിഭാസമാണ്. വൻതോതിൽ പുറംവരുമാനം ഒഴുകുന്ന ഒരു സമ്പദ്‌വ്യവസ്ഥയിലെ ഉൽപാദനമേഖലകൾ തളരുന്നത് പലയിടത്തും അനുഭവപ്പെട്ടിട്ടുള്ളതാണ്. കേരളത്തിന്റെ കാര്യത്തിൽ ഉയർന്ന കൂലിനിരക്കും ഭൂമിയുടെ ഉയർന്ന വിലയും ഒക്കെ ഈ ദീനത്തിന്റെ ലക്ഷണങ്ങളായിരുന്നു.

മറ്റൊരുകാരണം സംരംഭകന് കേരളസമൂഹത്തിലുള്ള താഴ്ന്ന വിലയും നിലയുമാണ്. സംരംഭകരായി വിജയിച്ചിട്ടുള്ളവർ അധികമില്ല. സൂട്ടും കോട്ടുമിട്ട് വിമാനമിറങ്ങുന്ന പേർഷ്യക്കാരൻ എവിടെ, വിയർത്തൊലിച്ച് സർക്കാർ ഓഫീസുകളുടെ തിണ്ണനിരങ്ങുന്ന സംരംഭകൻ എവിടെ? ഈ പെടാപ്പാട് പെടുന്നതിലും നല്ലത് ഗൾഫിൽ എങ്ങാനും പോയി നാലു പുത്തൻ ഉണ്ടാക്കുന്നതാണ് എന്നു പലർക്കും തോന്നിയെങ്കിൽ അതിന് അവരിൽ കുറ്റം കണ്ടെത്താനാവില്ല.

**ഈ പെടാപ്പാട് പെടുന്നതിലും നല്ലത് ഗൾഫിൽ എങ്ങാനും പോയി നാലു പുത്തൻ ഉണ്ടാക്കുന്നതാണ് എന്നു പലർക്കും തോന്നിയെങ്കിൽ അതിന് അവരിൽ കുറ്റം കണ്ടെത്താനാവില്ല.**



## വൈകിവന്ന വെളിപാട്

തൊണ്ണൂറുകളുടെ മധ്യത്തിലെങ്ങോ മാർക്സിസ്റ്റ് ആചാര്യൻ ഇ.എം.എസ്. നമ്പൂതിരിപ്പാട് കേരളത്തിൽ ഉൽപാദനം നടക്കുന്നില്ല എന്നു വിലപിച്ചതോടെയാണ് ഇതൊരു ഗൗരവ

മാർന്ന വിഷയമാണെന്ന് പലർക്കും തോന്നിത്തുടങ്ങിയത്. ഉണ്ടിരിക്കുന്ന നായർക്ക് ഒരു വിളിവന്നു എന്നപോലെ ഈ പ്രഖ്യാപനം നടത്തിയ ഇ.എം.എസ്. 'ഭരണവും സമരവും'പോലുള്ള താത്വികപരീക്ഷണങ്ങളിലൂടെ മൂന്നുനാലു പതിറ്റാണ്ട് കേരളത്തിലെ ഉൽപാദനശക്തികളെ കെട്ടിയിട്ടു എന്നോർക്കണം. അതിനുശേഷം ജനകീയാസൂത്രണം പോലുള്ള പരീക്ഷണങ്ങൾ 25 വർഷത്തോളം നടത്തിയെങ്കിലും ഉൽപാദനമേഖലകളിലെ മരവിപ്പ് വലിയ മാറ്റമില്ലാതെ തുടർന്നു. ഇതും മറ്റു പല കാരണങ്ങളാലും കേരളത്തിലെ മാർക്സിസ്റ്റ് പാർട്ടിയിൽ സംരംഭകരോടുള്ള സമീപനത്തിൽ മാറ്റംവന്നു. കിഴക്കമ്പലത്തെ അന്നാ അലുമിനിയം കമ്പനിയുടെ സ്ഥാപകൻ എം.സി. ജേക്കബ് പണ്ടൊരു മൂരാച്ചിയായിരുന്നെങ്കിലും പിന്നീട് പുരസ്കാരാർഹനായി. അതുപോലെ, കേരളത്തിലെ എടുത്തുപറയാവുന്ന സംരംഭകനായ കൊച്ചൗസേപ്പ് ചിറ്റിലപ്പള്ളിയും അംഗീകരിക്കപ്പെട്ടു. നോക്കുകൂലിക്കെതിരെ സംസാരിക്കാൻ 2016-ലെ സർക്കാരിന്റെ കാലത്തുതന്നെ മുഖ്യമന്ത്രി പിണറായി വിജയനും തയാറായി.

## മാറുന്ന സംരംഭകത്വ അന്തരീക്ഷം

കഴിഞ്ഞ 15 വർഷത്തിനിടെ കേരളത്തിൽ സംരംഭകത്വത്തിനുള്ള അന്തരീക്ഷം വളരെയധികം മെച്ചപ്പെട്ടിട്ടുണ്ട്. ബിസിനസ്സ് ചെയ്യാനുള്ള എളുപ്പസൂചികയിൽ മുന്നിലാവുക എന്നത് മാറിമാറിവന്ന മുന്നണി സർക്കാരുകളുടെ മുഖ്യപരിഗണനയായിട്ടുണ്ട്. പലതലങ്ങളിലുള്ള അനുമതികൾക്കായി ഏകജാലക സംവിധാനം നിലവിൽവന്നു കഴിഞ്ഞു. സ്വകാര്യമേഖലയിൽ വ്യവസായ പാർക്കുകൾ, ഉന്നതവിദ്യാഭ്യാസസ്ഥാപനങ്ങളിൽ ഒഴിഞ്ഞുകിടക്കുന്ന ഭൂമിയിൽ വ്യവസായപാർക്കുകൾ എന്നുതുടങ്ങി ഒരുകാലത്ത് ചിന്തിക്കാൻപ്പോലുമാവാത്ത മാറ്റങ്ങൾ വന്നുകഴിഞ്ഞു.



> വിപണനമാണ് സംരംഭകർക്ക് എക്കാലവും വെല്ലുവിളിയായിട്ടുള്ളത്. ഗുണനിലവാരമുള്ള ഒരു ഉൽപ്പന്നമോ സേവനമോ ഇന്നു വിൽക്കുക എന്നത് ഒരു പ്രശ്നമല്ല. ആമസോൺ, ഫേസ്ബുക്ക്, വാട്സ്ആപ്പ് എന്നു തുടങ്ങിയ പ്ലാറ്റ്ഫോമുകൾ വഴിയായി വിപണനം ചെയ്യാം. ചെറുതായിത്തുടങ്ങി ഉൽപ്പന്നം വിപണി പിടിക്കുന്നതനുസരിച്ച് വിപുലീകരിക്കാം.

തൊഴിൽവിപണിയിലുണ്ടായ മാറ്റമാണ് ഏറ്റവും ശ്രദ്ധേയം. ഇന്ത്യയിൽത്തന്നെ ജനസംഖ്യയിൽ വൃദ്ധജനങ്ങളുടെ അനുപാതം ഏറ്റവും കൂടുതലുള്ള സംസ്ഥാനമാണ് കേരളം. ഉള്ള ചെറുപ്പക്കാർക്കാകട്ടെ, കായികാധ്വാന പ്രധാനമായ ജോലികളിൽ താത്പര്യമില്ല. തുടക്കത്തിൽ കായികാധ്വാന പ്രധാനമായ ജോലികൾ ചെയ്തുവന്ന അന്യസംസ്ഥാന തൊഴിലാളികൾ ഇന്ന് ഏറക്കുറെ എല്ലാ മേഖലകളിലും കടന്നുകയറിക്കഴിഞ്ഞു.

മറ്റൊന്ന് ചരക്കുസേവനനികുതിയുടെ വരവാണ്. പരോക്ഷനികുതികളുടെ കാര്യത്തിൽ വടക്കേ ഇന്ത്യയിലെ സംരംഭകനും കേരളത്തിലെ സംരംഭകനും ഒരേപോലെയാണ്. അസംസ്കൃതവസ്തുക്കൾക്കും യന്ത്രസാമഗ്രികൾക്കും ഒരിടത്തുകൊടുക്കുന്ന നികുതി ഉൽപ്പന്നങ്ങളുടെ മേൽ അടയ്ക്കുന്ന നികുതിയിൽനിന്ന് കുറവുവരുത്താം.

## വിവരസാങ്കേതികവിദ്യ കൊണ്ടുവന്ന വിപ്ലവം

സംരംഭകത്വ പ്രക്രിയ ഇന്നു വളരെയേറെ എളുപ്പമായിരിക്കുന്നു. കണക്കുകൂട്ടലുകളോടെ സാമ്പത്തിക സാഹസങ്ങളിലേക്ക് എടുത്തുചാടാൻ വ്യക്തികളെ സഹായിക്കുന്നത് വിശ്വസനീയമായ വിവരങ്ങളാണ്. ഉൽപ്പന്നത്തിന്റെ/സേവനത്തിന്റെ തിരഞ്ഞെടുപ്പ്, യന്ത്രസാമഗ്രികൾ, ഉൽപാദനപ്രക്രിയ, വിപണനം എന്നുതുടങ്ങി ഏറക്കുറെ എല്ലാ മേഖലകളെക്കുറിച്ചുമുള്ള വിവരങ്ങൾ ഇന്റർനെറ്റിലും യൂട്യൂബിലും ലഭിക്കുമെന്നായിരിക്കുന്നു.

വിപണനമാണ് സംരംഭകർക്ക് എക്കാലവും വെല്ലുവിളിയായിട്ടുള്ളത്. ഗുണനിലവാരമുള്ള ഒരു ഉൽപ്പന്നമോ സേവനമോ ഇന്നു വിൽക്കുക എന്നത് ഒരു പ്രശ്നമല്ല. ആമസോൺ, ഫേസ്ബുക്ക്, വാട്സ്ആപ്പ് എന്നു തുടങ്ങിയ പ്ലാറ്റ്ഫോമുകൾ വഴിയായി വിപണനം ചെയ്യാം. ചെറുതായിത്തുടങ്ങി ഉൽപ്പന്നം വിപണി പിടിക്കുന്നതനുസരിച്ച് വിപുലീകരിക്കാം.

ചുരുക്കത്തിൽ, സംരംഭകത്വത്തിന്റെ കാര്യത്തിൽ കേരളത്തിലെ ഒരു സംരംഭകന് ഇനി പറയത്തക്ക ഒഴിവുകഴിവുകൾ ഒന്നുമില്ല. എന്നുകരുതി ഏതുൽപ്പന്ന/സേവനമേഖലയിലേക്കും എടുത്തുചാടാനും പറ്റില്ല. കേരളത്തിലെ പശ്ചാത്തലത്തിൽ പ്രവേശിക്കാൻ പറ്റിയ ഉൽപ്പന്ന/സേവനവഴികൾ സൂചിപ്പിക്കാം.

ഉൽപ്പന്നങ്ങളുടെ കാര്യം പരിഗണിക്കുമ്പോൾ ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങൾക്ക് വ്യക്തമായ മത്സര മേൽക്കൈ ഉള്ള ഉൽപ്പന്ന വഴികളിലേക്ക് കേരളത്തിലെ ഒരു സംരംഭകൻ പ്രവേശിക്കാൻ മുതിർന്നാൽ കൈ പൊള്ളുകയേ ഉള്ളൂ. ഇന്നിപ്പോൾ ചൈനയിൽ നിർമിച്ച് ഇറക്കുമതിചെയ്ത് സ്വന്തം ബ്രാൻഡിൽ പായ്ക്ക് ചെയ്താണ് പല ഉൽപ്പന്നങ്ങളും വിൽക്കുന്നത് എന്നോർക്കണം. അത്തരം ഉൽപ്പന്നങ്ങളോട് കൊമ്പുകോർക്കുന്നതിനുപകരം കേരളത്തിന് മത്സര മേൽക്കൈ ഉള്ള ഉൽപ്പന്നങ്ങൾ തിരഞ്ഞെടുക്കണം.

കേരളത്തെ സംബന്ധിച്ചിടത്തോളം എന്തുകൊണ്ടും

യോജിച്ചത് കാർഷികാധിഷ്ഠിത ഉൽപ്പന്നങ്ങളാണ്. കൃഷിയും വ്യവസായവും തമ്മിലുള്ള മുൻപിൻ ബന്ധങ്ങൾ പ്രയോജനപ്പെടുത്തുകവഴി കൃഷിയും വ്യവസായവും ഒരുപോലെ വളരാൻ ഇതു സഹായിക്കും. റബർ, കയർ തുടങ്ങിയ പ്രകൃതിദത്തമായ വസ്തുക്കളെ അടിസ്ഥാനമാക്കിയുള്ള ഉൽപ്പന്നങ്ങൾക്ക് ലോകവിപണയിൽ എക്കാലത്തും പ്രിയമുണ്ടാകും. മറ്റു രാജ്യങ്ങളുമായി ഇവയുടെ കാര്യത്തിൽ കടുത്ത മത്സരമുണ്ട് എന്ന കാര്യം മറക്കുന്നില്ല. പഴം, പച്ചക്കറി, സുഗന്ധദ്രവ്യങ്ങളായ കുരുമുളക്, ഏലം, കറുവപ്പട്ട മുതലായവയുടെ മൂല്യവർധിത ഉൽപ്പന്നങ്ങളിൽ കേരളത്തിന് വ്യക്തമായ മത്സര മേൽക്കൈ ഉണ്ട്.

സേവനങ്ങളുടെ കാര്യത്തിൽ വിവരസാങ്കേതികവിദ്യയിൽ അധിഷ്ഠിതമായവയിൽ കേരളത്തിന് വ്യക്തമായ മേൽക്കൈ ഉണ്ട്. നമ്മുടെ ജില്ലാതലസ്ഥാനങ്ങളായ പട്ടണങ്ങളിൽപ്പോലും പൊതുമേഖലയിലും സ്വകാര്യമേഖലയിലും ഐ.ടി പാർക്കുകൾ നിലവിൽവന്നുകഴിഞ്ഞു. ഐ.ടി രംഗത്ത് പരിശീലനംസിദ്ധിച്ച ചെറുപ്പക്കാരുടെ ലഭ്യതയും കുറവല്ല. കേരള ഐ.ടി മിഷന്റെയും സ്റ്റാർട്ട്അപ് മിഷന്റെയും ആഭിമുഖ്യത്തിൽ ഐ.ടി സംരംഭകർക്കായി ആകർഷകമായ പദ്ധതികളുണ്ട്.

## വേണം, നൂതനത്വവും സൃഷ്ടിപരതയും

ഒന്നാം തലമുറക്കാരായ സംരംഭകരുടെ എങ്കിലും കാര്യത്തിൽ വിപണയിൽ വിജയിച്ചുകണ്ട ഒരു ഉൽപ്പന്നമോ സേവനമോ തിരഞ്ഞെടുക്കാനുള്ള പ്രലോഭനം വളരെക്കൂടുതലാണ്. സംരംഭകർ പരാജയപ്പെടുന്നതിന്റെ മുഖ്യകാരണങ്ങളിലൊന്ന് ഇതുതന്നെയാണ്. കുറേ അധ്വാനിച്ചും സഞ്ചരിച്ചും പല ഉൽപ്പന്നവഴികളെക്കുറിച്ച് പഠിച്ചുമാണ് അന്തിമമായി ഒരു ഉൽപ്പന്നമോ സേവനമോ തിരഞ്ഞെടുക്കേണ്ടത്. ഉൽപ്പന്നത്തിൽ/സേവനത്തിൽ മാത്രമല്ല, ഉൽപ്പാദനപ്രക്രിയ, വിപണനം, വില്പനാനന്തരസേവനം എന്നിവയിലൊക്കെ നൂതനത്വവും സൃഷ്ടിപരതയും പ്രദർശിപ്പിക്കുന്ന സംരംഭകരാണ് വിപണിയിൽ വിജയിക്കുക. ഇക്കാര്യങ്ങളിലൊക്കെ വിവരസാങ്കേതികവിദ്യയുടെ അപാരമായ സാധ്യതകൾ പ്രയോജനപ്പെടുത്താൻ അധ്വാനിയായ സംരംഭകന് ഇന്ന വസരമുണ്ട്.

## സംരംഭകത്വത്തിനുള്ള ഭീഷണികൾ

സംരംഭകത്വ അന്തരീക്ഷം വളരെയധികം മെച്ചപ്പെട്ടെന്ന് പറയുമ്പോഴും സംരംഭകത്വവിരുദ്ധമായ പ്രവണതകൾ കേരള സമൂഹത്തിൽ ശക്തമാവുന്നു എന്ന കാര്യം കാണാതിരുന്നുകൂടാ.

വിദ്യാഭ്യാസം എന്ന ആഭാസം : സംരംഭകത്വമെന്നത് അടിസ്ഥാനപരമായി ജീവിതത്തിന്റെ ഉടമസ്ഥത ഏറ്റെടുക്കലാണ്. അല്ലെങ്കിൽ ആശ്രിതസംസ്കാരത്തിനുപകരം സ്വാതന്ത്ര്യം പ്രഖ്യാപിക്കലാണ്. നിർഭാഗ്യവശാൽ കേരളത്തിലെ വിദ്യാഭ്യാസം ചെയ്യുന്നത് ആശ്രിതസംസ്കാരത്തെ ശക്തിപ്പെടുത്തുകയാണ്. സർക്കാർ ജോലിക്കോ അല്ലെങ്കിൽ എഞ്ചിനീയറിംഗ്, മെഡിസിൻ തുടങ്ങിയവയ്ക്കപ്പുറം ചിന്തിക്കാൻ പോലും ചെറുപ്പക്കാർക്ക് കഴിയുന്നില്ല. ബിരുദ–ബിരുദാനന്തര കോഴ്സുകൾക്കുശേഷം പി.എസ്.സി കോച്ചിംഗിനായി 35 വയസ്സുവരെയൊക്കെ അവർ പാഴാക്കുന്നു. ഏതെങ്കിലും വിഷയത്തിൽ ആഴത്തിലുള്ള അറിവോ നൈപുണ്യമോ പ്രദാനംചെയ്യാത്ത വെറും ഓർമശക്തിപരീക്ഷിക്കുന്ന ഈ വിദ്യാഭ്യാസത്തിനുവേണ്ടിയുള്ള ആർത്തി കൂടിവരികയാണ്. തൊഴിലിന്റെ മാന്യതയെക്കുറിച്ചൊക്കെ മൈതാനപ്രസംഗങ്ങൾ നടത്തുന്നവരുടെ മക്കൾപോലും മറ്റു രാജ്യങ്ങളിലേക്ക് കുടിയേറി നാട്ടിൽ ചെയ്യാൻ മടിക്കുന്ന കായികാധ്വാനപ്രധാനമായ ജോലികൾപോലും ചെയ്യുകയാണ്. ഈ ഭീഷണി സർക്കാരിന്റെയും പൊതുസമൂഹത്തിന്റെയും ബോധപൂർവകമായ ഇടപെടലുകൾകൊണ്ടേ മാറ്റിയെടുക്കാനാവൂ.

ആത്മീയതയെന്ന കാപട്യം: സംരംഭകത്വത്തിന് ഒരു വലിയ ഭീഷണിയായി കപട ആത്മീയത ഉയർന്നുവന്നിട്ടുണ്ട്. കേരളത്തിൽ ഒരുകാലത്ത് സംരംഭകത്വത്തിൽ മുന്നിൽ നിന്ന സുറിയാനി ക്രിസ്ത്യൻ വിഭാഗമാണ് ഇതിനു തുടക്കമിട്ടത് എന്നതാണ് വിരോധാഭാസം. തീരപ്രദേശത്തുനിന്നും ഇടനാട്ടിൽനിന്നും മലനാട്ടിലേക്ക് കുടിയേറിയ കാലത്തോ പിന്നീട് ഗൾഫുനാടുകളിലേക്ക് കുടിയേറിയ കാലത്തോ ഇത്രമാത്രം ആത്മീയത ഇല്ലായിരുന്നു. ഇന്നിപ്പോൾ അളവറ്റ സമ്പത്തിന്റെയും സ്ഥാപനങ്ങളുടെയും മേൽ അടയിരിക്കുന്ന പുരോഹിതവർഗം കുഞ്ഞാടുകളെ

**തൊഴിലിന്റെ മാന്യതയെക്കുറിച്ചൊക്കെ മൈതാനപ്രസംഗങ്ങൾ നടത്തുന്നവരുടെ മക്കൾപോലും മറ്റു രാജ്യങ്ങളിലേക്ക് കുടിയേറി നാട്ടിൽ ചെയ്യാൻ മടിക്കുന്ന കായികാധ്വാനപ്രധാനമായ ജോലികൾപോലും ചെയ്യുകയാണ്.**



**കേരളം ജീവിതശൈലീരോഗങ്ങളുടെ തലസ്ഥാനമായി മാറിയിരിക്കുന്നു. ആരോഗ്യം ആശുപത്രികൾ നല്കുന്നതാണ് എന്ന പൊതുധാരണയ്ക്ക് പകരം ഒരുപരിധിവരെ വ്യക്തികൾക്ക് സൗജന്യമായി ലഭിക്കുന്നതാണ് എന്ന സന്ദേശം പൊതുസമൂഹവും സർക്കാരും ജനങ്ങളിൽ എത്തിക്കേണ്ടതുണ്ട്.**

ആത്മീയതയിൽ കെട്ടിയിടുകയാണ്. മാക്സ് വെബർ തന്റെ The Protestant Ethic and the Spirit of capitalism എന്ന പുസ്തകത്തിൽ യൂറോപ്പിലെ പ്രൊട്ടസ്റ്റന്റ് മതം ഉയർത്തിപ്പിടിച്ച മൂല്യങ്ങൾ യൂറോപ്പിൽ മുതലാളിത്തത്തിന്റെ വളർച്ചയെ എങ്ങനെ സ്വാധീനിച്ചു എന്നു ചൂണ്ടിക്കാട്ടുന്നുണ്ട്. കേരളത്തിലാകെ മുളച്ചുപൊന്തിയിട്ടുള്ള ധ്യാനകേന്ദ്രങ്ങൾ സമ്പത്തുൽപ്പാദന പ്രക്രിയയോട് നിഷേധാത്മകമായ മനോഭാവം വളർത്തുകയാണ്. ധ്യാനകേന്ദ്രങ്ങളിൽനിന്ന് ഇറങ്ങുന്നവർ നിരുന്മേഷവാൻമാരും കുറ്റബോധമുള്ളവരുമായി മാറുന്നു.



ബിസിനസ് രംഗത്ത് ക്രിസ്ത്യാനികൾക്കു മേൽകൈ ഉണ്ടായിരുന്ന മേഖലകളിൽ മുസ്ലീങ്ങൾ കടന്നുവരുന്നതിനെ വർഗീയത പറഞ്ഞാണ് അവർ നേരിടുന്നത്. ചെറുപ്പക്കാരുടെ വ്യാപകമായ കുടിയേറ്റത്തിൽ വിറളിപൂണ്ട് ചങ്ങനാശ്ശേരി രൂപത സംരംഭകത്വ വികസന പരിപാടിയുമായി ഇറങ്ങിത്തിരിച്ചിരിക്കുന്നു എന്നതാണ് ഐറണി. ക്രിസ്ത്യാനികളുടെ വളരെ പ്രകടനപരമായ ആത്മീയതയാണ് മറ്റു മതങ്ങളിലേക്ക് പടർന്നത്. സംരംഭകത്വത്തിൽ ഇന്ന് ക്രിസ്ത്യാനികളെ ബഹുദൂരം പിന്നിലാക്കി മുസ്ലീങ്ങൾ മുന്നേറുന്നു. അതിന്റെ കാരണം ഇസ്ലാമിൽ സമ്പത്തുൽപ്പാദനത്തെ പ്രോത്സാഹിപ്പിക്കുന്ന മൂല്യങ്ങളും മനോഭാവങ്ങളും ഉള്ളതുകൊണ്ടുകൂടിയാണ്.

രോഗാതുരമായ കേരളം : സംരംഭകത്വം ശാരീരികവും മാനസികവുമായ അധ്വാനം ആവശ്യപ്പെടുന്ന പ്രക്രിയയാണ്. പക്ഷേ, ഇന്നു കേരളം ജീവിതശൈലീരോഗങ്ങളുടെ തലസ്ഥാനമായി മാറിയിരിക്കുന്നു. ആരോഗ്യം ആശുപത്രികൾ നല്കുന്നതാണ് എന്ന പൊതുധാരണയ്ക്ക് പകരം ഒരുപരിധിവരെ വ്യക്തികൾക്ക് സൗജന്യമായി ലഭിക്കുന്നതാണ് എന്ന സന്ദേശം പൊതുസമൂഹവും സർക്കാരും ജനങ്ങളിൽ എത്തിക്കേണ്ടതുണ്ട്.

## സംരംഭകർക്ക് സാമൂഹിക സുരക്ഷ

സംരംഭകത്വം എന്നത് സാഹസികതയും അനിശ്ചിതത്വവും നിറഞ്ഞതാണ്. വിപണിയിലെ രുചിഭേദങ്ങൾ, സാങ്കേതികവിദ്യ എന്നിവയിലെ മാറ്റങ്ങൾകൊണ്ട് സംരംഭങ്ങൾ പരാജയപ്പെടാം. സുരക്ഷിതമായ സർക്കാർ ജോലിക്കായി പരക്കംപായുന്ന സമൂഹത്തിൽ സംരംഭകർക്ക് സാമൂഹികമായ സുരക്ഷിതത്വം ഏർപ്പെടുത്തുന്നത് സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്ന നടപടിയായിരിക്കും. ഉദാഹരണമായി പത്തുവർഷം അഞ്ചുപേർക്കെങ്കിലും ജോലി നല്കിയ ഒരു സംരംഭകൻ പരാജയപ്പെടുന്നു എന്നിരിക്കട്ടെ. സർക്കാർ ജോലിയിൽ അങ്ങനെയുള്ളവർക്ക് അഞ്ചുശതമാനം സംവരണം ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

പരിഷ്കൃതസമൂഹങ്ങളിലൊക്കെ പൊതു-സ്വകാര്യ വ്യത്യാസമില്ലാതെ ഓരോ വ്യക്തിയും പെൻഷൻ ഫണ്ടുകളിൽ നിക്ഷേപിച്ച് പെൻഷന് അർഹത നേടുന്നു.

ഇന്ത്യയിൽ പക്ഷേ, ബ്രിട്ടീഷ് വാഴ്ചക്കാലത്തെ സ്റ്റാട്യൂട്ടറി പെൻഷൻ തുടരുകയാണ് (2013-നുശേഷം നിയമനം കിട്ടിയവർക്ക് പങ്കാളിത്ത പെൻഷൻ ആണ് എന്ന കാര്യം മറക്കുന്നില്ല). വെറും രണ്ടു ശതമാനം വരുന്ന സ്റ്റാട്യൂട്ടറി പെൻഷൻകാർക്ക് മൊത്തം വരുമാനത്തിന്റെ 23.06% പോകുന്ന സ്ഥിതിയാണ് കേരളത്തിലുള്ളത്. മുഴുവൻ വൃദ്ധജനങ്ങളെയും ഉൾക്കൊള്ളുന്ന ആവശ്യാധിഷ്ഠിത സാർവത്രിക പെൻഷനിലേക്ക് കേരളം അടിയന്തരമായി മാറണം. സാമൂഹികസുരക്ഷയുണ്ടെന്ന തോന്നൽമാത്രംമതി ഒരുപാടുപേർ സംരംഭകത്വത്തിലേക്ക് എടുത്തുചാടാൻ.

ചുരുക്കത്തിൽ കേരളം തേടേണ്ടവഴി സംരംഭകത്വത്തിന്റേതാണ്. അതു കേരളത്തെ അടിമുടി അഴിച്ചുപണിത് ഒരു പുതിയ കേരളമാതൃക സൃഷ്ടിക്കുകതന്നെ ചെയ്യും. ❍

*(ലേഖകൻ, അഹമ്മദാബാദിലെ ഒൻട്രപ്രണർഷിപ്പ് ഡവലപ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യയിലെ മുൻ ഫാക്കൽറ്റിയംഗവും, സംരംഭകർക്ക് ഒരു ആസൂത്രണസഹായി എന്ന കൃതിയുടെ കർത്താവുമാണ്.)*



ഡോ. യു. നന്ദകുമാർ

# നമ്മുടെ ആരോഗ്യം ഇനിവരും കാലം

വർധിക്കുന്ന രോഗാതുരതയും രോഗങ്ങളും കണ്ടെത്താനും നിയന്ത്രിക്കാനും കാലബന്ധിതവും ശാസ്ത്രീയവുമായ നയങ്ങൾ, അടിയന്തര ചികിത്സയുടെ പ്രാപ്യതയും ലഭ്യതയും, സംസ്ഥാനമെമ്പാടും തുല്യമായ ആരോഗ്യസേവന വിതരണം ഉറപ്പാക്കൽ, ഉയർന്ന ചികിത്സാച്ചെലവ് നിയന്ത്രിക്കൽ എന്നിവ കേരളത്തിന്റെ ഭാവി ആസൂത്രണത്തിൽ ഉണ്ടാവേണ്ടവയാണ്.



ആരോഗ്യരംഗത്തെക്കുറിച്ച് പറയുമ്പോൾ കേരളം എക്കാലത്തും പ്രത്യാശയുടെ തുരുത്താണെന്ന് നാം മനസ്സിലാക്കുന്നു. അതു തെറ്റാണെന്നല്ല, ആരോഗ്യത്തിന്റെ സൂചികകളിൽ കേരളം ഇതര സംസ്ഥാനങ്ങളെക്കാൾ മുന്നിലുമാണ്. അത്രയും പറയുമ്പോൾ കേരളത്തിന്റെ പൊതുജനാരോഗ്യരംഗം എല്ലാംകൊണ്ടും ശ്രേയസ്കരമാണെന്നും ഭാവിയിലും അപ്രകാരം തുടരും എന്നൊന്നും അർഥമില്ല. നമ്മുടെ ആരോഗ്യസംസ്കാരം ഒരു പൊതുസ്വത്തായി കണ്ടാൽ മാത്രമേ നിലവിലുള്ള നേട്ടങ്ങളെയും ദൗർബല്യങ്ങളെയും സൂക്ഷ്മതയോടെ വിലയിരുത്താനും ഭാവിയിലെ ആസൂത്രണം സാധ്യമാക്കാനും കഴിയൂ.

ആരോഗ്യരംഗം ഭാവിയിൽ വിവിധതരം സ്വാധീനങ്ങൾക്കു വിധേയമാകും. പുതിയ രോഗങ്ങൾ, ദുരന്തങ്ങൾ എന്നിവകളെ സമീപിക്കുന്നതിനുള്ള പുതിയ അറിവുകളാണ് അവയിലൊന്ന്. ലോകാരോഗ്യസംഘടനയും സമാനമായ ഏജൻസികളും പിന്തുണയ്ക്കുന്ന നൂതനാശയങ്ങൾ നയരൂപീകരണത്തിൽ പരിഗണിക്കുന്നത് അതുപോലെ പ്രാധാന്യമുള്ള കാര്യമാണ്. പൊതുജനാരോഗ്യരംഗത്ത് സംഭവിക്കുന്ന പുത്തൻ സാങ്കേതികവിദ്യകളെ മനസ്സിലാക്കാനും ഉൾക്കൊള്ളാനും പ്രായോഗികമാക്കാനും പറ്റുക എന്നതും പ്രാധാന്യമർഹിക്കുന്നു. ഇതെല്ലാം



**പൊതുജനാരോഗ്യരംഗത്ത് സംഭവിക്കുന്ന പുത്തൻ സാങ്കേതികവിദ്യകളെ മനസ്സിലാക്കാനും ഉൾക്കൊള്ളാനും പ്രായോഗികമാക്കാനും പറ്റുക എന്നതും പ്രാധാന്യമർഹിക്കുന്നു. ഇതെല്ലാം പ്രയോഗത്തിൽ വരുത്താൻ ആരോഗ്യത്തിൽ നിക്ഷേപിക്കാൻ കരുതലുള്ള സർക്കാർ ഉണ്ടാവണം.**

പ്രയോഗത്തിൽ വരുത്താൻ ആരോഗ്യത്തിൽ നിക്ഷേപിക്കാൻ കരുതലുള്ള സർക്കാർ ഉണ്ടാവണം. ആരോഗ്യനിക്ഷേപം കുറഞ്ഞുവരുന്നതായുള്ള റിപ്പോർട്ടുകളാണ് നമ്മുടെ മുന്നിലുള്ളത്. രൂപയുടെ മൂല്യശോഷണം, പണപ്പെരുപ്പം എന്നിവ നിക്ഷേപത്തെ ദുർബലപ്പെടുത്തുന്ന മറ്റു ഘടകങ്ങളായി പ്രവർത്തിക്കുന്നു.

സമൂഹം ജീവിക്കുന്നത് അതിലെ ആരോഗ്യമുള്ള വ്യക്തികളിലൂടെയാണ്. ആരോഗ്യരംഗത്ത് നിക്ഷേപിച്ചാൽ ജീവൻ രക്ഷിക്കാനാകും എന്നു മാത്രമല്ല, രോഗരഹിതമായി കൂടുതൽക്കാലം ജീവിക്കാനുമാകും. ഇത് ഉൽപാദനക്ഷമത, ആരോഗ്യസേവനങ്ങളിലെ ഉപഭോഗം എന്നിവയിൽ ഗണ്യമായ അനുകൂലമാറ്റങ്ങൾ സാധ്യമാക്കുന്നു. അനാരോഗ്യം അധികമുള്ള സമൂഹത്തിൽ മൂലധന നിക്ഷേപം, മൂലധനത്തിലെ വളർച്ച എന്നിവ സാധ്യമാക്കാൻ പ്രയാസമാണ്. പല രാജ്യങ്ങളും ആരോഗ്യം അവരുടെ സാമൂഹികലക്ഷ്യമായി പ്രഖ്യാപിച്ചുകഴിഞ്ഞു. നമുക്കടുത്തുള്ള തായ്ലൻഡ് ഇതിനകം സാമൂഹികസുരക്ഷ, ആരോഗ്യ ഇൻഷുറൻസ് എന്നിവ സാർവത്രികമായ ക്ഷേമപദ്ധതിയായി മാറ്റിക്കഴിഞ്ഞു. കേരളത്തിന്റെയും ഇന്ത്യയുടെയും ആരോഗ്യനിക്ഷേപങ്ങൾ എങ്ങനെ ന്യായീകരിക്കാമെന്നും, ഉയർത്താമെന്നും കണ്ടെത്തേണ്ടിയിരിക്കുന്നു. ഭാവിയിൽ ആരോഗ്യമെന്നാൽ ആരോഗ്യനിക്ഷേപം എന്നുകൂടിയാണ് അർഥമാക്കുന്നത്.

ഇന്ത്യയുടെ ഫെഡറൽ സംവിധാനത്തിൽ കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ മുൻഗണനകളിൽ ധാരണയുണ്ടാക്കുക അത്യാവശ്യമാണ്. പതിനാലാം ധനക്കമ്മീഷൻ കേന്ദ്രപൂളിലെ സംസ്ഥാനങ്ങളുടെ ഓഹരി 32-ൽനിന്ന് 42% ആയി ഉയർത്തിയിട്ടുണ്ട്. കൃത്യമായ ഇടവേളകളിൽ ധനം കൈമാറ്റം ചെയ്യുന്നതും കൈമാറ്റപ്പെട്ട പണം നിശ്ചിതകാര്യങ്ങളിൽ ഉപയോഗപ്പെടുത്തുന്നുവെന്നതും ഉറപ്പാക്കുന്നതും പ്രാധാന്യമർഹിക്കുന്നു. ആരോഗ്യമേഖലയിലെ സങ്കീർണമായ പ്രോജക്ടുകളിൽ നിക്ഷേപിക്കുന്ന സംസ്ഥാനസർക്കാരുകൾക്ക് പ്രോത്സാഹനം നൽകുന്നതാണ് ഒരിടപെടൽ. ഉദാഹരണത്തിന്, ദാരിദ്ര്യത്തിൽ കഴിയുന്നവരുടെ ആരോഗ്യസുരക്ഷ, ചെലവ്-ഫലപ്രാപ്തി അനുപാതം മെച്ചമായ പദ്ധതികൾ തീർച്ചയായും പ്രോത്സാഹനത്തിനു പരിഗണിക്കപ്പെടണം.

ഒപ്പം കാണേണ്ട മറ്റൊന്നുണ്ട്. ആരോഗ്യസേവനങ്ങൾ പകർന്നുകൊടുക്കുമ്പോൾ അവയ്ക്ക് അടിസ്ഥാന ഗുണമേന്മ ഉറപ്പാകേണ്ടതെങ്ങനെ എന്നതും പരിഗണനാവിഷയമാണ്. ആശുപത്രി, ലാബ് സേവനങ്ങൾ, അനുബന്ധ പ്രവർത്തനങ്ങൾ എന്നിവ മിനിമം ഗുണമേന്മ സംവിധാനത്തിൽ ഉൾപ്പെടുത്തപ്പെടും. ഇതേക്കുറിച്ചു 2010 മുതൽ നിയമനിർമാണങ്ങൾ നടന്നിട്ടുണ്ടെങ്കിലും പൂർണമായതോതിൽ നടപ്പിലായി എന്നുപറയാനാവില്ല. വിവിധതലങ്ങളിൽ പ്രവർത്തിക്കുന്ന സർക്കാർ ഏജൻസികൾക്ക് മേൽ ഉത്തരവാദിത്വം ഉറപ്പാക്കലാണ് ഗുണനിലവാരം ഉറപ്പാക്കാനുള്ള മാർഗം. സേവനഗുണത്തിന്റെ മാനദണ്ഡങ്ങൾ പാലിക്കുന്നുവെന്ന് ഉറപ്പാക്കിയാൽമാത്രമേ ഭാവിനിക്ഷേപങ്ങൾ എവിടെല്ലാം വേണമെന്നും, എത്ര തോതിലാവണമെന്നും, ഏതെല്ലാം

പുതിയ ടെക്നോളജികളിലേക്കു ശ്രദ്ധനൽകണമെന്നും പഠിക്കാൻ ഗുണത്തിന്റെ മാനദണ്ഡങ്ങൾ സഹായിക്കും.

ആരോഗ്യമേഖലയുടെ അടിസ്ഥാനഘടകമാണ് പ്രാഥമിക ആരോഗ്യകേന്ദ്രങ്ങൾ. ബഹുഭൂരിപക്ഷം രാജ്യങ്ങളും ആരോഗ്യനയത്തിന്റെ ഭാഗമായി ആരോഗ്യകേന്ദ്രങ്ങളെ കാണുന്നു. പീറ്റർ വോൻ, ജിൽ വോൾട്ട്, ആൻ മിൽസ് എന്നിവർ ചേർന്നെഴുതിയ പ്രബന്ധം സാമൂഹികാരോഗ്യം ഉറപ്പാക്കുന്നതിൽ പ്രാഥമികാരോഗ്യകേന്ദ്രങ്ങളുടെ പങ്ക് വിശദമായി അന്വേഷിക്കുന്നു. വളരെ വൈവിധ്യമാർന്ന പ്രവർത്തനങ്ങളാണ് ആരോഗ്യകേന്ദ്രങ്ങൾക്ക് ചെയ്യാനുള്ളത്. അവയെല്ലാം കൃത്യമായ അർഥത്തിൽ 'ആരോഗ്യം' എന്ന വിഷയത്തിലല്ല വരിക. ഭക്ഷണം, വെള്ളം, മാലിന്യസംസ്കരണം, ഭവനം, വിദ്യാഭ്യാസം, തൊഴിൽ, തുടങ്ങി അനേക വകുപ്പുകളിൽ നടക്കുന്ന പ്രവർത്തനങ്ങൾ ആരോഗ്യവുമായി ബന്ധപ്പെട്ടുകാണാം. അങ്ങനെയെങ്കിൽ ഇവയുടെ നടത്തിപ്പിൽ പുതിയതും ഫലപ്രദവുമായ മാനേജ്മെന്റ് രീതികൾ വേണ്ടിവരും. അഞ്ചു വ്യത്യസ്തവും എന്നാൽ, പരസ്പരപൂരകവുമായ പ്രവർത്തനങ്ങൾ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾക്ക് നിർവഹിക്കാനുണ്ട്:

1. അടിസ്ഥാന ആരോഗ്യ സേവനങ്ങൾ, സാമൂഹികാരോഗ്യം എന്നിവ

**വളരെ വൈവിധ്യമാർന്ന പ്രവർത്തനങ്ങളാണ് ആരോഗ്യകേന്ദ്രങ്ങൾക്ക് ചെയ്യാനുള്ളത്. അവയെല്ലാം കൃത്യമായ അർഥത്തിൽ 'ആരോഗ്യം' എന്ന വിഷയത്തിലല്ല വരിക. ഭക്ഷണം, വെള്ളം, മാലിന്യസംസ്കരണം, ഭവനം, വിദ്യാഭ്യാസം, തൊഴിൽ, തുടങ്ങി അനേക വകുപ്പുകളിൽ നടക്കുന്ന പ്രവർത്തനങ്ങൾ ആരോഗ്യവുമായി ബന്ധപ്പെട്ടുകാണാം.**

2. ഇടത്തട്ടിൽ (intermediate) നടത്തുന്ന പ്രവർത്തനം: ഇതര ആരോഗ്യ സ്ഥാപനങ്ങൾ, താലൂക്ക്, ജില്ലാ തല ആശുപത്രിയുമായുള്ള സജീവ ബന്ധം, അനുബന്ധ സൗകര്യങ്ങൾ.

3. മറ്റു വകുപ്പുകളുമായുള്ള പങ്കാളിത്തം (intersectoral cooperation, participation)

4.വ്യക്തി, സമൂഹം എന്നീ തലങ്ങളിൽ നടപ്പാക്കേണ്ട പങ്കാളിത്തം

5. പരമ്പരാഗതമായ ചിന്തകളും പദ്ധതികളും, സ്വകാര്യ ഏജൻസികൾ, സർക്കാരിതര സംഘടനകൾ (non-government organization) എന്നിവയുമായി ചെയ്യാവുന്ന സഹകരണവും ഏകോപനവും

ചുരുക്കിപ്പറഞ്ഞാൽ, പ്രാഥമിക ആരോഗ്യകേന്ദ്രങ്ങൾ ഏറ്റവും താഴെത്തട്ടിൽ പ്രവർത്തിക്കുന്ന ആശുപത്രികൾ അല്ല. സങ്കീർണമായ മാനേജ്മെന്റ് ആശയങ്ങൾ ഉപയോഗിച്ച് ലക്ഷ്യരൂപപ്പെടുത്തൽ നടത്തുകയും, സ്ഥാപനം പ്രദാനം ചെയ്യുന്ന സേവനഗുണം കണക്കാക്കുക, സ്റ്റേക്ക്ഹോൾഡർ ഓഡിറ്റ് നടപ്പാക്കുക എന്നിവ ഫലപ്രദമായ പ്രാഥമികാരോഗ്യസംവിധാനത്തിന്റെ അവിഭാജ്യഘടകങ്ങളാകണം. കേരളത്തിന്റെ ആരോഗ്യമുന്നേറ്റത്തോടൊപ്പം നമ്മുടെ ആരോഗ്യരംഗത്തിലെ പ്രതിസന്ധികൂടിയാണ് ഇപ്പോൾ ചർച്ചചെയ്യപ്പെടുന്നത്. ഇത് പ്രാഥമികാരോഗ്യ സംവിധാനത്തിൽ വന്നുചേരുന്ന ദൗർബല്യവുമായി ചേർത്തുകാണാനാവും. കഴിഞ്ഞ ഏതാനും വർഷത്തെ കണക്കെടുത്താൽ നാം ഏതുദിശയിലേക്കാണ് പോകുന്നത് എന്നുകാണാം. നമുക്കെ



ടുക്കാൻ കഴിയുന്ന മുൻകരുതലുകൾ, ആരോഗ്യമേഖലയിൽ അവശ്യം വേണ്ടുന്ന മസ്തിഷ്കോദ്ദീപനം (brainstorming), പൊതുജനാരോഗ്യ പരിപാലനത്തിൽ വരുത്തേണ്ട പ്രഫഷനലിസം എന്നിവയെക്കുറിച്ചുള്ള ചർച്ചയ്ക്കും അനുകൂല സമയമാണിത്.

കേരളത്തിന്റെ പകർച്ചരോഗങ്ങളുടെ മാതൃക പരിശോധിച്ചാൽ മാറിവരുന്ന രോഗാതുരത വ്യക്തമാകും. ഉദ്ദേശം മുപ്പതു രോഗങ്ങളെങ്കിലും കൂടിയും കുറഞ്ഞും സംസ്ഥാനത്തു നിലനിൽക്കുന്നു. രോഗങ്ങൾ കണ്ടെത്തുന്നതിന് ചില പ്രായോഗിക വൈഷമ്യങ്ങളുണ്ട്. പലപ്പോഴും രോഗികൾ ആശുപത്രികളിൽ എത്തണമെന്നില്ല; രോഗലക്ഷണങ്ങൾ ലഘുവായതിനാൽ രോഗനിർണയം നടന്നെന്നുവരില്ല. കൂടാതെ സ്വകാര്യ ആശുപത്രി സേവനങ്ങൾ തേടുന്ന രോഗികളുടെ വിവരങ്ങൾ പൂർണമായും രേഖപ്പെടുത്തിയെന്നും വരില്ല. എങ്കിലും ലഭ്യമായ കണക്കുകൾ ശുഭോദർക്കമല്ല.

നമുക്ക് 2021, 2022 വർഷങ്ങളിൽ റിപ്പോർട്ട് ചെയ്യപ്പെട്ട പകർച്ച രോഗങ്ങളിൽ ചിലതു നോക്കാം. ഏ-ടൈപ്പ് മഞ്ഞപ്പിത്തം (Hepatitis A)യഥാക്രമം 2021-ൽ 114-ഉം 2022-ൽ 231-ഉം ഉണ്ടായിരുന്നു; ഇതുകൂടാതെ 894 പേരുടെ കാര്യത്തിൽ

ഏ ടൈപ്പ് മഞ്ഞപ്പിത്തത്തിന്റെ ലക്ഷണം ഉണ്ടായിരുന്നെ ങ്കിലും രോഗനിർണയം പൂർണമായില്ല. ഇതേകാലയളവിൽ ടൈഫോയിഡ് 30-ൽ നിന്നു 55-ലേക്കും വയറിളക്ക രോ ഗങ്ങൾ 230308-ൽ നിന്നു 467715-ലേക്കും ഉയർന്നതായി കാണാം. കോളറ 2021-ൽ മാത്രമാണ് റിപ്പോർട്ടിൽ വന്നിട്ടു



ള്ളത്. പൊതുജനാരോഗ്യത്തിന്റെ ദൃഷ്ടിയിൽ ഗൗരവമേറിയ കണക്കുകളാണ് ഇവ. എല്ലാം ജലജന്യരോഗങ്ങളെന്ന് പറയാമെങ്കിലും ഇവയുടെ പശ്ചാത്തലത്തിൽ പരിസ്ഥിതി മലിനീകരണത്തിന്റെ ഗുരുതരാവസ്ഥയുണ്ട്. മനുഷ്യ, മൃഗ വിസർജ്യങ്ങൾ കുടിവെള്ളത്തിലും ഭക്ഷണത്തിലും കലർന്നി രിക്കുന്നു എന്നർത്ഥം. ഒന്നുകൂടി ചിന്തിച്ചാൽ മനസ്സിലാകു ന്നതിതാണ്: മനുഷ്യവിസർജ്യത്തിലെ ചില സൂക്ഷ്മാണുക്കൾ ജലം,ഭക്ഷണം എന്നിവയിലൂടെ നമ്മുടെ ശരീരത്തിലേക്ക് കടന്നുവരുന്നു. കേരളത്തിൽ മലവിസർജനത്തിന് എല്ലാവീടു കളിലും ടോയ്‌ലറ്റ് സംവിധാനമുണ്ടെന്നാണ് കണക്ക്; അതു ണ്ടായിരിക്കാം. എന്നാൽ അവിടെനിന്ന് വിസർജ്യവസ്തുക്കൾ എങ്ങനെ കുടിവെള്ളസ്രോതസ്സിനെയും ഭക്ഷണത്തെയും മലിനപ്പെടുത്തുന്നു എന്നന്വേഷിച്ചാൽ ഉത്തരം ലഘുവാണ്. ശുചിമുറിക്ക് പരിസരത്തായി ശേഖരിച്ചുവച്ചിരിക്കുന്ന വി സർജ്യം ഏതാനും വർഷങ്ങൾ കഴിഞ്ഞു അവിടെനിന്നു തുറസ്സിടങ്ങളിലേക്കോ പുഴയിലേക്കോ മാറ്റുന്നു. ഇത് ജല മലിനീകരണത്തിനു ഹേതുവാകുമല്ലോ.

ജലത്തിന്റെ ഗുണനിലവാരം നിരന്തരം പരിശോധിക്കപ്പെ ടേണ്ട വിഷയമാണ്. വെള്ളത്തിന്റെ വിവിധ ഘടകങ്ങൾക്ക് സ്റ്റാൻഡേർഡ് നിശ്ചയിക്കപ്പെട്ടിട്ടുണ്ട്. ഇതെല്ലാംകൂടി ചേർത്ത് പൊതുഗുണത നിർവചിക്കപ്പെടുന്നു. ജ്യോതി, തോമസ് തു ടങ്ങിയവരുടെ പഠനത്തിൽ ജല നിലവാര സൂചിക (Water Quality Index) ഇപ്രകാരം കണ്ടെത്തുകയുണ്ടായി. പെരിയാർ, മൂവാറ്റുപുഴയാർ എന്നിവയിലെ ജലഗുണത പൊതുവേ

**ഗവേഷകർ അവരുടെ പ്രത്യേക മേഖലയിൽ ചെയ്യുന്ന ഗവേഷണംകൂടാതെ ഇതരമേഖല യിലുള്ളവർ കൂടിച്ചേർന്ന് ഇന്റർ-ഡിസിപ്ലിനറി (interdisciplinary) ഗവേഷണത്തിലേക്കു തിരിയണം. പണച്ചെലവുള്ള കാര്യമാണിതെ ന്ന് സമ്മതിക്കുന്നു; ആശയത്തോട് അനുഭാവ വും പ്രതിബദ്ധതയും ഉണ്ടെങ്കിലേ മറ്റ വിഭവങ്ങൾ ഉണ്ടായിത്തീരൂ.**

മോശമാണ്; തെക്കുള്ള പല നദികളും മെച്ചപ്പെട്ട ജലമൊ ഴുകുന്നു. കടലുണ്ടിപ്പുഴയിൽ നല്ല വെള്ളം, ചാലിയാറിൽ ജലമശുദ്ധവും. ഈ പഠനം പ്രസിദ്ധപ്പെടുത്തിയത് 2021-ലാ ണെങ്കിലും പഠനകാലം 2017 ആണ്. അക്കാലത്തുതന്നെ ജലഗുണം മോശപ്പെട്ടുതുടങ്ങിക്കാണണം. പകർച്ചരോഗങ്ങൾ ശക്തിപ്രാപിക്കുന്നതും 2017-നു ശേഷമാണെന്നുകാണാം. നമ്മുടെ പരിസ്ഥിതിമലിനീകരണം വർധിക്കുന്നതായും പരിസ്ഥിതിയുടെ ബഹുവിധ നിലവാരത്തിൽ അധഃപതനം സംഭവിക്കുന്നതായും ഇതെല്ലാം സൂചിപ്പിക്കുന്നു.

ജലവിഭവത്തിൽ മാത്രമല്ല പ്രശ്നം. പ്രാണിജന്യ രോഗങ്ങ ളിലും സമാനമായ മാറ്റങ്ങൾ കാണാനാവും. കൊതുകും ചെറുപ്രാണികളും പരത്തുന്ന രോഗങ്ങളും 2021 മുതൽ വർധിച്ചതോതിൽ കാണപ്പെടുന്നു. ഇതിൽ ഡെങ്കി, ചിക്കുൻ ഗുനിയ,മലേറിയ, വെസ്റ്റ് നൈൽ രോഗം, സിക്ക എന്നിവ കൊതുകുജന്യ രോഗങ്ങളാണ്. കെയ്സാനൂർ ഫോറസ്റ്റ് ഫീവർ, സ്ക്രബ്ബ് ടൈഫസ് എന്നിവ ചിലയിനം ടിക്ക് (tick) അഥവാ ചെറുപ്രാണികൾ വഴി പകരുന്നവയാണ്. ഇതുവരെ തുടർന്നുപോന്ന മഴക്കാലപൂർവ ശുചീകരണവും മറ്റും ഫല പ്രദമാകുന്നില്ലെന്ന തോന്നൽ ജനങ്ങളിൽ ഉണ്ടാകുന്നതിൽ അദ്ഭുതമില്ല. പഴയ കൊതുകുജന്യരോഗങ്ങൾ ഇപ്പോഴും ഉണ്ടെന്നുമാത്രമല്ല, പുതിയ പകർച്ചവ്യാധികൾ കുറേശ്ശെ പ്രത്യക്ഷപ്പെടുന്നുമുണ്ട്. ചിക്കൻപോക്സ്, ലെപ്റ്റോ പനി എന്നിവയും ഇക്കാലഘട്ടത്തിൽ വർധിച്ചുവന്നു; അതുമായി ബന്ധപ്പെട്ട മരണനിരക്ക് ആശങ്കയുളവാക്കുന്നതാണ്.

എന്തായിരിക്കാം ഇത്തരം മാറ്റങ്ങൾക്ക് കാരണം? അതാണ് നാം അടുത്തതായി ചിന്തിക്കേണ്ടത്. മനുഷ്യരോടൊപ്പം ചെറുതും വലുതുമായ ജീവികളുണ്ട്. അവയുടെ ആവാസ വ്യവസ്ഥയിലുണ്ടാകുന്ന മാറ്റങ്ങൾ ജീവിവർഗത്തിന്റെ സ്വ ഭാവത്തിൽ മാറ്റമുണ്ടാക്കും. കൊതുകെന്നോ എലിയെന്നോ വ്യത്യാസമില്ലാതെ എല്ലാ ജീവികളിലും അതിജീവനത്തിന്റെ സമ്മർദം ഉണ്ടാകുമെല്ലോ. ഇതു പഠിക്കാനും പുതിയ മാറ്റങ്ങൾ ക്കനുസരിച്ച് ആരോഗ്യനയം രൂപപ്പെടുത്താനും ശക്തമായ അടിത്തറയുള്ള ഗവേഷണസംവിധാനം വേണം. കാലാവ സ്ഥാവ്യതിയാനം, പ്രളയം, ഉരുൾപൊട്ടൽ, കാലം തെറ്റിയ മഴയും വരൾച്ചയും, വന്യമൃഗങ്ങളുടെ ഭക്ഷണലഭ്യതയിലെ

മാറ്റം, ഇങ്ങനെ അനേകം വിഷയങ്ങൾ പഠിച്ചാൽ മാത്രമേ കൃത്യമായ പോംവഴികളുണ്ടാകൂ. ഗവേഷണം എളുപ്പമല്ല; അതിനായി യൂണിവേഴ്സിറ്റികളിലും ഗവേഷണകേന്ദ്രങ്ങളിലും ഫുൾ-ടൈം ഗവേഷകർ ഉണ്ടായാൽ മാത്രമേ സാധ്യമാകൂ. നാം കുറച്ചുനാളായി പറഞ്ഞുകേൾക്കുന്ന ഒരാശയമുണ്ട്: ഏകാരോഗ്യ സമീപനം. കോവിഡ്കാലത്ത് ഉണ്ടായിവന്ന നൂതനാശയമാണത്. ഇനിവരുന്ന പകർച്ചവ്യാധികൾ മനുഷ്യരും മൃഗങ്ങളും പരിസ്ഥിതിയും ഒത്തുചേരുന്ന ഇടങ്ങളിൽ കാണപ്പെടുന്ന സംഘർഷങ്ങൾ മൂലമായിരിക്കുമെന്ന് ഒരു വിഭാഗം ശാസ്ത്രജ്ഞർ പ്രവചിച്ചിരുന്നു. അതിനു ഗവേഷകർ അവരുടെ പ്രത്യേക മേഖലയിൽ ചെയ്യുന്ന ഗവേഷണം കൂടാതെ ഇതരമേഖലയിലുള്ളവർ കൂടിച്ചേർന്ന് ഇന്റർ-ഡിസിപ്ലിനറി (interdisciplinary) ഗവേഷണത്തിലേക്കു തിരിയണം. പണച്ചെലവുള്ള കാര്യമാണിതെന്ന് സമ്മതിക്കുന്നു; ആശയത്തോട് അനുഭാവവും പ്രതിബദ്ധതയും



ഉണ്ടെങ്കിലേ മറ്റു വിഭവങ്ങൾ ഉണ്ടായിത്തീരൂ.

പണച്ചെലവുള്ള കാര്യങ്ങളാണ് പരിഹാരമാർഗങ്ങളായി മുന്നോട്ടുവയ്ക്കുന്നത് എന്നുപറയാൻ വരട്ടെ. നാം എത്ര പണമാണ് ആരോഗ്യത്തിനായി ചെലവാക്കുന്നത് എന്നുനോക്കൂ. ഇന്ത്യയുടെ ജി.ഡി.പിയുടെ (GDP) 1.1% മാത്രമാണ് നാം ആരോഗ്യത്തിനായി മാറ്റിവച്ചിരിക്കുന്നത്. നമ്മെപ്പോലുള്ള മറ്റു മധ്യവർത്തി രാജ്യങ്ങൾ ആരോഗ്യത്തെ വിഭാവനചെയ്യുന്നതെങ്ങനെ എന്നു നോക്കാം. ജി.ഡി.പിയുടെ ശതമാനം എന്നതോതിൽ നോക്കിയാൽ, ക്യൂബ 13.7, അർജന്റീന 9.7, ബംഗ്ലാദേശ് 2.36, ഈജിപ്റ്റ് 4.6, ഇറാൻ 5.7, ഇറാക്ക് 5.2, എന്നിങ്ങനെ വകയിരുത്തിയിരിക്കുന്നു. ഇത് ഇന്ത്യയെ പ്രതികൂലമായി ബാധിക്കുമെന്ന് അമർത്യസെൻ അഭിപ്രായപ്പെടുന്നു. അതിവേഗം വികസിക്കുന്ന സമ്പദ്‌വ്യവസ്ഥയായിട്ടുപോലും മറ്റു രാജ്യങ്ങളെക്കാൾ ആരോഗ്യവികസനത്തിൽ ഇന്ത്യ പിന്തള്ളപ്പെട്ടുകൊണ്ടിരിക്കുന്നു. ചൈന, തായ്‌ലൻഡ്, ബംഗ്ലാദേശ്, എന്നീ രാജ്യങ്ങളെക്കാൾ ആയുർദൈർഘ്യത്തിൽപ്പോലും നാം പിന്നിലാണ്. സമ്പദ്‌വ്യവസ്ഥയുടെ വികസനവേഗം ജനങ്ങളെ പട്ടണങ്ങളിലേക്ക് ആകർഷിക്കുകയും, യാത്രകൾ, സാംസ്കാരിക കൂടിച്ചേരലുകൾ എന്നിവ സർവസാധാരണമാക്കുകയും ചെയ്യുന്നു. ഇതു പലതരം ആരോഗ്യ പ്രശ്നങ്ങൾക്കും കാരണമാകും. ഒരിടത്ത് വിരളമായ രോഗങ്ങൾ മറ്റിടങ്ങളിൽനിന്ന് വ്യാപിക്കാം, പ്രവാസവും യാത്രയും മാനസികസംഘർഷങ്ങൾക്കും മാനസികാരോഗ്യ പ്രശ്നങ്ങൾക്കും ഇടംനൽകാം. ജീവിതശൈലീരോഗങ്ങൾക്ക് ആക്കംകൂട്ടാം. ചുരുക്കത്തിൽ സമ്പദ്‌വ്യവസ്ഥ വികസിക്കുന്നതല്ല പ്രശ്നം, ആനുപാതികമായി ആരോഗ്യത്തിൽ നിക്ഷേപിക്കാത്തതാണ് യഥാർത്ഥ പ്രശ്നം. ഇതു നമ്മുടെ ഭാവി ആരോഗ്യസ്വപ്നങ്ങളെ അസ്ഥിരപ്പെടുത്തുന്നു. ഘട്ടംഘട്ടമായി ആരോഗ്യ ബജറ്റ് വികസിപ്പിക്കാനുള്ള സമ്മർദം പൊതുജനങ്ങളിൽനിന്നുണ്ടാകുന്നതാകും മാർഗം. നമ്മുടെ മാധ്യമങ്ങൾ, ഗവേഷകർ, അക്കാദമിക് സമൂഹം എന്നിവർ ഇതേക്കുറിച്ചു ചർച്ചചെയ്യാൻ മുമ്പോട്ടു വരാത്തതും കഷ്ടമാണ്.

കേരളത്തിന്റെ രോഗാതുരതയ്ക്ക് പകർച്ചവ്യാധികൾ മാത്രമല്ല കാരണം; പകർച്ചേതര രോഗങ്ങളും ഒപ്പമുണ്ട്. അവയിൽ റോഡപകടങ്ങൾ, ജീവിതശൈലീ രോഗങ്ങൾ, മനസികപ്രശ്നങ്ങൾ, അർബുദം എന്നിവയാണ് പ്രധാനമായും പരിഗണിക്കേണ്ടത്.

അന്താരാഷ്ട്ര ഏജൻസിയായ സ്റ്റാറ്റിസ്റ്റ (Statista) പുറത്തുവിട്ട കണക്കനുസരിച്ചു 2014 മുതൽ പ്രതിവർഷം നാലായിരത്തിലധികം പേർ നമ്മുടെ റോഡുകളിൽ മരിച്ചുവീഴുന്നു. ഇതിനൊരപവാദം കോവിഡ് എപിഡെമിക് കാലത്തെ 2020, 2021 വർഷങ്ങളാണ്. ഈ വർഷങ്ങളിൽ യഥാക്രമം 2980-ഉം, 3430-ഉം പേർക്ക് നിരത്തുകളിൽ ജീവൻ നഷ്ടപ്പെട്ടു. തൊട്ടടുത്തവർഷം (2022) മരണം വീണ്ടും നാലായിരം കടന്നു. ട്രാഫിക് ആക്സിഡന്റുകളിൽ മരിക്കുന്നവരിലേറെയും ചെറുപ്പക്കാരായിരിക്കും എന്നതിനാൽ സമൂഹത്തിന് ഭാരിച്ച നഷ്ടമാണിതിലൂടെ ഉണ്ടാകുന്നത്. മരിച്ചവരുടെ ഏതാനും ഇരട്ടിപ്പേർ സ്ഥിരമായ ശാരീരികവൈകല്യത്തോടെ ജീവിക്കുന്നുണ്ടാകും. ട്രാഫിക് ആക്സിഡന്റ് മരണങ്ങൾ കേരളത്തിന്റെ വലിപ്പവും റോഡുസാന്ദ്രതയുമായി തട്ടിച്ചുനോക്കുമ്പോൾ വളരെക്കൂടുതലാണെന്ന് മനസ്സിലാകും. അപകടത്തിൽപ്പെട്ടവർക്ക് അടിയന്തര വൈദ്യസഹായം കിട്ടിയേതീരൂ. എന്നാൽ, അപകടങ്ങൾ തടയുന്നതിന്റെ മാർഗമന്വേഷിക്കുന്നതും അത്യാവശ്യമാണ്; ഇതാകട്ടെ ആരോഗ്യവകുപ്പിന്റെ പരിധിയിൽ വരുന്നുമില്ല. റോഡ്, ട്രാഫിക് എന്നിവയിൽ ഗവേഷണം നടക്കുകയും അതിൽനിന്നു ലഭിക്കുന്ന അനുഭവങ്ങൾ ഡിസൈൻ തലത്തിൽ പ്രാവർത്തികമാക്കുക, മെച്ചപ്പെട്ട റോഡ് സംസ്കാരം സ്ഥാപിക്കാനുതകുന്ന പരിഷ്കാരങ്ങൾ

**ട്രാഫിക് ആക്സിഡന്റുകളിൽ മരിക്കുന്നവരിലേറെയും ചെറുപ്പക്കാരായിരിക്കും എന്നതിനാൽ സമൂഹത്തിന് ഭാരിച്ച നഷ്ടമാണിതിലൂടെ ഉണ്ടാകുന്നത്. മരിച്ചവരുടെ ഏതാനും ഇരട്ടിപ്പേർ സ്ഥിരമായ ശാരീരികവൈകല്യത്തോടെ ജീവിക്കുന്നുണ്ടാകും. ട്രാഫിക് ആക്സിഡന്റ് മരണങ്ങൾ കേരളത്തിന്റെ വലിപ്പവും റോഡുസാന്ദ്രതയുമായി തട്ടിച്ചുനോക്കുമ്പോൾ വളരെക്കൂടുതലാണെന്ന് മനസ്സിലാകും.**



**ദീർഘകാലരോഗങ്ങൾ കേരളത്തിലെ വലിയ വിഭാഗം ജനങ്ങളെ ബാധിക്കുന്നു. രോഗങ്ങൾ ഗുരുതരമാകുകയും സങ്കീർണാവസ്ഥകളെ ക്ഷണിച്ചുവരുത്തുകയും ചെയ്യും. വേണ്ടത്ര പ്രതിരോധപ്രവർത്തനങ്ങൾ ആഴത്തിലെത്താത്തതും, കൃത്യമായ ചികിത്സ സ്വീകരിക്കാനുള്ള മടിയും, ഉയർന്ന ചികിത്സാച്ചെലവും കാരണമായി പറയാം.**

നടപ്പിലാക്കുക, വാഹനങ്ങളുടെ ഡിസൈനിൽ കാലോചിതമായ മാറ്റങ്ങളനുശാസിക്കുക എന്നിവ അത്യാവശ്യമാണ്. തുല്യപ്രാധാന്യമുള്ള വിഷയങ്ങൾ ചികിത്സാനുബന്ധമായ കാര്യങ്ങളിലുമുണ്ട്. മെച്ചപ്പെട്ട, പ്രഫഷനൽ ആംബുലൻസ് സംവിധാനം, രക്തബാങ്കുകൾ, ട്രോമാകേന്ദ്രങ്ങളിലേക്ക് ആംബുലൻസ് എത്തിക്കാനാകുക, ട്രോമാ പാരാമെഡിക് സംവിധാനം ഉറപ്പാക്കുക എന്നിവയെല്ലാം ഒപ്പം കൊണ്ടുപോകേണ്ട സേവനങ്ങളാണ്. അടുത്ത പത്തുവർഷംകൊണ്ട് നടപ്പാക്കേണ്ട പ്രധാന അജണ്ടകളിൽ ഇതും പെടുമെന്നതിൽ സംശയമില്ല. ട്രാഫിക് ആക്സിഡൻറ്റ് യുദ്ധസമാനമാണെന്നതിൽ രണ്ടഭിപ്രായമില്ല. കേരളത്തിൽ രണ്ടു വർഷത്തിൽ മരിച്ചുവീണത് ഏതാണ്ട് 9000 പേരാണ്; പൂർണതോതിൽ യുദ്ധംനടക്കുന്ന ഉക്രൈനിൽ രണ്ടു വർഷത്തിൽ മരിച്ച പട്ടാളക്കാർ 10190 മാത്രം. ഒരു മേജർ യുദ്ധത്തോടടുക്കുന്നു നമ്മുടെ റോഡുകൾ. നമ്മുടെ സാമൂഹിക രോഗഭാരം (social burden of disease) പരിഗണിച്ചാൽ അടിയന്തര ശ്രദ്ധയാകർഷിക്കുന്ന വിഷയമാണതെന്നു കരുതേണ്ടിവരും.

നമ്മുടെ പകർച്ചേതര രോഗങ്ങൾ നൽകുന്ന ആഘാതത്തെയാണ് മുരളീധരൻ, ചന്ദക് എന്നീ ഗവേഷകർ പഠിക്കാൻ ശ്രമിക്കുന്നത്. ദീർഘകാലരോഗങ്ങൾ കേരളത്തിലെ വലിയ വിഭാഗം ജനങ്ങളെ ബാധിക്കുന്നു. രോഗങ്ങൾ ഗുരുതരമാകുകയും സങ്കീർണാവസ്ഥകളെ ക്ഷണിച്ചുവരുത്തുകയും ചെയ്യും. വേണ്ടത്ര പ്രതിരോധപ്രവർത്തനങ്ങൾ ആഴത്തിലെത്താത്തതും, കൃത്യമായ ചികിത്സ സ്വീകരിക്കാനുള്ള മടിയും, ഉയർന്ന ചികിത്സാച്ചെലവും കാരണമായി പറയാം. ഒപ്പം, ഇൻഷുറൻസ് പോലുള്ള ആരോഗ്യ പരിരക്ഷ സംവിധാനങ്ങളുടെ അപ്രാപ്യതയും ചേർത്തുവായിക്കാം. ഭാവി ആസൂത്രണത്തിൽ ഉൾക്കൊള്ളേണ്ട പ്രതിപാദ്യവിഷയങ്ങൾ ലേഖകർ ഇങ്ങനെ ചുരുക്കുന്നു: വർധിക്കുന്ന രോഗാതുരതയും രോഗങ്ങളും കണ്ടെത്താനും നിയന്ത്രിക്കാനും കാലബന്ധിതവും ശാസ്ത്രീയവുമായ നയങ്ങൾ, അടിയന്തര ചികിത്സയുടെ പ്രാപ്യതയും ലഭ്യതയും, സംസ്ഥാനമെമ്പാടും തുല്യമായ ആരോഗ്യസേവന വിതരണം ഉറപ്പാക്കൽ, ഉയർന്ന ചികിത്സാച്ചെലവ് നിയന്ത്രിക്കൽ.

മറ്റൊരു കാര്യംകൂടി. വ്യാജചികിത്സകരും, നിലവിലുള്ള ചികിത്സാമാർഗങ്ങളെ അമ്പേ തള്ളിക്കളയുന്നവരും സാമൂഹിക ഇടങ്ങളിൽ വർധിച്ചുവരുന്നു. കോവിഡ്കാലംമുതൽ ഇത്തരം അബദ്ധപ്രചാരണങ്ങൾ വർധിച്ചുവരുന്നു. ഇതെല്ലാം രോഗാതുരതയുടെ രീതികളിൽ സ്വാധീനം ചെയ്യുന്നുണ്ട്. രക്താതിമർദ്ദം, ഹൃദ്രോഗം, പ്രമേഹം എന്നീ രോഗങ്ങൾ ബാധിച്ചവർ രോഗനിർണയത്തിനുശേഷം തുടർചികിത്സയിൽ അമാന്തം വരുത്തുന്നതായി പഠനങ്ങൾ കാണിക്കുന്നു. എല്ലാകാലവും ഉയർന്ന വാക്സിനേഷൻ നിരക്ക് നിലനിറുത്തിയിരുന്ന കേരളത്തിൽ ഇപ്പോളത് ഗണ്യമായി കുറഞ്ഞിരിക്കുന്നു. അന്ധവിശ്വാസങ്ങളും അതിൽ ഊന്നൽ കൊടുക്കുന്ന ചികിത്സകളും പ്രചരിപ്പിക്കുന്നവർക്കെതിരെ നിയമസംവിധാനങ്ങൾപോലും മെല്ലെപ്പോക്കുനയം എടുക്കുന്നതും കാണാം. ഒരുപക്ഷേ, കേരളത്തിന്റെ ഭാവി വെല്ലുവിളികളിൽ പ്രധാനം ഇതാണെന്നു കരുതാം.

References:


Kapferer, Stefan: The importance of investing in health; (Dec, 2015) World Economic Forum

Vaughan, P. (1985). Can ministries of health support primary health care? Some suggestions for structural reorganization and planning. Public Administration and Development.

https://dhs.kerala.gov.in/wp-content/uploads/2022/02/DATA-ON-COMMUNICABLE-DISEASE-2021.pdf

https://dhs.kerala.gov.in/wp-content/uploads/2023/07/CD-Data-2022_Signed.pdf

Samuel, Susheel - Septage : Kerala's Looming Sanitation Challenge: World Bank Blogs (2013)

Jyothi S.N., Gevargis Muramthookil Thomas, Rohith Raj R.V., Akhil Masetti, Akhil Tammana, Manaswini Motheram, Nikhil Chowdary Gutlapalli, - Assessment of water quality Index and study of the impact of pollution on the rivers of Kerala: Materials Today: Proceedings, Volume 43, Part 6, 2021, https://doi.org/10.1016/j.matpr.2020.09.084

https://www.thenewsminute.com/news/india-heading-comprehensive-healthcare-crisis-amartya-sen-84551

https://www.statista.com/statistics/1084569/india-road-accident-fatalities-kerala/

Muraleedharan, M. and Chandak, A.O. (2022), "Emerging challenges in the health systems of Kerala, India: qualitative analysis of literature reviews", Journal of Health Research, Vol. 36 No. 2, pp. 242-254. https://doi.org/10.1108/JHR-04-2020-0091

ഫോക്കസ്



സി. ആർ. നീലകണ്ഠൻ

# വേണ്ടത് സുരക്ഷിത കേരളം

പുതിയ കേരളത്തിന്റെ മുദ്രാവാക്യം കേവലം ഹരിതകേരളമല്ല, മറിച്ച് സുരക്ഷിതകേരളമാണ്. നമുക്കിനി പഴയകാലത്തെ തർക്കങ്ങൾ ഉപേക്ഷിക്കാൻ സമയമായി. പഴയ സാമ്പത്തിക-വികസന-പരിസ്ഥിതി സംവാദങ്ങളും പ്രസക്തമല്ലാതായി. നമ്മുടെ യുക്തികൾ പുതിയ യാഥാർഥ്യങ്ങൾകൊണ്ട് രൂപപ്പെടുത്താൻ സമയമായി.




കേരളം ദൈവത്തിന്റെ സ്വന്തം നാടാണ്, ലോകത്തിനാകെ മാതൃകയാകുന്ന വികസനാനുഭവം ഉള്ള പ്രദേശമാണ്, ശ്യാമസുന്ദരമാണ്, ലോകത്തെ വിനോദസഞ്ചാരലക്ഷ്യങ്ങളിൽ പ്രധാനപ്പെട്ട ഒന്നാണ്, ആയുർവേദത്തിന്റെ തലസ്ഥാനമാണ്. അങ്ങനെ നീണ്ടുപോകുന്നതാണ് നമ്മുടെ സ്വയം വിശേഷണങ്ങൾ. പക്ഷേ, ഇന്നത്തെ കേരളത്തിന്റെ അവസ്ഥ ഇത്രമാത്രം അഭിമാനാർഹമാണോ? പ്രത്യേകിച്ചും പിന്നിട്ട ഒരു പതിറ്റാണ്ട് നമ്മുടെ ജീവിതങ്ങളെ ഏതു രീതിയിലെല്ലാം മാറ്റിയിരിക്കുന്നു എന്ന് ഒരു ആത്മപരിശോധനയെങ്കിലും നടത്താൻ തയാറാണോ?

പല പഠനങ്ങൾ സർക്കാരിന്റെ ഭാഗത്തുനിന്നും പല സന്നദ്ധ ഗവേഷണസ്ഥാപനങ്ങളുടെ ഭാഗത്തുനിന്നും ഉയർന്നുവന്നു. അതിൽ ഏറ്റവും പ്രധാനപ്പെട്ടത് കേരള സർക്കാരിന്റെ മുൻകൈയിൽ ഏഷ്യൻ വികസനബാങ്കും ലോകബാങ്കും ഐക്യരാഷ്ട്രസഭയും ചേർന്നു തയാറാക്കിയ ഒരു റിപ്പോർട്ടാണ് – പി.ഡി.എൻ.എ, പോസ്റ്റ് ഡിസാസ്റ്റർ നീഡ്സ് അനാലിസിസ് – ദുരന്തനാന്തര ആവശ്യങ്ങൾ സംബന്ധിച്ച

വിശകലനം എന്നർഥം. ലോകത്തിന്റെ വിവിധ പ്രദേശങ്ങളിൽ ദുരന്തങ്ങളുണ്ടാകുമ്പോൾ ഐക്യരാഷ്ട്രസഭയും ലോകബാങ്കുമെല്ലാം ചേർന്ന് ഇത്തരം അന്വേഷണങ്ങൾ നടത്തുകയും ദുരന്തത്തിനു മുമ്പുള്ള ജീവിതാവസ്ഥയിലേക്കു ദുരന്തബാധിതരെ തിരിച്ചുകൊണ്ടുപോകാൻ വേണ്ടി പ്രയോജനപ്പെടുത്തുകയുമാണ് ലക്ഷ്യം. അത്തരം റിപ്പോർട്ടുകളെ പറയുന്ന പേരാണ് പി.ഡി.എൻ.എ (P.D.N.A). കേരളത്തിലെ 2018-ലെ മഹാപ്രളയത്തിനുശേഷം തയാറാക്കിയ ഈ റിപ്പോർട്ടിലെ ഏതെല്ലാം കാര്യങ്ങളിൽ നമുക്കു മുന്നേറാൻ കഴിഞ്ഞിട്ടുണ്ട് എന്ന ചോദ്യം പ്രസക്തമാണല്ലോ. ആ റിപ്പോർട്ടിൽ പറയുന്ന ചില പ്രധാന നിരീക്ഷണങ്ങൾ ശ്രദ്ധേയമാണ്.

## പി.ഡി.എൻ.എ റിപ്പോർട്ട്

കേരളത്തിന്റെ കിഴക്കൻ ഭാഗത്തെ ഉയർന്ന പശ്ചിമഘട്ടവും അതിന്റെ കനത്ത ചരിവുകളും, ഇടനാടും നീണ്ട തീരവും, പ്രകൃതി ദുരന്തങ്ങളും കാലാവസ്ഥയിലെ അനിശ്ചിതത്വങ്ങളും കാരണം ഈ പ്രദേശം അങ്ങേയറ്റം അപകടസാധ്യതയുള്ളതായി പരിഗണിക്കപ്പെടുന്നു. കേരളത്തിന്റെ ദുരന്തസാധ്യതാ പ്ലാനിൽ 39 തരത്തിലുള്ള പ്രകൃതി ദുരന്തങ്ങൾക്ക് സാധ്യതയുണ്ട്. ഇതിൽ മനുഷ്യന്റെ ഇടപെടലുകൾ മൂലമുള്ള ദുരന്തങ്ങളും പെടുന്നു. ഇന്ത്യയിലെ ജനസാന്ദ്രത കൂടിയ പ്രദേശങ്ങളിലൊന്നാണ് കേരളം. (ച.കി.മീയിൽ 860 പേർ) എന്നതുതന്നെ മനുഷ്യജീവന് ഒരു ദുരന്തം എത്രമാത്രം ബാധകമാണെന്നു കാണാം. ഏതാണ്ട് 14.5 ശതമാനം ഭൂമിയും പ്രളയസാധ്യതയുള്ളതാണ്,ചില ജില്ലകളിൽ ഇത് 50 ശതമാനം വരെയാണ്. കോഴിക്കോട്, വയനാട്, ഇടുക്കി, കോട്ടയം തുടങ്ങിയ ജില്ലകൾ ഉരുൾപൊട്ടലിനും മണ്ണിടിച്ചിലിനും ഏറെ സാധ്യതയുള്ള ജില്ലകളാണ്.



വേനൽമാസങ്ങളിൽ കടുത്ത വരൾച്ച ബാധിക്കുന്ന പ്രദേശങ്ങളും ധാരാളമായുണ്ട്. കഴിഞ്ഞ 120 വർഷങ്ങളിൽ 75-ലധികം വർഷങ്ങൾ വരൾച്ചാവർഷങ്ങളായിരുന്നു. വരണ്ടപുഴകൾ പല ജില്ലകളിലെയും ഭൂമിക്കടിയിലെ ജലനിരപ്പ് നഗര-ഗ്രാമ മേഖലകളെ ബാധിക്കുന്നവിധത്തിൽ കുറയ്ക്കുന്നുണ്ട്. സോയിൽപൈപ്പിങ്, തീരശോഷണം, വേഗതകൂടിയ ചുഴലിക്കാറ്റുകൾ, എന്നിവയ്ക്ക് പുറമെ നമ്മൾ ജീവിക്കുന്നത് ഭൂകമ്പസാധ്യതയിൽ സോൺ 3-ൽ ആണ്. 2018 ജൂൺ ഒന്നിനും ആഗസ്റ്റ് 18-നും ഇടയിൽ ഉണ്ടായ അതിവർഷങ്ങളുടെ ഫലമായി 37 അണക്കെട്ടുകളിൽനിന്നു വെള്ളം തുറന്നുവിടേണ്ടിവരികയും 341 ഉരുൾപൊട്ടലുകൾ ഉണ്ടാകുകയും ചെയ്തു എന്നും ഇതിൽ പറയുന്നു. അതിൽ 143-ഉം ഇടുക്കി ജില്ലയിൽ ആയിരുന്നു. ആ മഴക്കാലത്തു മാത്രം നമുക്ക് നഷ്ടമായത് 433 ജീവനുകളായിരുന്നു. കേരളത്തിലെ 1664 വില്ലേജുകളിൽ 1259-നെയും ഈ ദുരന്തം ബാധിച്ചു. പ്രളയവും ഉരുൾപൊട്ടലും 54 ലക്ഷത്തിലധികം പേരെ ബാധിച്ചു. 14 ലക്ഷം പേർക്ക് വീട് വിട്ടു പോകേണ്ടിവന്നു. വിവിധരീതികളിലുണ്ടായ മൊത്തം നഷ്ടം 31000 കോടിയിലധികമാകുമെന്നാണ് ഈ റിപ്പോർട്ട് കണക്കാക്കിയത്.

കേരളത്തെ തിരിച്ചുപിടിക്കാനുള്ള പദ്ധതിയുടെ ഭാഗമായി 'നവകേരളം കർമപദ്ധതി' മുഖ്യമന്ത്രി പ്രഖ്യാപിച്ചു. അതിന്റെ അടിസ്ഥാനതൂണുകളായി നാല് സമീപനങ്ങളാണ് മുന്നോട്ടുവച്ചത്.

1. സമഗ്ര ജലവിഭവ മാനേജ്മെന്റ്
2. ഭൂവിനിയോഗത്തിലും മനുഷ്യവാസ പ്രദേശങ്ങൾ നിശ്ചയിക്കുന്നതിലും പാരിസ്ഥിതികവബോധവും അപകടസാധ്യത മുൻകൂട്ടി അറിയലും
3. എല്ലാവരെയും ഉൾക്കൊള്ളുന്ന ജനകേന്ദ്രിത സമീപനം.
4. അറിവ്, അന്വേഷണം, സാങ്കേതിക വിദ്യ ഇവയോരോന്നും വിശദമാക്കുന്നുമുണ്ട്.

ഈ റിപ്പോർട്ട് സർക്കാരിന്റെ ഔദ്യോഗികരേഖയാണ്. അവരുടെ പ്രഖ്യാപിതനയമാണ്. 2018 ഒക്ടോബറിൽ ഇതു വന്നതിനുശേഷം കേരളത്തിൽ സംഭവിച്ചതെന്തെല്ലാമാണ് എന്ന് നമുക്കറിയാം. നൂറ്റാണ്ടിലെ പ്രളയം എന്ന് ആശ്വസിച്ചിരുന്ന നമ്മുടെ (ഇനി ഒരു നൂറ്റാണ്ട് കഴിഞ്ഞല്ലേ ഉണ്ടാകൂ എന്ന ആശ്വാസം) ധാരണകളെ തകർത്തുകൊണ്ട് അടുത്ത വർഷങ്ങളിലെല്ലാം പ്രളയവും ഒപ്പം ഭീതിദമായ ഉരുൾപൊ

**ലോകത്തിന്റെ വിവിധ പ്രദേശങ്ങളിൽ ദുരന്തങ്ങളുണ്ടാകുമ്പോൾ ഐക്യരാഷ്ട്രസഭയും ലോകബാങ്കുമെല്ലാം ചേർന്ന് ഇത്തരം അന്വേഷണങ്ങൾ നടത്തുകയും ദുരന്തത്തിനു മുമ്പുള്ള ജീവിതാവസ്ഥയിലേക്കു ദുരന്തബാധിതരെ തിരിച്ചുകൊണ്ടുപോകാൻ വേണ്ടി പ്രയോജനപ്പെടുത്തുകയുമാണ് ലക്ഷ്യം.**

ട്ടലുകളും മറ്റു നാശനഷ്ടങ്ങളും ഉണ്ടായി. പുത്തുമലയിലും കവളപ്പാറയിലും പെട്ടിമുട്ടിയിലും കുറാഞ്ചേരിയിലും കൂട്ടിക്കലിലും കൊക്കയാറിലും ഏറ്റവുമൊടുവിൽ മുണ്ടക്കൈയിലും ചൂരൽമലയിലുമെല്ലാമായി നൂറുകണക്കിന് ജീവനുകൾ നഷ്ടമായി. അനേകായിരം കുടുംബങ്ങൾ അനാഥമായി. 2022-ൽ ലോക് സഭയിൽ നല്കിയ ഒരു മറുപടി അനുസരിച്ച് ഇന്ത്യയിൽ കഴിഞ്ഞ പത്തു വർഷങ്ങൾക്കിടയിലുണ്ടായ ഉരുൾപൊട്ടൽ മരണങ്ങളിൽ 59 ശതമാനവും ഉണ്ടായത് ഈ കൊച്ചു കേരളത്തിലാണ്. വയനാട് ദുരന്തത്തിനു മുമ്പാണിത്.

ഇത് പശ്ചിമഘട്ടത്തിലെ മാത്രം പ്രശ്നമല്ല. ഇടനാടും തീരങ്ങളും വലിയതോതിൽ ഭീഷണികൾ നേരിട്ടുകൊണ്ടിരിക്കുന്നു. കഴിഞ്ഞ ഒന്നു,രണ്ടു പതിറ്റാണ്ടുകളായി (സുനാമിക്കുശേഷം) അറബിക്കടലിലുണ്ടായ മാറ്റങ്ങൾ നമ്മുടെ ശ്രദ്ധയിൽ ഇതുവരെ വേണ്ടരീതിയിൽ വന്നിട്ടില്ല. കടലിനെ ആശ്രയിച്ചു ജീവിക്കുന്ന മനുഷ്യരുടെ ജീവിതങ്ങൾ പലതരത്തിൽ തകർന്നുകൊണ്ടിരിക്കുന്നു. കാലാവസ്ഥാമാറ്റങ്ങൾമൂലം ഒട്ടനവധി ദിവസങ്ങളിൽ മത്സ്യബന്ധനത്തിനു വിലക്കുണ്ടാകുന്നു. കടലിലെ താപനിലയിലെ മാറ്റങ്ങളും മറ്റുംമൂലം അവർക്കു ലഭിക്കുന്ന മത്സ്യത്തിന്റെ അളവിൽ കാര്യമായ കുറവുണ്ടാകുന്നു. എല്ലാവിധത്തിലും അവരുടെ വരുമാനം കുറയുന്നു.





ഒപ്പം കടലാക്രമണവും കള്ളക്കടലുംമൂലം അവരുടെ മണ്ണും വീടും ചിലപ്പോൾ ജീവൻതന്നെയും നഷ്ടമാകുന്നു. ഇതൊന്നും നമ്മുടെ വികസന ആസൂത്രണത്തിന്റെ വിഭവങ്ങൾ പങ്കുവയ്ക്കുന്നതിലോ പ്രതിഫലിക്കപ്പെടുന്നില്ല.

ഇടനാട്ടിലെ ജീവിതങ്ങളും സുരക്ഷിതമല്ല. അതിവർഷവും കടുത്ത വേനലും അവരെ പലപ്പോഴും ദുരിതത്തിലാഴ്ത്തുന്നു. പ്രളയം കഴിഞ്ഞു മാസങ്ങൾ കഴിയുമ്പോഴാണ് വരൾച്ച വരുന്നത്. കാർഷികമേഖലയുടെ തകർച്ചയ്ക്കും കടുത്ത കുടിവെള്ള ക്ഷാമത്തിനും ഇതു കാരണമാകുന്നു. കാർഷികമേഖല ഇനി രക്ഷപ്പെടാനുള്ള സാധ്യത വിരളമാണ്. മലയോരത്തുണ്ടാകുന്ന വന്യമൃഗങ്ങളും മനുഷ്യരും തമ്മിലുള്ള സംഘർഷങ്ങളും കാലാവസ്ഥാമാറ്റത്തിന്റെ ഫലം കൂടിയാണ്. ഒപ്പം വിളകൾക്ക് വില കിട്ടാത്തതും നെല്ലും തേങ്ങയും പോലുള്ള വിളകൾക്ക് സമയത്തിന് വില നല്കാൻ സർക്കാരുകൾക്ക് കഴിയാത്തതുമെല്ലാം പ്രശ്നങ്ങളാണ്.

ഒരൊറ്റ ചോദ്യം മാത്രം. മേല്പറഞ്ഞ റിപ്പോർട്ടിലെ ഏതെല്ലാം കാര്യങ്ങളിൽ നമുക്കു മുന്നോട്ടുപോകാനായി? നമ്മൾ ഇപ്പോഴും ഗാഡ്ഗിൽ റിപ്പോർട്ടിനെപ്പറ്റി തർക്കിച്ചുകൊണ്ടിരിക്കുന്നു. എന്നെ സംബന്ധിച്ചിടത്തോളം ഇനി അതൊന്നും പ്രസക്തമല്ല. കാരണം, ഗാഡ്ഗിൽ പരിസ്ഥിതി സംരക്ഷണത്തെകുറിച്ചാണ് പറഞ്ഞതെങ്കിൽ, ഇപ്പോൾ ആ അവസ്ഥ പിന്നിട്ടു ദുരന്തങ്ങളും അവയിൽനിന്നുള്ള അതിജീവനവും പ്രധാനമായി വരുന്നു. നിലനില്പാണ് ഇനി പ്രശ്നം. പുതിയ കേരളത്തിന്റെ മുദ്രാവാക്യം കേവലം ഹരിതകേരളമല്ല, മറിച്ച് സുരക്ഷിതകേരളമാണ്. നമുക്കിനി പഴയകാലത്തെ തർക്കങ്ങൾ ഉപേക്ഷിക്കാൻ സമയമായി. പഴയ സാമ്പത്തിക-വികസന-പരിസ്ഥിതി സംവാദങ്ങളും പ്രസക്തമല്ലാതായി. നമ്മുടെ യുക്തികൾ പുതിയ യാഥാർഥ്യങ്ങൾകൊണ്ട് രൂപപ്പെടുത്താൻ സമയമായി. ഇന്ന് പാരിസ്ഥിതിക സുരക്ഷ എന്നത് പ്രകൃതിയുമായി മാത്രം ബന്ധപ്പെട്ട ഒന്നല്ലാതായിരിക്കുന്നു. മറിച്ച്, ഒരു സമൂഹത്തിന്റെ ജീവനും ജീവനോപാധികളും ഒരു പരിധിവരെ കേരളംതന്നെയും സംരക്ഷിക്കാനുള്ള മാർഗമായിരിക്കുന്നു. അതിനു നാം എന്തുചെയ്യണം?

## കാലാവസ്ഥാമാറ്റം സത്യമാണ്

ഇവിടെയാണ് ഒന്നാമതായി കാലാവസ്ഥാമാറ്റം എന്ന യാഥാർഥ്യം അംഗീകരിക്കണം. വരുംകാലത്ത് കാലാവസ്ഥാമാറ്റം എന്ന യാഥാർഥ്യത്തെ അംഗീകരിച്ചുകൊണ്ടല്ലാതെ ഒരു നാടിനും ആസൂത്രണം നടത്താൻ കഴിയില്ല. പക്ഷേ, പ്രളയത്തിനുശേഷവും ഈ സർക്കാർ മുന്നോട്ടുപോയത് തെറ്റായ വഴിയിലൂടെയാണ്. പാറമടകൾക്കുള്ള ഇളവ് കൂട്ടുന്നതും നെൽവയൽ സംരക്ഷണനിയമം തന്നെ നിഷ്ഫലമാക്കുന്നതും മൂന്നാറിലും മറ്റും നടത്തുന്ന കൈയേറ്റങ്ങൾക്ക് പിന്തുണ നല്കുന്നതും കണ്ടു. നമ്മുടെ നദികളെ വിവിധരീ


**ഇവിടെയാണ് ഒന്നാമതായി കാലാവസ്ഥാമാറ്റം എന്ന യാഥാർഥ്യം അംഗീകരിക്കണം. വരുംകാലത്ത് കാലാവസ്ഥാമാറ്റം എന്ന യാഥാർഥ്യത്തെ അംഗീകരിച്ചുകൊണ്ടല്ലാതെ ഒരു നാടിനും ആസൂത്രണം നടത്താൻ കഴിയില്ല. പക്ഷേ, പ്രളയത്തിനുശേഷവും ഈ സർക്കാർ മുന്നോട്ടുപോയത് തെറ്റായ വഴിയിലൂടെയാണ്.**

**അടിയന്തരമായി നമുക്കു വേണ്ടത് ഒരു ദുരന്തസാധ്യതാഭൂപടമാണ്. ഇപ്പോഴുള്ളത് 2016-ൽ നിർമിച്ചതാണ്. അന്ന് ചിന്തിക്കാൻ പോലും കഴിയാത്ത മാറ്റങ്ങളാണ് ഇപ്പോഴുള്ളത്. ഇതിനോടൊപ്പം ഒരു പ്രളയഭൂപടവും തയാറാക്കപ്പെടണം. ഭാവിയിൽ ഭൂമിയിലെ എല്ലാ ഇടപെടലുകൾക്കും ഈ ഭൂപടങ്ങൾ അടിസ്ഥാന രേഖയാകണം.**

തികളിൽ നശിപ്പിക്കുന്ന വനനശീകരണം, കൈയേറ്റങ്ങൾ, മലിനീകരണം തുടങ്ങിയവയിൽ ഒരു കുറവും ഉണ്ടായില്ല.

## എന്തു ചെയ്യണം?

അടിയന്തരമായി നമുക്കു വേണ്ടത് ഒരു ദുരന്തസാധ്യതാഭൂപടമാണ്. ഇപ്പോഴുള്ളത് 2016-ൽ നിർമിച്ചതാണ്. അന്ന് ചിന്തിക്കാൻപോലും കഴിയാത്ത മാറ്റങ്ങളാണ് ഇപ്പോഴുള്ളത്. ഇതിനോടൊപ്പം ഒരു പ്രളയഭൂപടവും തയാറാക്കപ്പെടണം. ഭാവിയിൽ ഭൂമിയിലെ എല്ലാ ഇടപെടലുകൾക്കും ഈ ഭൂപടങ്ങൾ അടിസ്ഥാന രേഖയാകണം. ഇതും പി.ഡി.എൻ.എ. റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ളതാണ്. ഭാവി വികസന പദ്ധതികളായി ഉയർത്തിക്കാട്ടുന്ന സിൽവർലൈനും തീരദേശഹൈവേയും വയനാട്ടിലെ നിർദിഷ്ട തുരങ്കപ്പാതയുമെല്ലാം പുനഃപരിശോധിക്കപ്പെടണം. കേരളത്തിനു കുറുകെ 300 കി.മീ അണക്കെട്ടു പോലെ എംബാങ്ക്മെന്റ് തീർത്താൽ നീരൊഴുക്കിനെന്തു സംഭവിക്കും? ഇപ്പോൾ നിർമാണം നടക്കുന്ന ദേശീയപാതയുടെ പല ഭാഗങ്ങളിലും കടുത്ത വെള്ളക്കെട്ടും വരൾച്ചയും മണ്ണിടിച്ചിലും കാണുന്നു. തീരദേശം ഇല്ലാതാക്കുന്ന രീതിയിലാണ് തീരദേശഹൈവേ വരുന്നത്. ഇന്നത്തെരീതിയിൽ കടൽനിരപ്പുയർന്നാൽ പലയിടത്തും പാത കടലിനടിയിലാകും.



പി.ഡി.എൻ.എ റിപ്പോർട്ടിന്റെ തുടർച്ചയായി വന്ന റിബിൽഡ് കേരളം വികസന പദ്ധതി (ആർ.കെ.ഡി.പി) ആക്കി മാറ്റിയതോടെ അതിന്റെ എല്ലാ സത്തകളും നഷ്ടപ്പെട്ടു കേവലമൊരു നിർമാണ പദ്ധതി മാത്രമായി.

ഉരുൾപൊട്ടലുകളുടെ എണ്ണം,ശക്തി,ആഘാതങ്ങൾ എന്നിവയിൽ എങ്ങനെ കുറവ് വരുത്താം എന്നാലോചിക്കേണ്ടതുണ്ട്. ഉരുൾപൊട്ടലുകൾ ഒഴിവാക്കാൻ സാധ്യമല്ല. അതുകൊണ്ടുതന്നെ എണ്ണം കുറയ്ക്കലും. ഓരോ ഉരുൾപൊട്ടലിനും അതിന്റേതായ കാരണങ്ങളുണ്ട്. അതിൽ കാലാവസ്ഥാമാറ്റം, അതിവർഷം, ഭൂമിയുടെ സ്വഭാവം തുടങ്ങിയ പല കാരണങ്ങളും നമ്മുടെ നിയന്ത്രണത്തിലല്ല. എന്നാൽ, എല്ലാ ഉരുൾപൊട്ടലുകളും പ്രകൃതിയുടെ മാത്രം പ്രശ്നമാണെന്ന് പറയാനും കഴിയില്ല. അതിൽ ചില ഇടങ്ങളിലെല്ലാം ഖനനമോ നിർമാണങ്ങളോ അതിന് ആക്കം കൂട്ടുന്നതിനു സഹായകമായിട്ടുണ്ടാകാം. കേരളത്തിലെ 10 ജില്ലകളിൽ ഉരുൾപൊട്ടൽ സാധ്യതകളുണ്ടെന്നു ഐ.എസ്.ആർ.ഒ, സെസ്സ് തുടങ്ങിയ സ്ഥാപനങ്ങൾ നടത്തിയ പഠനങ്ങൾ കാണിക്കുന്നു. ദുരന്തസാധ്യതാപ്രദേശങ്ങളിലെ റോഡ്, കെട്ടിടങ്ങൾ മുതലായവയുടെ നിർമാണം ചരിഞ്ഞ മേഖലകളിൽ, വമ്പൻ റിസോർട്ടുകൾ, അനുബന്ധ സൗകര്യങ്ങൾ, ടൂറിസ്റ്റുകളുടെ എണ്ണം താങ്ങൽ ശേഷി, മുതലായവ പഠിക്കണം. തെറ്റായ പദ്ധതികൾക്ക് സർക്കാർ പ്രോത്സാഹനം നല്കരുത്. ഉദാഹരണം: ഓഫ് റോഡ് യാത്രകൾ. കിഴക്കു-പടിഞ്ഞാറു ജലപ്രവാഹങ്ങളെ തടയുന്നവിധത്തിലുള്ള റോഡ്, റെയിൽ നിർമാണങ്ങളും പാടില്ലെന്നു വാദിച്ച മുഖ്യമന്ത്രിതന്നെ കെ-റയലിനു വേണ്ടി വാദിക്കുന്നു. തെറ്റായ വികസനങ്ങളെ എതിർക്കുക തന്നെ വേണം.

കേരളം നേരിടുന്ന മറ്റൊരു മഹാദുരന്തമാണ് ഖരമാലിന്യങ്ങൾ. ഇതു സംബന്ധിച്ച് നിരവധി പ്രാവശ്യം പലരും പറയുകയും എഴുതുകയും ചെയ്തിട്ടുണ്ട്. ഇപ്പോഴും സുസ്ഥിരവും ശാശ്വതവുമായ ഒരു പരിഹാരമുണ്ടാക്കാൻ നമുക്ക് കഴിഞ്ഞിട്ടില്ല. ജനകീയാസൂത്രണത്തിന്റെ കാൽ നൂറ്റാണ്ട് പിന്നിടുമ്പോഴും ജൈവമാലിന്യങ്ങൾ ഉത്ഭവസ്ഥാനത്തു സംസ്കരിക്കൽ എന്നത് കാര്യമായി മുന്നേറിയിട്ടില്ല. കേന്ദ്രീകൃത മാലിന്യ സംവിധാനങ്ങളിൽ ബ്രഹ്മപുരം ഒഴിച്ചെല്ലാം പൂട്ടിക്കഴിഞ്ഞു. നിയമങ്ങളും സംവിധാനങ്ങളും ഉണ്ടെങ്കിലും അവ പ്രയോഗിക്കാൻശേഷിയുള്ള ഭരണകൂടങ്ങളാണ് ഇല്ലാത്തത്. ആമയിഴഞ്ചാൻ തോട്ടിൽ ഇപ്പോഴും മാലിന്യം നിറഞ്ഞുകിടക്കുന്നുവെങ്കിൽ കുറേദിവസം നമ്മൾ കേട്ട, കണ്ട കാര്യങ്ങൾക്കൊന്നും ഒരു വിലയുമില്ലെന്നല്ലേ? സാക്ഷരകേരളം സുരക്ഷിത കേരളമാകണമെങ്കിൽ ഈ പ്രശ്നവും പരിഹരിച്ചേ പറ്റൂ. ❍





ഡോ.അഭിലാഷ് എസ്., ഡോ. ബൈജു കെ.കെ

# കാലാവസ്ഥാവ്യതിയാനത്തിന്റെ വെല്ലുവിളികളും
## പ്രാദേശികമായ അനുരൂപീകരണവും

കാലാവസ്ഥാവ്യതിയാനം കേരളത്തിന്റെ (പ്രത്യേകിച്ചും പശ്ചിമഘട്ടത്തിലെ) ഭൂസ്ഥിതിയെയും, മനുഷ്യനും ഇതര ജീവജാലങ്ങളും അടങ്ങിയ ആവാസവ്യവസ്ഥയെയും ആശങ്കാജനകമായ അസ്ഥിരതയിലേക്ക് എത്തിച്ചിരിക്കുന്നു. ആഗോളതലത്തിൽത്തന്നെ കാലാവസ്ഥാവ്യതിയാനം ഒരു പ്രതിസന്ധിയാവുകയാണ്. നമ്മൾ ഒരു കാലാവസ്ഥാ അടിയന്തരാവസ്ഥയിലേക്കു നീങ്ങുകയാണെന്നു ഭരണകൂടങ്ങൾ ഇനിയും തിരിച്ചറിയാൻ വൈകിക്കൂടാ.

സമീപദശകങ്ങളിലെ വർധിതമായ ആഗോളതാപനത്തിന്റെ പരിണതിയായി കേരളത്തിലെ കാലാവസ്ഥയിലും അന്തരീക്ഷസ്ഥിതിയിലും അതിതീവ്രമായ മാറ്റങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുകയാണ്. ഈ പശ്ചാത്തലത്തിൽ കേരളത്തിലെ കാലാവസ്ഥാവ്യതിയാനങ്ങൾ കേരളത്തെ ഭൗതികമായും അഭൗതികമായും, മനുഷ്യനും മനുഷ്യേതര ജീവികളും പരിസ്ഥിതിയും സാമൂഹികമായും തികഞ്ഞ അനിശ്ചിതത്വങ്ങളെ (uncertainties) നേരിട്ടുകൊണ്ടിരിക്കുകയാണ്. ഉഷ്ണതരംഗങ്ങൾ, ഇടിമിന്നൽ അപകടങ്ങൾ, തുടർച്ചയായുണ്ടാകുന്ന ലഘുമേഘവിസ്ഫോടനങ്ങളുടെ വിഭാഗത്തിൽപ്പെടുന്ന അതിതീവ്രമഴയും അതിനെത്തുടർന്നുള്ള വെള്ളപ്പൊക്കങ്ങൾ, ഉരുൾപൊട്ടലുകൾ എന്നിവയും പതിവായി മാറിയതു മലയോരമേഖലയിൽ ഭീഷണിയായി നിലനിൽക്കുന്നു.

കാലാവസ്ഥാവ്യതിയാനത്തിന്റെ ഭാഗമായി മിതമായ മഴദിനങ്ങൾ കുറയുകയും അതിതീവ്രമഴദിനങ്ങൾ കൂടുകയും ചെയ്യുന്നു. മലനാടും ഇടനാടും തീരപ്രദേശവും ഉൾപ്പെടുന്ന സവിശേഷമായ ഭൂപ്രകൃതിയുള്ള കേരളത്തെപ്പോലെയുള്ള സ്ഥലങ്ങളിൽ ഇത്തരം മാറ്റങ്ങൾ പ്രളയത്തിനും വരൾച്ചയ്ക്കും ഒരുപോലെ ആക്കംകൂട്ടാറുണ്ട്. കഴിഞ്ഞദശ



കത്തിൽ കേരളത്തിൽ ലഭിച്ച മൺസൂൺമഴയുടെ തീവ്രത പരിശോധിച്ചാൽ ഇതു വ്യക്തമാകും. മൺസൂൺ മഴയുടെ വിതരണത്തിലും തീവ്രതയിലും കാണുവാൻ സാധിക്കുന്ന മാറ്റങ്ങൾക്കൊപ്പം മഴമേഘങ്ങളുടെ ഘടനയിൽ സംഭവിച്ച മാറ്റങ്ങൾ എടുത്തുപറയേണ്ടതാണ്. അടുത്തകാലത്തായി മൺസൂൺ സമയത്തും അന്തരീക്ഷത്തിൽ 12-15 km വരെ ഉയരത്തിൽ എത്തുന്ന ഹിമകണങ്ങളുടെ സാന്നിധ്യമുള്ള ഇടി-മിന്നൽ മേഘങ്ങളായ കൂമ്പാര (ക്യൂമുലോനിംബസ്) മേഘങ്ങൾ പതിവാകുന്നത് ആഗോളതാപനത്തിന്റെ ഫലമായിട്ടാണെന്നാണ് പൊതുവേ വിലയിരുത്തുന്നത്. ഇത്തരം മേഘങ്ങളുടെ മറ്റൊരു സവിശേഷത എന്നു പറയുന്നത്, ചുരുങ്ങിയ കാലയളവിൽ അതിതീവ്രമഴ പെയ്യിക്കാൻ സാധിക്കും എന്നുള്ളതാണ്. കേരളത്തിൽ അതിതീവ്രമായി മഴ ലഭിച്ച 2019, 2020, 2021, 2022, 2023-ലും 2024 മെയ് മാസത്തിലും ജൂലൈ മാസത്തിലും ഇത്തരം കൂമ്പാരമേഘങ്ങളുടെ സാന്നിധ്യം ദൃശ്യമായിരുന്നു

കാലാവസ്ഥാവ്യതിയാനം കേരളത്തിന്റെ (പ്രത്യേകിച്ചും പശ്ചിമഘട്ടത്തിലെ) ഭൂസ്ഥിതിയെയും, മനുഷ്യനും ഇതര ജീവജാലങ്ങളും അടങ്ങിയ ആവാസവ്യവസ്ഥയെയും ആശങ്കാജനകമായ അസ്ഥിരതയിലേക്ക് എത്തിച്ചിരിക്കുന്നു.



ഉഷ്ണതരംഗങ്ങൾ, ഇടിമിന്നൽ അപകടങ്ങൾ, തുടർച്ചയായുണ്ടാകുന്ന ന്യൂനമർദ-ചക്രവാത ചുഴികൾ, ലഘു മേഘവിസ്ഫോടനങ്ങളുടെ വിഭാഗത്തിൽപ്പെടുന്ന അതിതീവ്രമഴയും അതിനെത്തുടർന്നുള്ള വെള്ളപ്പൊക്കങ്ങൾ, ഉരുൾപൊട്ടലുകൾ എന്നിവയും പതിവായി മാറിയതിനു പുറമേ, തീരത്തോടടുക്കുന്ന ചുഴലിക്കാറ്റുകളും വലിയ ഭീഷണിയായി നിലനിൽക്കുന്നു. ഓഖിക്കുശേഷം തുടരെത്തുടരെ കേരളതീരത്തേക്ക് ന്യൂനമർദങ്ങൾ എത്തുന്നത് നമ്മുടെ തീരവും പഴയതുപോലെ സുരക്ഷിതമല്ല എന്ന യാഥാർഥ്യത്തിലേക്കാണ് വിരൽചൂണ്ടുന്നത്. ഉയർന്നതോതിലുള്ള ഹരിതഗൃഹവാതകങ്ങളുടെ ബഹിർഗമനം ഇത്തരം അതി തീവ്ര ചുഴലിക്കാറ്റുകളുടെ എണ്ണം വർധിപ്പിക്കും. അതു നമ്മുടെ പടിഞ്ഞാറൻ തീരപ്രദേശങ്ങളിൽ കൂടുതൽ അപകടകരമായ സാമൂഹിക-സാമ്പത്തിക പ്രത്യാഘാതങ്ങൾക്കു വഴിവയ്ക്കും. ചുഴലിക്കാറ്റിന്റെ ഭാഗമായി മൂന്നുമുതൽ അഞ്ച് മീറ്റർവരെ ഉയരത്തിലുള്ള തിരമാലകളുണ്ടാകുന്നതിനോടൊപ്പം ആഗോള താപനത്തിന്റെ ഫലമായി സമുദ്രനിരപ്പ് ഉയരുന്നതു താഴ്ന്ന തീരദേശമേഖലകളിൽ ചുഴലിക്കാറ്റുമൂലമുണ്ടാകുന്ന ആഘാതം ഭാവിയിൽ വർധിപ്പിക്കും. ഇതിനോടൊപ്പം വലിയ വേലിയേറ്റവും മൺസൂൺ കാറ്റും കൂടിവന്നാൽ തീരദേശത്തിന്റെ അവസ്ഥ ഭാവിയിൽ കൂടുതൽ വഷളാകും. ഇതിന്റെ ഭാഗമായി മൺസൂൺ സമയത്തെ മത്സ്യബന്ധന വിലക്കിനോടൊപ്പം മത്സ്യത്തൊഴിലാളികൾക്കു കൂടുതൽ തൊഴിൽദിനങ്ങൾ നഷ്ടമാകുവാനും കാരണമായേക്കാം. അറബിക്കടൽ ദ്രുതഗതിയിൽ ചൂടാകുന്നത് തീരദേശജനതയുടെ ജീവനോപാധിയെയും പ്രത്യക്ഷത്തിൽ ബാധിക്കുന്നതായി നമുക്കു മനസ്സിലാക്കുവാൻ സാധിക്കും. നമ്മുടെ വൻനഗരങ്ങൾ തീരദേശത്തോടടുത്ത് കിടക്കുന്നതിലാലും, പ്രത്യേകിച്ച് സമുദ്രനിരപ്പിനോടടുത്തു കിടക്കുന്ന താഴ്ന്നപ്രദേശങ്ങളിൽ ജീവിക്കുന്ന ഇന്ത്യയിലെ ജനസംഖ്യ വരും ദശകങ്ങളിൽ മൂന്നിരട്ടിയായി ഉയരുമെന്നു കണക്കാക്കപ്പെടുമ്പോൾ, ചുഴലിക്കാറ്റുകളുടെ എണ്ണത്തിലും തീവ്രതയിലും ഉണ്ടായേക്കാവുന്ന മാറ്റം തീരദേശത്തിന്റെ സുസ്ഥിരതയ്ക്കുതന്നെ ഭീഷണിയാണെന്ന് കാണുവാൻ സാധിക്കും.

മനുഷ്യന്റെ ജീവനും സ്വത്തിനും അപകടമുണ്ടാക്കുന്ന വിനാശകരമായ പ്രകൃതിദുരന്തങ്ങളിൽ ഏറ്റവും ക്രൂരനായ

**നീർച്ചാലുകളുടെ സാന്നിധ്യവും ഉരുൾപൊട്ടലിനെ സ്വാധീനിക്കുന്ന ഘടകമാണ്. പ്രാഥമികവും ദ്വിതീയവുമായ നീർച്ചാലുകൾക്ക് തടസ്സംവരുന്ന നിർമാണ പ്രവർത്തനങ്ങളും ഉരുൾപൊട്ടൽ സാധ്യത വർധിപ്പിക്കാം. പ്രവർത്തനക്ഷമമല്ലാതിരുന്ന നീർച്ചാലുകൾ അതിതീവ്ര മഴ ലഭിക്കുമ്പോൾ പെട്ടെന്ന് പ്രവർത്തനക്ഷമമാകുന്നതും മണ്ണിടിച്ചിലിനു കാരണമാകാറുണ്ട്.**

വില്ലനാണ് ഉരുൾപൊട്ടൽ. മണ്ണിടിച്ചിലിന്റെ ഫലമായി ഓരോവർഷവും നിരവധിയാളുകൾക്ക് ജീവനും സ്വത്തും നഷ്ടപ്പെടുന്നതിനോടൊപ്പം ജീവനോപാധികൾക്ക് വലിയ നാശവും വിതച്ചാണ് ഉരുൾപൊട്ടലുകൾ കടന്നുപോകാറുള്ളത്. അതിനാൽ, ഇത്തരം അപകടങ്ങളുടെ തീവ്രത കുറയ്ക്കാൻ സഹായിക്കുന്ന സങ്കേതങ്ങൾ വികസിപ്പിക്കുന്നതിനു മണ്ണിടിച്ചിലിനു കാരണമാകുന്ന ഘടകങ്ങളെക്കുറിച്ച് കൂടുതൽ മനസ്സിലാക്കേണ്ടത് വളരെ പ്രധാനമാണ്. കാലാവസ്ഥാവ്യതിയാനത്തിന്റെ പശ്ചാത്തലത്തിൽ അതിശക്തമായ മഴ ഉണ്ടാകുമ്പോൾ ലാറ്ററൈറ്റിലൂടെ മഴവെള്ളം കൂടുതൽ കിനിഞ്ഞിറങ്ങുന്നതിന്റെ ഫലമായി ഈ പ്രദേശത്ത് മണ്ണിടിച്ചിലുകളും പാറ വീഴ്ചകളും വർധിക്കാം. മണ്ണിലെ കളിമണ്ണിന്റെ അംശം ഒരു പ്രധാനഘടകമാണ്. നീർച്ചാലുകളുടെ സാന്നിധ്യവും ഉരുൾപൊട്ടലിനെ സ്വാധീനിക്കുന്ന ഘടകമാണ്. പ്രാഥമികവും ദ്വിതീയവുമായ നീർച്ചാലുകൾക്ക് തടസ്സംവരുന്ന നിർമാണ പ്രവർത്തനങ്ങളും ഉരുൾപൊട്ടൽ സാധ്യത വർധിപ്പിക്കാം.



പ്രവർത്തനക്ഷമമല്ലാതിരുന്ന നീർച്ചാലുകൾ അതിതീവ്ര മഴ ലഭിക്കുമ്പോൾ പെട്ടെന്ന് പ്രവർത്തനക്ഷമമാകുന്നതും മണ്ണിടിച്ചിലിനു കാരണമാകാറുണ്ട്. പലവിധ നിർമാണ പ്രവർത്തനങ്ങളുടെ ഭാഗമായി ചരിവ് അനുസരിച്ചുള്ള ഒന്നാം വിഭാഗത്തിൽപ്പെടുന്ന നീർച്ചാലുകളുടെ (first order streams) സ്വാഭാവികമായ ഒഴുക്കിനെ തടസ്സപ്പെടുത്തുന്ന മാനുഷികപ്രവർത്തനങ്ങൾ ഉരുൾപൊട്ടലുകൾക്കു കാരണമാകാറുണ്ട്. ഇങ്ങനെ നിരവധി കാരണങ്ങൾകൊണ്ട് ചെരിവുകൾ അസ്ഥിരപ്പെടുന്നതാണ് ഉരുൾപൊട്ടലിലേക്കു നയിക്കുന്നത്. ഇതിനോടൊപ്പം അടുത്തകാലത്തു തുടർച്ചായി കാണപ്പെടുന്ന മിന്നൽച്ചുഴികൾ കാർഷികമേഖലയിൽ വലിയ പ്രത്യാഘാതങ്ങൾ സൃഷ്ടിച്ചാണ് കടന്നുപോകുന്നത്.

കാലാവസ്ഥാവ്യതിയാനത്തിന്റെയും ആഗോളതാപനത്തിന്റെയും ഏറ്റവും മോശമായ പ്രത്യാഘാതങ്ങളുമായി വേഗത്തിൽ പൊരുത്തപ്പെടാൻ കഴിയാത്ത ജനവിഭാഗങ്ങൾക്ക് വലിയ പ്രത്യാഘാതമുണ്ടാകും. ഉപജീവനത്തിനായി കടലും വനങ്ങളുമായി ഏറ്റവും കൂടുതൽ ബന്ധപ്പെട്ടു കഴിയുന്ന തദ്ദേശീയ ജനവിഭാഗങ്ങളായിരിക്കും ഇതിന്റെ രൂക്ഷത ഏറ്റവും കൂടുതൽ അനുഭവിക്കാൻ പോകുന്നത്. നിർഭാഗ്യവശാൽ തദ്ദേശവാസികൾ പലപ്പോഴും വികസന അജണ്ടകൾക്ക് പുറത്താണ്. കാലാവസ്ഥാവ്യതിയാനത്തിന്റെ ലഘൂകരണലക്ഷ്യങ്ങൾ കൈവരിക്കുന്നതിന്, തദ്ദേശീയമായ അറിവ് കാലാവസ്ഥാശാസ്ത്രവുമായി സംയോജിപ്പിക്കേണ്ടതുണ്ട്. കാലാവസ്ഥാവ്യതിയാനംകൊണ്ട് സംഭവിക്കുന്ന പ്രകൃതിദുരന്തങ്ങളെ ഫലവത്തായി നേരിടുന്നതിനും, ഇവയുടെ ആഘാതം ലഘൂകരിക്കുന്നതിനും, ഇവയെ മുൻകൂട്ടിക്കണ്ട് തക്കസമയത്തുതന്നെ മുൻകരുതലകളെടുക്കുന്നതിനും നമ്മുടെ നിലവിലുള്ള സംവിധാനങ്ങളെ പൂർണ്ണതോതിൽ സജ്ജമാക്കേണ്ടതുണ്ട്.

**കാലാവസ്ഥാവ്യതിയാനത്തിന്റെയും ആഗോളതാപനത്തിന്റെയും ഏറ്റവും മോശമായ പ്രത്യാഘാതങ്ങളുമായി വേഗത്തിൽ പൊരുത്തപ്പെടാൻ കഴിയാത്ത ജനവിഭാഗങ്ങൾക്ക് വലിയ പ്രത്യാഘാതമുണ്ടാകും. ഉപജീവനത്തിനായി കടലും വനങ്ങളുമായി ഏറ്റവും കൂടുതൽ ബന്ധപ്പെട്ടു കഴിയുന്ന തദ്ദേശീയ ജനവിഭാഗങ്ങളായിരിക്കും ഇതിന്റെ രൂക്ഷത ഏറ്റവും കൂടുതൽ അനുഭവിക്കാൻ പോകുന്നത്.**

ആഗോളതലത്തിൽ കാലാവസ്ഥാവ്യതിയാനം ഒരു പ്രതിസന്ധിയാവുകയാണ്. നമ്മൾ ഒരു കാലാവസ്ഥാ അടിയന്തരാവസ്ഥയിലേക്കു നീങ്ങുകയാണെന്നു ഭരണകൂടങ്ങൾ ഇനിയും തിരിച്ചറിയാൻ വൈകിക്കൂടാ. ഇപ്പോൾ കാണുന്ന അതിതീവ്ര കാലാവസ്ഥാ സംഭവങ്ങൾ ഒരു ടെസ്റ്റ്ഡോസ് മാത്രമാണെന്നും ഇനിയും നമ്മെ കാത്തിരിക്കുന്ന അതിതീവ്ര കാലാവസ്ഥാ സംഭവങ്ങളാണെന്നുള്ള IPCC-യുടെ ആറാം അവലോകന റിപ്പോർട്ട് നൽകുന്ന മുന്നറിയിപ്പ് ഗൗരവമായി ചർച്ചചെയ്യപ്പെടുകയും നമ്മുടെ നയരൂപീകരത്തിന്റെ ഭാഗമാക്കേണ്ടതുമുണ്ട്.

ഇത്തരം ദുരന്തങ്ങളുടെ ആഘാതം കുറയ്ക്കാൻ അവലംബിക്കാവുന്ന മാർഗങ്ങൾ :

1. ഉയർന്ന മലമ്പ്രദേശങ്ങളിൽ നിർമ്മാണപ്രവർത്തനങ്ങൾക്ക് കർശനനിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്ന നിയമങ്ങൾ കൊണ്ടുവരിക.

2. മലയോരപ്രദേശങ്ങളിലെ ഭൂവിനിയോഗരീതികൾ സൂക്ഷ്മമായും നിരന്തരമായും നിരീക്ഷിക്കുക

3. വിനാശകരമായ മണ്ണിടിച്ചിലുകളെപ്പറ്റി നേരത്തെതന്നെ മുന്നറിയിപ്പു തരാൻ പ്രാപ്തിയുള്ള, കാര്യക്ഷമമായ ഒരു സംവിധാനം സജ്ജമാക്കുക

4. സ്വാഭാവികപ്രകൃതിക്ക് നാശംവരുത്താത്തതും ആവാസവ്യവസ്ഥയ്ക്ക് അനുയോജ്യവുമായ പ്രകൃതിസൗഹൃദ പാർപ്പിടങ്ങൾ പ്രോത്സാഹിപ്പിക്കുന്നതാണ് ഏറ്റവും ഉത്തമം.

5. ഉരുൾപൊട്ടൽ സാധ്യത ഏറെയുള്ള പ്രദേശങ്ങളിൽ താമസിക്കുന്നതിൽനിന്നു ആളുകളെ വിലക്കുന്നത് ജീവഹാനി കുറയ്ക്കാൻ അനിവാര്യമാണ്.

6. ശരിയായ ശാസ്ത്രാവബോധത്തോടെയുള്ള ഒരു ഭൂവിനിയോഗനയം രൂപപ്പെടുത്തി നടപ്പിലാക്കാൻ നമുക്ക് ഇനി ഒട്ടും വൈകിക്കൂടാ.

7. കാലാവസ്ഥാപരമായി ഓരോ പ്രദേശത്തിന്റെയും ദുർബലത മനസ്സിലാക്കിക്കൊണ്ടുള്ള വികസനപ്രവർത്തനങ്ങൾ മാത്രം നടപ്പിലാക്കുന്ന നയരൂപീകരണവും സാമൂഹിക പാരിസ്ഥിക - സാമൂഹിക ആഘാത പഠനവും നടത്തുക.



**തദ്ദേശവാസികളെയുംകൂടി ഉൾപ്പെടുത്തിക്കൊണ്ടുള്ള പങ്കാളിത്ത കാലാവസ്ഥ അനുരൂപീകരണ ദുരന്തനിവാരണ നയങ്ങൾക്ക് മുൻതൂക്കം നൽകുക. ഭാവിയിൽ ഇത്തരം പ്രതിഭാസങ്ങളെ മുൻകൂട്ടി അറിയുവാനും, മനസ്സിലാക്കുവാനും യഥാസമയം മുന്നറിയിപ്പുകൾ നൽകി ജീവനാശം കുറയ്ക്കുവാനും ഓട്ടോമാറ്റിക് വെതർ സ്റ്റേഷനുകൾ /മഴമാപിനികൾ സ്ഥാപിക്കേണ്ടതാണ്.**

8. കേരളത്തിന്റെ പശ്ചിമഘട്ട മേഖലയിൽ പ്രാദേശികതലത്തിലുള്ള അതിതീവ്രമഴയും അതിനെത്തുടർന്നുണ്ടാകുന്ന ഉരുൾപൊട്ടൽ പോലുള്ള പരിസ്ഥിതി ദുരന്തങ്ങളും കേന്ദ്രിത രീതിയിലുള്ള ഒരു ദുരന്തനിവാരണസംവിധാനത്തിലൂടെ കാര്യക്ഷമമായി കൈകാര്യംചെയ്യുക പ്രയാസമാണെന്ന് തുടർച്ചയായുണ്ടാകുന്ന ദുരന്തങ്ങൾ കാണിച്ചുതരുന്നു. അതിനാൽ അടിയന്തരമായി ഒരു പങ്കാളിത്ത ദുരന്തനിവാരണനയം രൂപീകരിക്കേണ്ടത് അത്യാവശ്യമാണ്.

9. കാലാവസ്ഥാവ്യതിയാനങ്ങൾ സൃഷ്ടിക്കുന്ന ഈ



വിധ അടിസ്ഥാനപ്രശ്നങ്ങൾ സംബന്ധിച്ച് കൂടുതലായി പഠിക്കുന്നതിനോടൊപ്പം, അവയെ മുൻകൂട്ടി അറിയുകയും, അറിയിപ്പുകൾ വേണ്ടവിധം ഫലവത്തായി സമൂഹത്തിനു കൈമാറുകയും ചെയ്യുന്നതിനുള്ള മാർഗ്ഗങ്ങൾ അടിയന്തരമായി അവലംബിക്കേണ്ടതുണ്ട് എന്നതും നിസ്തർക്കമാണല്ലോ. കാലാവസ്ഥാമുന്നറിയിപ്പുകൾ കൂടുതൽ പ്രാദേശികവും കൃത്യവും ആവേണ്ടതും, ജനോപകാരമായ രീതിയിൽ പ്രയോജനപ്പെടുത്താൻ സാധിക്കേണ്ടതും കാലഘട്ടത്തിന്റ അനിവാര്യതയുമാണ്.

10. സംസ്ഥാന, ജില്ല, തദ്ദേശസ്ഥാപനങ്ങൾ, വാർഡ് തുടങ്ങി വിവിധതലത്തിൽ ജനങ്ങൾ, നിയമപാലകർ, അഗ്നിശമനസേനാംഗങ്ങൾ, മറ്റു സർക്കാർവകുപ്പുകളിലെ ഉദ്യോഗസ്ഥർ എന്നിവരെ ഏകോപിപ്പിച്ചുകൊണ്ട്, പങ്കാളിത്ത ദുരന്തനിവാരണ സമിതികൾ രൂപവത്കരിക്കുകയും, ദുരന്തങ്ങൾക്കു കാരണമാകുന്ന മുന്നറിയിപ്പുകൾ, കാറ്റ്, മഴ തുടങ്ങിയ കാലാവസ്ഥാവിവരങ്ങൾ ഏറ്റവുംവേഗത്തിൽ ജനങ്ങളുടെ ശ്രദ്ധയിലേക്ക് എത്തിക്കുകയും, മതിയായ തയ്യാറെടുപ്പുകൾ നടത്തേണ്ടതുമാണ്.

11. തദ്ദേശവാസികളെയുംകൂടി ഉൾപ്പെടുത്തിക്കൊണ്ടുള്ള പങ്കാളിത്ത കാലാവസ്ഥ അനുരൂപീകരണ ദുരന്തനിവാരണ നയങ്ങൾക്ക് മുൻതൂക്കം നൽകുക. ഭാവിയിൽ ഇത്തരം പ്രതിഭാസങ്ങളെ മുൻകൂട്ടി അറിയുവാനും, മനസ്സിലാക്കുവാനും യഥാസമയം മുന്നറിയിപ്പുകൾ നൽകി ജീവനാശം കുറയ്ക്കുവാനും ഓട്ടോമാറ്റിക് വെതർ സ്റ്റേഷനുകൾ /മഴമാപിനികൾ സ്ഥാപിക്കേണ്ടതാണ്. തദ്ദേശീയ ജനവിഭാഗങ്ങളുടെ പ്രാതിനിധ്യമുറപ്പാക്കുന്നതുവഴി പ്രാദേശികമായ മഴ പ്രവചനങ്ങൾക്കും, പ്രളയ-ഉരുൾപൊട്ടൽ മുന്നറിയിപ്പുകൾക്കുംവേണ്ടി ഇത് ഉപയോഗിക്കാവുന്നതാണ്

12. കാലാവസ്ഥാവ്യതിയാനം ജീവനോപാധികളെയും, സാമൂഹിക-സാമ്പത്തികസുരക്ഷയെയും പ്രാദേശിക അടിസ്ഥാനത്തിൽ ബാധിക്കുന്നത് എങ്ങനെയാണെന്ന് കൃത്യമായി മനസ്സിലാക്കുകയും വേണ്ട ഇടപെടലുകൾ പ്രാദേശിക അടിസ്ഥാനത്തിൽത്തന്നെ നിർദേശിക്കാവുന്നതുമാണ്. ❍

*(ലേഖകർ : ഡോ. അഭിലാഷ് എസ്., ഡയറക്ടർ, അഡ്വാൻസ്ഡ് സെന്റർ ഫോർ അറ്റ്മോസ്ഫറിക് റഡാർ, കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാല, ഡോ. കെ.കെ. ബൈജു, പ്രൊജക്ട് മാനേജർ, ഔട്ട്റീച്ച്, കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാല.)*

ഫോക്കസ്





റ്റിസി മറിയം തോമസ്, ആഷ്‌ലി മറിയം പുന്നൂസ്

# മലയാളികളുടെ മാനസികാരോഗ്യവും ഭാവി കേരളീയ സമൂഹവും



കാലത്തിന്റെ ഗതിവേഗങ്ങൾക്കൊപ്പം വ്യത്യസ്ത മേഖലകളിൽ മാറ്റങ്ങൾ സ്ഥിരമായി ഉണ്ടാകുന്നുണ്ട്. ഈ മാറ്റങ്ങൾ മലയാളി സമൂഹത്തിലുണ്ടാക്കുന്ന സ്വാധീനവും അതിന്റെ മാനസികമാനങ്ങളുമാണ് ഈ ലേഖനം ചർച്ചചെയ്യുന്നത്. മാനസികസ്ഥിരതയ്ക്കും സ്വാസ്ഥ്യത്തിനും ഊന്നൽ നല്കുന്ന വികസന പ്രക്രിയകൾ ക്കുള്ള ആലോചനകളിലേക്ക് കേരളസമൂഹത്തെ നയിച്ചേ ക്കാനിടയുള്ള ചർച്ചകളാണ് ഈ ലേഖനത്തിലെ പ്രമേയം.

സഹസ്രാബ്ദങ്ങളുടെ സാംസ്കാരിക അടിത്തറയും, പ്രകൃതിയുടെ ജൈവസമൃദ്ധിയും ചേർന്ന് രൂപപ്പെടുത്തിയ അക്ഷയഖനിയാണ് കേരളം. ഇരുൾനിറഞ്ഞകാലത്തെ ഫ്യൂഡൽ ദുഷ്പ്രഭുത്വത്തിന്റെയും ജാതിവ്യവസ്ഥയുടെയും യാഥാസ്ഥിതികത്വത്തിന്റെയും മുഖംചട്ടകൾ അഴിച്ചുവച്ചതോടെ നാം നവോത്ഥാന മൂല്യങ്ങളാൽ നിർവചിക്കപ്പെട്ട സമൂഹമായി മാറി. കാലത്തിന്റെ ഗതിവേഗങ്ങൾക്കൊപ്പം വ്യത്യസ്ത മേഖലകളിൽ മാറ്റങ്ങൾ സ്ഥിരമായി ഉണ്ടാകുന്നുണ്ട്.

കേരളം ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളെ പിന്തള്ളി, ശാരീരിക ആരോഗ്യം, മാനവ വികസന സൂചകങ്ങൾ എന്നിവയിൽ മുന്നിട്ട് നില്ക്കുന്നു. ഉയർന്ന വിഭവശേഷിയുള്ള രാജ്യങ്ങളുമായി ആരോഗ്യമേഖലയിൽ അടക്കം 'കേരള മോഡൽ' അടുത്തു നില്ക്കുന്നുവെന്നത് വസ്തുതയാണ്. പരക്കെ പ്രശംസിക്കപ്പെടുന്ന ഒരു ആരോഗ്യമാതൃക നിലവിലുണ്ടായിട്ടും മാനസികാരോഗ്യവുമായി ബന്ധപ്പെട്ട് കേരളം ഇനിയും ഏറെ മുന്നേറേണ്ടതുണ്ടെന്നാണ് പഠനങ്ങൾ സൂചിപ്പിക്കുന്നത്. നാഷണൽ മെന്റൽ ഹെൽത്ത് സർവേ പ്രകാരം കേരളത്തിലെ മുതിർന്നവരിൽ മാനസിക രോഗങ്ങളുടെ ആജീവനാന്ത വ്യാപനം 14.14%-വും നിലവിലെ വ്യാപനം 11.36%-വുമാണ് (Jyrwa,S. et al. 2023). കേരളത്തിൽ ഏകദേശം എട്ടു പേരിൽ ഒരാൾ മാനസിക രോഗാവസ്ഥയിലൂടെ കടന്നുപോകുന്നുണ്ടത്രേ. അടിയന്തരമായി ആലോചനാവിഷയമാക്കേണ്ടതും സജീവ മാനസികാരോഗ്യ ഇടപെടൽ ആവശ്യമുള്ളതുമായ മേഖലയാണിതെന്ന് വ്യക്തമാണല്ലോ. വിഷാദ രോഗം, ന്യൂറോട്ടിക് രോഗങ്ങൾ, പലതരത്തിലുള്ള ഫോബിയ, ഉൽക്കണ്ഠ, ലഹരിവസ്തുക്കളുടെ ഉപയോഗം തുടങ്ങിയ മാനസികപ്രശ്നങ്ങൾ മലയാളിസമൂഹത്തിൽ വർധിച്ചുവരികയാണ്. മാറുന്ന മനസികാരോഗ്യപ്രവണതയുടെ ശരിയായ കാരണങ്ങൾ കണ്ടെത്തേണ്ടതും പരിഹാരങ്ങൾ നിലവിൽ കൊണ്ടുവരേണ്ടതും അതിപ്രധാനമാണ്. ഇതു സംബന്ധമായ ഗവേഷണങ്ങളും അന്വേഷണങ്ങളും പല നിലയ്ക്കും നടക്കുന്നുണ്ടെങ്കിലും അവയുടെ പരിണതഫലം പലപ്പോഴും സാമൂഹികഘടനയെ ചോദ്യംചെയ്യുന്നതിലേക്കോ നിലവിലുള്ള പോളിസികളെ നവീകരിക്കുന്നതിലേക്കോ എത്താറേയില്ല.

സമകാലീന മലയാളിയുടെ മാനസികാരോഗ്യത്തിന്റെ സമഗ്ര അവലോകനം ആരംഭിക്കേണ്ടത് വീട്ടകങ്ങളിൽനിന്നാകണം. കേരളസമൂഹത്തിന്റെ ചലനാത്മകതയും ഊർജവും കുടുംബബന്ധങ്ങളോട് ചേർന്നാണ് നിർവചിക്കപ്പെടുന്നത്. കുടുംബവ്യവസ്ഥിതിയുടെ ഘടനയും അധികാരരീതികളും കാലാനുസൃതമായി മാറ്റപ്പെട്ടത് നമ്മുടെ ജീവിതങ്ങളിൽ സാരമായ മാറ്റങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. ലിംഗവിവേചനം ഉൾപ്പടെയുള്ള അസമത്വങ്ങൾ ഒരു പരിധിവരെ ഇല്ലാതാക്കാൻ ക്രിയാത്മകമായ ഈ മാറ്റങ്ങൾ സഹായിച്ചിട്ടുണ്ട്. എന്നാൽ, മാറ്റങ്ങളിലേക്കു പറിച്ചുനട്ടപ്പെട്ടവരും മാറ്റങ്ങൾക്കു കാരണമായവരും തമ്മിലുള്ള ആശയപരവും പ്രായോഗികവുമായ വ്യത്യാസങ്ങൾ മലയാളികളുടെ കുടുംബബന്ധങ്ങളെ കലുഷിതമാക്കുന്നുണ്ട്. വ്യക്തിസ്വാതന്ത്ര്യത്തെ പൂർണമായി ബഹുമാനിക്കുന്ന പരസ്പര ധാരണയോടെയുള്ള കുടുംബവ്യവസ്ഥകൾ രൂപപ്പെടേണ്ടതിന്റെ ആവശ്യകതയെ ഉയർന്നുവരുന്ന ദാമ്പത്യ തകർച്ചകൾ ഓർമിപ്പിക്കുന്നു. കുടുംബത്തിലെ വ്യക്തിയുടെ കർത്തവ്യം അവരുടെ ലിംഗപരമായ സ്വത്വത്തോട് ചേർന്നു നിർണയിക്കുന്ന പ്രവണത



**വ്യക്തിസ്വാതന്ത്ര്യത്തെ പൂർണമായി ബഹുമാനിക്കുന്ന പരസ്പര ധാരണയോടെയുള്ള കുടുംബവ്യവസ്ഥകൾ രൂപപ്പെടേണ്ടതിന്റെ ആവശ്യകതയെ ഉയർന്നുവരുന്ന ദാമ്പത്യ തകർച്ചകൾ ഓർമിപ്പിക്കുന്നു.**

വലിയ ഗാർഹികപ്രതിസന്ധികൾക്കും മാനസിക പ്രത്യാഘാതങ്ങൾക്കും കാരണമാകുന്നു.

സമൂഹം ആണും പെണ്ണുമെന്ന ദ്വന്ദസ്വത്വമല്ലെന്ന തിരുത്തലിന്റെ കാലമാണിത്. ലിംഗസ്വത്വഭേദങ്ങൾക്കപ്പുറം എല്ലാവരെയും ചേർത്തുപിടിക്കാൻ സാധ്യമാകണം. കേരളത്തിന്റെ പൊതു ഇടങ്ങളിൽ ക്വിയർ കമ്മ്യൂണിറ്റിക്ക് എതിരായുണ്ടാകുന്ന അക്രമണങ്ങളും, ട്രാൻസ്ജൻഡർ വിഭാഗത്തിൽപ്പെട്ടവരുടെ ആത്മഹത്യകളും എല്ലാവരെയും ഉൾക്കൊള്ളുവാൻ നാം ഇനിയും എത്രയോ വളരേണ്ടതുണ്ടെന്ന ഓർമപെടുത്തലാണ്.

ഒരു സമൂഹത്തിന്റെ പുരോഗതി അതിന്റെ വിദ്യാഭ്യാസ രീതിയോടും അതോടൊപ്പമുള്ള ജോലി സാധ്യതയോടും ബന്ധപ്പെടുത്തി നിർണയിക്കപ്പെടുന്നുണ്ട്. സ്വന്തം കഴിവുകളും നൈപുണ്യങ്ങളും വികസിപ്പിക്കാനുള്ള സാധ്യതകൾ ജനിച്ച മണ്ണിൽ കണ്ടെത്താൻ സാധിക്കാത്ത സാഹചര്യത്തിൽ, ഉന്നത വിദ്യാഭ്യാസത്തിനും മെച്ചപ്പെട്ട തൊഴിൽ സാധ്യതയ്ക്കും വിദേശരാജ്യങ്ങളിലേക്ക് കുടിയേറി അവിടെ ജീവിതം കെട്ടിപ്പടുക്കുന്ന കേരളീയയുവതയുടെ എണ്ണം കൂടിവരികയാണ്. സംസ്ഥാന സർക്കാരിന്റെ കണക്കുകളനുസരിച്ച് ഓരോ വർഷവും വിദേശപഠനത്തിനായിപ്പോകുന്ന വിദ്യാർഥികളുടെ എണ്ണം ഇരട്ടിയായി വർധിക്കുകയാണ്. ഇതു വിരൽ ചൂണ്ടുന്നത് നമ്മുടെ വിദ്യാഭ്യാസരീതിയിലും സാമൂഹിക



**പഠനശേഷം തൊഴിൽ സാധ്യതയും ബന്ധപ്പെട്ട തൊഴിൽലഭ്യതയും ഇല്ലാതാകുന്നത് കേരളത്തിലെ യുവജനങ്ങളിൽ വലിയ മാനസിക ആഘാതമാണ് സൃഷ്ടിക്കുന്നത്.**

ഇടപെടലുകളിലും ഉണ്ടാകേണ്ട സമുന്നതമായ മാറ്റത്തിലേക്കാണ്. പഠനശേഷം തൊഴിൽസാധ്യതയും ബന്ധപ്പെട്ട തൊഴിൽലഭ്യതയും ഇല്ലാതാകുന്നത് കേരളത്തിലെ യുവജനങ്ങളിൽ വലിയ മാനസിക ആഘാതമാണ് സൃഷ്ടിക്കുന്നത്. കേരളത്തിനുള്ളിൽ 'വൈറ്റ് കോളർ' ജോലികൾ മാത്രം ചെയ്യാൻ തയാറാകുന്നവർ, വിദേശരാജ്യങ്ങളിലേക്ക് കുടിയേറുമ്പോൾ എന്തു ജോലിചെയ്യാനും തയാറാകുന്നു. മാനവവിഭവശേഷി നിലനിറുത്തേണ്ടത് നമ്മുടെ ഉത്തരവാദിത്വമെന്ന നിലയിൽ, പൊള്ളത്തരങ്ങൾ നിറഞ്ഞ ചിന്താരീതിയിൽനിന്ന് പ്രായോഗികമായ ജീവിതശൈലിയിലേക്ക് മലയാളി മാറേണ്ടതുണ്ട്. ചിന്തയും പ്രവൃത്തിയും തമ്മിൽ ഉണ്ടാകുന്ന അന്തരം, (Cognitive dissonance) മാറുന്ന മലയാളിയുടെ അനുദിന ജീവിതത്തിൽ വീർപ്പുമുട്ടലുകൾ സൃഷ്ടിക്കുന്നു.

നിർമിതബുദ്ധി ലോകത്തിന്റെ ചലനത്തെ നിർണയിക്കുന്ന കാലത്തിലേക്കാണ് നാം വളരുന്നത്. മനുഷ്യന്റെ ചിന്താശേഷിക്കപ്പുറമാണ് നിർമിതബുദ്ധിയുടെ സാധ്യതകൾ എന്ന കഴമ്പില്ലാത്ത ചിന്ത നമ്മുടെ ക്രിയാത്മക ചിന്തയെയും പ്രശ്നപരിഹാര ശേഷിയെയും തീരുമാനങ്ങൾ എടുക്കുവാനുള്ള കഴിവിനെയും മറ്റു ചിന്താപരവും വൈജ്ഞാനികവുമായ പ്രവർത്തനങ്ങളെയും സ്വാധീനിച്ചു തുടങ്ങിയിട്ടുണ്ട്. ടെക്നോളജിയെ കണ്ണടച്ച് വിശ്വസിക്കുക എന്ന മലയാളിയുടെ പതിവുരീതി നിർമിതബുദ്ധിയുടെ ഉപയോഗത്തിലും പിന്തുടർന്നാൽ അതു പ്രത്യാഘാതങ്ങൾക്കു കാരണമാകും. പുതിയകാലത്തെ ജീവിതരീതിയിൽ മനുഷ്യബുദ്ധിയുടെ സാധ്യതകളോട് ചേർത്തുവയ്ക്കുന്ന ഒന്നു മാത്രമായി നിർമിതബുദ്ധിയെ പരിഗണിച്ച് ഉപയോഗിക്കുവാൻ നാം പരിശീലിക്കണം.

നമ്മുടെ സാമൂഹികവും മതപരവും ഭൂമിശാസ്ത്രപരവുമായ ഘടകങ്ങളാൽ രൂപപ്പെട്ട ഭക്ഷണരീതിയിൽ വന്ന മാറ്റങ്ങളും മാലയാളിയുടെ ജീവിതരീതിയെ സാരമായി ബാധിച്ചിട്ടുണ്ട്. നാവിന്റെ രുചിയും ശരീരത്തിന്റെ ആരോഗ്യവും ഒരുപോലെ പ്രധാന്യം നല്കി ഭക്ഷണമേശകളെ ക്രമീകരിക്കാൻ കഴിയണം. ആരോഗ്യസുരക്ഷ ഉറപ്പാക്കാത്ത ഭക്ഷണരീതി നമ്മുടെ മാനസികപ്രവർത്തനങ്ങളെയും സ്വാധീനിക്കുന്നുണ്ട്. ശരിയായ വ്യായാമം നമ്മുടെ ശരീരപ്രകൃതിക്ക് അനുസരിച്ചു ശീലിക്കണം. ആരോഗ്യ സംരക്ഷണത്തെക്കുറിച്ചുള്ള മലയാളിയുടെ അമിതമായ ആശങ്കകൾ മുതലാളിത്തത്തിന് കച്ചവട മാർഗമാകുന്നുണ്ട് എന്നതും ഇന്നു നാം നേരിടുന്ന വെല്ലുവിളിയാണ്. എന്താണ് ശരിയായ ആരോഗ്യം എന്നും, സൗന്ദര്യബോധത്തിന് അതീവ പ്രാധാന്യം നല്കുന്ന നാം എന്താണ് സൗന്ദര്യം എന്നും കൃത്യമായി തിരിച്ചറിയണം.

ജൈവവ്യവസ്ഥ നശിച്ചാൽ ജീവൻ നിശ്ചലമാകും എന്ന ബോധ്യം പൂർണമായി നഷ്ടപ്പെടുത്തിയാണ് മലയാളി തന്റെ പാരിസ്ഥിതിക ഇടപെടലുകളെ രൂപപ്പെടുത്തുന്നത്. നാളെയുടെ വൈരൂപ്യം ഇന്നുതന്നെ കണികാണണം എന്ന വിധി ഏറ്റു

> **ആരോഗ്യ സംരക്ഷണത്തെക്കുറിച്ചുള്ള മലയാളിയുടെ അമിതമായ ആശങ്കകൾ മുതലാളിത്തത്തിന് കച്ചവട മാർഗമാകുന്നുണ്ട് എന്നതും ഇന്ന നാം നേരിടുന്ന വെല്ലുവിളിയാണ്. എന്താണ് ശരിയായ ആരോഗ്യം എന്നും, സൗന്ദര്യബോധത്തിന് അതീവ പ്രാധാന്യം നല്കുന്ന നാം എന്താണ് സൗന്ദര്യം എന്നും കൃത്യമായി തിരിച്ചറിയണം.**

വാങ്ങുന്നവരായി മലയാളി ഓരോ പ്രകൃതിദുരന്തത്തിലും മാറുകയാണ്. ഈ പ്രകൃതിദുരന്തങ്ങൾ സൃഷ്ടിക്കുന്ന മാനസികാഘാതം ചെറുതല്ല. Post Traumatic Stress Disorder-ൽ തുടങ്ങി മറ്റനേകം മാനസിക പ്രശ്നങ്ങൾക്കത് കാരണമാകും. ദുരന്തങ്ങളുണ്ടാകുന്ന സമയങ്ങളിൽ സഹായിക്കാൻ നാം കാണിക്കുന്ന സന്നദ്ധതയും ചേർത്തുനിറുത്തലും സഹാനുഭൂതിയും ദുരന്തങ്ങൾ ഉണ്ടാകാതിരിക്കാനുള്ള മുൻകരുതലുകളിലും നാം പ്രകടമാക്കേണ്ടതുണ്ട്.

വ്യക്തിജീവിതങ്ങൾ മാനസികമായി കരുത്ത് പ്രാപിക്കേണ്ടതും മാറുന്ന മലയാളിയുടെ പുതു ജീവിതവഴി ആവശ്യപ്പെടുന്ന ക്രിയാത്മകമായ മാറ്റമാണ്. 2022-ലെ കണക്കുകളനുസരിച്ച്



പ്രതിവർഷം 10,000-ൽ അധികം ആളുകൾ കേരളത്തിൽ ആത്മഹത്യ ചെയ്യുന്നുണ്ട്. ആത്മഹത്യാ നിരക്കിൽ ഉണ്ടാകുന്ന ഗണ്യമായ വർധനവിന്റെ പ്രധാന കാരണം മാനസിക സമ്മർദം, ഉയർന്നുവരുന്ന മാനസിക-ശാരീരിക അസ്വസ്ഥതകൾ, ലഹരി ഉപയോഗം, കുടുംബബന്ധങ്ങളിലെ അസ്വാരസ്യങ്ങൾ, പ്രണയബന്ധങ്ങളുടെ തകർച്ച, തൊഴിലില്ലായ്മ എന്നിവയാണ്. ജീവിതത്തിന്റെ ഇരുൾ നിറഞ്ഞ യാഥാർഥ്യങ്ങളെ ശരിയായ വൈകാരിക നിയന്ത്രണത്തിൽ നേരിടുവാൻ മലയാളി ഏറെ പരിശീലിക്കേണ്ടതുണ്ട്. പൂർവകാലങ്ങളിൽ നാം ശീലിച്ചിരുന്നതുപോലെ ശക്തമായ സാമൂഹികബന്ധങ്ങൾ രൂപപ്പെടണം. പരസ്പരം ഹൃദയബന്ധങ്ങൾ ശക്തമാക്കി സമൂഹജീവിതം സ്ഥിരപെടുത്തുവാൻ ഇടപെടലുകൾ ഉണ്ടാകണം. വ്യക്തിയുടെ മാനസിക ക്ഷേമവും, അധികാരികളുടെ ശ്രദ്ധ എത്തേണ്ടുന്ന പ്രധാന കാര്യമാണ്. മനുഷ്യന്റെ സാമൂഹികജീവിതം പാരസ്പര്യത്തിലൂടെ അർഥപൂർണമാകുമ്പോൾ മാത്രമാണ് വ്യക്തിയും സമൂഹവും മാനസിക അനാരോഗ്യ പ്രവണതകളെ മറികടക്കുക.

മലയാളിയുടെ മാറ്റത്തിന് അനുദിനം വേഗം കൂടുന്ന ഈ കാലത്തെക്കുറിച്ച് മലയാളിത്തത്തിന് മരണം സംഭവിക്കുന്ന കാലമെന്ന് ചൊല്ലി പരിതപിക്കുന്നവർ ഏറെയാണ്. ഏതു കാലത്തിനും അതിന്റേതായ പരിണാമ സവിശേഷതകൾ ഉണ്ടെന്ന അടിസ്ഥാന തിരിച്ചറിവാണ്, പഴമയ്ക്കും പുതുമയ്ക്കും നടുവിൽ അമർന്ന് പോകുന്നു ഇന്നിന്റെ മാനസികസംതൃപ്തിയെ തിരിച്ചുപിടിക്കാനുള്ള പ്രഥമ മാർഗം. മലയാളിജീവിതങ്ങളിൽ അന്നും ഇന്നും മാറ്റമില്ലാതെ സ്വാധീനിക്കുന്ന വീട്ടകങ്ങളിൽനിന്ന് അതാരംഭിക്കണം. എല്ലാവരെയും ചേർത്തുപിടിക്കാൻ, പുതിയ കാലത്തിന്റെ വൈവിധ്യങ്ങളെ ഉൾക്കൊള്ളാൻ വിശാല ചിന്താഗതിയിലേക്ക് ഒരു സമൂഹമായി നാം വളരണം. സുസ്ഥിരവികസനത്തിന്റെ മാതൃകകൾ എല്ലാ തലങ്ങളിലുമുള്ള ഭരണകേന്ദ്രങ്ങൾ സ്വീകരിക്കണം.

ഭൂതകാലത്തിന്റെ നല്ല സ്മരണകളിൽ, വർത്തമാനത്തിന്റെ പ്രായോഗികതയിലൂടെ ഭാവിയുടെ സുസ്ഥിരതയെ നമുക്ക് രൂപപ്പെടുത്താം. നാട്ടുകഥകളോട്, നാടോടി തനിമകളോട്, കടംകഥകളോട് പതിരില്ലാത്ത പുതുമൊഴികൾ ചേർത്തുവയ്ക്കുന്ന നവകേരളം സൃഷ്ടിക്കപ്പെടട്ടെ. ❍

*References:*

*Jyrwa, S.; Shibukumar, T. M.; Thavody, J; Anish, P. K.; Bina, Thomas; Rajith, K.R.; Banandur, Pradeep S.; Rao, Girish N.; Gururaj, Gopalkrishna; Varghese, M.; Benegal, V.*

*Mental Health Morbidities in Kerala, India: Insights from National Mental Health Survey, 2015-2016.*

*Indian Journal of Psychiatry 65(12):p 1289-1296, December 2023. | DOI: 10.4103/indianjpsychiatry.indianjpsychiatry_842_23.*

*Sharp increase in student migration catapults total emigrants from Kerala to 2.2 million. The Hindu. June 14, 2024*

*Worrying rise in suicide rates in Kerala in past three years. The Hindu. June 15, 2024.*

*(ലേഖകർ : റ്റിസി മറിയം തോമസ് - അസിസ്റ്റന്റ് പ്രഫസർ, മനഃശാസ്ത്ര വിഭാഗം, കേരള സർവകലാശാല & ആഷ്‌ലി മറിയം പുന്നൂസ് , മനഃശാസ്ത്ര ഗവേഷക)*



വിനോദ് നാരായൺ

“എന്റെ കേരളം” അവൻ പറഞ്ഞു.
“അതെങ്ങനെയാടാ നിന്റെ മാത്രം
കേരളമാവുന്നത്?” അച്ഛനവനോട് ചോദിച്ചു.
“എല്ലാം വ്യത്യസ്ത കേരളങ്ങളാണ് അച്ഛാ.

# കേരള ഫസ്റ്റ്

“എന്റെ കേരളം” അവൻ പറഞ്ഞു.

“അതെങ്ങനെയാടാ നിന്റെ മാത്രം കേരളമാവുന്നത്?” അച്ഛനവനോട് ചോദിച്ചു.

“എല്ലാം വ്യത്യസ്ത കേരളങ്ങളാണ് അച്ഛാ. അച്ഛന്റെ കേരളമല്ല എന്റേത്. നമ്മളോരോരുത്തരും നമ്മളോടുതന്നെ പറയുന്ന കഥകളാണ് നമ്മുടെയെല്ലാം കേരളം. കേരളം എന്നല്ല എല്ലാ സ്ഥലങ്ങളും അങ്ങനെതന്നെ. കഥകളില്ലെങ്കിൽ ഈ സ്ഥലങ്ങൾ തമ്മിലുള്ള വ്യത്യാസം വെറും ഭൂമിശാസ്ത്രപരം മാത്രമല്ലേ?” അവൻ ഒരിക്കൽപോലും അച്ഛന്റെ നേരെ തിരിയാതെ ശനിയാഴ്ചയിലെ പതിവുപണിയായ തുണി മടക്കിവയ്ക്കലിൽ മുഴുകിയിരുന്നുതന്നെ പറഞ്ഞു.

അച്ഛൻ അവനിൽനിന്നു കണ്ണെടുത്ത് ടീവിയിലേക്ക് നോക്കി. ഉച്ചത്തിൽ ബഹളംവയ്ക്കുന്ന ഒരാളും ചിരിക്കുന്ന മറ്റൊരാളും ഇതിൽ എനിക്ക് പങ്കില്ല എന്നു തോന്നിക്കുന്ന മറ്റൊരാളും സംസാരിക്കാൻ സമയം കെഞ്ചുന്ന മറ്റൊരാളും ഓരോ കള്ളികളിൽ കിടക്കുന്നു. ഒരു കള്ളിയിൽ കോട്ടിട്ട അവതാരകൻ ചർച്ചയെ നിയന്ത്രിക്കാനാണോ അതോ ടീയാർപ്പിക്ക് വേണ്ടി എല്ലാവരെയും കള്ളികളിൽനിന്നു തുറന്നുവിടണോ എന്ന സംശയത്തിൽ ഒതുങ്ങി നില്ക്കുന്നു.

“ഇത് എന്റെ കേരളമാണോ. ഇതാണോ എന്റെ കേരളം.” അച്ഛൻ മനസ്സിൽ പറഞ്ഞു.

അമേരിക്കയിൽ വന്നിട്ട് ഒരാഴ്ചയായി. ഓണവുമടുക്കാറായി. പ്രവാസികളുടെ ഓണക്കളികൾ ഇതുവരെ കണ്ടിട്ടുമില്ല. ഇത്തവണ അതാവും ഓണവിശേഷം. ശരിയാണ്, ചെറുപ്പത്തിലും യൗവനത്തിലും ഉള്ള ഓണങ്ങളിൽനിന്നു ഇന്നത്തെ ഓണം മാറിയിട്ടുണ്ട്. ഓണം മാറിയാൽ കേരളവും മാറുമോ? കുട്ടിക്കാലത്തും യൗവനത്തിലും ഇപ്പോഴുമെല്ലാം വെവ്വേറെ കേരളത്തിലാണോ താൻ ജീവിക്കുന്നത്. മകൻ വന്ന അമേരിക്കയിലേക്കല്ലേ താനിപ്പോൾ വന്നത്. എല്ലാം മാറുന്നു. എല്ലാവരും മാറുന്നു. എല്ലാവർക്കുമായി അവരവരുടെ നാടുകൾ. ആ നാടിന്റെ സങ്കല്പങ്ങളിൽ അവർതന്നെ മാവേലിയും അവർതന്നെ പ്രജകളും അവർതന്നെ വാമനനും. സങ്കല്പങ്ങളിൽ ദാനധർമിഷ്ഠരായി സ്വന്തം കാലുകൾകൊണ്ടു തന്നെ തലയിൽ ചവുട്ടി എങ്ങോട്ടൊക്കെയോ താണിറങ്ങി പോകുന്നുണ്ടോ എല്ലാവരും.

“എന്താ അച്ഛാ ആലോചിക്കുന്നത്. അച്ഛന്റെ കേരളം തന്നെയാണ് നല്ലത്. പ്രവാസിയായ എന്റെ കേരളം വെറും യൂട്യൂബ് കേരളമല്ലേ. ഇടയ്ക്കത് യൂട്യൂബ് കേരളത്തിൽനിന്നു ഫേസ്ബുക്ക് കേരളമാവും പിന്നീടത് ഇൻസ്റ്റാ കേരളം. അങ്ങനെ അനേകം കേരളങ്ങൾക്കിടയിൽ ഒരിക്കൽ ഇങ്ങനെ ഓണക്കേരളം വരുന്നു. നമുക്കിത്തവണ അടിച്ചു പൊളിക്കണം. അച്ഛൻ കൊണ്ടുവന്ന മുണ്ട് തന്നെയാവാം.”

ഓരോ തവണയും കൊണ്ടുവരുന്ന മുണ്ടുകൾ പലതും ഒരുതവണ ഉടുത്തും അല്ലെങ്കിൽ ഒരിക്കലും ഉടുക്കാതെയും അലമാറയിൽ കിടക്കുന്നുണ്ട്. ഇക്കുറി അച്ഛനും കൊണ്ടു വന്നിട്ടുണ്ട് ഒന്ന്.

“അച്ഛാ നമുക്ക് പോയി ഒരു ബർബൺ വാങ്ങിയാലോ. സ്കോച്ചിനെക്കാളും നല്ലതാണ് ബർബൺ.” വസ്ത്രങ്ങൾ എല്ലാം മടക്കി അടക്കിവയ്ക്കുന്നതിന്റെ ഇടയ്ക്ക് അവൻ അച്ഛനോട് പറഞ്ഞു.

“നിനക്കും എനിക്കും എല്ലാകാലത്തും മാറാത്ത ചില കേരളങ്ങൾ ഉണ്ടെന്നതു ശരിതന്നെ. അതും ലോകത്തിന്റെ ഏതുഭാഗത്തുപോയാലും.” അച്ഛൻ ചിരിച്ചു.



"എപ്പോഴാണ് അച്ഛാ മദ്യവും ഓണവും ഒരേ വാചകത്തിൽ വന്ന് തുടങ്ങിയത്?" അവൻ അച്ഛനോട് ചോദിച്ചു.

"ഓണത്തിന്റെ കൂടെയല്ല. കേരളത്തിന്റെയും മലയാളത്തിന്റെയും കൂടെ മദ്യം എന്നു ചേർക്കുന്നവരും കുറവല്ല. നിന്റെ അമേരിക്കയിലും ആളുകൾ കുടിക്കാറില്ലേ? ലോകത്തിന്റെ പലഭാഗത്തും കുടിക്കുന്നവർ ഉണ്ട്, പിന്നെ എന്താ കേരളത്തിനു മാത്രം ഇങ്ങനെയൊരു പ്രത്യേക പരാമർശം?"

"ഞാൻ ചോദിച്ചതാണ്. മദ്യപിക്കാത്ത മലയാളിയെ കണ്ടിട്ടില്ല എന്ന രീതിയിലാണ് ഇവിടെ ചിലവന്മാരുടെ സംസാരം. അതെങ്ങനെ ചാർത്തിക്കിട്ടി എന്ന് ആലോചിക്കാറുണ്ട് പലപ്പോഴും. കാര്യമാക്കണ്ട."

അവൻ ഒഴിവായി. അച്ഛൻ ഫുൾ കേരളാ മൂഡിലാണ്.

അച്ഛൻ വീണ്ടും ടീവിയിലേക്ക് നോക്കി കള്ളികളിൽ കുടുങ്ങിയവർ അവരവരുടെ കള്ളച്ചിരികളോടെ സ്ക്രീൻ കാലിയാക്കിയിട്ടുണ്ട്. പരസ്യമാണ് ഇപ്പോൾ തകർത്ത് പെയ്യുന്നത്.

സേർച്ച് ബോക്സിൽ Kerala എന്ന് ടൈപ് ചെയ്തുനോക്കി. ഇൻഫ്ളുവസർമാരുടെ ലോകം നന്നാക്കലിന്റെ തമ്പ്നെയിലുകൾ. അവയിൽ അബദ്ധത്തിനുപോലും ക്ലിക്കി പോകാതിരിക്കാൻ ശ്രദ്ധിച്ചുകൊണ്ട് റിമോട്ടിന്റെ കർസർ നീക്കിനീക്കി നീങ്ങി. ഒന്നുമില്ല കാണാനായിട്ട്. എല്ലായിടത്തും പ്രശ്നങ്ങൾതന്നെ. രോഷവും പരാമർശവും പുച്ഛവും തമ്പ്നെയിലുകളിൽ തമ്പ് ഇമ്പ്രഷൻ കൊടുക്കാത്ത ഒന്നുമില്ല. എവിടെ കവിതകൾ,എവിടെ വാർത്ത, എവിടെ നന്മ,എവിടെ പ്രത്യാശകൾ, എവിടെ സാധ്യതകൾ?

ഉണ്ടാവാം,എവിടെയെങ്കിലും. ക്ലിക്കുകൾ വീഴാതെ ലൈക്കുകളും വ്യൂവുകളും കിട്ടാതെ ശ്വാസംമുട്ടി വീഡിയോകൾ മരിക്കാൻ പോകുന്നിടത്തേക്ക് പോയിട്ടുണ്ടാവണം അത്തരം വീഡിയോകൾ.

"ഇതു കേരളമാണ് എന്നു പേടിക്കണ്ട അച്ഛാ." അച്ഛനെ നോക്കി അവൻ പറഞ്ഞു

"ഇതു ചിലരുടെ മാത്രം കേരളമാണ്. അൽഗോരിതങ്ങളുടെ കേരളസങ്കല്പത്തിന് സ്വന്തം കേരള സങ്കല്പങ്ങൾ അടിയറവച്ചവരുടെ കേരളം. ഞാൻ ഒന്ന് കുളിച്ചിട്ടുവരാം. ഇന്നലെ ആ ഇന്ത്യൻ കടയിൽനിന്നു ഒരു ചന്ദ്രികസോപ്പ് വാങ്ങിയിട്ടുണ്ട്. അതിന്റെ സുഖം ഒന്നു വേറെ തന്നെയാണ്. അങ്ങനെയൊക്കെയാണ് ഞാൻ കേരളത്തിലെത്തുന്നുന്നത്. ഇവിടുത്തെ ബാത്റൂമിൽനിന്നു കണ്ണടച്ച് സോപ്പ് തേയ്ക്കുമ്പോൾ നേരെ നാട്ടിലെ മ്മടെ കുളിമുറിയിലേക്ക് ഒരു ചെറിയ യാത്ര."

അവൻ ചിരിച്ചു.

ഗൃഹാതുരത്വം,ചന്ദ്രിക, പ്രവാസി മലയാളിയെ വീണ്ടും പഴയ ഓർമകളിലും ഗന്ധത്തിലും പുതുക്കിപതപ്പിച്ച് പച്ചമനുഷ്യനാക്കുന്നു. സമയത്തിനും കാലത്തിനും ദേശത്തിനും അപ്പുറം സങ്കല്പങ്ങളിലേക്കുള്ള അവരവരുടെ യാത്രകൾ. മലയാളിക്ക് കേരളമെന്താണെന്ന് എന്തിനു ചർച്ചചെയ്യുന്നു. മലയാളിയെന്നാൽ കേരളമാണ് എന്നു ചിന്തിച്ചുകൂടെ. കേരളം മാത്രമാണ് എന്ന്.

അച്ഛൻ വീണ്ടും ടീവിയിലേക്ക് നോക്കി. "Kerala Opportunities" എന്ന് സർച്ച് ചെയ്തുനോക്കി. ഇവിടെയും അൽഗോരിതത്തിന്റെ പിടിയിലാവും സെർച്ച് എന്നറിയാമെങ്കിലും ഒന്ന് ശ്രമിക്കാമല്ലോ. വിദേശത്തേക്ക് പോകാനുള്ള സാധ്യതകളുടെ വിഡിയോകൾ ഒന്നിനൊന്നായി സ്ക്രീനിൽ നിറഞ്ഞുവന്നു. അതിലും ചില ട്രോളുകൾ ഇടംപിടിച്ചു. കേരളംവിടാനുള്ള വിഡിയോകളിലും ഹാഷ്ടാഗ് #keralaopportunities എന്നു തന്നെയാവാം. കേരളത്തിലെ സാധ്യത അന്വേഷിച്ചുവരുന്നവരെയും ക്ലിക്കി കേരളത്തിനു പുറത്തുചാടിക്കാനുള്ള വിദ്യകൾ.

"ഇതും കേരളമാവാം. പല കേരളങ്ങൾ ഉണ്ടെന്നല്ലേ മനസ്സിലാവുന്നത്. പക്ഷേ, നമുക്കുവേണ്ട കേരളം കണ്ടെത്താൻ എന്തുചെയ്യണം. ആ കേരളത്തിൽ നടക്കുന്ന കഥകൾക്ക് എവിടെ ചെന്നന്വേഷിക്കണം. നിർമിതബുദ്ധി പുതിയ കേരളത്തിനെ നിർമിക്കാൻ സഹായിക്കുമോ?

താനാരാ ഇതൊക്കെ ചോദിക്കാൻ. സ്വന്തം മകൻ കേരളത്തിലല്ല. കേരളത്തിൽ കഴിയുന്ന തന്നെയുംകൂടി ഇവിടെ കുടിയിരുത്താനുള്ള പദ്ധതിയാണ് ഇപ്പോൾ. അച്ഛൻ ഓരോന്നു ചിന്തിച്ച് മെല്ലെ ടീവി ഓഫാക്കാനായി റിമോട്ടിലെ ബട്ടൺ അമർത്താൻ വിരലുയർത്തി. പക്ഷേ, അറിയാതെ ഏതോ തമ്പ്നെയിലിലാണ് ചെന്നമർന്നത്.

വീഡിയോ തുടങ്ങി. ഒരു ചെക്കൻ സ്ക്രീനിൽ നിറഞ്ഞു. പതിനെട്ട് വയസ്സ് തികഞ്ഞിട്ടുണ്ടാവില്ല. ആ ഫ്രീക്കൻ ചെക്കൻ പറഞ്ഞു തുടങ്ങി:

"കേരളം സാധ്യതകളുടെ നാടാണ്. കേരളം മാത്രമല്ല, ഈ ലോകത്തിലെ ഓരോയിടവും സാധ്യതകളുടെ നാടാണ്. അല്ലെങ്കിൽ അങ്ങനെ ആവാനുള്ള കഴിവുണ്ട്. പക്ഷേ, അവിടെയെല്ലാം ചിലരുണ്ട്. നമ്മുടെ പ്രശ്നങ്ങൾ മാത്രം

> **"ഓണത്തിന്റെ കൂടെയല്ല. കേരളത്തിന്റെയും മലയാളത്തിന്റെയും കൂടെ മദ്യം എന്നു ചേർക്കുന്നവരും കുറവല്ല. നിന്റെ അമേരിക്കയിലും ആളുകൾ കുടിക്കാറില്ലേ?**

കണ്ടെത്തി ജീവിക്കാൻ ശ്രമിക്കുന്നവർ. ഇത് ആശയങ്ങളുടെ സംഘർഷമാണ്. സാധ്യതകൾ നമ്മുടെ നിയന്ത്രണത്തിലാണ് എന്നു കരുതുന്നവരും പ്രശ്നക്കാർ മറ്റാരോ ആണെന്ന് കരുതുന്നവരും തമ്മിലുള്ള സംഘർഷം. ആ സംഘർഷം തുടരും. ആരുടെ ഭാഗത്താണ് ശരിയെന്നതല്ല വിഷയം. എല്ലാവരുടെയും ഭാഗത്ത് ശരിയുണ്ടെന്നതാണ് പ്രശ്നം. ഇതിനിടയിൽ പുതിയൊരു കേരളം വളരണം. കഴിവുകേടുകളെ മാറ്റിയെടുക്കാനും പ്രശ്നങ്ങളെ പരിഹരിക്കാനും സാധ്യതകളെ കണ്ടെത്താനും ആശങ്കകളെ മാറ്റാനും ഒക്കെ വഴി കണ്ടെത്തണം. മലയാളി ഫസ്റ്റ് എന്നതിൽനിന്നു കേരളാ ഫസ്റ്റ് എന്നു മാറിയാൽ അവസാനം മലയാളി ഫസ്റ്റ് ആവില്ലേ? പക്ഷേ, അതിനു നമ്മൾ മാറണം നമ്മളിൽ ഓരോരുത്തരും മാറണം. എങ്ങനെ എന്നതാണ് നമ്മൾ ചിന്തിക്കേണ്ടത്. എങ്ങിനെയെന്ന്."

"അച്ഛാ, ഞാൻ റെഡി നമുക്ക് പോയാലോ?" അവൻ കുളികഴിഞ്ഞ് പുറത്തിറങ്ങി.

"ഞാനും റെഡി." അച്ഛൻ ടീവി ഓഫാക്കി എഴുന്നേറ്റു. "ഓണംകഴിഞ്ഞ് അധികംവൈകാതെ നാട്ടിലേക്ക് പോകണം. അവിടെ എന്റെ ആവശ്യമുണ്ട് എന്നൊരു തോന്നൽ. നിന്റെ കേരളത്തിലല്ല എന്റെ കേരളത്തിൽ."

അവൻ എന്തെങ്കിലും പറയുന്നതിനുമുൻപ് അച്ഛൻ പുറത്തേക്കിറങ്ങി കഴിഞ്ഞിരുന്നു. "കള്ള് വാങ്ങാനുള്ള ആവേശം" എന്നു തമാശപറഞ്ഞ് അവനും അച്ഛന്റെ പിന്നിൽ പുറത്തേക്കിറങ്ങി. ❍

ജോർജ് തേനാടിക്കുളം, ബേബി ചാലിൽ,
ജേക്കബ് നാലുപറയിൽ

# കേരളവും പ്രകൃതിദുരന്തങ്ങളും പ്രതിവിധികൾ തേടി

**കാലാവസ്ഥാമാറ്റത്തെ ചെറുക്കുന്നതിനു വിശാലാടിസ്ഥാനത്തിൽ ചെയ്യേണ്ടത് മുതലാളിത്തവ്യവസ്ഥയുടെ അമിതോൽപ്പാദനത്തിന്റെയും അനാവശ്യ ഉപഭോഗത്തിന്റെയും വിഭവധൂർത്തിന്റെയും രീതികളെ ചെറുക്കുന്ന ബദൽ ജീവിതക്രമം ഉണ്ടാക്കിയെടുക്കുകയും അതിനെ പ്രോത്സാഹിപ്പിക്കുകയുമാണ്.**

മുണ്ടക്കൈ-ചൂരൽമല ഉരുൾപൊട്ടൽ ഐക്യകേരളത്തിന്റെ ചരിത്രത്തിലെ ഏറ്റവും വലിയ പ്രകൃതി ദുരന്തമാണ്. 2004-ലെ സുനാമിയിൽ (കേരളത്തിൽ) 172 പേരുടെയും 2018-ലെ പ്രളയത്തിൽ 480 പേരുടെയും ജീവൻ നഷ്ടപ്പെട്ടപ്പോൾ 2024 ജൂലൈ 30-ന് മേപ്പാടി പഞ്ചായത്തിലെ മുണ്ടക്കൈ, ചൂരൽമല,അട്ടമല,പുഞ്ചിരിമറ്റം, എന്നിടങ്ങളിൽ ഒറ്റ രാത്രികൊണ്ട് നഷ്ടമായത് 413 പേരുടെ ജീവനാണ്. ഇനിയും കണ്ടുകിട്ടാനുള്ളവർ 131-നു മുകളിലും.

ഉരുൾപൊട്ടൽ കേരളത്തിൽ ഒറ്റപ്പെട്ട സംഭവമല്ലെന്നത് നമ്മൾ തിരിച്ചറിയണം. കവളപ്പാറ, പെട്ടിമുടി, കൂട്ടിക്കൽ, മുണ്ടക്കൈ, ചൂരൽമല, അടിമാലി, അമ്പൂരി, കൊക്കയാർ, പുത്തുമല... കണക്കെടുത്താൽ അങ്ങനെ പട്ടിക നീണ്ടുപോകും. 2015-നും 2022-നുമിടെ രാജ്യത്താകമാനം 3782 ഉരുൾപൊട്ടലുകൾ ഉണ്ടായതിൽ 2239-ഉം കേരളത്തിലാണെന്നതും നമ്മൾ മറക്കരുത്.



അതേപോലെ, കാലം മുമ്പോട്ട് പോകുന്തോറും ഉരുൾപൊട്ടൽ സൃഷ്ടിക്കുന്ന ദുരന്തത്തിന്റെ വ്യാപ്തി അടിക്കടി വർധിച്ചുവരുന്നതായും കാണാനാവും. 1984 ജൂലൈ 1-ന് ചൂരൽമലയിലെ ഉരുൾപൊട്ടലിൽ 14 പേർ മരിച്ചപ്പോൾ, 1992- ൽ 45 കി.മീ അകലെ പടിഞ്ഞാറത്തറ കാപ്പിക്കളത്ത് 11 പേരും, 2019 ഓഗസ്റ്റിൽ 15 കി.മീ അകലെ പുത്തുമലയിൽ 17 പേരും പുത്തുമലയുടെ മറുകുന്നായ കവളപ്പാറയിൽ 59 പേരും മരിച്ചപ്പോഴാണ് 2024-ൽ മരണസംഖ്യ 400 കടന്നിരിക്കുന്നത്. അങ്ങനെയെങ്കിൽ, നമ്മൾ തിരിച്ചറിയേണ്ട

വസ്തുത ഉരുൾപൊട്ടലുകളുടെ എണ്ണം കൂടിവരുമ്പോൾത്തന്നെ അതിന്റെ നശീകരണക്ഷമതയും അതേരീതിയിൽ വർധിച്ചുവരുന്നുവെന്നതാണ്.

ഈ അവസരത്തിലാണ് 2015-ൽ 'ലൗദാത്തോ സി' ചാക്രികലേഖനത്തിലൂടെ ഫ്രാൻസിസ് പാപ്പാ തന്ന മുന്നറിയിപ്പിന്റെ ഗൗരവം നാം തിരിച്ചറിയേണ്ടത്. ആദ്ദേഹം എഴുതി: "ഇപ്പോഴത്തെ രീതി തുടർന്നുകൊണ്ടിരുന്നാൽ അസാധാരണമായ കാലാവസ്ഥാവ്യതിയാനത്തിനും മുമ്പുണ്ടാകാത്ത വിധത്തിലുള്ള പരിസ്ഥിതിനാശത്തിനും നമ്മെയെല്ലാം ഗൗരവമായി ബാധിക്കുന്ന പ്രത്യാഘാതങ്ങൾക്കും ഈ നൂറ്റാണ്ടിൽത്തന്നെ നമ്മൾ സാക്ഷ്യംവഹിക്കേണ്ടി വരും" (LS 24).

## ഉരുൾപൊട്ടലിന്റെ കാരണങ്ങൾ

ഉരുൾപൊട്ടലിനുള്ള കാരണങ്ങൾ ഒന്നല്ല, പലതാണ്. എന്നുമാത്രമല്ല, കാരണങ്ങൾ നിശ്ചയിക്കുന്ന കാര്യത്തിൽ വിദഗ്ധരുടെ ഇടയിൽത്തന്നെ അഭിപ്രായഐക്യം ഇല്ലതാനും. കാലാവസ്ഥാവ്യതിയാനത്തിന്റെ ഭാഗമായുണ്ടാകുന്ന അതിതീവ്ര മഴയാണ് ഉരുൾപൊട്ടലിനുള്ള പ്രധാനകാരണമെന്ന് എല്ലാവരുംതന്നെ സമ്മതിക്കുന്നുണ്ട്. മഴകൂടാതെ ഉരുൾപ്പൊട്ടലിനു കാരണമാകുന്ന മറ്റു ഘടകങ്ങൾ: പ്രദേശത്തിന്റെ ചെരിവ് (slope), നിമ്നോന്നത (Relative relief), പാറയ്ക്ക് മുകളിലെ മണ്ണിന്റെ ആഴം, മണ്ണിന്റെ / പാറയുടെ ഘടന, നീർച്ചാൽ സാന്ദ്രത എന്നിവയാണ്

"ഇപ്പോഴത്തെ രീതി തുടർന്നുകൊണ്ടിരുന്നാൽ അസാധാരണമായ കാലാവസ്ഥാവ്യതിയാനത്തിനും മുമ്പുണ്ടാകാത്ത വിധത്തിലുള്ള പരിസ്ഥിതിനാശത്തിനും നമ്മെയെല്ലാം ഗൗരവമായി ബാധിക്കുന്ന പ്രത്യാഘാതങ്ങൾക്കും ഈ നൂറ്റാണ്ടിൽത്തന്നെ നമ്മൾ സാക്ഷ്യംവഹിക്കേണ്ടി വരും"



മുകളിൽപ്പറഞ്ഞ ആറു ഘടകങ്ങളിൽ മനുഷ്യർക്ക് പ്രത്യേകിച്ച് നിയന്ത്രണമൊന്നുമില്ല. എന്നാൽ, ഇനി പറയുന്ന കാരണങ്ങൾ മനുഷ്യനിർമ്മിതങ്ങളാണ്: ഭൂവിനിയോഗത്തിൽ വരുത്തുന്ന മാറ്റങ്ങൾ, നീർച്ചാലുകളെ പരിഗണിക്കാതെയുള്ള നിർമ്മിതികൾ (റിസോർട്ട്, കൃത്രിമകുളങ്ങൾ, റോഡ്, കെട്ടിടങ്ങൾ, മതിലുകൾ മുതലായവ), കൃഷിക്കായി നീർച്ചാലുകൾ ഇല്ലാതാക്കൽ / ഒഴുക്ക് നിയന്ത്രണം / ഗതി മാറ്റൽ, റബ്ബർ തോട്ടങ്ങളുടെ പുതുക്കൽ പ്രക്രിയ (പഴയ റബ്ബർ മാറ്റി പുതിയവ നടൽ), പാറ ഖനനത്തിനായി നടത്തുന്ന വലിയ സ്ഫോടനങ്ങൾ, വനനശീകരണം. നേരത്തെ സൂചിപ്പിച്ച ഘടങ്ങളോട് ഇവ കൂടിച്ചേരുമ്പോൾ മനുഷ്യവാസമുള്ള പ്രദേശങ്ങളിലെ ഉരുൾപ്പൊട്ടലിന്റെ സാധ്യത ഏറെ വർധിക്കുന്നു.

മുകളിൽ പറഞ്ഞവയിൽ വനനശീകരണവും ക്വാറികളും പ്രത്യേകം ശ്രദ്ധിക്കേണ്ടവയാണ്.1950-കളിൽ വയനാടിന്റെ 85% ഉണ്ടായിരുന്ന വനപ്രദേശത്തിന്റെ 62% 2018 ആകുമ്പോഴേക്കും നഷ്ടപ്പെട്ടു കഴിഞ്ഞു. തോട്ടങ്ങളാകട്ടെ 1500% കൂടുകയും ചെയ്തു. കേരളത്തിൽ മൊത്തം 5924 ക്വാറികളാണുള്ളത്. ഇതിൽ 3332 എണ്ണം അതായത് 56 ശതമാനവും പശ്ചിമഘട്ടത്തിലെ അതീവ പരിസ്ഥിതിലോല പ്രദേശങ്ങളിൽ വൻ ഉരുൾപൊട്ടൽ സാധ്യത നിലനിറുത്തിക്കൊണ്ടാണ് പ്രവർത്തിക്കുന്നത്.

ഉരുൾപൊട്ടലിന്റെ കാരണങ്ങളിൽ സുപ്രധാന പങ്കുവഹിക്കുന്ന അതിതീവ്ര മഴയ്ക്ക് കാരണമായ കാലാവസ്ഥാവ്യതിയാനത്തെക്കുറിച്ച് 2015-ൽ ഫ്രാൻസീസ് പാപ്പാ എഴുതി: "കാലാവസ്ഥയുടെ അപകടകരമായ താപനത്തിന് നാം സാക്ഷ്യംവഹിച്ചുകൊണ്ടിരിക്കുകയാണ്. അതിന്റെ ഫലമായി കടലിലെ ജലനിരപ്പ് തുടർച്ചയായി ഉയർന്നുകൊണ്ടിരിക്കുന്നു. അന്തരീക്ഷതാപനം വളരെ ഗൗരവമായ കാലാവസ്ഥാവ്യതിയാനങ്ങൾ സൃഷ്ടിക്കുന്നു." (LS 23).

## സാധ്യതാമേഖലകൾ

ഇന്ത്യയിൽത്തന്നെ ഏറ്റവുമധികം ഉരുൾപൊട്ടലുകൾ രേഖപ്പെടുത്തുന്ന സംസ്ഥാനമാണ് കേരളം. 2017-2022 കാലത്ത് ഇന്ത്യയിലുണ്ടായ ഉരുൾപൊട്ടലുകളുടെ ഏതാണ്ട് 60% കേരളത്തിലായിരുന്നു. ഇതിനുള്ള ഒരു പ്രധാനകാരണം കേരളത്തിന്റെ ഭൂപ്രകൃതിതന്നെയാണ്. കേരളത്തിന്റെ 48 ശതമാനം ഭൂപ്രദേശവും മലനാടാണ്. 41% ഭാഗങ്ങൾ പശ്ചിമഘട്ടത്തോടടുത്തു കിടക്കുന്ന ഇടനാട്. 11 ശതമാനം പ്രദേശം മാത്രമാണ് പരന്നുകിടക്കുന്ന തീരദേശം. മലനാട്ടിന്റെ 31 ശതമാനവും 600 മീറ്ററിനുമേൽ ഉയരമുള്ള ചെങ്കുത്തായതും ഉരുൾപൊട്ടൽ സാധ്യത ഏറിയതുമായ പ്രദേശങ്ങളാണ്. ജില്ലാതലത്തിൽ പറഞ്ഞാൽ ആലപ്പുഴ ഒഴികെയുള്ള കേരളത്തിലെ 13 ജില്ലകളിലും ഉരുൾപൊട്ടൽ സാധ്യതയുള്ള പ്രദേശങ്ങളുണ്ട്. അതായത്, പശ്ചിമഘട്ടത്തിലെ 1400 ചതുരശ്ര കിലോമീറ്റർ പ്രദേശം. ഇതിൽ വയനാട്, ഇടുക്കി, പത്തനംതിട്ട, മലപ്പുറം, പാലക്കാട് ജില്ലകളിൽ അതിലോല പ്രദേശങ്ങൾ ഉൾപ്പെടുന്നു. ചുരുക്കത്തിൽ സംസ്ഥാനത്തിന്റെ 14.4% പ്രദേശങ്ങളും ഉരുൾപൊട്ടൽ സാധ്യതയുള്ള മേഖലകളാണെന്ന് വരുന്നു.

ഇതിൽത്തന്നെ ഉരുൾപൊട്ടലിനു സാധ്യത കൂടുതലുള്ള പ്രദേശങ്ങളും കുറവുള്ള പ്രദേശങ്ങളും സാധ്യത തീരെ ഇല്ലാത്ത പ്രദേശങ്ങളും അടയാളപ്പെടുത്തിയ മാപ്പുകൾ നാഷണൽ സെന്റർഫോർ എർത്ത് സെന്റർ സ്റ്റഡീസ് തയ്യാറാക്കിയിട്ടുണ്ട്. പക്ഷേ, ഈ മാപ്പുകളുടെ ന്യൂനതകൾ അടിയന്തരമായി പരിഹരിക്കുകയും അവയെ കാലികമായി നവീകരിക്കുകയും ചെയ്യണം. ഇതിനുപുറമെ, നീർച്ചാലുകളുടെ ഭൂപടവും പുനർനിർമ്മിക്കേണ്ടതുണ്ട്. നിലവിലെ ഭൂവിനിയോഗഭൂപടവും അതിന്റെ രീതിശാസ്ത്രവും ഉടച്ച് വാർക്കേണ്ടതുണ്ട്. Soil type map, Soil thickness map, Rock type map എന്നിവ പുതിയതായി നിർമ്മിക്കേണ്ടതുണ്ട്. ഇവയുടെയെല്ലാം അടിസ്ഥാനത്തിൽ പഞ്ചായത്ത് – വാർഡ് അടിസ്ഥാനത്തിൽ ഉരുൾപൊട്ടൽ സാധ്യതാഭൂപടവും, ആമേഖലകളിലെ ജനവാസ ഡേറ്റാഭൂപടവും തയ്യാറാക്കേണ്ടതുണ്ട്. എങ്കിൽ മാത്രമേ ഉരുൾപൊട്ടലുകളിൽനിന്ന് ജനങ്ങളെ ഫലപ്രദമായി സംരക്ഷിക്കുന്നതിനുള്ള മുൻകരുതലുകൾ എടുക്കാനാവൂ.

## പ്രതിരോധവഴികൾ

വയനാട്ടിലെ ഉരുൾപൊട്ടൽ മനുഷ്യ ഇടപെടൽ കൊണ്ടല്ലെന്നും അതിതീവ്രമഴയുടെ സ്വാഭാവിക ആഘാതമാണെന്നുമുള്ള ആശ്വാസ വിശദീകരണത്തിനാണ് സർക്കാരും കൂട്ടരും ശ്രമിക്കുന്നത്. കാലാവസ്ഥാ മാറ്റത്തിന്റെ ഭാഗമായി സംഭവിക്കുന്ന കാലവർഷത്തിലടക്കമുള്ള വലിയ മാറ്റങ്ങൾ കേരളത്തെ പ്രതികൂലമായി ബാധിക്കുന്നുണ്ടെന്നത് സത്യമാണ്. എന്നാൽ, ഈ മാറ്റങ്ങളെ നേരിടാനും അതിന്റെ ആഘാതങ്ങളെ ചെറുക്കാനുള്ള നടപടികളാണ് നമ്മൾ ചർച്ച ചെയ്യേണ്ടത്.

പരിസ്ഥിതി പ്രശ്നങ്ങൾക്കുള്ള പ്രതിരോധനടപടികൾക്ക് ക്രൈസ്തവരുടെ ഭാഗത്തുനിന്നു വരുന്ന എതിർപ്പിന്റെ രീതികളെ പാപ്പാ ചൂണ്ടിക്കാട്ടുന്നുണ്ട്: "പരിസ്ഥിതി പ്രശ്നങ്ങൾക്ക് പ്രായോഗിക പരിഹാരം കണ്ടെത്താനുള്ള പല പരിശ്രമങ്ങളും എതിർപ്പും താൽപര്യമില്ലായ്മയും മൂലം വിജയിച്ചിട്ടില്ല. വിശ്വാസികളുടെ ഭാഗത്തുനിന്നുപോലും ഉണ്ടാകുന്ന എതിർപ്പിന്റെ മനോഭാവങ്ങൾ പ്രശ്നത്തെ നിഷേധിക്കുന്നതുമുതൽ പ്രശ്നത്തോടുള്ള നിസ്സംഗതവരെ എത്തിനിൽക്കുന്നു..." (LS 14).

കാലാവസ്ഥാമാറ്റത്തെ ചെറുക്കുന്നതിനു വിശാലാടിസ്ഥാനത്തിൽ ചെയ്യേണ്ടത് മുതലാളിത്തവ്യവസ്ഥയുടെ അമിതോൽപ്പാദനത്തിന്റെയും അനാവശ്യ ഉപഭോഗത്തിന്റെയും വിഭവധൂർത്തിന്റെയും രീതികളെ ചെറുക്കുന്ന ബദൽ ജീവിതക്രമം ഉണ്ടാക്കിയെടുക്കുകയും അതിനെ പ്രോത്സാഹിപ്പിക്കുകയുമാണ്. ഫ്രാൻസിസ് പാപ്പാ എഴുതുന്നു: "ആഗോളതാപനത്തെ ചെറുക്കുന്നതിന് ജീവിതശൈലിയിലും, ഉൽപ്പാദനത്തിലും ഉപഭോഗത്തിലും മാറ്റം വരുത്താൻ മനുഷ്യൻ ശ്രദ്ധിക്കണം. എന്തെന്നാൽ താപനം വർധിപ്പിക്കുന്ന മാനുഷിക കാരണങ്ങളെയെങ്കിലും തടയുക അത്യാവശ്യമാണ്" (LS 23).

അതോടൊപ്പം, ഇത്തരം പാരിസ്ഥിതികദുരന്തങ്ങളുടെ ആഘാതം പരമാവധി കുറയ്ക്കുന്നതിനുള്ള സാമൂഹിക, ശാസ്ത്രീയ സജ്ജത ഉണ്ടാക്കിയെടുക്കുകയും വേണം. ഇവിടെയാണ് ഗാഡ്ഗിൽ, കസ്തൂരിരംഗൻ, ഉമ്മൻ എന്നീ കമ്മിറ്റികളുടെ റിപ്പോർട്ടുകളുടെ സാംഗത്യം. അവയൊന്നും പാടെ തള്ളിക്കളയേണ്ടവയല്ല. നേരെമറിച്ച് അവയെയൊക്കെ ഗൗരവമായി പഠിക്കാനും വിലയിരുത്താനും നടപടികളെടുക്കാനും നമ്മൾ തയ്യാറാകണം. അതോടൊപ്പം, ഈ രംഗത്തുള്ള മറ്റു വിദഗ്ധരുടെ ശാസ്ത്രീയ ഗവേഷണങ്ങളും നിർദേശങ്ങളും സ്വീകരിക്കാനുള്ള തുറവിയും നമ്മൾ കാണിക്കണം. കാലാവസ്ഥാമാറ്റം കാരണം പെയ്യുന്ന അതിതീവ്രമഴയെ നമുക്കാർക്കും നിയന്ത്രിക്കാനാകില്ല. എന്നാൽ, അത്തരത്തിലൊരു മഴമൂലം ഉരുൾപൊട്ടലിനു സാധ്യതയുള്ള പ്രദേശങ്ങളിൽ ബോധവത്കരണ നടപടികൾ തുടങ്ങാനും പ്രതിരോധ സംവിധാനങ്ങളൊരുക്കാനും നമുക്കു കഴിയും, കഴിയണം.

**കാലാവസ്ഥാമാറ്റം കാരണം പെയ്യുന്ന അതിതീവ്രമഴയെ നമുക്കാർക്കും നിയന്ത്രിക്കാനാകില്ല. എന്നാൽ, അത്തരത്തിലൊരു മഴമൂലം ഉരുൾപൊട്ടലിനു സാധ്യതയുള്ള പ്രദേശങ്ങളിൽ ബോധവത്കരണ നടപടികൾ തുടങ്ങാനും പ്രതിരോധ സംവിധാനങ്ങളൊരുക്കാനും നമുക്കു കഴിയും, കഴിയണം.**

## ഇനിയെന്ത്?

പ്രകൃതിദുരന്തമേഖലകളിൽ ആദ്യം നടത്തേണ്ട 'റിലീഫ് & റെസ്ക്യൂ' സർക്കാരിന്റെ നേതൃത്വത്തിൽ ഇപ്പോൾ കാര്യക്ഷമമായി നടന്നുവരികയാണല്ലോ. രണ്ടാമത്തേതാണ് 'പുനരധിവാസം'. ഈ രംഗത്ത് കാര്യക്ഷമമായി പലതും നമുക്ക് ചെയ്യാനാവും. ഭവനനിർമ്മാണപ്രക്രിയകൂടാതെ ദുരന്തബാധിതരുടെ മാനസികവും വൈകാരികവുമായ പുനരധിവാസം എളുപ്പമാക്കാനായി കൗൺസിലിങ് സെന്ററുകളും മറ്റും വഴി ദുരന്തബാധിതരെ 'അനുയാത്ര' ചെയ്യാനാവും. മൂന്നാമത്തെ ഘട്ടത്തെക്കുറിച്ചാണ് താഴെ പറയുന്ന പ്രായോഗിക നിർദേശങ്ങൾ.

ഉരുൾപൊട്ടലിൽനിന്ന് ജനങ്ങളെ സംരക്ഷിക്കുന്നതിന് ശാസ്ത്രീയ മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനായി പഠനസമിതിക്ക് നേതൃത്വം നൽകുന്നതിനുള്ള ഒരു കമ്മീഷനെ നിയമിക്കുക. പൊതുസമൂഹത്തിലെ വിദഗ്ധരുടെ സഹായത്തോടെ ആ പഠനത്തിന്റെ നിഗമനങ്ങൾ അവർ സമയബന്ധിതമായി സമർപ്പിക്കണം. നിഗമനങ്ങൾ ലഭിച്ചശേഷം, ആദിവാസികൾ, കർഷകർ, തോട്ടമുടമകൾ, കച്ചവടക്കാർ തുടങ്ങിയ ബന്ധപ്പെട്ട കക്ഷികളുമായി കൂടിയാലോചിച്ച് ഒരു പ്രവർത്തനപദ്ധതി തയ്യാറാക്കി സമർപ്പിക്കണം. പഠനറിപ്പോർട്ടിന്റെ ചർച്ചയും പ്രവർത്തനപദ്ധതി നടപ്പിലാക്കലും കേരളത്തിൽ എല്ലായിടത്തിലും മലയോരമേഖലകളിൽ പ്രത്യേകിച്ചും സഭയുടെനേതൃത്വത്തിൽ കാര്യക്ഷമമായി നടപ്പിൽ വരുത്തണം.

പരിസ്ഥിതി സംരക്ഷണത്തെയും പ്രകൃതിദുരന്തത്തിന്റെ പ്രതിരോധ മാർഗ്ഗങ്ങളെയും കുറിച്ചുള്ള ഏകദിനസെമിനാറുകൾ പ്രാദേശികമായും മേഖലാതലത്തിലും സഭാതലത്തിലും സംഘടിപ്പിക്കുക.


ഫ്രാൻസിസ് പാപ്പാ (ലൗദാത്തോ സി) മുന്നോട്ടുവയ്ക്കുന്ന പ്രതിസംസ്കാര ജീവിതശൈലിയുടെയും പരിസ്ഥിതി വിദ്യാഭ്യാസത്തിന്റെയും (LS 209–215) പ്രായോഗികവശങ്ങൾ കണ്ടെത്തുകയും അവ നടപ്പിലാക്കാനുള്ള കർമ്മപരിപാടികൾ സമഗ്രമായി ആവിഷ്ക്കരിക്കുകയും നടപ്പിലാക്കുകയും ചെയ്യുക. ❍

കവിത



അബ്ദുള്ള പേരാമ്പ്ര

# കാട്ടിൽ പാർക്കുന്ന ചങ്ങാതി



കാട്ടിൽപാർക്കുന്ന
ഒരു കൂട്ടുകാരനുണ്ടെനിക്ക്.
ഒട്ടുനാൾ മുഷിഞ്ഞിരിക്കുമ്പോൾ
ഒത്തുകൂടാൻ വരാറുണ്ടവൻ.
അവൻ വരുന്ന നാളുകളിൽ
എന്റെ വീടാകെ കാടായ് പൂക്കും.
നിലാവത്ത്,
ഒരു പുല്ലുപായ വിരിച്ച്
ആകാശംനോക്കി കിടക്കും ഞങ്ങൾ.
അതിനിടയിലവൻ പൊഴിച്ചിട്ടും
പല പല കഥകളുടെ പൂമരങ്ങൾ.
അതിന്റെ സുഗന്ധം നുകർന്നു ഞാൻ
എപ്പൊഴോ ഉറങ്ങിയിട്ടുണ്ടാവും.
അന്നവൻ വന്നത്
ഒരു പൊതി നിറയെ
കാട്ടിലെ വിഭവങ്ങളുമായാണ്.
പതിവുപോലെ
അവനെ കേട്ടും മിണ്ടിയും
ഒരു പാലമരമായ് മാറി ഞാൻ.
അതിൻ വേരിൽ തല ചേർത്ത്
കെട്ടുപിണഞ്ഞു കിടന്നു ഞങ്ങൾ.
നേരം പുലർന്ന്
അവൻ കാട്ടിലേക്ക് പോകാൻ നേരം
കയ്യിൽ തന്നു ആ പൊതിക്കെട്ട്.
അവനോടൊപ്പം
തോട്ടുവക്കു വരെ നടന്നു ഞാൻ.
തിരിച്ചെത്തി
അവൻ കാട്ടിലെത്തിയിട്ടുണ്ടാവുമോ എന്ന ആധിയോടെ
പൊതിയഴിച്ചു നിരത്തി ഞാൻ
ഒരു കുപ്പി നിറയെ
കാട്ടിലെ കോടമഞ്ഞ്.
പച്ചിലയിൽ പൊതിഞ്ഞിരിക്കുന്നു ഒരു മാൻ
നോട്ടം.
മറ്റൊരിലയിൽ
ഗർഭംധരിച്ചു തടാകത്തിന്റെ നീലിമ.
അതിൽ നീന്തുന്നു പുള്ളിമീനുകൾ. . .
ഒരു കുമ്പിളിൽ
കാട്ടുതേനീച്ച മൂളക്കം.
എല്ലാം പൊതിഞ്ഞെടുത്ത്
തലയ്ക്കുകീഴെവച്ച്
ഞാൻ മതിമറന്നുറങ്ങി.
രണ്ടുനാൾ കഴിഞ്ഞ്
കാട്ടിലേക്കൊന്നു പോകണം.
ചങ്ങാതിയെ കെട്ടിപ്പിടിച്ചൊന്നുമ്മവയ്ക്കണം. ❍

കഥ



സുഭാഷ് ഒട്ടുംപുറം

# പാത്ത

ചില വസ്തുക്കൾ; അത് നമുക്ക് പ്രിയപ്പെട്ടതല്ലെങ്കിൽക്കൂടി ഒത്തിരി കാലത്തിനുശേഷം കണ്ടുകിട്ടുമ്പോൾ അറിയാതെയെങ്കിലും നമ്മൾ ഒരു കാലഘട്ടത്തെക്കൂടിയാണ് കണ്ടെടുക്കുന്നതെന്ന് എനിക്ക് തോന്നിയിട്ടുണ്ട്. കണ്ടുകിട്ടുന്നത്, അതൊരു വസ്തുവോ വ്യക്തിയോ ആവട്ടെ, ഒരുകാലത്ത് നമുക്ക് ഏറെ പ്രിയപ്പെട്ടതായിരുന്നെങ്കിൽ അതെത്രമാത്രം സുന്ദരമാവും. ഈയിടെ എനിക്കങ്ങനെ ചില അനുഭവങ്ങളുണ്ടായി. അതുതന്നെയാണ് എന്റെ ശാപമെന്ന് സുബിത പറയുന്നുണ്ടെങ്കിലും ഞാനതു കാര്യമാക്കുന്നില്ല.

കാര്യമിതാണ്; ചെറുപ്പത്തിൽ എനിക്ക് ഒരു പ്രിയപ്പെട്ട കളിപ്പാട്ടമുണ്ടായിരുന്നു. ഒരു വാനിന്റെ ആകൃതിയിലുള്ള മരക്കഷ്ണം. മരമില്ലിലെ ഈർച്ചവാളിന്റെ അലക്ഷ്യമായ ചീന്തലിൽ ഒരു ഭാഗം ചെത്തിപ്പോയതുകൊണ്ട് അതിൽ ഞാനൊരു മാറ്റഡോർ വാനിനെ സങ്കല്പിച്ചെടുക്കുകയായിരുന്നു. സാങ്കല്പിക ചക്രങ്ങളുമായി ഞാനതിനെ പറമ്പ് മുഴുവൻ ഉരുട്ടിനടന്നു. ഉത്സവപ്പറമ്പുകളിലെ എനിക്ക് കിട്ടാതെപോയ കളിവാഹനങ്ങളെക്കാൾ സൗന്ദര്യം ആ മുട്ടിക്കണ്ടത്തിനുണ്ടെന്ന് ഞാനന്ന് സ്വയം വിശ്വസിപ്പിച്ചിരുന്നു. മാത്രമല്ല; അതിന് അപ്രത്യക്ഷമാകാനുള്ള കഴിവുമുണ്ടായിരുന്നു. അതായിരുന്നു അതിന്റെ ഏറ്റവും വലിയ പ്രത്യേകത.

ചിലപ്പോൾ കുറെ മാസങ്ങൾ, അല്ലെങ്കിൽ വർഷംതന്നെയും അതു മറഞ്ഞിരിക്കും. അച്ഛൻ തെങ്ങിന് തടം കോരുമ്പോഴോ, ഓലവീട് മാറ്റിക്കെട്ടുമ്പോഴോ എന്നെ അദ്ഭുതപ്പെടുത്തിക്കൊണ്ട് അതു മണ്ണിനടിയിൽനിന്ന് പൊന്തി വരും. ആ മരക്കഷ്ണം കണ്ടെടുക്കുന്ന നിമിഷമായിരുന്നു കുട്ടിക്കാലത്തെ എന്റെ ഏറ്റവുംവലിയ സന്തോഷം. മണ്ണിനടിയിൽക്കിടന്ന് ചിതലരിച്ചിട്ടുകൂടി ഒരു പുതിയ കളിപ്പാട്ടത്തിനെക്കാൾ വിസ്മയം കൊണ്ടുവരാൻ അതിനു കഴിഞ്ഞിരുന്നു.

കുറെ നാളുകൾ അതെന്റെ സ്വന്തം കുഞ്ഞിനെപ്പോലെ എന്നോടു പറ്റിച്ചേർന്നിരിക്കും. പിന്നെ, എന്റെ കൗതുകമടങ്ങുന്ന ഏതോ നിമിഷത്തിൽ അതു വീണ്ടും അപ്രത്യക്ഷമാകും. പിന്നീടെന്നെങ്കിലും മണ്ണിനടിയിൽനിന്ന് ഉയർന്നുവരികയും ചെയ്യും. ഓരോ തവണ കണ്ടെടുക്കുമ്പോഴും നീണ്ട മൺവാസം കാരണം അതു ദ്രവിച്ച് ദ്രവിച്ച് ഇല്ലാതായിക്കൊണ്ടിരുന്നു. അപ്പോഴൊക്കെ ഞാനതിനെ സങ്കല്പങ്ങളാൽ റിപ്പയർ ചെയ്ത് പുത്തനാക്കി.

ഇന്നാലോചിക്കുമ്പോൾ അദ്ഭുതം തോന്നുന്നു. ഒരു വാഹനത്തിന്റേതായ ഒന്നും ആ മുട്ടിക്കണ്ടത്തിനില്ലായിരുന്നു. അതിന്റെ ചലനം, ശബ്ദം, രൂപം, എല്ലാം ഞാനായിരുന്നു. അതിന്റെ ഡ്രൈവറും യാത്രികനും ഞാനായിരുന്നു. അല്ല, എന്റെകൂടെ ഒരാൾകൂടി ഉണ്ടായിരുന്നു. ഓർമ വരുന്നില്ല.

അവസാനമായി അത് അപ്രത്യക്ഷമായത് ഓർമയിലില്ലാത്ത ഏതോ ഒരു ദിവസമാണ്. പിന്നീടൊരിക്കലും അതിനെ കണ്ടെടുക്കാൻ എനിക്കു കഴിഞ്ഞിരുന്നില്ല. അപ്പോഴേക്കും ഞാൻ വലുതായിപ്പോയി. ഇനിയൊരിക്കലും അതു തിരിച്ചു കിട്ടുമെന്ന പ്രതീക്ഷ എനിക്കില്ലായിരുന്നു. അപ്രത്യക്ഷമാകാനുള്ള കഴിവിനെ അടിവരയിടുന്ന തരത്തിലുള്ള ദ്രവീകരണം നടന്നിരിക്കണം. ആദ്യമൊക്കെ അതു മറഞ്ഞിരിക്കുന്ന നാളുകളിൽ ഞാനതിനെ സ്വപ്നം കാണാറുണ്ടായിരുന്നു.



പതിയെ പതിയെ അതെന്റെ സ്വപ്നത്തിന്റെ അതിരുകൾക്കകത്തുനിന്നുപോലും പുറത്തായി. ഞാനതിനെ എന്നോ മറന്നതായിരിക്കും അതിനു കാരണം.

ആ കളിപ്പാട്ടം കണ്ടെടുക്കുമ്പോളുണ്ടാകുന്ന എത്രയോ ഇരട്ടി സന്തോഷമാണ് പാതയെ കുറെക്കാലത്തിനുശേഷം കണ്ടപ്പോൾ എനിക്കു തോന്നിയത്. പാത; അവളത്രമേൽ എനിക്ക് പ്രിയപ്പെട്ടവളായിരുന്നു എന്നാലോചിക്കുമ്പോളാണ് ആ സന്ദർഭത്തിന് തിളക്കം കൂടുന്നത്. സന്തോഷംകൊണ്ടും അമ്പരപ്പുകൊണ്ടും എനിക്ക് ബോധക്ഷയം വരുമോ എന്നു ഞാൻ സംശയിച്ചു. ആദ്യം എനിക്കവളെ മനസ്സിലായില്ല. അവളെ അവസാനമായി ഓർമിച്ചത് ഇരുപത്തഞ്ച് വർഷങ്ങൾക്കു മുമ്പായിരിക്കണം. എങ്കിലും, പെട്ടൊന്നൊരു ദിവസം വീടിന്റെ ഉമ്മറത്തുവന്ന് ഞാൻ പാതയാണെടാ പൊട്ടാ എന്നവൾ പറഞ്ഞപ്പോൾ ഞാൻ തൊണ്ണൂറ് കാലഘട്ടത്തിലെ ആളനക്കം അധികമില്ലാത്ത എന്റെ ഗ്രാമത്തിലേക്ക് ചെന്നു വീഴുകയായിരുന്നു. നിമിഷങ്ങൾകൊണ്ട് സാധ്യമാകുന്ന ഓർമകളുടെ സമയസഞ്ചാരം.

'ന്നെ കൊന്നാലും ഞാൻ വെരൂല' - നിസ്സഹായനായ ഒരെട്ടുവയസ്സുകാരനുമുന്നിൽ അതിലും നിസ്സഹായയായി ഒരു പെൺകുട്ടി അലമുറയിട്ടു.

പാത. വിചിത്രമായ പേരുള്ളവൾ. വിചിത്രമായ വഴികളിലൂടെ നടക്കാൻ എന്നെ കൂട്ടുവിളിച്ചവൾ.

അവളന്ന് അച്ഛന്റെയും അമ്മയുടെയും കൂടെ പോകാൻ കൂട്ടാക്കിയില്ല. അവർ സ്ഥലംവിറ്റ് മറ്റെവിടേക്കോ പോവുകയായിരുന്നു. എവിടേക്കായിരുന്നു അവരന്ന് പോയത്? ഏതോ നാശംപിടിച്ച സ്ഥലമാണ്. പേരോർമ വരുന്നില്ല. വലിച്ചിഴച്ചുകൊണ്ട് പോകുമ്പോൾ അവൾ നിലത്തുനിന്നൊരുപിടി മണ്ണ് വാരിയെടുക്കുന്നത് നനഞ്ഞ കണ്ണുകൾകൊണ്ട് അവ്യക്തമായി ഞാൻ കണ്ടിരുന്നു. അവൾ ഓർമയിൽനിന്ന് മാഞ്ഞുപോകാൻ എത്ര കാലമെടുത്തു? അതുപോലും എനിക്കോർമയില്ല.



മൈതാനത്തെ കുത്തിമറിയലിനിടെ പോക്കറ്റിൽ അകപ്പെട്ടുപോകുന്ന ഗ്രാമത്തിലെ മണ്ണ്, മുടിയിഴകൾ, പുസ്തകത്താളുകളിൽ ഒളിപ്പിച്ച ഇലകൾ... ഒന്നുംതന്നെ സ്കൂളിലോ വഴിവക്കിലോ ഉപേക്ഷിക്കാൻ അവൾക്ക് മനസ്സ് വന്നിരുന്നില്ല. ഗ്രാമത്തിലേതെല്ലാം ഇവിടെത്തന്നെ എത്തിച്ചാലേ അവൾക്ക് സമാധാനമാകുമായിരുന്നുള്ളൂ.

അന്നു വാരിയെടുത്ത മണ്ണ് മുറ്റത്തേക്ക് വിതറിക്കൊണ്ടാണ് അവളെന്റെ ഓർമകളെ തകിടംമറിച്ചത്. അസമയത്തെ അതിഥിയെ സുബിത സംശയത്തോടെ നോക്കി.

'എനിക്കിഷ്ടപ്പെട്ടില്ല.. എന്തിനാ പഴയ ഓലവീടിനുപകരം വാർപ്പിട്ട വീടുവച്ചത്?' - എന്ന അതൃപ്തിയോടെയാണ് പാത അകത്തേക്ക് കയറിയത്.

സ്വന്തം വീടുനിന്നിരുന്ന തെക്കേപ്പറമ്പിലേക്ക് അവൾ കണ്ണോടിക്കുന്നതുകണ്ടപ്പോൾ ഓർമകൾ എന്നിൽ അണപൊട്ടി. മരത്തിൽനിന്ന് വീണത്, വല്ലപ്പോഴും വന്നിരുന്ന അനൗൺസ്മെന്റ് വാഹനങ്ങൾക്ക് പിറകെ ഓടിയത്, തൊണ്ണൂറ്റി രണ്ടിലെ കലാപത്തിൽ അതിനെക്കാൾ വേഗത്തിൽ ഓടിയത്, ക്യാംപിലെ അഭയാർഥിജീവിതം, കളക്ടറേറ്റിനു മുന്നിലെ ധർണ, ഗ്രാമത്തിലേക്കുള്ള തിരിച്ചുവരവ്, സർക്കാർ തന്നുവിട്ട നീലയും വെള്ളയും നിറത്തിലുള്ള കമ്പിളിപ്പുതപ്പ്, കോഴിക്കുഞ്ഞുങ്ങളും അവയ്ക്കുള്ള തീറ്റയും, തിന്നാലും തിന്നാലും തീരാത്ത വെളുത്ത ബിസ്ക്കറ്റ്, പാഠപുസ്തകങ്ങൾ.....

ഈ ഓർമകളൊക്കെ ഇത്രകാലം എവിടെയായിരുന്നെന്ന് ഞാനദ്ഭുതപ്പെട്ടു.

രാത്രി കിടക്കാൻ നേരത്ത് സുബിത ചോദിച്ചു:

'ഇത്ര കാലം ഇങ്ങനെയൊരാളെപ്പറ്റി എന്നോട് പറഞ്ഞില്ലല്ലോ?'

അവളുടെ ശബ്ദത്തിൽ പരിഭവം നിറയുന്നത് ഞാനറിഞ്ഞു.

തെറ്റായിരുന്നു സുബിതേ, വലിയ തെറ്റ്; പാതയെ ഇത്ര കാലം ഓർക്കാതിരുന്നത്.

സുബിതയുടെ പരിഭവം മറ്റൊരു തലത്തിലേക്ക് വളരുന്നതായിരുന്നു പിന്നീടുള്ള ദിവസങ്ങളിലെ പ്രധാനപ്പെട്ട സംഭവങ്ങൾ. പാതയോടൊപ്പം ഓർമകൾ പെറുക്കിയെടുക്കുന്ന ധൃതിയിൽ ഞാനതൊന്നും ശ്രദ്ധിച്ചതേയില്ല.

പുഴയോരത്തിരിക്കുമ്പോൾ, ആരുമടുത്തില്ലാതിരുന്നിട്ടുകൂടി പാത ഒച്ച താഴ്ത്തി പറഞ്ഞു: 'നീ കല്യാണം കഴിച്ചത് എനിക്കിഷ്ടായിട്ടില്ല. ഇവിടെ എല്ലാം മാറിപ്പോയി. നീയടക്കം.'

ഞാൻ എന്തു പറയണമെന്നറിയാതെ നിന്നു. അവൾ എന്നെങ്കിലും തിരിച്ചുവരുമെന്നറിഞ്ഞിരുന്നെങ്കിൽ ഞാൻ കാത്തിരിക്കുമായിരുന്നോ? അതിന് അങ്ങനെ വല്ല ഇഷ്ടവുമായിരുന്നോ അന്നത്തേത്? പാത നിർവികാരയായി അങ്ങനെ പറഞ്ഞപ്പോൾ ജീവിതത്തിലാദ്യമായി സുബിത ഒരധികപ്പറ്റായി തോന്നി എനിക്ക്.

'എന്ത് ഭംഗിയുള്ള നാടായിരുന്നു. എത്രമരങ്ങളുണ്ടായിരുന്നു. അതൊക്കെ എവിടെപ്പോയ്?

ഞാനൊന്നും മിണ്ടിയില്ല.

നമ്മൾ നട്ട മരങ്ങളിലെത്രയെണ്ണം ഇപ്പോൾ ബാക്കിയുണ്ടെന്ന് നിനക്കറിയാമോ?'-അവൾ ചോദിച്ചു.

'അതിന് നമ്മൾ മരം നട്ടിരുന്നോ?'

'അതാ പറഞ്ഞത് നീ മാറിപ്പോയീന്ന്. ദാ ആ മരം നോക്ക്'.

അവൾ പുഴയോരത്തെ ഒരു താന്നിമരത്തിലേക്ക് ചൂണ്ടുവിരൽ നീട്ടി.

'നമ്മൾ നട്ടതാണത്. അത് എന്റെ ദാ ഇത്രയ്ക്കായപ്പോഴാണ് ഞാനിവിടന്ന് പോയത്. അതിന്റെ ഇടത്തേക്കൊമ്പിൽ നമ്മളന്ന് പേരെഴുതി വച്ചത് ഇപ്പോഴും ഉണ്ടാവും.'

അതു സത്യമായിരുന്നു. ആ ഊക്കൻ കൊമ്പിൽ മുറിപ്പാടുപോലെ ഞങ്ങളിരുവരുടെയും പേര് ഞങ്ങൾക്കുമാത്രം വായിക്കാൻ പാകത്തിൽ ഗൂഢലിപിപോലെ മുദ്രണം ചെയ്ത് വച്ചിട്ടുണ്ടായിരുന്നു.

അവളുടെ ഓർമശക്തിയിൽ എനിക്ക് അദ്ഭുതം തോന്നി. അതിനെക്കാൾ കുറ്റബോധവും.

എന്റെയും പാതയുടെയും ഓർമകൾ ഉറയ്ക്കുന്നതിനുമുമ്പു നടന്ന ഒരു സംഭവത്തിന്റെ ദൃക്സാക്ഷി വിവരണങ്ങൾ ഞാൻ ഓർത്തെടുക്കാൻ ശ്രമിച്ചു. അന്നു ഞങ്ങൾക്ക് മൂന്നുവയസ്സായിരുന്നു പ്രായം. വീട്ടുകാരുടെ കണ്ണ് തെറ്റിയ നേരത്ത് ഞങ്ങൾ പുഴയോരത്തേക്ക് നടന്നത്രേ. അവിടെ കളിച്ചുകൊണ്ടിരിക്കുമ്പോൾ എങ്ങനെയോ ഞാൻ പുഴയിൽ വീണു. വെള്ളത്തിൽക്കിടന്ന് പിടയുകയായിരുന്ന എന്നെ നോക്കി പാത കൈകൊട്ടി ചിരിക്കുകയായിരുന്നത്രേ. അവളുടെ അന്നത്തെ ബുദ്ധിയിൽ എന്റെ മരണപ്പിടച്ചിൽ നീന്തലായിട്ടാവും തോന്നിയിട്ടുണ്ടാകുക. വീട്ടുകാർ കണ്ടതുകൊണ്ട് മാത്രം ഞാൻ രക്ഷപ്പെട്ടു. പിന്നീട് വലുതായപ്പോൾ ആ കഥ കേൾക്കുമ്പോളെല്ലാം പാതയുടെ മുഖത്ത് അകാരണമായ കുറ്റബോധം നിറയും. ആരും കേൾക്കാതെ എന്നോട് ക്ഷമചോദിക്കും. അവൾ ഒരു കുമിളയായിരുന്നു. പൊട്ടാൻ പാകത്തിൽ ഉരുണ്ടുകൂടുന്ന കണ്ണീർക്കുമിള.

അവളെ  പരീക്ഷിക്കാൻവേണ്ടി മനഃപൂർവം ഞാനാ സംഭവം എടുത്തിട്ടു. പണ്ടത്തെപ്പോലെ അവൾ തലകുനിച്ച് എന്നോട് ക്ഷമ ചോദിച്ചില്ല. പകരം കണ്ണുകൾ അസാധാരണമായ് തിളങ്ങി.

'ഓർമിപ്പിച്ചതിന് നന്ദി'– എന്റെ കൈ പിടിച്ച് അവൾ അത്രമാത്രം പറഞ്ഞു.

തിരിച്ചുനടക്കുമ്പോൾ കുറെ നേരത്തേക്ക് ഞങ്ങൾ ഒന്നും സംസാരിച്ചില്ല. വീടെത്താറായപ്പോൾ, പണ്ട് വേലിയുണ്ടായിരുന്ന അതിരിൽ അവൾ നിന്നു.

'ഇവിടുന്ന് പോയശേഷം ഞാനെത്ര കഷ്ടപ്പെട്ടന്നറിയ്യോ... എത്ര ശ്രമിച്ചിട്ടും പുതിയ സ്ഥലവുമായി ഇണങ്ങാൻ എനിക്ക് കഴിഞ്ഞില്ല. ഈ നാടിനെയും നിന്നെയും ഓർത്ത് മാത്രമാണ് ഞാനിത്രകാലം കഴിച്ചുകൂട്ടിയത്. ഇവിടേക്ക് വരാൻ വേണ്ടിയാണ് ഞാനിത്രകാലം ജീവിച്ചതുതന്നെ.'

എനിക്കവളോട് വല്ലാത്ത അലിവുതോന്നി.

'പലതവണ അവിടന്ന് രക്ഷപ്പെട്ട് ഇങ്ങോട്ടെത്താൻ ഞാൻ ശ്രമിച്ചിരുന്നു. അപ്പോഴൊക്കെ അവരെന്നെ ഭ്രാന്താശുപത്രിയിലടച്ചു.'

ഞാനക്കാര്യം പറഞ്ഞപ്പോൾ സഹാനുഭൂതിക്കുപകരം സുബിതയുടെ മുഖത്ത് ജാഗ്രതപരന്നു. മുമ്പൊരിക്കലുമില്ലാതിരുന്നവിധം അവൾ ജാഗരൂകയായി. പാതയുടെ വരവ് നാശത്തിനാണെന്ന് അവൾ പലവട്ടം പറഞ്ഞു. ജീവിതത്തിൽ ആദ്യമായി അവൾക്ക് എന്നിൽ സംശയംതോന്നി.

സുബിതയെ കാര്യങ്ങൾ പറഞ്ഞു മനസ്സിലാക്കാൻ ഞാൻ പലവട്ടം ശ്രമിച്ചു. പക്ഷേ, അവളുടെ കണ്ണിൽ ഭർത്താവിനെ തട്ടിയെടുക്കാൻ വന്ന കള്ളക്കാമുകി മാത്രമായി പാത.

'കോത'– അവൾ പറഞ്ഞു.

ഞങ്ങൾക്കിടയിലെ അസ്വസ്ഥതകൾ പാത അറിയാതിരിക്കാൻ ഞാൻ പരമാവധി ശ്രമിച്ചു. ആദ്യത്തെ ദിവസംതന്നെ അവളതു മനസ്സിലാക്കിയിരുന്നു എന്നു വൈകിയാണ് ഞാനറിഞ്ഞത്.

'ഇവിടെ എനിക്ക് ഓർത്ത് വയ്ക്കാൻ ഒന്നുമില്ല സുബിതേ. അതുകൊണ്ട് ഞാൻ പോവുകയാണ്.'–വന്നതിന്റെ മൂന്നാം നാൾ പാത പറഞ്ഞു.

അതു കേട്ടപ്പോൾ സുബിതയുടെ മുഖത്ത് ആശ്വാസത്തെക്കാളധികം നിരാശ പരക്കുന്നത് ഞാൻ കണ്ടു. തന്റെ പ്രതിയോഗി ഇത്ര പെട്ടന്ന് തോൽവി സമ്മതിച്ചതിന്റെ നൈരാശ്യമാകുമെന്ന് ഞാൻ കരുതി. പക്ഷേ, പെണ്ണിനുമാത്രം സാധ്യമാകുന്ന സവിശേഷമായ ചില സഹാനുഭൂതികളുണ്ട്. സുബിത ഒരു പെണ്ണായിരുന്നു. പാതയെപ്പോലെതന്നെ.

വന്നപോലെതന്നെ പാത പടിയിറങ്ങി. പോകുംമുമ്പ് അവൾ രണ്ട് അദ്ഭുതങ്ങൾ പ്രവർത്തിച്ചു. അല്ല മൂന്ന്.

ആദ്യത്തേത്,

അവൾ പറമ്പിന്റെ തെക്കേ മൂലയിലേക്ക് നടന്നു.

'ഇവിടെ നിനക്കോർമയുണ്ടോ?'– അവൾ എന്നോട് ചോദിച്ചു.

അദ്ഭുതം. ആ നിമിഷം മാത്രം എനിക്കത് ഓർമവന്നു.

അവിടം ഞങ്ങളുടെ പറമ്പിന്റെ അതിർത്തിയായിരുന്നു. രാമച്ചവും ചെമ്പരത്തിയുമൊക്കെ പടർന്നുപിടിച്ച അതിര്. ആ രാമച്ചക്കാടുകൾക്കിടയിൽനിന്ന് പണ്ട് ഞങ്ങൾക്ക് കുറെ മുട്ടകൾ കിട്ടിയിരുന്നു. കലാപത്തിൽ നഷ്ടപരിഹാരമായി കിട്ടിയ പുള്ളിക്കോഴി ആരുമറിയാതെ രഹസ്യമായിട്ട മുട്ടകൾ.

'ഇവിടെ കുഴിക്ക്.' – അവൾ പറഞ്ഞു.

എനിക്ക് മനസ്സിലായില്ല. ഞാൻ അനങ്ങാതെ നില്ക്കുന്നതു  കണ്ട് അവൾ കുഴിക്കാൻ തുടങ്ങി; വെറും കൈകൊണ്ട്. കുപ്പിച്ചില്ലുകൊണ്ട് അവളുടെ കൈ മുറിഞ്ഞിട്ടും അവൾ നിർത്തിയില്ല.

'കുപ്പിച്ചില്ലല്ല പൊട്ടാ. വളപ്പൊട്ടാണ്.'– അവൾ ചിരിച്ചു.

ഒരു കൈ മുഴുവനായും താഴാനുള്ള ആഴമെത്തിയപ്പോൾ അവൾ എന്നെ നോക്കി കണ്ണുചിമ്മി. കുഴിയിൽനിന്നവൾ പുറത്തെടുത്ത പഴയ സാങ്കല്പിക മാറ്റഡോർ വാൻ കണ്ട് ഞാനറിയാതെ ബ്ർർ എന്ന് ശബ്ദമുണ്ടാക്കി. മണ്ണിൽക്കിടന്ന് അങ്ങേയറ്റം പ്രാകൃതമായിരുന്നു അത്. എന്നിട്ടുപോലും അതെന്റെയുള്ളിൽ കരിയും പുകയുമുയർത്തി കിലോമീറ്ററുകൾക്കപ്പുറത്തെ ബാല്യത്തിലേക്ക് കുതിച്ചു.

രണ്ടാമത്തെ അദ്ഭുതം:

ഒരു ആധാരമായിരുന്നു. പണ്ട് അവളുടെ അച്ഛൻ വിറ്റൊഴിച്ച പുരയിടത്തിന്റെ ആധാരം. എന്റെ പേരിലേക്ക് പുതുക്കിയെഴുതിയത്.

'നിന്റെ കുട്ടികൾക്ക് കളിക്കാൻ മാത്രമുള്ളതാകണം ആ ഭൂമി. ഒരിക്കലും ആ കാല്പാടുകൾ മായ്ച്ചുകളയരുത്. പിന്നെ...'

അവൾ സംശയിച്ചു.

'ഞാൻ മരിച്ചാൽ അവിടെ അടക്കണം. നിനക്ക് പറ്റുമെങ്കിൽ....'

ഞാനൊന്നും മിണ്ടിയില്ല. മറുപടിക്കുവേണ്ടി കാത്തുനില്ക്കാതെ അവൾ നടന്നു. എനിക്ക് തടയണമെന്നുണ്ടായിരുന്നു. പോകരുതെന്ന് പറഞ്ഞ് പ്രതിഷേധിക്കണമെന്നുണ്ടായിരുന്നു. പക്ഷേ, ഞാനൊന്നും ചെയ്തില്ല.

പണ്ട്, ഞാൻ മുങ്ങിത്താഴാൻ തുടങ്ങിയ പുഴയുടെ അതേ ഭാഗത്ത് അവൾ പോയി കിടന്നതാണ് മൂന്നാമത്തേത്. എത്ര വിളിച്ചിട്ടും അവൾ കേറി വന്നില്ല. വാശിയോടെ കമഴ്ന്നങ്ങ് ഒറ്റക്കിടപ്പ്. അതുകണ്ട് കരയിലിരുന്ന് ഞാൻ ഒരുപാടുനേരം കൈകൊട്ടി ചിരിച്ചു. പിന്നെ, അവൾ കണ്ടെടുത്തുതന്ന മാറ്റഡോർ വാനെടുത്ത് ബ്ർർ എന്ന് ശബ്ദമുണ്ടാക്കി മണ്ണിലുരുട്ടാൻ തുടങ്ങി. അപ്പോൾ എന്റെ തൊട്ടടുത്ത സീറ്റിലുണ്ടായിരുന്നത് പാതയായിരുന്നെന്ന് ഇപ്പോൾ എനിക്കോർമ വരുന്നുണ്ട്. ❍

കവിത



പി.എം. ഗോവിന്ദനുണ്ണി

# മടങ്ങിവരാത്ത വേരുകൾ



പകലിലേയ്ക്കൂർന്നുവീണ
ഒരുതുള്ളി നിലാവ്
ഇരുണ്ട ഊരുകൾക്കിടയിലൂടെ
ഒഴുകിപ്പോയി.

മഞ്ഞു മരിച്ചുപോകാത്ത
മലകളിൽ നോക്കി
മനുഷ്യനെപ്പോലെ ഒരാൾ.
അയാൾ
സ്വയം തറഞ്ഞു നിൽക്കുന്ന
മരത്തിന്റെവേരുകൾ –
പുഴയിലേക്കോടിപ്പോയവ
വയലിലേക്കോടിപ്പോയവ
പാറയിടുക്കിൽ
കുടുങ്ങിപ്പോയവ
മരിച്ചിട്ടില്ലാത്തവ
എന്നാൽ
ഒരിക്കലും മടങ്ങിവരാത്തവ.

മരത്തിൻമേൽ നിന്നുതിരുന്ന
അയാളുടെ നെടുവീർപ്പുകൾ
അവസാനിക്കാത്തവ.
നിശ്ശബ്ദതയെ മാന്തിപ്പൊളിച്ച്
ദിവസംമുഴുവൻ അവ വായുവിൽ.

ഒരു നിഴലും മുട്ടുകുത്താത്ത
മരച്ചുവട്ടിൽ
ഉറുമ്പരിച്ച രക്തം.
അത് നിലവിളിക്കുന്നില്ല,
പക്ഷേ, ❍

# ഏറ്റവും നല്ലത് എഴുത്തിൽ തന്നെ

## എഴുത്ത്

ചിന്തിക്കുന്ന ഹൃദയങ്ങൾക്ക്

## മലയാള ഭാവനയുടെ ഭാവിരൂപം

**ലൊയോള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പീസ് പ്രസിദ്ധീകരിക്കുന്ന മാസിക**




| ഒറ്റപ്രതി : 40.00 | | | |
|---|---|---|---|
| | | വരിസംഖ്യ | അടക്കേണ്ടത് |
| 1 വർഷം | – | 480 | 480 |
| 2 വർഷം | – | 960 | 950 |
| 3 വർഷം | – | 1440 | 1400 |
| 5 വർഷം | – | 2400 | 2300 |

Cheque/DD/Money Order in favor of
**LOYOLA PEACE TRUST,**
**STATE BANK OF INDIA,**
**DESHABHIMANI JN., KALOOR BRANCH**

വരിസംഖ്യ അക്കൗണ്ടിലേക്ക് നേരിട്ടും അയയ്ക്കാം.
Cash Remittance നടത്തുമ്പോൾ
Bank Charge ഉം കൂടി ഉൾപ്പെടുത്തണം.

**A/C. No. 35112898418**
**MICR: 682002906 IFSC: SBIN0070327**

(തുക അക്കൗണ്ടിലടച്ചശേഷം വിവരം അറിയിക്കണം)

LOYOLA PEACE TRUST

വരിക്കാരാകാൻ ഫോണിലെ
UPI App ഉപയോഗിച്ച്
QR Code സ്കാൻ ചെയ്യുക

**മാനേജിംഗ് എഡിറ്റർ**


**എഴുത്ത് മാസിക, ലൂമൻ ജ്യോതിസ്, പോണോത്ത് റോഡ്, കലൂർ, കൊച്ചി 17**
**ഫോൺ: 0484 2334048, 81292 16033** ezhuthumagazine@gmail.com

# കവിത



കെ. ബാബു ജോസഫ്

# 10 കവിതകൾ



## നിദ്ര

എന്റെ ഇടതുകണ്ണിൽ
മധുര സ്വപ്നങ്ങളും
വലതുകണ്ണിൽ
പേടിസ്വപ്നങ്ങളും
നിറച്ച്
കൺപോളകളെ
മൃദുവായ്
തഴുകി
ചുംബിച്ചടച്ചു
നിദ്ര.

## പ്രവാഹം

മനസ്സിൽ കനവുകൾ നിനവുകൾ
നോവുകൾ ക്ഷോഭങ്ങൾ
കണ്ണുകളിൽ നീർക്കയങ്ങൾ
ഹസ്തചലനങ്ങളും ആംഗ്യങ്ങളും
അർഥം പൂർണമായ്
ദ്യോതിപ്പിക്കുന്നില്ല
ശരീരമിളക്കി
നാവനക്കി പല്ലുകാട്ടി
വാക്കുകളുടെ
കുത്തൊഴുക്കുണ്ടാകട്ടെ.

## പേടി

വായു
മലിനീകരണകാരികളിൽ
മുഖ്യം
കാർബൺ ഡയോക്സൈഡല്ല
കള്ളന്മാരും
കൊള്ളക്കാരും
പിന്നെ
അധികാരികളും
പിണിയാളുകളും
പരത്തും പേടിയാണ്

## സഹനസീമ

ജനാധിപത്യം ജീർണിച്ച്
ഏകാധിപത്യം
ഏകാധിപത്യം ജീർണിച്ച്
സ്വേച്ഛാധിപത്യം
വളയമില്ലാച്ചാട്ടം
നാണംകെട്ടവന്റെ
നഗ്നതാപ്രകടനം
സഹികെട്ട് ജനങ്ങൾ
സത്യംപറയാനാരു
വായതുറക്കും?

## അടിയന്തരാവസ്ഥ

മൃഗീയഭൂരിപക്ഷം
കിട്ടിയ സ്വേച്ഛാധിപതി
മൊഴിഞ്ഞു:
ഇനി രാജ്യത്തിനാവശ്യം
കൂടുതൽ തടവറകളും
ഇടിമുറികളുമാണ്
പണം വകമാറ്റി
അടിയന്തരമായവ
നിർമിക്കണം
ഒപ്പം തൂക്കുമരങ്ങളും.

## സ്വാതന്ത്ര്യം

ചുമലിൽ നുകമേറ്റിയത്
പരിണാമത്തിന്റെ ഏത് ഘട്ടത്തിൽ?
ഒന്നല്ല രണ്ടല്ല ...നിരവധി നുകങ്ങൾ
നുകം നുകത്തിന് മേൽ നുകം...
അങ്ങനെയങ്ങനെ
നുകങ്ങളുടെ ശ്രേണി
അതാണ് ജീവിതം
കവികൾ കാണും
മോഹസ്വപ്നം മാത്രം
സ്വാതന്ത്ര്യം

## വരായ്ക

വന്നില്ലിതുവരെ
വരുമോ?
വരും എപ്പഴെങ്കിലും
വരാതിരിക്കില്ല
വന്നേ തീരൂ
വേണേൽ
വരവ് മാറ്റാം
വല്ലപ്പൊഴേയ്ക്കും
വരാതിരിക്കാൻ വയ്യ
വന്നു തുലയ്ക്കട്ടെ.

## പ്രണയഗുഹ

എലി മലയോട് സ്വകാര്യം:
ഞാൻ നിന്നെ സ്വന്തമാക്കട്ടെ?
മൗനം സമ്മതം
ചൂടൻചുംബനമൊരു
പ്രണയഗുഹ തീർക്കുന്നു
വർഷങ്ങൾ പോകെ
അതിൽ നിറയെ
എലിക്കുത്തുങ്ങൾ
മല എലിയെ
പ്രസവിച്ചെന്ന് ചൊല്ല്

## നിസ്സഹായൻ

കൂടെക്കൂടെ കേൾക്കാമെനിക്ക്
റോഡിലൂടെ
പാഞ്ഞുപോകും
നിലവിളി
ജീവന്മരണപോരാട്ടത്തിൽ
മോഹങ്ങൾ വെടിഞ്ഞ്
സ്വപ്നങ്ങൾ പൊലിഞ്ഞ്
ആരുടെയോ കരുണതേടും
പാവം മനുഷ്യൻ
നിസ്സഹായൻ.

## തെളിച്ചം

വെറുക്കാനെന്തെളുപ്പം
സ്നേഹിക്കാനാണു പാട്
വെറുപ്പീന്ന്
സ്നേഹത്തിലേയ്ക്ക്
മാറ്റിപ്പിടിക്കലോ അതികഠിനം
രണ്ടിനെയും ഇണക്കുന്നൊരു
പാലമുണ്ടായിരുന്നെങ്കിൽ
ചെറുചുവടുകൾ
വച്ചാണേലും
മൈത്രിയിലേയ്ക്ക് പോയേനെ. ❍

മൊഴിയാഴം



എൻ.ഇ. സുധീർ

# വെനീസിലെ മരണവും ചില സാഹിത്യചിന്തകളും

എഴുത്തുകാരന്റെ സന്തോഷം എന്നത് പൂർണ്ണമായും വികാരമായി മാറാൻ കഴിയുന്ന ചിന്തയിലും ചിന്തയായി മാറാൻ കഴിയുന്ന വികാരത്തിലുമാണ് എന്ന ഒരു വാചകം സത്യത്തിന്റെ ശോഭയോടെ വായനക്കാരനെ എഴുത്തിന്റെ ലോകത്തേക്ക് അടുപ്പിക്കുന്നു.

ഗുസ്റ്റാഫ് അഷൻബാഹിന് പെട്ടന്നൊരുനാൾ ഒരു യാത്രപോകണമെന്ന അഭിലാഷമുണ്ടായി. അയാൾ വലിയൊരു എഴുത്തുകാരനായിരുന്നു. അയാൾക്ക് അധികം സുഹൃത്തുക്കളൊന്നുമുണ്ടായിരുന്നില്ല. ഭാര്യ മരിച്ചതോടെ അയാൾ ദിവസത്തിന്റെ പകുതിയും കിടന്നുറങ്ങും. അങ്ങനെയിരിക്കുമ്പോഴാണ് യാത്രാമോഹം അയാളെ പിടികൂടിയത്. ട്രെയിനിലും കപ്പലിലുമൊക്കെ യാത്രചെയ്ത് അയാളെത്തിപ്പെട്ടത് വെനീസിലാണ്. രണ്ടുമൂന്നാഴ്ച അവിടെ കഴിയാമെന്ന് അയാൾ തീരുമാനിച്ചു. എന്നാൽ, അവിടെയും അയാളെ അസ്വസ്ഥനാക്കുന്ന ചിലതൊക്കെയുണ്ടായി. ഒരുദിവസം രാത്രിഭക്ഷണത്തിനായി താമസിക്കുന്ന ഹോട്ടലിലെ റെസ്റ്റോറന്റിലിരിക്കുമ്പോൾ തൊട്ടു മുന്നിലിരുന്ന, കുലീനത തോന്നിപ്പിക്കുന്ന, ഒരു പോളിഷ് കുടുംബത്തെ അയാൾ കാണുന്നു. അവരുടെ കൂട്ടത്തിൽ സുന്ദരനായ ഒരു യുവബാലനുമുണ്ടായിരുന്നു. ഒരു ഗ്രീക്ക് പ്രതിമയുടെ സൗന്ദര്യം ആ കുട്ടിയിൽ അയാൾ കാണുന്നു. അയാൾക്ക് അവനോട് പ്രത്യേകമായ ഒരിഷ്ടം തോന്നുകയുണ്ടായി. നല്ല ആർഭാടവസ്ത്രങ്ങൾ ധരിച്ച സഹോദരിമാരും അക്കൂട്ടത്തിലുണ്ടായിരുന്നു. അഷൻബാഹിന് അവരെയൊന്നും ഇഷ്ടമായതേയില്ല. അവർക്കൊക്കെ കന്യാസ്ത്രീകളുടെ രൂപമാണെന്നാണ് അയാൾക്ക് തോന്നിയത്.

ഹോട്ടലിനോടു ചേർന്നുള്ള കടൽത്തീരത്തുവച്ചുകേട്ട സംസാരത്തിൽനിന്നു ആ ബാലന്റെ പേര് താദ്സിയൊ എന്നാണെന്ന് അയാൾ മനസ്സിലാക്കുന്നു. അവന് പതിനാലു വയസ്സാണെന്നും. തുടർന്നുള്ള ദിവസങ്ങളിലും ഇടയ്ക്കൊക്കെ അയാൾ അവനെ കണ്ടു. ദിവസങ്ങൾ കഴിഞ്ഞതോടെ അതൊരുതരം അനുരാഗമാണെന്ന് അയാൾ തിരിച്ചറിഞ്ഞു. അയാൾക്ക് ജീവിതത്തോട് പുതിയൊരിഷ്ടം തോന്നിത്തുടങ്ങി.





**നവീനമായ വികാരവും ചിന്തയും സൃഷ്ടിക്കുമ്പോഴാണ് സാഹിത്യം മികവുറ്റതാകുന്നത്. വെനീസിലെ മരണം അത്തരമൊരു രചനയാണ്. മാറി വരുന്ന കാലത്തോട് സംവദിക്കാനുള്ള വലിയൊരെഴുത്തുകാരന്റെ ശ്രമവും.**

അവനെ കാണാതെ അയാൾക്ക് പകലുകൾ കടന്നുപോകാൻ കഴിയില്ല എന്ന നില വന്നു. എന്നാൽ പെട്ടെന്നൊരുനാൾ ആ നഗരത്തിലാകെ  കോളറ പടർന്നുപിടിച്ചു. അതോടെ ആ ഹോട്ടലിൽനിന്നു പലരും വിട്ടുപോയിത്തുടങ്ങി.

അയാളതിനെ കാര്യമായെടുത്തില്ല. വൈകാതെ ഒരുനാൾ താദ്സിയോയും കുടുംബവും അവിടം വിടാൻ തയ്യാറായി. അന്നും അവൻ പതിവുപോലെ കൂട്ടുകാരോടൊപ്പം ഹോട്ടലിനു സമീപത്ത് കളിച്ചുകൊണ്ടിരുന്നു.  അന്നും അവനെ  നോക്കിക്കൊണ്ട് അയാളവിടെയിരിപ്പുണ്ടായിരുന്നു.  പെട്ടെന്നാണത് സംഭവിച്ചത്. ആ സംഭവത്തോടെ നോവൽ അവസാനിക്കുകയാണ്.


ജർമനിയിലെ മഹാനായ നോവലിസ്റ്റ് തോമസ് മൻ എഴുതിയ 'Death in Venice'  എന്ന ലഘു നോവലിന്റെ സംക്ഷിപ്തകഥയാണ് മുകളിലെഴുതിയത്. ബുഡെൻബ്രൂക്സ്, മാജിക് മൗണ്ടൻ തുടങ്ങിയ ബൃഹദ് രചനകളൊക്കെ എഴുതി സാഹിത്യത്തിനുള്ള നോബേൽസമ്മാനം നേടിയ വിഖ്യാത എഴുത്തുകാരനാണ് മൻ. സ്വന്തം രചനകളിൽ അദ്ദേഹത്തിന് ഏറ്റവും പ്രിയപ്പെട്ടത് നൂറുപേജിൽത്താഴെ വരുന്ന 'ഡെത്ത് ഇൻ വെനീസ്' എന്ന ഈ ലഘുനോവലായിരുന്നു. ഒരെഴുത്തുകാരന്റെ ജീവിതമാണ് ഇതിലൂടെ അദ്ദേഹം വരച്ചിട്ടത്. കുറച്ചൊക്കെ ആത്മകഥാംശമുള്ളത് എന്നും വ്യാഖ്യാനിക്കപ്പെട്ടിട്ടുണ്ട്. വ്യക്തിയെന്ന നിലയിലെ അയാളിലെ സ്വത്വപ്രശ്നങ്ങൾ പറയുവാനുള്ള ശ്രമം. ഒരാളുടെ ജീവിതക്കാഴ്ചപ്പാട് എങ്ങനെ രൂപപ്പെടുത്തുന്നു എന്ന അന്വേഷണം. ജീവിതകാമനകളിൽ നമുക്കുള്ള നിസ്സഹായതും കാണിച്ചുതരിക കൂടിയാണ് നോവലിസ്റ്റ്. അയാളിലെ സ്വവർഗാനുരാഗം പുറത്തുവരികയായിരുന്നു. കഥാപാത്രത്തിന്റെ ജീവിതത്തിലൂടെ പുതിയൊരനുഭവതലത്തെ കാണിച്ചുതരുവാനാണ് തോമസ് മൻ ഇതിലൂടെ ശ്രമിച്ചത്.



↘ തോമസ് മൻ

അതോടൊപ്പം ഒരെഴുത്തുകാരന്റെ മനസ്സും ഈ കൃതിയിൽ ആഴത്തിൽ പതിഞ്ഞുകിടപ്പുണ്ട്. അയാളുടെ സൗന്ദര്യാന്വേഷണങ്ങൾ, ലോകവീക്ഷണങ്ങൾ എല്ലാം കഥയിൽനിന്നു വായിച്ചെടുക്കാൻ നല്ല വായനക്കാർക്ക് കഴിയും. അതോടൊപ്പം ഇതിന്റെയെല്ലാം നിസ്സാരത മുഖ്യകഥാപാത്രത്തിന്റെ മരണരംഗത്തിൽ ഒളിപ്പിച്ചുവച്ചിട്ടുമുണ്ടായിരുന്നു. പ്രത്യാശാപൂർണമായ അനന്തതയിലേക്ക്  നോക്കിയിരിക്കുമ്പോൾ അയാൾ കസേരയിൽ ചെരിഞ്ഞുവീഴുകയാണ്. തന്നെ കൊതിപ്പിച്ച സൗന്ദര്യാനുഭൂതിയെ നുകർന്നുകൊണ്ട് മരണത്തിലേക്ക് നീങ്ങാനായിരുന്നു അയാളുടെ വിധി. അത് ഇങ്ങനെയാണ് തോമസ് മൻ എഴുതിവച്ചിരിക്കുന്നത് : "Minutes passed before people rushed to the aid of the man, who had slumped sideways in his chair. He was carried to his room. And that very day a respectfully stunned world received word of his death."

ഇതിന് പല വ്യാഖ്യാനങ്ങളും നിരൂപകലോകത്തുനിന്നുണ്ടായിട്ടുണ്ട്. മുഖ്യ കഥാപാത്രത്തിന്റെ ധാർമ്മിക അപഭ്രംശ




ത്തിന്റെ സൂചകമായാണ് കോളറയും അതിലൂടെയുള്ള മരണവും എന്നു ചിലർ അക്കാലത്ത് വിലയിരുത്തുകയുണ്ടായി. സ്വവർഗാനുരാഗവും കോളറക്കാലവുമാണ് മിക്കപ്പോഴും ചർച്ചയായത്. എന്നാൽ സർഗാത്മകതയുടെ ശക്തിയും സൗന്ദര്യവുമാണ് ആ കൃതിയെ കാലത്തിനിപ്പുറവും നിലനിറുത്തിയത്. അതിലെ എഴുത്തുകാരൻ ഇപ്പോഴും ഉയർന്നുതന്നെ നിൽക്കുന്നു. എഴുത്തുകാരന്റെ സന്തോഷം എന്നത് പൂർണ്ണമായും വികാരമായി മാറാൻ കഴിയുന്ന ചിന്തയിലും ചിന്തയായി മാറാൻ കഴിയുന്ന വികാരത്തിലുമാണ് എന്ന അതിലെ ഒരു വാചകം സത്യത്തിന്റെ ശോഭയോടെ വായനക്കാരനെ എഴുത്തിന്റെ ലോകത്തേക്ക് അടുപ്പിക്കുന്നു. നവീനമായ വികാരവും ചിന്തയും സൃഷ്ടിക്കുമ്പോഴാണ് സാഹിത്യം മികവുറ്റതാക്കുന്നത്.  വെനീസിലെ മരണം അത്തരമൊരു രചനയാണ്. മാറി വരുന്ന  കാലത്തോട് സംവദിക്കാനുള്ള വലിയൊരെഴുത്തുകാരന്റെ ശ്രമവും.

1912-ലാണ് തോമസ് മൻ ഇതെഴുതി പ്രസിദ്ധപ്പെടുത്തുന്നത്. ജീവിതനാടകത്തെക്കുറിച്ചുള്ള അസാധാരണ ഉൾക്കാഴ്ച

**1912-ലാണ് തോമസ് മൻ ഇതെഴുതി പ്രസിദ്ധപ്പെടുത്തുന്നത്. ജീവിതനാടകത്തെക്കുറിച്ചുള്ള അസാധാരണ ഉൾക്കാഴ്ച നൽകുന്ന ഈ രചനയെപ്പറ്റി ഇപ്പോൾ ഓർക്കാനിടയായത് അതിന്റെ ഒരു മലയാള പരിഭാഷ കണ്ടതുകൊണ്ടാണ്.**

നൽകുന്ന ഈ രചനയെപ്പറ്റി ഇപ്പോൾ ഓർക്കാനിടയായത് അതിന്റെ ഒരു മലയാള പരിഭാഷ കണ്ടതുകൊണ്ടാണ്. സെലിൻ മാത്യു ആണ് ജർമൻഭാഷയിൽനിന്നു നേരിട്ട് മലയാളത്തിലേക്ക് ഇതു  പരിഭാഷപ്പെടുത്തിയിരിക്കുന്നത്. പരിഭാഷ മൂലകൃതിയോട് ഭാഷാപരമായി നീതി പുലർത്തിയതായി കാണാം. എന്നാൽ, പരിഭാഷയിൽ ആഖ്യാനത്തിന്റെ ജീവൻ നഷ്ടപ്പെട്ടു എന്ന തോന്നലാണ് എനിക്കുണ്ടായത്. കഥയുടെ ആത്മാവ് മലയാളത്തിലൂടെ കാണിച്ചുതരാൻ പരിഭാഷകയ്ക്ക് കഴിഞ്ഞില്ല. അവരുടെ മലയാളം ഒട്ടും ആധുനികവുമല്ല. അതിനാൽ തോമസ് മൻ വാക്കുകളിലൂടെ സൃഷ്ടിച്ച സൗന്ദര്യാനുഭൂതി ഈ മലയാള പരിഭാഷയിലൂടെ പുതിയകാല വായനക്കാർക്ക് ലഭിക്കുന്നില്ല. (വെനീസിലെ മരണം – തോമസ് മൻ – പരിഭാഷ: സെലിൻ മാത്യു, മാതൃഭൂമി ബുക്സ്–2024) . ഇത്തരം പരിഭാഷകൾ വായിച്ച് വായനക്കാർ വലിയ എഴുത്തുകാരുടെ സർഗാത്മക കഴിവുകളെ കുറച്ചുകാണുമല്ലോ എന്നോർക്കുമ്പോൾ ദുഃഖം തോന്നുന്നു. മോശം പരിഭാഷ സാഹിത്യത്തിലെ ക്രൈം തന്നെയാണ്.

## ഓർവെലിന്റെ 1984 - എലിഫ് ഷഫാക്ക് വായിക്കുമ്പോൾ

രാഷ്ട്രീയത്തെ ഗൗരവത്തോടെ കാണാത്ത കലാകാരൻ


കോമാളിയാണ് എന്നാണ് പൊതുവിൽ പറയാറുള്ളത്. എഴുത്തുകാർക്ക് സമൂഹം എന്നത് പ്രധാനമാണ്. സമൂഹത്തെ നിയന്ത്രിക്കുന്ന, നയിക്കുന്ന ചാലകശക്തി എല്ലായ്പ്പോഴും രാഷ്ട്രീയമാണല്ലോ. അതിനാൽ സമൂഹത്തെ ആഴത്തിൽ മനസ്സിലാക്കാൻ രാഷ്ട്രീയത്തെ സൂക്ഷ്മസ്പർശിയായി അറിയേണ്ടതുണ്ട്. എഴുത്തുകാരുടെ മുന്നിലത് മുൻകൂട്ടി നിശ്ചയിച്ചുറപ്പിച്ച കേവലവിശ്വാസങ്ങളല്ല. പ്രതിഭകൾ അവരുടെ മുന്നിലെ ലോകത്തുനിന്നു രാഷ്ട്രീയം വായിച്ചെടുക്കും. അതിന്റെ അടിസ്ഥാനത്തിൽ അവർ സൃഷ്ടിയിലൂടെ പുതിയ ന്യായവിചാരണകൾ നടത്തിക്കൊണ്ടിരിക്കും. അവർ പുതിയ സ്വാതന്ത്ര്യത്തെ കണ്ടെത്തും. അങ്ങനെ സാഹിത്യസൃഷ്ടി നടത്തി ലോകത്തെ അമ്പരപ്പിച്ച എഴുത്തുകാരനാണ് ജോർജ് ഓർവെൽ.

അദ്ദേഹം മരണക്കിടക്കയിൽ നിന്നെഴുതിയ നോവലാണ് '1984'. 1946 ആഗസ്റ്റിലാണ് ഓർവെൽ 1984 എന്ന നോവലെഴുതാനാരംഭിച്ചത്. 1948-ൽ പൂർത്തിയാക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ മനസ്സിലെ ആധിയും സ്വാതന്ത്ര്യദാഹവുമാണ് ഈ രാഷ്ട്രീയനോവലിൽ പ്രതിഫലിച്ചത്. അന്നുതൊട്ട് ഈ നോവൽ പല കാലങ്ങളിൽ പല കോണുകളിലൂടെ വായിക്കപ്പെട്ടു. ചർച്ചചെയ്യപ്പെട്ടു. സത്യനാശത്തെക്കുറിച്ചും, ഓർമ്മനാശത്തെക്കുറിച്ചും സ്നേഹരാഹിത്യത്തെക്കുറിച്ചുമുള്ള വേവലാതികളായിരുന്നു ആ നോവലിൽ. ഇതൊക്കെ സംഭവിച്ചുകഴിഞ്ഞാൽ മനുഷ്യർ ഒന്നുമല്ലാതായിത്തീരുമെന്നും സമൂഹം വെറും അക്കങ്ങളാവുമെന്നും ഓർമ്മിപ്പിക്കുകയായിരുന്നു, ഓർവെൽ തന്റെ നോവലിലൂടെ.

ഓർവൽ ഈ നോവലിലൂടെ മുന്നോട്ടുവച്ച രാഷ്ട്രീയത്തെ സമഗ്രമായി അടയാളപ്പെടുത്തുന്ന ഒരു ലേഖനം Literary Hub എന്ന ഓൺലൈൻ മാഗസിനിൽ വായിച്ചു. '75 Years of 1984: Why George Orwell's Classic Remains More Relevant Than Ever' എന്നാണ് ലേഖനത്തിന്റെ പേര്. ടർക്കി എഴുത്തുകാരിയായ എലിഫ് ഷഫാക്കാണ് ലേഖനമെഴുതിയിരിക്കുന്നത്. വർത്തമാനകാല ലോകരാഷ്ട്രീയത്തിന്റെ പശ്ചാത്തലത്തിലാണ് ഷഫാക്ക് ഓർവെലിന്റെ 1984 എന്ന കൃതിയുടെ പുനർവായന നടത്തുന്നത്.

തലമുറകളിൽ ആഴമേറിയ സ്വാധീനംചെലുത്തിയ കൃതി എന്ന വിശേഷണത്തോടെയാണ് ഷഫാക്ക് ഈ ലേഖനം തുടങ്ങിയിരിക്കുന്നത്. ടർക്കിയിൽ ഒളിവുജീവിതം നയിക്കേണ്ടിവന്നകാലത്താണ് അവരിത് ആദ്യമായി വായിക്കുന്നത്. "അതിന്റെ അവസാന പേജ് വായിച്ച് മടക്കിവച്ച് വർഷങ്ങൾ കഴിഞ്ഞിട്ടും അതിലെ കഥയെപ്പറ്റി ഞാൻ ചിന്തിച്ചുകൊണ്ടിരുന്നു. അതൊരുതരം വേട്ടയാടലായിരുന്നു." സ്വന്തം രാജ്യത്തെ മനുഷ്യാവകാശധ്വംസനങ്ങളെ നേരിടേണ്ടിവരുമ്പോഴൊക്കെ 1984 അവരുടെ ഓർമ്മയിലേക്കെത്തി. മുറിവേല്പിക്കപ്പെട്ട ജനാധിപത്യത്തിൽനിന്നു സ്വേച്ഛാധിപത്യത്തിന്റെ ബാല്യദിശയിലൂടെ കടന്നുപോയിക്കൊണ്ടിരുന്ന രാജ്യങ്ങളിൽനിന്നുമുള്ളവർക്കൊക്കെ ഓർവലിന്റെ നോവലിലെ ലോകം ഭീതി സൃഷ്ടിച്ചിരിക്കും എന്നവർ തറപ്പിച്ചു പറയുന്നു. ഷഫാക്കിന്റെ മുന്നിൽ അതൊരു യാഥാർഥ്യമായി സംഭവിച്ചുകൊണ്ടിരിക്കുകയായിരുന്നു.

ഇന്നിപ്പോൾ പാശ്ചാത്യരാജ്യങ്ങൾപോലും സ്വേച്ഛാധിപത്യത്തിന്റെ പിടിയിൽനിന്നു അകന്നു നിൽക്കുന്നു എന്നു




↘ ജോർജ് ഓർവെൽ

തറപ്പിച്ചു പറയുക വയ്യ. അപ്രതീക്ഷിതമായ രാഷ്ട്രീയ മാറ്റങ്ങളാണ് അവിടെയൊക്കെ സംഭവിച്ചുകൊണ്ടിരിക്കുന്നത്. അടുത്തകാലത്തായി ഉപയോഗത്തിൽ നിറഞ്ഞ ഒരു വിശേഷണപദമാണ് 'ഓർവെല്ലിയൻ' എന്നത്. 1984- എന്ന ഡിസ്റ്റോപ്പിയൻ നോവൽ മറ്റേതുകാലത്തെക്കാളും പ്രസക്തമായ ഒരു സമയത്താണ് നമ്മൾ ജീവിക്കാൻ വിധിക്കപ്പെട്ടിരിക്കുന്നത് എന്നവർ ഓർമ്മിപ്പിക്കുകയാണ്. ഭരണകൂടഭീകരത പുതിയ മുഖങ്ങൾ കണ്ടെത്തിയ ഒരു കാലം. സാങ്കേതികവിദ്യയും സാമൂഹികമാധ്യമങ്ങളുമൊക്കെ അധികാരത്തിന്റെ ഉപകരണങ്ങളായി മാറിയ കാലം. വൈകാതെ നമ്മുടെയൊക്കെ ലൈബ്രറികളിൽനിന്നുപോലും ഓർവെലിന്റെ ഈ നോവൽ നീക്കം ചെയ്യപ്പെടുന്ന അവസ്ഥയുണ്ടായേക്കാം. ആ ദിവസം വരാതിരിക്കാൻ 1984 എല്ലാവരും വായിക്കുകയും ലോകമെമ്പാടും അതിനെപ്പറ്റി സംസാരിക്കുകയും ചെയ്യണം എന്നാവശ്യപ്പെട്ടുകൊണ്ടാണ് ഷഫാക്ക് ലേഖനം അവസാനിപ്പിക്കുന്നത്. നോവലിലൂടെ ലോകത്തിന് പ്രവചനാത്മകമായ മുന്നറിയിപ്പ് ഓർവെൽ തന്നിട്ട് 75 വർഷങ്ങൾ പിന്നിട്ടിരിക്കുന്നു. എഴുപത്തിയഞ്ചാം വാർഷികവുമായി ബന്ധപ്പെട്ട് പുറത്തിറങ്ങുന്ന 1984-ന്റെ പ്രത്യേക പതിപ്പിൽ ആമുഖമായി ഷഫാക്കിന്റെ ഈ ലേഖനം ഉൾപ്പെടുത്തിയിട്ടുണ്ട്. 'ഫോർട്ടി റൂൾസ് ഓഫ് ലവ്'' എന്ന വിഖ്യാതനോവലിലൂടെ ലോകസാഹിത്യത്തിലേക്ക് വന്ന എഴുത്തുകാരിയാണ് എലിഫ് ഷഫാക്. അവരുടെ ഏറ്റവും പുതിയ നോവലായ There are Rivers in the Sky ഈയിടെയാണ് പുറത്തുവന്നത്.

## കെ.ജി.എസിന്റെ ഗദ്യം


"തെക്കു രുദ്രാക്ഷം. വടക്കു ബദാം. ഈ രണ്ടു മരങ്ങൾ

**മുറിവേല്പിക്കപ്പെട്ട ജനാധിപത്യത്തിൽനിന്നു സ്വേച്ഛാധിപത്യത്തിന്റെ ബാല്യദിശയിലൂടെ കടന്നുപോയിക്കൊണ്ടിരുന്ന രാജ്യങ്ങളിൽനിന്നുമുള്ളവർക്കൊക്കെ ഓർവലിന്റെ നോവലിലെ ലോകം ഭീതി സൃഷ്ടിച്ചിരിക്കും എന്നവർ തറപ്പിച്ചു പറയുന്നു.**



↘ കെ.ജി.എസ്

ക്കിടയിലായിരുന്നു പണ്ടു മഹാരാജാസിലെ മലയാളവിഭാഗം. ഓടു മേൽക്കൂരയ്ക്കുമേൽ പച്ചിലക്കൂര. പൊക്കത്തിനുമേൽ പൊക്കം. പടർപ്പിനുമേൽ പടർപ്പ്. ഭാഷയ്ക്കുമേൽ ഭാഷ. അറിവിനുമേൽ അറിവ്. മൗനത്തിനുമേൽ മൗനം. സമരത്തിനുമേൽ സമരം. ജയത്തിനുമേൽ ജയം ജീവന്റെ തീരപ്പടർപ്പുകൾ." മഹാരാജാസ് കോളെജിലെ ഓർമ്മകൾ കെ.ജി.എസ് ഓർത്തെഴുതുകയാണ്. മഹാരാജാസ് കോളെജിൽ പോയ ഒരനുഭൂതി ഇതിന്റെ വായനക്കാരിലുണ്ടാവുകയാണ്. (മുറ്റത്തും മുറിയിലും എന്ന ലേഖനം) അതേ ലേഖനത്തിൽത്തന്നെ ഇതും വായിക്കാം: "പടിഞ്ഞാറൻ കയങ്ങളിൽനിന്നു വടക്കേ നെടുമ്പരവരാന്തയിലൂടെ ഒറ്റമുണ്ടുടുത്തൊരു കാറ്റ് കിഴക്കോട്ടു മെല്ലെ നീങ്ങുന്നു. ഭാവുകത്വത്തെ അപകോളനീകരിച്ച് ദ്രാവിഡ ഗരിമയിലേക്കു മുന്നേറുന്ന ആ ചലനത്തിന് ടി.ആറിന്റെ ഛായ. മറ്റൊരു നാൾ.നടുമുറ്റത്തേക്കുള്ള വരാന്ത. ഉച്ചതിരിഞ്ഞുള്ള വിചാരവെയിലിന്റെ നേരം. പതിവു നിർമസദിര്." ഈ ഗദ്യത്തിന് എന്തോ ഒരു സവിശേഷ സൗന്ദര്യമുണ്ടെന്ന് എനിക്കു തോന്നുന്നു. ഒരു




**ഒരു കാവ്യപ്രതിഭ ഓർമ്മകളിൽ മുങ്ങിത്തപ്പുന്ന കാഴ്ച ഇതിലെ മിക്കവാറും ലേഖനങ്ങളിലുണ്ട്. ആ കാഴ്ചകളിലൂടെ കുറെ സാംസ്കാരികചിത്രങ്ങൾ നമുക്കുമുന്നിൽ ഭംഗിയോടെ വിരിഞ്ഞുവരുന്നുണ്ട്. ഒരിളം കാറ്റിന്റെ സുഖം പകരാൻ കവി കെ.ജി. എസിന്റെ ഈ ഗദ്യത്തിന് കഴിഞ്ഞിരിക്കുന്നു.**

കവിയുടെ കാഴ്ചയും കാവ്യഭാഷയും നിറഞ്ഞ കുറെ ലേഖനങ്ങൾ ചേർന്നതാണ് 'നിലക്കണ്ണാടിയും പഴയ ഫോട്ടോകളും ' എന്ന കെ.ജി.എസിന്റെ പുതിയ പുസ്തകം.

ഒരു കാവ്യപ്രതിഭ ഓർമ്മകളിൽ മുങ്ങിത്തപ്പുന്ന കാഴ്ച ഇതിലെ മിക്കവാറും ലേഖനങ്ങളിലുണ്ട്. ആ കാഴ്ചകളിലൂടെ കുറെ സാംസ്കാരികചിത്രങ്ങൾ നമുക്കുമുന്നിൽ ഭംഗിയോടെ വിരിഞ്ഞുവരുന്നുണ്ട്. ഒരിളംകാറ്റിന്റെ സുഖംപകരാൻ കവി കെ.ജി.എസിന്റെ ഈ ഗദ്യത്തിന് കഴിഞ്ഞിരിക്കുന്നു. (നിലക്കണ്ണാടിയും പഴയ ഫോട്ടോകളും – കെ.ജി.എസ് – മനോരമ ബുക്സ് – കോട്ടയം)

## എന്താണ് സാഹിത്യം?

യൂറോപ്പിലെ വിവിധ രാജ്യങ്ങളിൽനിന്നുള്ള മികച്ച സാഹിത്യരചനകളുടെ ഒരു സമാഹാരം 2010 മുതൽ ഡാൽക്കി ആർക്കൈവ് (Dalkey Archive) എന്ന പ്രസാധകർ എല്ലാ വർഷവും പ്രസിദ്ധപ്പെടുത്താറുണ്ട്. ഇക്കൂട്ടത്തിലൊന്നാണ് 'Best European Fiction 2016'. അസർബൈജാൻ, ഡെൻമാർക്, പോർച്ചുഗൽ, ഉക്രൈൻ, ബെലറുസ്, ബെൽജിയം,ലാറ്റ്വിയ, ബൾഗേറിയ തുടങ്ങി 29 രാജ്യങ്ങളിൽനിന്നുള്ള ഗദ്യരചനകളാണ് ഇതിലുള്ളത്. ആധുനികസാഹിത്യത്തിന്റെ ഒരു നല്ല ചിത്രം ഇതിലൂടെ വായനക്കാർക്ക് ലഭിക്കും. 2016– ലെ സമാഹാരത്തിൽ യോൺ ഫോസ്സെ (Jon Fosse) എഴുതിയ ഒരാമുഖലേഖനവുമുണ്ട്. The Majority is Always Wrong എന്നാണ് ആ ലേഖനത്തിന്റെ ശീർഷകം.




എന്താണ് സാഹിത്യമെന്ന ചോദ്യത്തെ അഭിസംബോധനചെയ്യുകയാണ് ഫോസ്സെ. സാഹിത്യത്തിലെ കളകളെ കണ്ടെത്താനാണ് അദ്ദേഹം ഈ ലേഖനത്തിലൂടെ ശ്രമിച്ചിരിക്കുന്നത്. സാഹിത്യമെന്ന് ആരോപിക്കപ്പെടുന്ന പലതും സാഹിത്യമല്ല. ഏറ്റവുമധികം വിറ്റഴിയുന്ന കഥ സാഹിത്യമാവണമെന്നില്ല. പ്രണയകഥകളും കുറ്റാന്വേഷണ കഥകളും സാഹിത്യമല്ല. സത്യത്തിൽ അവ സാഹിത്യത്തിന്റെ എതിർപക്ഷമാണ്. "Crime fiction is a lie that represents an untruth – that is, it is fake – while real literature is a lie that represents the truth." യഥാർഥസാഹിത്യത്തിന്റെ ഉത്തമ മാതൃകകളാണ് ഈ സമാഹാരത്തിലുള്ളത് എന്നും അദ്ദേഹം പറഞ്ഞുവയ്ക്കുന്നു.

സാഹിത്യമെന്നത് എഴുത്തുകൊണ്ട് നിർമ്മിക്കുന്ന ഒരു സവിശേഷ വിഭാഗമാണെന്നു സമർഥിക്കാനാണ് ഫോസ്സെ പ്രകോപനപരമായ ഈ ആമുഖലേഖനത്തിലൂടെ ശ്രമിച്ചിരിക്കുന്നത്. നോർവെയിൽനിന്നുള്ള ഫോസ്സെയ്ക്ക് 2023–ൽ സാഹിത്യത്തിനുള്ള നോബേൽ സമ്മാനം ലഭിക്കുകയും ചെയ്തു. (Best of European Fiction 2016– Preface by Jon Fosse– Dalkey Archive Press) ❍

ഡോ. തോമസ് സ്കറിയ



മറ്റുള്ളവരുടെ ജീവിതത്തെ കൊള്ളയടിക്കുന്ന ഒരു ബൗദ്ധിക നരഭോജിയാണ് എഴുത്തുകാരന്റെ ഭാവനയെന്ന് നദീൻ ഗോഡിമർ പറയുകയുണ്ടായി. ആ ഭാവനയുടെ സർവാധിപത്യത്തെ അനുഭവിക്കാൻ സോക്രട്ടീസ് കെ. വാലത്തിന്റെ കഥകൾ വായിക്കണം.

# വീടുവിട്ടുപോകാത്ത കഥകൾ

ചെറുകഥ ഭാവനയുടെ വികാസത്തെയല്ല, ഏകാഗ്രതയെയാണ് പ്രതിനിധീകരിക്കുന്നത്. സംഭവങ്ങളുടെ കേവലമായ സംയോജനമല്ല, മറിച്ച് സംഭവങ്ങളിലൂടെയുള്ള അർഥത്തിന്റെ വികാസമാണ് ചെറുകഥ. കഥപറച്ചിലിന് മനുഷ്യരാശിയോളം പഴക്കമുണ്ട്, കുറഞ്ഞത് സംസാരഭാഷയോളം പഴക്കമുണ്ടെന്നെങ്കിലും സമ്മതിക്കണം. അവയെ ചരിത്രമുദ്രിതമായ മനുഷ്യഭാവനയുടെ ആവിഷ്കാരങ്ങളായി പരിഗണിക്കണം. പുരാതനസംസ്കാരങ്ങളുടെ അതിമനോഹരമായ മിത്തോപോയറ്റിക് "ചരിത്രങ്ങൾ"എല്ലാം കഥയുടെ ഓരോ രൂപങ്ങളാണ്. എണ്ണിയാലൊടുങ്ങാത്ത ചെറിയ അരുവികൾ ചേർന്ന് ഒഴുകുന്ന ഒരു നദിപോലെ, മനുഷ്യഭാവനയുടെ പല സ്രോതസ്സുകളിൽനിന്ന് ഉത്ഭവിച്ച് ഒഴുകി ഉരുത്തിരിഞ്ഞതാണ് ആധുനിക ചെറുകഥ. അവ വിമർശനാത്മകചിന്തയെ മാത്രമല്ല, ഭാവനാത്മകജ്ഞാനത്തെയും ഉണർത്തുന്നു.

മറ്റുള്ളവരുടെ ജീവിതത്തെ കൊള്ളയടിക്കുന്ന ഒരു ബൗദ്ധികനരഭോജിയാണ് എഴുത്തുകാരന്റെ ഭാവനയെന്ന് നദീൻ ഗോഡിമർ പറയുകയുണ്ടായി. ആ ഭാവനയുടെ സർവാധിപത്യത്തെ അനുഭവിക്കാൻ സോക്രട്ടീസ് കെ. വാലത്തിന്റെ കഥകൾ വായിക്കണം. വീട് അദ്ദേഹത്തിന്റെ കഥകളിൽ ഒരു പ്രധാന സാന്നിധ്യമാകുന്നുണ്ട്. വീട്ടകങ്ങളിലേക്ക് ഇത്ര സൂക്ഷ്മതയോടെ നോക്കുന്ന കഥകൾ ഇപ്പോൾ മലയാള കഥാസാഹിത്യത്തിലുണ്ടോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. എന്നാൽ, വീട്ടിലേക്കു ചുരുങ്ങിച്ചുരുങ്ങി വരുകയല്ല, വീട്ടിൽനിന്നു പുറത്തേക്കു വികസിക്കുന്നതാണ് അതിന്റെ ആശയഭൂപടമെന്ന വസ്തുത നിഷേധിക്കാനുമാവില്ല. ആധിയുടെയും വ്യാധിയുടെയും ആനുഭവികമണ്ഡലത്തിൽനിന്നാണ് അദ്ദേഹത്തിന്റെ കഥകളാരംഭിക്കുന്നത്.

ഒരു സ്ത്രീ ഈ രാത്രിയിൽ ആളൊഴിഞ്ഞ ഒരിടത്തു വച്ച് മാനഭംഗം ചെയ്യപ്പെടാനുള്ള സാധ്യതയിലാണ് 'ആഗസ്റ്റ് 15' ആരംഭിക്കുന്നത്. രാവിലെയാണ് ആമോസിനെ പൊലീസ് പിടിച്ചുകൊണ്ടുപോയതെന്നു പറഞ്ഞുകൊണ്ടാണ് ജൂഹുവിനും




റൂമിക്കുമായി സമർപ്പിക്കപ്പെട്ടൊരു കഥയുടെ തുടക്കം. അംബ്രോസ് ഇന്നീ രാത്രി വീടിനകത്തു വച്ച് കൊല്ലപ്പെടുമോയെന്ന ആകാംക്ഷയിലാണ് ന്യായവിധിയുടെ ആരംഭം. ഇരുപതുമിനിറ്റിനുള്ളിൽ വിഷവാതകം വഹിച്ച കാറ്റ് ഓരോ വീട്ടിലേക്കും എത്തിച്ചേരുമെന്ന ഭയത്തിൽനിന്നാണ് 'പാമരം' വികസിതമാകുന്നത്. ഇങ്ങനെ ആകാംക്ഷയ്ക്കു സമാന്തരമായി ഭയത്തെ കൊണ്ടുപോകുന്നത് സോക്രട്ടീസ് കെ. വാലത്തിന്റെ ഒരു ആഖ്യാന സവിശേഷതയാണ്. രണ്ടിന്റെയും അതിർത്തികൾ നേർത്ത് ഇല്ലാതാകുമ്പോഴാണ് കഥയുടെ പ്രമേയം വെളിപ്പെട്ടു കിട്ടുന്നത്.

ജീവിതത്തിൽ ഓരോരുത്തരും ചില കണക്കുകൂട്ടലുകൾ നടത്താറുണ്ട്. കൂട്ടിയ കണക്കുകളൊക്കെയും തെറ്റിപ്പോയെന്നും കണക്കുകൂട്ടലിനപ്പുറത്തു മനസ്സിലാകാത്തൊരു കണക്ക് ഉണ്ടായിരുന്നുവെന്നും തിരിച്ചറിയുന്ന ഒരുവന്റെ കഥയാണ് 'ആവർത്തനപ്പുസ്തകം'. 'കവചിതം' എന്ന സമാഹാരത്തിലെ ഈ കഥ സോക്രട്ടീസ് കെ. വാലത്തിന്റെ ആഖ്യാനത്തിലെ അച്ചടക്കത്തിനും കൈയടക്കവിദ്യയ്ക്കും ഉദാഹരണമായി ചൂണ്ടിക്കാണിക്കാവുന്നതാണ്.

ആത്മാക്കളുടെ ദിവസം പാതിരാത്രിയിൽ ഒരപ്പനും അമ്മയും മകനും അവർ ജീവിച്ചിരുന്ന അവരുടെ വീട്ടുമുറ്റത്ത് തമ്മിൽ കാണുന്നതാണ് കഥ. പാപവും ശാപവും തുടർക്കഥകളായി മാറുന്നത് മകൻ ഓർക്കുന്നു. പരസ്പരമുള്ള വെറുപ്പും വിദ്വേഷവും വൈരാഗ്യവും മാത്രമേ അപ്പനും

അമ്മയ്ക്കും ഇടയിലുണ്ടായിരുന്നുള്ളു. അതിനിടയിൽപ്പെട്ട് പൂതലിച്ചുപോയ ബാല്യവും കൗമാരവും യൗവനവുമായിരുന്നു അവന്റേത്. അപ്പൻ മരപ്പണിക്കാരനായിരുന്നു. ഒരുകാലത്ത് അപ്പന്റെകൂടെ കെട്ടിടംപണിക്കു പോയിരുന്ന ലോനൻ ആശുപത്രി കെട്ടുന്നതിനിടയിൽ മൂന്നാം നിലയിൽനിന്നു വീണ് നടുവ് കേടുപറ്റി കിടപ്പിലായി. അയാളുടെ ഭാര്യ റൂത്തിന്റെ ജാരനായി അപ്പൻ. ഒരുദിവസം ലോനയുടെ ശവം ഇടയക്കുന്നം പാലത്തിനു ചുവട്ടിൽ പൊങ്ങി. ലോനയെപ്പോലെ ചങ്കുപൊട്ടിയാണ് അപ്പന്റെ ചേട്ടൻ വറുതും മരിച്ചത്. അയാളുടെ ഭാര്യ സലോമിയുടെയും ജാരനായിരുന്നു അപ്പൻ. വറുതു വല്യപ്പനോടും ലോനയോടും പാപംചെയ്ത് അവരുടെ ശാപം വാങ്ങി അപ്പൻ അനുഭവിച്ചു മരിച്ചു. ഒരു പാതിരാത്രിയിൽ ലോനയുടെ വീട്ടിൽ പതിവു സന്ദർശനംകഴിഞ്ഞ് വീട്ടിലേക്കുവരുന്നവഴി തീവണ്ടിപ്പാളം മുറിച്ചു കടക്കുമ്പോൾ അടിതെറ്റി പാളത്തിൽ വീണു ട്രെയിൻ കയറിയാണ് അപ്പൻ മരിച്ചത്. അവന് വേണമെങ്കിൽ അപ്പനെ രക്ഷിക്കാമായിരുന്നു. അമ്മയ്ക്കുവേണ്ടിയാണ് അവനതു ചെയ്തത്. എന്നാൽ അപ്പനെക്കൊന്ന മഹാപാപി എന്നാണ് അമ്മ അവനെ വിളിച്ചത്. അപ്പോഴാണ് അവന്റെ കണക്കുകൂട്ടലുകൾ തെറ്റിയത് അവനാദ്യം അറിയുന്നത്. അപ്പനെക്കൊണ്ട് ദണ്ണം അനുഭവിക്കാൻ മാത്രം ലോനയും വറുതു വല്യപ്പനും ചെയ്ത പാപം എന്തായിരുന്നുവെന്നതാണ് അവനു മനസ്സിലാകാതെ പോയ മറ്റൊരു കാര്യം. അതറിയാൻ പിന്നിലേക്കു പോവാൻ വയ്യാതെ അവനും അവസാനിച്ചു.

ഈ കഥയെക്കുറിച്ച് എടുത്തു പറയുവാൻ കാരണം ഹൃദയസ്പർശിയാണിത് എന്നതാണ്. ഭാവതീവ്രത നശിപ്പിക്കാതിരിക്കാനുള്ള കഥാകൃത്തിന്റെ ശ്രദ്ധ ഓരോ വാക്യത്തിലും പ്രകടമായി കാണാം. ഭാവാന്തരീക്ഷത്തെ വാക്കുകളിലൂടെ സമർഥമായി വിനിമയംചെയ്യുവാൻ സോക്രട്ടീസ് കെ. വാലത്തിന് അപൂർവമായ സിദ്ധിയുണ്ടെന്ന് കഥ വായിക്കുന്ന ഓരോരുത്തർക്കും ബോധ്യമാകും. "പാളത്തിൽ ഒരു മുഴുത്തനായ തലയറ്റു കിടന്നിരുന്നു. അതിന്റെ അറ്റുപോയ ശിരസ്സിലെ കണ്ണുകൾ എന്നെ നന്ദിയോടെ ഉഴിഞ്ഞു". വാക്കുകളിൽ വല്ലാത്ത മിതത്വം സോക്രട്ടീസ് കെ. വാലത്ത് പാലിക്കുന്നുണ്ട്. "ലോകം ശൂന്യമായി. എല്ലായിടവും ഒഴിഞ്ഞും പാഴായും കിടന്നു. നിലാവു താഴ്ന്നു. കാക്കകൾ ദാഹപൂർവം കരഞ്ഞു. ആകാശം ചാരനിറമാണ്ടുകിടന്നു. ഞാൻ നടന്നു". കഥയവസാനിക്കുന്നത് അവരുടെ വീട് മെല്ലെ ഇടിഞ്ഞമർന്ന് നിശ്ശബ്ദം പൊടിയിലേക്കു മടങ്ങുന്ന കാഴ്ചയിലാണ്. സോക്രട്ടീസ് കെ. വാലത്തിന്റെ പല കഥകളും വീടുകളുടെ നാശം ഭൗതികതലത്തിൽ മാത്രം വിലയിരുത്തേണ്ട ഒരു വിഷയമല്ലെന്ന് ഓർമ്മിപ്പിക്കുന്നവയാണ്.

വീടും വീട്ടുപരിസരവും സോക്രട്ടീസ് കെ. വാലത്തിന്റെ കഥകളിൽ ആവർത്തിച്ചു പരാമർശിതമാകുന്നുണ്ട്. സ്വയം ആവർത്തിക്കാതിരിക്കാൻ ശ്രമിക്കുന്ന കഥാകൃത്താണ് എങ്കിലും കാത്തിരിപ്പിന്റെ കഥകളാണ് അദ്ദേഹം പറയുന്നതേറെയും. ജീവിതം കാത്തിരിപ്പല്ലാതെ മറ്റൊന്നുമല്ലെന്ന് ഓർമിപ്പിക്കുന്ന കഥയാണ് 'കിളിവാതിലിനിപ്പുറം'. കടൽത്തീരത്തെ മറ്റു വീടുകളിൽനിന്നു ഒറ്റപ്പെട്ടു നില്ക്കുന്ന ഒരു വലിയ വീടിനെക്കുറിച്ചു പറഞ്ഞുകൊണ്ടാണ് ആ കഥയാരംഭിക്കുന്നത്. മകനെക്കാത്തിരിക്കുന്ന ഒരമ്മ ആ വീട്ടിലുണ്ട്. 'മരണക്കളി' എന്ന കഥയിൽ എന്തോ പരതി നടക്കുന്ന കടിയൻ ഉറുമ്പുകളാണ് വീടുനിറയെ എന്നു കാണാം. വീട് വൃത്തിയായി സൂക്ഷിക്കാത്തതുകൊണ്ടാണ് അതെന്ന് അശോകന്റെ അച്ഛൻ. തനിക്കും പ്രായമായി എന്ന് അമ്മയും. അങ്ങനെ പരസ്പരം പഴിപറഞ്ഞ് ഒടുക്കം അസുഖകരമായ മൗനത്തിൽ മൂടിപ്പൊതിഞ്ഞു നില്ക്കുന്ന ഒരു വീട്. വീടും കുടുംബവും വീട്ടിലെ പ്രശ്നങ്ങളുമൊക്കെ ആർക്കും ഒഴിവാക്കാൻ പറ്റുന്ന വിഷയങ്ങളല്ല. 'ഇരുതലമൂരി'യിലും 'ആനന്ദ് നഗറിലെ കാറ്റി'ലും 'ശേഷപത്ര'ത്തിലുമൊക്കെ വീട്ടുവിഷയങ്ങളാണ് ഇതിവൃത്തമായി വരുന്നത്.

വീടിന്റെ ആകൃതിയും പ്രകൃതിയും ഒരു സമൂഹത്തിൽനിന്ന് മറ്റൊന്നിലേക്ക് പരക്കെ വ്യത്യാസപ്പെട്ടിട്ടുണ്ടെങ്കിലും, വീടുകൾ ഏറെക്കുറെ സാർവത്രികമാണ്. പല സമൂഹങ്ങളിലും വീടുകൾ ഏറ്റവും പ്രധാനപ്പെട്ട ഇടങ്ങളിൽ ഒന്നുമാണ്. വീടുകൾ താമസക്കാരെ നിലനിറുത്തുകയും പിന്തുണയ്ക്കുകയും ചെയ്യുന്ന ഭൗതികസൗകര്യങ്ങൾ വാഗ്ദാനംചെയ്യുന്നു, മാത്രമല്ല, അവ പലപ്പോഴും മനുഷ്യരുടെ നിലനില്പിന് അത്യന്താപേക്ഷിതവുമാണ്. മാനസികവും വൈയക്തികവുമായ വികാസത്തിനും പ്രകടനത്തിനുമുള്ള പ്രധാനകേന്ദ്രങ്ങളാണ് വീടുകൾ. വ്യക്തികൾ സ്വത്വത്തെ വികസിപ്പിക്കുകയും വീടുകളിൽ സ്വകാര്യത നിയന്ത്രിക്കുകയും ചെയ്യുന്നു. കുടുംബങ്ങൾ വീടുകളിൽ ഒരു ഏകകമായി തങ്ങളെത്തന്നെ സ്ഥാപിക്കുകയും മറ്റുള്ളവരുമായി ബന്ധിപ്പിക്കുകയും ചെയ്യുന്നു. അങ്ങനെ, വീട് ഒരു അഭയകേന്ദ്രമാണ്. മനുഷ്യരുടെ അത്യാവശ്യവും സാംസ്കാരികവുമായ പ്രക്രിയകളുടെ ശേഖരമാണ് വീടുകൾ. സ്വസ്ഥമായി വ്യവഹരിക്കാവുന്ന വിശ്വസ്തമായ ഇടമാണ് ഒരാൾക്ക് സ്വന്തം വീട്. ഏത് അവസ്ഥയിലും എല്ലാ തിരക്കുകളിൽനിന്നും ഓടിയെത്താനാഗ്രഹിക്കുന്ന ഒരിടം. വീട്ടിലേക്ക് ഓരോരുത്തരേയും വലിച്ചടുപ്പിക്കുന്ന പല ഘടകങ്ങളുണ്ട്.

എല്ലാ വഴികളും ചതിച്ചാലും വീട്ടിലേക്കുള്ള വഴി ഒരിക്കലും പിഴയ്ക്കില്ലെന്നു റഫീക്ക് അഹമ്മദ് 'പാർപ്പിടം' എന്ന കവിതയിൽ എഴുതിയതോർക്കുന്നു. "മുഖമൊരേപോലെ വീടുകൾക്കെങ്കിലും മറവി കാൽകളെ ചുറ്റുന്നുവെങ്കിലും മിഴിയടച്ചാലുമവിടെയെത്തിക്കുമെൻ കഴലുകൾ " എന്നതൊരു വിശ്വാസമാണ്. വീടിന് അതിന്റെ ഭൂഗുരുത്വബലം നഷ്ടമാകുന്നതിന്റെ ആധികൾ സോക്രട്ടീസ് കെ. വാലത്തിന്റെ കഥകളിൽ അവതരിപ്പിക്കപ്പെടുന്നു. വിഷവാതകചോർച്ചയറിഞ്ഞ് വീടു വിട്ടോടുന്നവരെ അവതരിപ്പിച്ചുകൊണ്ടാരംഭിക്കുന്ന 'പാമരം' മർത്യാസ് അപ്പൂപ്പൻ കൊച്ചുമകൻ ബിനുവിന് അതിജീവനപാഠം പകർന്നുകൊടുക്കുന്ന കഥയാണ്. അവന്റെ കണ്ണുകൾ വീട്ടിൽനിന്നു പുറത്തിറങ്ങി ഓടാൻ പഴുതുതേടി പരതുകയാണ്. പണ്ട് ബണ്ടുപൊട്ടീന്ന് പറഞ്ഞ് കിട്ടിയതും കൊണ്ട് എല്ലാവരും ഓടിയപ്പോൾ മർത്യാസിന്റെ അപ്പൻ ചിക്കു അവനെക്കൂട്ടി നെഞ്ചുവിരിച്ചുനിന്നു പൊരുതിയ കഥ പറഞ്ഞുകൊടുത്ത് ബിനുക്കുട്ടനു ധൈര്യംപകരുന്നു.

**ഭാവാന്തരീക്ഷത്തെ വാക്കുകളിലൂടെ സമർഥമായി വിനിമയംചെയ്യുവാൻ സോക്രട്ടീസ് കെ. വാലത്തിന് അപൂർവമായ സിദ്ധിയുണ്ടെന്ന് കഥ വായിക്കുന്ന ഓരോരുത്തർക്കും ബോധ്യമാകും.**

വെഷപ്പുക പൊഴയ്ക്കിപ്പുറത്തേക്ക് വരില്ലെന്നും പടിഞ്ഞാറൻ കാറ്റിൽ ആ പൊകമൊത്തം തള്ളിത്തള്ളി കെഴക്കോട്ട് കൊണ്ടുപോയി മലേടപ്പുറത്തേക്ക് തള്ളുമെന്നും അയാൾ അവനു പറഞ്ഞുകൊടുക്കുന്നു. അപ്പോൾ, പോയവരൊക്കെ തിരിച്ചുവരുമെന്നും നിനക്ക് നിന്റപ്പനെയും അമ്മയെയും ഒക്കെ കാണാൻപറ്റുമെന്നും അവനെ ധരിപ്പിക്കുന്നു. ഇത്രേംമാത്രം വിചാരിക്ക്. വേറൊന്നും ചിന്തിക്കാണ്ട് കിടക്ക്. എന്താ വരു മ്പോണേന്ന് നുമ്മക്ക് നോക്കാം. ഇതായിരുന്നു മർത്യാസ് അപ്പാപ്പന്റെ നിലപാട്. പുറത്ത് അടുത്തടുത്തുവരുന്ന പരിചിതശബ്ദങ്ങളിലേക്കാണ് അവൻ ഉറക്കംവിട്ടുണരുന്നത്. അപ്പോഴേയ്ക്കും മർത്യാസ് അപ്പാപ്പന്റെ പോരാട്ടവീര്യം അവനിലേക്കും സംക്രമിച്ചു കഴിഞ്ഞിരുന്നു. അങ്ങനെ വീടുവിട്ടോടാതെ പൊരുതുന്ന മർത്യാസ് അപ്പാപ്പന്റെ അതിജീവന ശേഷിക്ക് ബിനുക്കുട്ടനിലൂടെ വ്യാപ്തി കൈവരുന്നു.

സമൂഹത്തെക്കാൾ വ്യക്തിയിൽ കേന്ദ്രീകരിക്കുന്നവയാണ് സോക്രട്ടീസ് കെ. വാലത്തിന്റെ കഥകൾ. സമൂഹത്തിലാണ് വ്യാപരിക്കുന്നതെങ്കിലും വ്യക്തി എന്ന നിലയിൽ അനുഭവിക്കുന്ന ആന്തരികവും ബാഹ്യവുമായ സമ്മർദങ്ങളിലേക്കാണ് വായനക്കാരെ അദ്ദേഹം ആനയിക്കുന്നത്. 'ആഗസ്റ്റ് 15' എന്ന കഥയിലെ സ്ത്രീയും അവളെ പിന്തുടരുന്ന അജ്ഞാതനും തമ്മിലുള്ള സംഭാഷണത്തിലൂടെ ഭയത്തെ മാന്ത്രികമായി നിലനിറുത്തുന്ന ആഖ്യാനതന്ത്രം ഈ കഥാകൃത്തിന്റെ കഥനവൈഭവത്തെ വെളിപ്പെടുത്തുന്നു. വെറുതെ ജീവിതത്തെ

**സമൂഹത്തെക്കാൾ വ്യക്തിയിൽ കേന്ദ്രീകരിക്കുന്നവയാണ് സോക്രട്ടീസ് കെ. വാലത്തിന്റെ കഥകൾ. സമൂഹത്തിലാണ് വ്യാപരിക്കുന്നതെങ്കിലും വ്യക്തി എന്ന നിലയിൽ അനുഭവിക്കുന്ന ആന്തരികവും ബാഹ്യവുമായ സമ്മർദങ്ങളിലേക്കാണ് വായനക്കാരെ അദ്ദേഹം ആനയിക്കുന്നത്.**

↘ സോക്രട്ടീസ് കെ. വാലത്ത്



ആവിഷ്കരിക്കുന്നതല്ല ചെറുകഥയെന്ന് സോക്രട്ടീസ് കെ. വാലത്തിന്റെ കഥകൾ ഓർമിപ്പിക്കുന്നു. ഇരുതലമൂരി എന്ന കഥ ഒരു രതിവിജ്ഞാന ഗ്രന്ഥം എഴുതാൻ നിർബന്ധിതനാകുന്ന ജോസ് സാറിന്റെ അനുഭവങ്ങളെ ആവിഷ്കരിക്കുന്നു. അദ്ദേഹത്തിന് ഒരേയൊരു മകളേയുള്ളു, നീന. നീനയുടെ കല്യാണത്തിന് കേവലം ഏഴു ദിവസങ്ങൾക്കുമുൻപാണ് അദ്ദേഹം അങ്ങനെ ഒരു തീരുമാനമെടുത്തത്. റിസ്കാണ് എന്നറിഞ്ഞുകൊണ്ടുന്നെയാണ് അദ്ദേഹം അതിനു തുനിയുന്നത്. മകൾ അതുവായിച്ചിരിക്കണം. കാര്യങ്ങളെക്കുറിച്ച് ഒരേകദേശധാരണ നേടണം. തന്റെ ഗതി മരുമകനും വരരുത്. അതേ അദ്ദേഹത്തിനുദ്ദേശ്യമുള്ളൂ. എന്നാൽ, നിരവധി പ്രശ്നങ്ങളാണ് അദ്ദേഹത്തിനു മുന്നിലുള്ളത്. കല്യാണത്തിനു നാലുദിവസം മുൻപേ അയാൾ കൈപ്പുസ്തകം പൂർത്തിയാക്കി. എങ്ങനെ അതു മകളിലേക്ക് എത്തിക്കും എന്നതാണ് ഒരു പ്രധാന പ്രശ്നം. കൈയക്ഷരം മനസ്സിലാവുമല്ലോ. അതിനെന്താണു വഴി? ഡി.ടി.പി എടുക്കാം. പരിസരത്തെങ്ങും കൊടുക്കാനാവില്ല. പഠിപ്പിച്ച പിള്ളേരുണ്ട്. ഒടുക്കം പത്തുകിലോമീറ്റർ അകലെയുള്ള ഡി.ടി.പി സെന്ററിൽ കൊടുക്കാം എന്നു തീരുമാനിച്ചു. കൈയെഴുത്തുപ്രതി തന്റെ കിടപ്പുമുറിയിൽ ഭദ്രമായി വച്ചു. കണക്കുകൂട്ടലുകളെല്ലാം തെറ്റുന്നതാണ് പിന്നീട് കാണുന്നത്. വൈകുന്നേരമായപ്പോഴേക്കും അതിഥികൾ ഓരോരുത്തരായി വന്നു. ജോസ് സാറിന് കിടപ്പുമുറിയിൽ കയറാനേ സാധിച്ചില്ല. എന്നു മാത്രമല്ല പത്തായപ്പുരയിൽ കിടന്നുറങ്ങേണ്ടിയും വന്നു. ഉറങ്ങി എണീറ്റപ്പോഴേയ്ക്കും കുട്ടിപ്പട കൈയെഴുത്തുപ്രതി പരസ്യപ്പെടുത്തിക്കഴിഞ്ഞിരുന്നു. ജോസ് സാർ ഒരശ്ലീലസാഹിത്യകാരനായിത്തീർന്നപോലെയായി എന്നു പറഞ്ഞാൽ മതിയല്ലോ. സകലമുഖങ്ങളിലും പരിഹാസം, പുച്ഛം. നാട്ടിലുംപാട്ടായി. ജോസ് സാർ അതൊന്നും വിഷയമാക്കാതെ ഉഷാറായി കല്യാണച്ചടങ്ങു നടത്തി. രതിസംബന്ധമായി എന്തു നല്ല കാര്യം ചെയ്താലും ദുരനുഭവമാണല്ലോ എന്നദ്ദേഹം ദുഃഖിച്ചു. കൈയെഴുത്തുപ്രതിയും കിട്ടിയില്ല. അതിനിടെ മകളും മരുമകനും ആദ്യത്തെ വിരുന്നിനു വന്നു. അന്നു രാത്രി മരുമകൻ കൈയെഴുത്തുപ്രതി ജോസ് സാറിനെ ഏല്പിച്ചിട്ടു പറഞ്ഞു, ഗ്രേറ്റ് പപ്പാ. പുസ്തകമാക്കി ഇറക്കിയിട്ട് കാര്യമില്ലെന്നും ഇത് വിഷ്വലായിട്ട് അവരിരുവരും മോഡലായി ചെയ്താലോന്നാലോചിക്കുവാണെന്നുംകൂടി കേട്ടപ്പോൾ അയാൾക്ക് ഒരു തലമയക്കമുണ്ടായി. അയാൾ കണ്ടു, തന്റെ ഭാര്യയുടെയും മകളുടെയും രൂപങ്ങൾ പരസ്പരംചേർന്ന് ഒറ്റ ഉടൽ. അതിനു പക്ഷേ, രണ്ട് തലകൾ ഉണ്ട്. ലാഘവത്തോടെ കഥപറയുന്ന സോക്രട്ടീസ് കെ. വാലത്ത് ദുരനുഭവങ്ങളെ ചിരിയാക്കിമാറ്റുന്ന തന്ത്രം ഈ ആഖ്യാനത്തിൽ പരീക്ഷിക്കുന്നു.

'ആനന്ദ്നഗറിലെ കാറ്റ്' ആനന്ദൻ മാഷിനു സംഭവിച്ച ദുരന്തത്തിന്റെ മാത്രം കഥയല്ല. ആനന്ദ് നഗറിൽ വിരിഞ്ഞ കടും നിറവും മാസ്മര സുഗന്ധവുമുള്ള പനിനീർപ്പൂക്കളുടെ കഥയും ആനന്ദൻ മാഷിന്റെ ദുരന്തത്തിനു കാരണക്കാരായവരുടെ വീഴ്ചയുടെ കഥയും കൂടിയാണ്. കാര്യവും കാരണവും തേടാതെ പ്രചരിപ്പിക്കുകയും കാണാതെയും അറിയാതെയും സ്ഥിരീകരണം നടത്തുകയും ചെയ്യുന്നവർക്കിടയിൽ സത്യം വിറങ്ങലിച്ചു നില്ക്കുന്നു പതിന്നാലുകാരിയായ ജെമ്മ എന്ന ജോലിക്കാരിയെ ഭീഷണിപ്പെടുത്തിയും പ്രലോഭിപ്പിച്ചും നിരന്തരം ലൈംഗികോപയോഗത്തിനിരയാക്കി എന്ന

പരാതിയിലാണ് താൻ ജയിലിലായതെന്നുപോലും അദ്ദേഹം സ്റ്റേഷനിലെത്തി ചാർജ് ഷീറ്റ് കേട്ടപ്പോഴാണറിഞ്ഞത്. ചാന ലുകളും പോർട്ടലുകളും ലോകമെങ്ങും വാർത്ത എത്തിച്ചു. സത്യാനന്തരകാലത്തെയും മാധ്യമങ്ങളുടെ വിചാരണയെയും വിമർശിക്കുന്ന ഒരു കഥകൂടിയായി 'ആനന്ദ് നഗറിലെ കാറ്റ്' മാറുന്നുണ്ട്. അദ്ദേഹത്തിന്റെ സാന്നിധ്യം ജയിൽപ്പുള്ളികളിൽ വലിയ മാറ്റംവരുത്തി. ജാമ്യം നേടി തിരിച്ചെത്തിയ ആനന്ദൻ മാഷിന്റെ വീട്ടിൽനിന്നു വരുന്ന സുഗന്ധത്താൽ അവിടെ യെങ്ങും ഒരു ലാഘവത്വം അനുഭവപ്പെട്ടു. തടവുകാലം കഴിഞ്ഞു മാഷ് വന്നതോടെ പനിനീർച്ചെടികൾ തളിർത്തു. ജെമ്മ ആനന്ദൻ മാഷ് നിരപരാധിയാണെന്നും സമീപവാ സികൾ പിതാവിനെ സ്വാധീനിച്ച് ഒപ്പു വയ്പിച്ചതാണെന്നും കുറിപ്പെഴുതിവച്ച് ആത്മഹത്യ ചെയ്തു. വർഷങ്ങൾ കഴിഞ്ഞ് മാഷിന്റെ വിയോഗമറിഞ്ഞ് എത്തിയവരിൽ പുരുഷന്മാർ ആ വീട്ടിൽ നിന്നും മുറിച്ചുകൊണ്ടുപോയ കമ്പ് നട്ട് വളർന്നു പൂത്ത് ആ പ്രദേശം മുഴുവൻ സുഗന്ധം പരന്നു. ആനന്ദൻ മാഷിന്റെ വീട് പിന്നീട് ഇടിഞ്ഞുപൊളിഞ്ഞു പോയെങ്കിലും ആ പനിനീർച്ചെടികൾ ഓരോ വീട്ടിലും സുഗന്ധം പരത്തി ക്കൊണ്ടിരുന്നു. അവിടങ്ങളിൽ ചെല്ലുന്നവർക്കെല്ലാം ആനന്ദം ലഭിച്ചു. അങ്ങനെ ആനന്ദനഗർ എന്ന പേരും ആ പ്രദേശത്തി നു ലഭിച്ചു. ആർക്കാണ് ആനന്ദം അനുഭവിക്കാനാവുന്നത് എന്ന ചോദ്യത്തിന് ആനന്ദ് നഗറിലെ കാറ്റ് ഉത്തരംതരും സ്നേഹംപകരുമ്പോഴാണ് ആനന്ദം കൈവരുന്നത്. ആനന്ദൻ മാഷ് പനിനീർച്ചെടികളെ പരിചരിക്കുന്നതിൽ നല്കുന്ന ശ്രദ്ധ സവിശേഷമായതായിരുന്നു. അതിൽ വിരിഞ്ഞ പനിനീർപ്പൂക്ക ളുടെ അപരിമേയമായ സൗരഭ്യത്തിലൂടെ അയൽവീടുകളിലെ പെണ്ണുങ്ങൾക്കും അളവറ്റ ആനന്ദംകിട്ടുന്നു.

ആനന്ദം പകരുന്നവയാണ് സോക്രട്ടീസ് കെ. വാലത്തിന്റെ കഥകൾ. സത്യത്തിന്റെ സുഗന്ധം അതിൽ പ്രസരിക്കുന്നു. സമൂഹത്തിന്റെ പൊതു മനോഭാവത്തിനു നേർക്കുയർത്തുന്ന ചോദ്യങ്ങളാണ് സോക്രട്ടീസ് കെ. വാലത്തിന്റെ കഥകളിൽ പൊതുവെ ആവിഷ്കൃതമാകുന്നത്. വീടുവിട്ടുപോകാൻ മടി ക്കുന്ന വീട്ടുകാരനെപ്പോലെ സോക്രട്ടീസ് കെ. വാലത്തിന്റെ കഥകൾ വായനക്കാരുടെ ഉള്ളിൽനിന്നു വിട്ടുപോകാൻ മടിക്കും. എഴുതിയവയിൽ പലതും മലയാളത്തിലെ മികച്ച കഥകളുടെ നിരയിൽ ഇടംനേടാനർഹമാണെങ്കിലും വരാ നിരിക്കുന്നത് ഈ എഴുത്തുകാരന്റെ കാലമാണെന്നു പറ യാനാണ് എനിക്കിഷ്ടം.❍




കവിത



ശ്രീകല ചിങ്ങോലി

# വറ്റ്



വഴിയിലിപ്പോൾ ഇരുളിന്റെ തേർവാഴ്ച,
നെറികെടുന്ന സൗഹൃദക്കുരുക്കുകൾ,
ഹൃദയവേദന തൻ നിശായാനത്തിൽ
പകലുപോലും മറക്കുന്നു ദീപ്തത.
പുലരുവാനനുവാദം തരികയി-
ല്ലിവിടെ  ശത്രുതയേറുന്ന ക്രൂരത,
അരികിലെങ്ങോ ഒതുങ്ങുവാൻ പിന്നെയും
കൊടിയദ്രോഹക്കുരുതികളാർക്കുന്നു.

പുതിയ പൊൻകതിർത്തൂവെട്ടമെപ്പൊഴോ
തല നിവർത്തി വരുമാപ്രതീക്ഷയിൽ
പുലരി കാക്കുന്നു, പുഞ്ചിരി തേടുന്നു,
വരളുമെൻ ചുണ്ടു പാടാൻ കൊതിയ്ക്കുന്നു.
അഗ്നികുണ്ഡത്തിലാളിയെരിഞ്ഞിട്ടും
ചുട്ടുചാമ്പലാകാത്ത വിത്തൊന്നിനെ
ചെറ്റുചേർത്തുപിടിച്ചു ഞാൻ പോകുന്നു
ഭദ്രമാ,യതു പൊട്ടിവിരിഞ്ഞിടാൻ.

ആഴമുള്ള സിരാപടലങ്ങളെ-
വേരറുത്തു രസിച്ചവരെന്നാലും
ഹരിതഭംഗി വിടർത്തിത്തണലായി
അതുനിവർന്നു ചൈതന്യമായ് വന്നിടും.
കൂട്ടിവെച്ച പ്രതീക്ഷകളൊക്കെയും
കാറ്റിലെങ്ങോ പറന്നുകരിഞ്ഞുപോയ്,
നഷ്ടകാർമേഘജാലങ്ങൾ പെയ്തൊരു-
ശപ്തകാലത്തിൻ നീരൊഴുക്കൊക്കെയും

കരളിലുള്ള കനലാൽക്കടഞ്ഞൊരു-
തുഴയതിന്റെ കരുത്തിൽ കടന്നുപോയ്,
ശാദ്വലത്തണൽത്തീരമണഞ്ഞു ഞാൻ
പാട്ടുപാടും,പടരും തഴച്ചിടും .
വെട്ടിയൊക്കെത്തകർക്കാൻ  പണിപ്പെടും
കൂട്ടരേ ഞാൻ വളർന്നിടും പിന്നെയും.❍

കവിത



സജീവ് സി. വാരിയർ

# ഇരുൾക്കൂത്ത്



ഓർമപൂക്കും പറമ്പിലൂടിന്ന്
പാഴ്നടത്തം നടക്കേ
വേനലിറ്റിറ്റു വീഴ്കയായ്, വെള്ളി -
നാരുപാറും ശിരസ്സിൽ
പോയ വർഷങ്ങളേതിലോനിന്ന്
വീശിയെത്തുമീക്കാറ്റിൽ
നാട്ടുമാഞ്ചുണ നീറ്റിയില്ലയോ
നാവിലിറ്റും മധുരം
നൂറുമേനിയാൽ പണ്ടുമോദിച്ച
കാവിലെ നെല്ലുകണ്ടം
ദേഹമാകെ ചുളിഞ്ഞുവറ്റിയും
രോമമാകെക്കൊഴിഞ്ഞും
ലാസ്യഹാസ്യങ്ങൾ ചോർന്നുമങ്ങനെ
മൂലയിൽക്കുത്തിരിപ്പൂ

കൊയ്ത്തുപാടത്തെ പൊൻകതിരുകൾ
നാടുവിട്ടങ്ങുപോയീ
ഞാറ്റുവേലയ്ക്ക് ഞാറ്റടികളിൽ നാമ്പിട്ടില്ലൊറ്റ വിത്തും

പൂങ്കുലപ്പച്ച കൂമ്പി ഓലയാൽ
ഓണമാം തെങ്ങുതോപ്പിൽ മച്ചിങ്ങായും
കരിക്കും കായ് നിറ
ഞ്ഞെത്ര വേനൽ മറഞ്ഞു
കൊപ്ര ചേകിൽ വിളഞ്ഞ നന്മണം
എത്തിയെത്തിപ്പിടിക്കാൻ
ഓർമയറ്റൊരാളേന്തിടുംപോലെ
പീറ്റത്തെങ്ങാടി നില്പൂ

ചേമ്പും ചേനയും കാച്ചിലും കായ്ച്ച കാലമെങ്ങോ
മറഞ്ഞു
വെള്ളരിക്കകൾ പൂക്കണിതീർത്ത
മേടമാസം പൊലിഞ്ഞു

ചേലയാറ്റിൽക്കുളിച്ചുമീറനായ്
പ്പീലിക്കാവിൽത്തൊഴുതും
മുത്തണിപ്പയർമാലയിൽ വിരൽ
തൊട്ട് നാമംജപിച്ചും
ആൽത്തറയ്ക്കൽപ്പടിഞ്ഞിരുന്നൊരാ
നാട്ടുതെന്നൽ മറഞ്ഞൂ
ഭൂമിയോളം വിളഞ്ഞുതാഴുന്ന
കായ്പ്പടവലത്തോട്ടം
കയ്പ് മൂത്തു മധുരമേറുന്ന
പാവൽ തൂങ്ങുന്ന പന്തൽ
ഒക്കെയോർമയടുക്കിയ ചായ്പ്പി-
ലെത്രനാളായ് കിടപ്പൂ.

ചേതനയിൽ ചിതലരിക്കുന്നു
മോഹം ജീർണിച്ചടർന്നു
ജീവനിൽ ചില്ല് വീണുടയുന്നു.
ആത്മദീപം കെടുന്നു;
ആകെയാകെയിരുണ്ടുപോകുന്നു
പ്രേമമാർന്നോരു ലോകം.❍

# ശാസ്ത്രം ജയിക്കട്ടെ; പക്ഷേ, മനുഷ്യൻ തോൽക്കരുത് !...



ജോർജ്ജ് കാടൻകാവിൽ
✆ 92493 92518
Director Bethlehem Matrimonial

**മ**നുഷ്യൻ എന്നൊരു ജീവി രണ്ടുകാലിൽ നിൽക്കാനാരംഭിച്ചിട്ട് നാലുകോടി വർഷം ആയെന്നാണ് ശാസ്ത്രം പഠിപ്പിക്കുന്നത്. ആ ജന്തു വസ്ത്രം നിർമ്മിക്കാൻ തുടങ്ങിയിട്ട് നാല്പതിനായിരം വർഷം മാത്രമേ ആയിട്ടുള്ളത്രെ.

മൂന്നുകോടി തൊണ്ണൂറ്റിയൊമ്പതു ലക്ഷത്തിയറുപതിനായിരം (3,99,60,000) വർഷം വസ്ത്രം പോലും ധരിക്കാതെ കാട്ടിലും ഗുഹയിലും മരത്തിലും മറ്റുമാണ്, മനുഷ്യൻ കാട്ടുകനികൾ ഭക്ഷിച്ചും, നായാടിയും, കൃഷിചെയ്തും, ഇരതേടി ജീവിച്ചു വന്നത്.

ഈ ലോകത്തിൽ കാറും വൈദ്യുതിയും ഒക്കെ തുടങ്ങിയിട്ട് നൂറ്റിയമ്പതു വർഷങ്ങളിൽ താഴെ മാത്രം. ഇന്നു വൈദ്യുതിയും വണ്ടിയും ഇല്ലാതെ ജീവിക്കുന്ന കാര്യം മനുഷ്യർക്കു ചിന്തിക്കാൻ പോലും സാധിക്കില്ല.

മൊബൈൽഫോൺ ആരംഭിച്ചത് 1995ൽ, സ്മാർട്ട്ഫോൺ വന്നത് 2008ൽ 16വർഷം മുമ്പാണ്. ഇന്നു ചുറ്റുമുള്ള മനുഷ്യരോടും, എത്രയും വേണ്ടപ്പെട്ടവരോടും പോലും ഒരു നല്ലവാക്കു പറയാനോ, അവരെ ഒന്നു ശ്രദ്ധിക്കാനോ, മനസ്സും സമയവുമില്ലാത്ത വിധം സ്മാർട്ട്ഫോണിലെ ലീലാവിലാസങ്ങളിൽ മാത്രമായി പല മനുഷ്യരുടെയും ജീവിതം.

എന്നിട്ടു സ്വയം പരാതിപ്പെടും, "എന്നെ ആർക്കും വേണ്ട, എന്നോടൊന്നു മിണ്ടാൻ പോലും ഈ ലോകത്ത് ആരും ഇല്ല" എന്നൊക്കെ.

ഇക്കാലത്ത് ഏതാണ്ട് എല്ലാ പ്രൊഫഷണൽ ജോലിക്കാരും ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ സഹായത്തോടെ അവരുടെ ദൈനംദിന ഓഫീസ് ജോലികൾ ചെയ്തെടുക്കാൻ ശീലിച്ചു വരികയാണ്.

മനുഷ്യപ്രയത്നംകുറയ്ക്കാനുള്ള പുതിയ സംവിധാനങ്ങളെ പ്രതീക്ഷയോടെ കാത്തിരിക്കുകയും, സഹർഷം സ്വാഗതം ചെയ്യുകയും, അതെല്ലാം ഏതു വിധവും സ്വന്തമാക്കണമെന്ന് ആഗ്രഹിക്കുകയും ചെയ്യുന്നവരാണ് നമ്മൾ.

പുതിയ സാങ്കേതിക വിദ്യകൾ സ്വായത്തമാക്കിയതോടെ, അദ്ധ്വാനിക്കാനും മിനക്കെടാനും നമുക്കു മടിയായി തുടങ്ങി. കഷ്ടപ്പാടുള്ള കാര്യങ്ങൾ ഒഴിവാക്കി, കമ്പ്യൂട്ടറിലോ മൊബൈലിലോ ഏതാനും ക്ലിക്കുകൾ കൊടുത്താൽ നടത്തിയെടുക്കാവുന്ന കാര്യങ്ങൾ മാത്രം മതി തങ്ങൾക്ക്, എന്ന് ചിന്തിക്കും വിധം, തലമുറ വ്യത്യാസമില്ലാതെ നമ്മുടെ എല്ലാം കാഴ്ചപ്പാടുകൾ മാറിപ്പോയിരിക്കുന്നു.

ലോകം വിരൽതുമ്പിലാക്കി അതിവേഗം ആവശ്യങ്ങൾ നടത്തിയെടുക്കാനായി, ശാസ്ത്ര-സാങ്കേതിക വിദ്യകളെ **അമിതമായി ആശ്രയിക്കുമ്പോൾ**, മനുഷ്യന്റെ സ്വാഭാവിക കഴിവുകളും, നൈസർഗ്ഗിക സിദ്ധികളും ക്ഷയിച്ചു പോകുന്നു എന്നത് ഒരു സ്വാഭാവിക പ്രത്യാഘാതമാണ്. ഇത് നമ്മൾ പ്രത്യേകം മനസ്സിലാക്കിയിരിക്കണം.

**Artificial Intelligence** - ചില തീരുമാനങ്ങളെടുക്കാൻ നിരവധി വിവരങ്ങൾ, നമുക്കു വിശകലനം ചെയ്തു പരിഗണിക്കേണ്ടി വരും. നിർമ്മിത ബുദ്ധിയുടെ സഹായമുണ്ടെങ്കിൽ ഈ വിശകലനം നമുക്ക് അതിവേഗം ചെയ്യിച്ചെടുക്കാം. പക്ഷേ ഓർമ്മവേണം, **നിർമ്മിത ബുദ്ധിയെ അമിതമായി ആശ്രയിക്കുമ്പോൾ**, നിർണ്ണായക തീരുമാനങ്ങളെടുക്കാനുള്ള സ്വന്തം ബുദ്ധിയാണ് മന്ദഗതിയിലാകുന്നത്. സ്വന്തം മൂല്യങ്ങളാണ് നാമറിയാതെ മാഞ്ഞു പോകുന്നത്. സ്വന്തം ജീവിതമാണ്, മനുഷ്യസഹജമായ പലതും അനുഭവിക്കാതെ അസ്തമിച്ചു പോകുന്നത്.

**Decision Making** - മനുഷ്യബുദ്ധിക്ക് സാധിക്കുന്നതിലും വളരെ വേഗത്തിൽ ധാരാളം വിവരങ്ങൾ വിശകലനം ചെയ്യാൻ നിർമ്മിതബുദ്ധിക്കു സാധിക്കും. എന്നാൽ നിർമ്മിതബുദ്ധി അതിന്റെ നിർണ്ണയങ്ങൾ പ്രസ്താവിക്കുന്നത് ആ ബുദ്ധി നിർമ്മിച്ചവരും അതുപയോഗിക്കുന്നവരും, പ്രോഗ്രാം വഴി അതിൽ കൊടുത്തിരിക്കുന്ന, മൂല്യങ്ങൾ അനുസരിച്ചായിരിക്കും. അതിനാൽ ആ നിർണ്ണയങ്ങൾ, **നമ്മുടെ മൂല്യങ്ങൾക്കും, ധർമ്മ നീതികൾക്കും, നിരക്കുന്നതാണോ?** എന്നു കൂടി വിലയിരുത്തി വേണം നമ്മുടെ തീരുമാനങ്ങളെടുക്കാൻ.

ഗർഭധാരണത്തിന്റെയും, പ്രസവത്തിന്റെയും കഷ്ടപ്പാടുകൾ കൂടാതെ, നമ്മുടെ ഡി.എൻ.എ കൊടുത്താൽ, ഇങ്കുബേറ്ററിൽ നിന്നും നമ്മുടെ കുഞ്ഞുങ്ങളെ, നമ്മളാഗ്രഹിക്കുന്ന കഴിവുകളും സിദ്ധികളും കൂടി ചേർത്തു, പ്രോഗ്രാം ചെയ്തു സൃഷ്ടിക്കാൻ ഇപ്പോൾ ശാസ്ത്രത്തിനു സാധിക്കുമല്ലോ! അതുകൊണ്ട് തൊഴിലിൽ പരമാവധി നേട്ടങ്ങളുണ്ടാക്കിയ ശേഷം മതി, സ്വന്തം കുടുംബം എന്ന ഭാരം, എന്നുവരെ ചിന്തിക്കുന്ന കാഴ്ചപ്പാടുകളാണ് ഇന്നത്തെ തലമുറയിൽ ചിലർക്കെങ്കിലും.

മുൻ തലമുറകളെ അപേക്ഷിച്ച് നമുക്കു സംഭവിച്ച പ്രധാന മാറ്റം, ശരീരത്തിനും മനസ്സിനും ആയാസം വരുന്ന പ്രവർത്തികളോടുള്ള വിമുഖതയാണ്. അത്തരം ഏതെങ്കിലും ഒരു കാര്യത്തിൽ ശ്രദ്ധവെച്ചു ദീർഘനേരം മിനക്കെട്ടു പ്രവർത്തിക്കുന്ന കാര്യം, ആലോചിക്കാൻ പോലും കഴിയാത്ത വിധം, നമ്മുടെ സ്വഭാവം മാറിപ്പോയിരിക്കുന്നു.

പക്ഷേ, തക്കതായ ലാഭമോ, മെച്ചമോ, നേട്ടങ്ങളോ ലഭിക്കും എന്നു ബോദ്ധ്യമാകുന്നവർ,എത്ര കഷ്ടപ്പാടുകളുണ്ടെങ്കിലും, ആ നേട്ടത്തിനു വേണ്ടി ദീർഘനേരം, ക്ഷമയോടെ, മിനക്കെട്ടു പ്രവർത്തിക്കാൻ തയ്യാറാകും. പരാജയങ്ങൾ നേരിട്ടാലും പിന്തിരിയാതെ, പുതിയ മാർഗ്ഗങ്ങൾ കണ്ടുപിടിച്ച് സ്ഥിര പരിശ്രമം കൊണ്ട് തങ്ങളുടെ ലക്ഷ്യം അവരു നേടിയെടുക്കാറുമുണ്ട്.



കുടുംബ ജീവിതം എന്നു പറയുമ്പോൾ, പ്രത്യക്ഷത്തിൽ ലാഭം ഒന്നും കാണാനില്ലാത്ത ഏർപ്പാട്, എന്നാണ് പലരും കണക്കാക്കുന്നത്. വിവാഹം ചെയ്തു സ്വന്തമായി ഒരു കുടുബം ആരംഭിച്ചാൽ പിന്നെ, അതു കൊണ്ടുനടത്താൻ,

ഒരുപാടു കാര്യങ്ങളിൽ ഒരേ സമയം ശ്രദ്ധവെച്ചു, ശരീരത്തിന്റെയും മനസ്സിന്റെയും ആയാസങ്ങൾ സന്തോഷത്തോടെ ഏറ്റെടുത്ത്, സ്ഥിരോത്സാഹത്തോടെ പ്രവർത്തിക്കുകയും, കുടുംബത്തിലുള്ളവരെ എല്ലാം ബോദ്ധ്യപ്പെടുത്തും വിധം, പെരുമാറുകയും ചെയ്യേണ്ടി വരുമല്ലോ എന്നൊക്കെ പരിഗണിച്ച്, കുടുംബ ജീവിതത്തോടു വിമുഖത പ്രകടിപ്പിക്കുന്ന നിരവധി ആളുകളുണ്ട്.

**കുടുംബ ജീവിതത്തിന്റെ നേട്ടങ്ങൾ എന്തൊക്കെ എന്നു കൂടി ശ്രദ്ധിച്ച ശേഷം നിങ്ങൾക്കു യോജിച്ച തീരുമാനം എടുക്കൂ എന്നേ എനിക്കു പറയാനുള്ളൂ.**

ഭൗതികമായ നേട്ടങ്ങളും സമ്പത്തും, മരിക്കുമ്പോൾ നിങ്ങളുടെ കൂടെ വരില്ല. അതെല്ലാം അവകാശത്തിന്റെ നിയമവും, കണക്കും, ചിലപ്പോൾ കേസും പറഞ്ഞ്, ഓരോരുത്തർ കൊണ്ടു പൊയ്ക്കൊള്ളും.

ജീവിച്ചിരിക്കുമ്പോൾ നമ്മളു സൃഷ്ടിച്ചിട്ടുള്ള അനുഭവങ്ങൾ മാത്രമായിരിക്കും, അവസാനം സ്വന്തമായി നമ്മുടെ കൂടെയുണ്ടാവുക.

നമ്മൾ ആർക്കെങ്കിലും, എന്തെങ്കിലും, നല്ല അനുഭവങ്ങൾ കൊടുത്തിട്ടുണ്ടെങ്കിൽ, നമ്മുടെ മരണശേഷം അവരുടെ മാത്രം മനസ്സിൽ അതു നിലനിന്നേക്കും. അങ്ങിനെ നമ്മുടെ മരണശേഷവും, നമ്മുടെ പ്രിയപ്പെട്ടവരുടെ ഓർമ്മകളിൽ ജീവിക്കാൻ നമുക്ക് സാധിക്കും.

പങ്കാളിയും മക്കളും ചേർന്നു ഒരു കുടുംബമായി, ധാരാളം നല്ല അനുഭവങ്ങൾ സൃഷ്ടിക്കുമ്പോഴാണ്, ഒരു വ്യക്തിക്ക്, സന്തോഷം, തൃപ്തി, ശാന്തി, സ്നേഹം തുടങ്ങിയ മൃദുല വികാരങ്ങൾ അനുഭവിക്കാൻ സാധിക്കുന്നത്. സങ്കടം, അതൃപ്തി, കോപം, വെറുപ്പ് തുടങ്ങിയ നിഷേധ വികാരങ്ങളെ ഫലപ്രദമായി നിയന്ത്രിക്കാനും സ്വന്തം കുടുംബം എന്ന ചിന്ത സഹായിക്കും.

പരാജയങ്ങളും നഷ്ടങ്ങളും വരുമ്പോൾ അതിനെ അതിജീവിക്കുവാൻ, മനസ്സിനു ഊർജ്ജം തരുന്നതും, തളരുമ്പോൾ താങ്ങാവുന്നതും, കുടുംബത്തിൽ നിന്നു ലഭിക്കുന്ന അനുഭൂതികൾ വഴിയാണ്.

കുടുംബ ജീവിതം കഷ്ടപ്പാടുകൾ നിറഞ്ഞതു തന്നെ, സംശയമില്ല. എന്നാൽ ആ കഷ്ടപ്പാടുകളാണ്, യഥാർത്ഥ സന്തോഷത്തിന്റെയും, മനുഷ്യവംശത്തിന്റെ തന്നെയും, ഈറ്റില്ലം. ആ കഷ്ടപ്പാടുകളാണ് മനുഷ്യനിൽ കരുത്തും, കാര്യ പ്രാപ്തിയും വളർത്തുന്നത്. അതുകൊണ്ടാണ് അതിനെ അനുഭവ സമ്പത്തെന്നു പറയുന്നത്.

മനുഷ്യൻ ഒരു സാമൂഹ്യജീവിയാണ്. ഇടപെടാൻ മറ്റൊരു മനുഷ്യജീവികൂടി ഇല്ലെങ്കിൽ, അധികനാൾ സുബോധത്തോടെ ജീവിച്ചിരിക്കാൻ സാധിക്കാത്ത ഒരു ജീവിയാണ് മനുഷ്യൻ.

എത്ര വിജ്ഞാനം നേടിയാലും അതിന്റെ ഫലങ്ങൾ വിലമതിക്കുകയോ, പ്രയോജനപ്പെടുത്തുകയോ, ഗുണങ്ങൾ പങ്കുവെയ്ക്കുകയോ ചെയ്തെങ്കിലല്ലേ, അതൊക്കെ ശരിക്കും നേട്ടമാവുകയുള്ളൂ. നേടിയ വിജ്ഞാനത്തിന്റെദോഷങ്ങൾ പരിഹരിക്കാനും പരസഹായം അത്യാവശ്യമാണ്. അങ്ങിനെ പങ്കു വെക്കാനും, പരിഹാരം തേടാനും, നമുക്കു ചുറ്റും, മറ്റു മനുഷ്യരും കൂടി ഉണ്ടായിരിക്കേണ്ടത്, നമ്മുടെ നിലനിൽപ്പിന്റെ തന്നെ ആവശ്യമാണ്.

സ്ത്രീയും പുരുഷനും കൂടി പങ്കാളികളായി ചേർന്നാണ്, മറ്റു മനുഷ്യരെ സൃഷ്ടിക്കുന്നത്. അതിനു പകരം "എന്റെ വിജ്ഞാനം പരീക്ഷിക്കാൻ ആവശ്യമുള്ള അത്രയും മനുഷ്യരെ,ഞാൻ യന്ത്രത്തിൽ സൃഷ്ടിച്ചു കൊള്ളാം" എന്നൊക്കെ ചിന്തിക്കാൻ തോന്നും വിധം, നമ്മുടെ ശാസ്ത്രവിധേയത്വം വളർന്നു വഷളാകാൻ അനുവദിക്കരുതേ എന്നാണ് എന്റെ പ്രാർത്ഥന.

വിജ്ഞാനത്തിന്റെ കണ്ടുപിടുത്തങ്ങൾ ഗംഭീരം! പക്ഷേ യന്ത്രത്തിൽ സൃഷ്ടിച്ച മനുഷ്യന്റെ പെരുമാറ്റം, മാനുഷികമോ? യാന്ത്രികമോ? ഏതായിരിക്കും എന്നു കൂടി ചിന്തിക്കുന്ന ശീലത്തിനാണ്, വിവേകം അഥവാ ജ്ഞാനം എന്നു പറയുന്നത്.

ഇത്രയും ഇവിടെ പറയുന്നത് നിർമ്മിതബുദ്ധിയെ നിഷേധിക്കാനല്ല. നേരേ മറിച്ച്, മനുഷ്യബുദ്ധി സൃഷ്ടിച്ച ശാസ്ത്രത്തെ, നമ്മുടെ ചൊൽപ്പടിയിൽ നിർത്തി, മനുഷ്യന്റെ ഭൗതിക ആവശ്യങ്ങൾ നടത്തിയെടുക്കാൻ സഹായകരമാക്കണം. പക്ഷേ, ആ നിർമ്മിതബുദ്ധിക്കു കീഴടങ്ങി, നമ്മുടെ മനുഷ്യത്വവും, മാനുഷിക മൂല്യങ്ങളും കൈമോശം വരാതെ, മനുഷ്യബുദ്ധി തന്നെ ജയിച്ചു നിൽക്കണം, എന്ന് ഓർമ്മിപ്പിക്കാനാണ്.

ചുരുക്കത്തിൽ, ഒരു മനുഷ്യജീവിതം സമ്പൂർണ്ണമാകുന്നത്, ജനനത്തിൽ തുടങ്ങി, വിദ്യാഭ്യാസം, ജ്ഞാനസമ്പാദനം, സ്വകർമ്മാനുഷ്ഠാനംമുതലായവയിൽകൂടിവളർന്ന്,അന്യോന്യസ്നേഹം, പരിപൂർണ്ണ പരസ്പര വിശ്വാസം, ബഹുമാനം ഇവയെല്ലാം അടങ്ങിയ ഒരു കുടുംബ ജീവിതത്തിൽ കൂടി, ഒരു പുതിയ തലമുറയെ സൃഷ്ടിച്ച്, അവർക്കു തങ്ങളുടെ കഴിവുകൾ പകർന്നു കൊടുത്ത്, അവർ സ്വയംപര്യാപ്തരാകുന്നതു കണ്ട്, സമ്പൂർണ്ണ സംതൃപ്തിയോടു കൂടി ജീവിതം അവസാനിക്കുമ്പോഴാണ്.

ഇതാണ് മനുഷ്യ ജീവിതത്തിന്റെ സുപ്രധാന ലക്ഷ്യം. ഈ വീഥി മനസ്സിലാക്കി ഇതു വഴി പോകുവാൻ മടിക്കുന്നവർ, മറ്റു മനുഷ്യരെ വിശ്വസിക്കാൻ ഭയപ്പെടുന്നവരാണ്. വിശ്വാസവഞ്ചനകൾ നേരിടേണ്ടി വന്നാലും ഭയപ്പെടരുത്. അത്തരം അനുഭവങ്ങൾ സത്യത്തിൽ നമ്മുടെ കരുത്തു വർദ്ധിപ്പിക്കാൻ സഹായിക്കുന്നു എന്നു മറക്കരുത്.

ഇതല്ലാതെ മറ്റേതെങ്കിലും വീഥികളിൽ കൂടി അലഞ്ഞ് തിരിഞ്ഞ്, അവസാനം നിരാശരും, നിസംഗരും ആയി, കാണാൻ നല്ല സ്റ്റൈലും സൗകര്യങ്ങളും ഉണ്ടെങ്കിലും, ആർക്കും വേണ്ടാത്തവരായി, ജീവിതം അവസാനിക്കാൻ ഇടയാക്കരുതേ.

**വിജ്ഞാനം, വിവേക ശൂന്യമായി**
**ഉപയോഗിക്കുമ്പോൾ – ശാസ്ത്രം ജയിച്ചേക്കാം;**
**പക്ഷേ, മനുഷ്യൻ തോൽക്കും.**

---

Scan QR code for audio narration by the author.

Bethlehem Matrimonial.com

കവിത



സൂസൻ ജോഷി

# ചിലർക്ക് മാത്രം മനസ്സിലാകുന്ന ഭാഷ



അവർ
കാലങ്ങൾക്കുശേഷം
കണ്ടുമുട്ടിയതാണ്.
മുൻപൊരുനാളിൽ ഒന്നിച്ചുണ്ടായിരുന്നവർ.
പല വ്യഗ്രതകളെ  മാറ്റിവച്ച്
ഇന്നിന്റെ
മൃദുമന്ത്രണങ്ങൾക്കായി
കൊതിയോടെ എത്തിച്ചേർന്നവർ.
തുമ്പികൾ മൂളിപ്പറന്ന ജനലോരങ്ങളെ
വാകപ്പൂക്കൾ വിരിപ്പിട്ട വഴിയെ
വീണുമയങ്ങുന്ന കനവിൻതരികളെ
വീണ്ടെടുക്കാനാവുമോ എന്ന്
ആശപൂണ്ടവർ.

അവർ
മന്ദാരച്ചെടിയിൽ  കൂടുകൂട്ടിയ
മിന്നുംപ്രാണിയോട്
പതുക്കെ പേരുചോദിച്ചു.
തങ്ങളുടേതായിരുന്ന ഈയിടത്തിൽ
ഇപ്പോഴത്തെ വിരുന്നുകാർ
ആരെന്നു തിരക്കി.

അവർ
പരസ്പരം സംസാരിക്കുന്നുവെന്ന് പറയുമ്പോഴും
വരികൾക്കിടയിൽ വാക്കുകൾക്കിടയിൽ  പൂരിപ്പിക്കാനാവാത്തൊരു
ശൂന്യത മന്ദാരയിലകൾ മണത്തു.


അവർ
കണ്ടു എന്നു  തോന്നുമ്പോഴും
കാണാക്കോണുകളിൽ
ഒളിഞ്ഞിരിക്കുന്ന
വെളിപ്പെടാക്കാഴ്ച്ചകൾ,
അതു പുറത്തറിയാതിരിക്കാനുള്ള
തത്രപ്പാടുകൾ
മിന്നുംപ്രാണി കണ്ടു.

അവർ
മനസ്സിന്റെ നടുമുറ്റത്ത്
ഓർമകളുടെ നനവിലേക്ക്
വേരാഴ്ത്തി വളരുന്ന
ഒരു മരത്തിന്റെ ചുറ്റും
ചുടു നെടുവീർപ്പുകളോടെ

വലംവയ്ക്കുന്നത്
മന്ദാരവേരുകൾ  ചൂഴ്ന്നെടുത്തു.

അവർ
പിന്നിട്ടവഴികളിലെ വടുക്കൾ
ചോർന്നുപോയ ചിരികൾ
ഉച്ചരിക്കാത്ത വാക്കുകളായി
അപ്പൂപ്പൻതാടികളായി
അലയുന്നുണ്ടായിരുന്നു വായുവിലെവിടെയോ.

അവയ്ക്കു വന്നുവീഴാൻ ആർദ്രമായൊരു കൂടൊരുക്കി
ഒരു മന്ദാരച്ചെപ്പു
മിഴിതുറന്നു.
നറുമണം ചുറ്റും പരന്നു.
മിന്നുംപ്രാണി
അവരുടെ നെറുകയിൽ തഴുകി.
അന്നേരം  മുന്നറിയിപ്പില്ലാതെ
ഓടിവന്നൊരു  വെയിൽ മഴയിൽ
അവർ  അടിമുടി  നനഞ്ഞു.❍




## കേരള നവോത്ഥാനത്തിന്റെ ബഹുസ്വരവായനകൾ


**എഡി. ഫാ. ഡോ. മാർട്ടിൻ ശങ്കൂരിക്കൽ**

പഠനം

പ്രസാധകർ: പ്രണത ബുക്സ്,കൊച്ചി

വില: 150 രൂപ

കേരളചരിത്രത്തിലെ നവോത്ഥാനവഴികളിലെ വ്യത്യസ്ത ധാരകളെ അടയാളപ്പെടുത്തുന്ന പുസ്തകം.




## ചോറ്റുപാഠം

**ദിവാകരൻ വിഷ്ണുമംഗലം**

കവിത

പ്രസാധകർ: ഡി.സി. ബുക്സ്,കോട്ടയം

വില:190 രൂപ

മണ്ണും മനുഷ്യനും പ്രകൃതിയുമുൾച്ചേർന്ന ജീവസംഗീതം ആധാരശ്രുതിയായ 66 കവിതകളുടെ സമാഹാരം.




## നീലിക നാട്ടിലെ പെൺകുട്ടി

**ഏഴംകുളം മോഹൻകുമാർ**

ബാലസാഹിത്യം

പ്രസാധകർ: പേപ്പർ പബ്ലിക്ക, തിരുവനന്തപുരം

വില: 150 രൂപ

കുട്ടികളെ സന്തോഷിപ്പിക്കുന്നതിനും വായനാശേഷി വർദ്ധിപ്പിക്കുന്നതിനും ഉതകുന്ന കൃതി.




## ഒറ്റുകാരൻ

**കുരുവി**

കവിത

പ്രസാധകർ: യൂണിക്കോഡ് ബുക്സ്, കൊടകര

വില: 100 രൂപ

കവി വായനക്കാരനുമുന്നിൽ അനാവൃതമാകുന്ന കവിതകളുടെ സമാഹാരം.

## Ideas Changing the World


**കുരുവിള പാണ്ടിക്കാട്ട്**

ദർശനം

പ്രസാധകർ : XLRI - സേവ്യർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ്, ജാംഷഡ്പൂർ & റിട്ടൺ വേർഡ്സ്, ഡൽഹി

വില : 450 രൂപ

മനുഷ്യപുരോഗതിക്ക് സിദ്ധാന്തവും പ്രയോഗവും തമ്മിലുള്ള ബന്ധം മനസ്സിലാക്കാൻ വിവിധ മേഖലകളിൽ പ്രായോഗിക മാർഗനിർദേശം നൽകുന്ന പഠനഗ്രന്ഥം.






## എഴുത്തുകാരുടെ ശ്രദ്ധയ്ക്ക്

കഥ, കവിത, ലേഖനം, ഫീച്ചർ തുടങ്ങിയ രചനകൾ അയക്കുമ്പോൾ വൃത്തിയായി എഴുതിയോ ഡി.റ്റി.പി ചെയ്തതോ അയയ്ക്കുക. കൈപ്പടയിലുള്ള രചനകൾ കഴിവതും പേജിന്റെ ഒരുവശത്ത് മാത്രമായിരിക്കണം. അധികം ദീർഘമല്ലാത്ത രചനകൾ അയയ്ക്കുന്നതാണ് അഭികാമ്യം. രചനയ്ക്കൊപ്പം പൂർണമേൽവിലാസവും, ഇ-മെയിലും ഫോൺനമ്പരും രചയിതാക്കളുടെ ഫോട്ടോയും ഉണ്ടായിരിക്കണം. അല്ലാത്തവ പരിഗണിക്കുന്നതല്ല. രചനകൾ കഴിയുന്നതും ഇ-മെയിലിൽ അയയ്ക്കണം. പ്രസിദ്ധീകരണയോഗ്യമായ രചനകൾ സംബന്ധിച്ച് മൂന്നുമാസത്തിനുള്ളിൽ വിവരം അറിയിക്കുന്നതായിരിക്കും. രചനകളെപ്പറ്റിയുള്ള വിവരമോ രചനകളുടെ നിലവാരം സംബന്ധിച്ച അഭിപ്രായങ്ങളോ ഓഫീസിൽനിന്ന് ലഭിക്കുന്നതല്ല. രചനകൾ അയയ്ക്കേണ്ട വിലാസം: എഡിറ്റർ, എഴുത്ത് മാസിക, പോണോത്ത് റോഡ്, കലൂർ, കൊച്ചി 17. ഇ-മെയിൽ: editorezhuthu@gmail.com

# വായനക്കാരുടെ വാക്കുകൾ



കത്തുകൾ ഇമെയിലിൽ അയക്കാം
ezhuthumagazine@gmail.com
ഫോൺ നമ്പർ നിർബന്ധം

## സ്വാതന്ത്ര്യമില്ലായ്മ

'എഴുത്ത് മാസിക'യുടെ ഓഗസ്റ്റ് ലക്കം സ്വാതന്ത്ര്യസങ്കല്പത്തെ ആഴത്തിൽ വിശകലനം ചെയ്യുന്നു. പൂർണമായി നിർവചിക്കാനാവാത്ത ഒരു പദമാണ് 'സ്വാതന്ത്ര്യം.' വിശാലവും ഗഹനവുമായ അർഥമതിനുണ്ട്. രാഷ്ട്രവും ഭരണകൂടവും അടിച്ചേല്പിക്കുന്ന സ്വാതന്ത്ര്യമില്ലായ്മയെപ്പറ്റിയാണ് പലപ്പോഴും ചർച്ചകൾ നടക്കാറ്. വ്യക്തികളും കുടുംബവും സമൂഹവും മതവുമെല്ലാം സ്വതന്ത്രമായി ചിന്തിക്കാനും പ്രവർത്തിക്കാനുമുള്ള അവകാശത്തെ ചോദ്യംചെയ്യുന്നു. ഇവിടെയാണ് അസ്വാതന്ത്ര്യം കൂടുതലായനുഭവിക്കുന്നത്. വ്യക്തിസ്വാതന്ത്ര്യമെന്നാൽ എന്തും ചെയ്യാനുള്ള ലൈസൻസ് എന്ന അർഥത്തിലെത്തുന്നില്ല. പൂർണമായും സ്വാതന്ത്ര്യമനുഭവിക്കുന്ന ഒരു വ്യക്തിപോലും ലോകത്തിലുണ്ടാവില്ല. ഓരോ സന്ദർഭത്തിലും വിലങ്ങുകളുണ്ട്. ഭരണകൂടങ്ങൾക്കും ഇതു ബാധകമാണ്. ഈ അസ്വാതന്ത്ര്യം എല്ലാക്കാലത്തും തുടരുകതന്നെ ചെയ്യും.

**ഏഴംകുളം മോഹൻകുമാർ, അടൂർ**

## ഭയം ഭരിക്കുന്ന ലോകം

ഓഗസ്റ്റ് ലക്കം 'എഴുത്ത് മാസിക' സ്വാതന്ത്ര്യസങ്കല്പത്തെ സൂക്ഷ്മവിശകലനത്തിനു വിധേയമാക്കി. ഐതിഹാസിക രക്തരഹിതപോരാട്ടത്തിലൂടെ നേടിയെടുത്ത സ്വാതന്ത്ര്യം മർക്കടന്റെ കൈയിലെ പുഷ്പഹാരമായി മാറി. ആയിരക്കണക്കിനാളുകളുടെ ജീവത്യാഗവും ദുരിതങ്ങളും വിസ്മൃതിയിലാണ്ടു കഴിഞ്ഞു. സ്വന്തം രാജ്യത്തെ വസ്തുവകകൾ കൊള്ളയടിക്കാൻ യാതൊരു മനഃസാക്ഷിക്കുത്തും ഇല്ലാത്ത വലിയൊരു വിഭാഗം ഉദ്യോഗസ്ഥ പ്രഭൃതികളും ബിസിനസുകാരും ക്രിമിനലുകളെ വലിയ ഫീസുവാങ്ങി രക്ഷപ്പെടുത്തുന്ന വക്കീലന്മാരും അധികാരദല്ലാളന്മാരും യഥേഷ്ടം വിഹരിക്കുന്ന കാഴ്ച നിസ്സഹായതയോടെ, നിസംഗതയോടെ നോക്കിനില്ക്കുന്ന ഉന്നതബിരുദധാരികൾ. ഇന്നത്തെ ഇന്ത്യ ഏതാണ്ട് ഇങ്ങനെ ആയിപ്പോയി. തന്റെ സ്വതസിദ്ധമായ ശൈലിയിൽ സി.രാധാകൃഷ്ണൻ പറയുന്നു - എല്ലാവരും മറ്റെല്ലാവർക്കും വേണ്ടി ജീവിക്കുന്ന ഒരു ലോകത്തുമാത്രമേ ഒരുതരം ബന്ധനവും ആർക്കും ഇല്ലാതിരിക്കൂ."ആർക്കുകിട്ടി സ്വാതന്ത്ര്യം?" എന്ന എഡിറ്റോറിയൽ ലക്ഷ്യവേധിയായി. ഭീരുക്കൾ സ്വാതന്ത്ര്യം അനുഭവിക്കുന്നില്ല എന്ന സത്യം കെ.വി.മോഹൻകുമാർ ചൂണ്ടിക്കാണിക്കുന്നു. ഭരണഘടന നല്കുന്ന മൗലികാവകാശങ്ങളും സ്വാതന്ത്ര്യവും വ്യാജമാണോ എന്ന പര്യാലോചനകൾക്ക് ഇടംനല്കുന്ന വ്യത്യസ്തമായ രാഷ്ട്രീയം രൂപപ്പെട്ടുകഴിഞ്ഞതായി ബാലചന്ദ്രൻ വടക്കേടത്ത്. "വളരെ താൽക്കാലികവും സോപാധികവുമായ ഒരു അനുഭവം മാത്രമാണു സ്വാതന്ത്ര്യം" എന്ന് അൻവർ അബ്ദുള്ള. ഇന്റർനെറ്റ് ഉപയോഗിക്കണമെങ്കിൽ ഉപാധികൾ സ്വീകരിച്ചേ പറ്റൂ എന്നും നാം അറിയണം. ഡോ.മാർട്ടിൻ ശങ്കൂരിക്കൽ ബ്രെഹ്തിന്റെ ഒരു കവിതയെ പരാമർശിച്ചുകൊണ്ടു പറയുന്ന കാര്യം അർഥഗർഭമാണ്. ഹിറ്റ്ലർ ഭരിക്കുന്ന ജർമനിയിലെ ഒരു യാത്രക്കാരനോട് ഒരു വിദേശി ചോദിച്ചുവത്രേ: സുഹൃത്തേ, ആരാണ് ഇവിടെ ഭരിക്കുന്നത് എന്ന്. ഭീതി നിറഞ്ഞ മുഖത്തോടെ അയാൾ പറഞ്ഞു: "ഭയം,ഭയമാണിവിടെ ഭരിക്കുന്നത്."

നമ്മുടെ രാജ്യം 77-ാമതു സ്വാതന്ത്ര്യദിനം ആഘോഷിക്കുന്നവേളയിൽ രാജ്യത്തെ കൂടുതൽ ആത്മാർഥമായി സ്നേഹിക്കുവാനും സേവിക്കുവനും ഈ വിചിന്തിനങ്ങൾ ഉപകരിക്കട്ടെ.

**എൻ.കെ.വിജയൻ, കിഴക്കമ്പലം**

## സ്വാതന്ത്ര്യം വാക്കുകളിലൊതുക്കുമ്പോൾ

ആഗസ്റ്റ് ലക്കം എഴുത്ത് മാസികയിലെ ഇന്ത്യൻ സ്വാതന്ത്ര്യദിനവുമായി ബന്ധപ്പെടുത്തി ഉൾപ്പെടുത്തിയിട്ടുള്ള ലേഖനങ്ങളുടെ തിരഞ്ഞെടുപ്പ് അത്യന്തം ഉചിതമായിരുന്നു. വിവിധ കാഴ്ചപ്പാടുകൾ താളുകളിൽ നിരത്തി താരതമ്യചിന്തയ്ക്ക് വഴിവയ്ക്കുന്ന വായനയാണ് എഴുത്ത് മാസിക നല്കിയിട്ടുള്ളത്. ആറോളം ലേഖനങ്ങൾ; മിക്കതും സാമാന്യം മികച്ചതും നിലവാരമുള്ളതും ആയിരുന്നു. ഉള്ളടക്കത്തെ ധ്വനിപ്പിക്കുന്നതും



ആകാംക്ഷാജനകവുമായ ശീർഷകങ്ങൾ ലേഖനത്തിലേക്ക് വിരസതയില്ലാതെ കടന്നുപോകാൻ പ്രേരിപ്പിച്ചു. വിനോദ് നാരായണന്റെ സ്വാതന്ത്ര്യത്തെക്കുറിച്ചുള്ള വിചിന്തനങ്ങൾ ആത്മനിഷ്ഠ ഉൾക്കൊള്ളുന്നതായിരുന്നു. പ്രിവിലേജിന്റെ പരിമിതി വ്യക്ത്യനുഭവങ്ങളിലൂടെ ലളിതമായി ആവിഷ്കരിക്കപ്പെട്ടു. മൗനിയായിരിക്കാനുള്ള മറ്റൊരാളുടെ സ്വാതന്ത്ര്യത്തിലേക്ക് കടന്നുചെല്ലാതിരിക്കാനുള്ള സ്വാതന്ത്ര്യബോധം നമുക്കോരോരുത്തർക്കും ഉണ്ടാകേണ്ടിയിരിക്കുന്നു.

സ്വാതന്ത്ര്യത്തിന്റെ 77 വർഷങ്ങൾ പിന്നിടുമ്പോഴും ഇന്ത്യൻ ഭരണഘടനയുടെ ആമുഖത്തിൽ അനുവദിച്ചിട്ടുള്ള ആവിഷ്കാരസ്വാതന്ത്ര്യം എഴുത്തുകാരന് പലപ്പോഴും അപരിചിതമാണ്. എഴുത്തുകാരൻ പക്ഷപാതിയാകുന്ന മിനിമം സാഹചര്യങ്ങളിലൊന്നാണിത്. ഡോ. മാർട്ടിൻ ശങ്കൂരിക്കലിന്റെ ലേഖനത്തിന്റെ സാരാംശം എഴുത്തോനിന്റെ കഴുത്തോ എന്ന ഓർമപ്പെടുത്തലിലൂടെ ലക്ഷ്യം നിറവേറ്റിയിരിക്കുന്നു. ഒരുവന്റെ സ്വാതന്ത്ര്യം എന്നത് അപരന്റെ സ്വകാര്യതയിലേക്ക് അതിക്രമിച്ചുകടക്കൽ അല്ലെന്നും അന്യന്റെ രുചികളെപ്പോലും നിയന്ത്രിച്ച് അവൻ എന്തു ഭക്ഷിക്കണമെന്ന് നിശ്ചയിക്കുന്നതല്ലെന്നും ശങ്കൂരിക്കൽ ഓർമിപ്പിക്കുന്നു. സ്വാതന്ത്ര്യം ഇരുണ്ടുപോയതിന്റെ ധാർമിക ഉത്തരവാദിത്വം അർധരാത്രിയിലേക്ക് ആരോപിക്കുന്നതിനു മുൻപ് നമ്മുടെ കാഴ്ചയുടെ പരിമിതിയും പരിധിയും ഒന്ന് അളക്കുന്നത് നന്നായിരിക്കും. ഇന്ത്യൻ ഗ്രാമങ്ങളിലെ ആരോഗ്യ ബഡ്ജറ്റും അംബാനിയും സ്വാതന്ത്ര്യവും തമ്മിൽ കൂട്ടിക്കെട്ടണം എന്നുള്ള ലേഖകന്റെ നിർബന്ധബുദ്ധി സ്വാതന്ത്ര്യത്തിന്റെ ഉദ്ദേശ്യത്തെ ചോദ്യം ചെയ്യുന്നതല്ലേ? ഇന്ത്യൻ ഹെൽത്ത് സെന്ററുകൾക്ക് അംബാനിയുടെ 5000 കോടി ഉത്തരം പറയേണ്ടതുണ്ടോ? ഇന്ത്യൻ പൗരൻ എന്ന നിലയിൽ 5000 കോടിമുടക്കാൻ അംബാനിക്കുള്ള തടസ്സം അഥവാ അസ്വാതന്ത്ര്യം എന്തെന്ന് വ്യക്തമാക്കുന്നതിൽ ലേഖകൻ പരാജയപ്പെട്ടുപോയി.

മനുഷ്യൻ തങ്ങൾക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന നിലവിലെ സ്വതന്ത്ര അവസ്ഥയിൽ തൃപ്തരല്ല എന്നത് സത്യമാണ്. ഓരോ മനുഷ്യമനസ്സും സ്വാതന്ത്ര്യസമരഭൂമിയാണ്. സ്വാതന്ത്ര്യ അഭിനിവേശത്തിന് കാലാകാലങ്ങളിൽ സാഹിത്യത്തിലും മാധ്യമങ്ങളിലും രാഷ്ട്രീയത്തിലും സമൂഹത്തിലും ചരിത്രത്തിലും വ്യക്തികളിലും ഉണ്ടായിട്ടുള്ള നിർവചനങ്ങളും വീക്ഷണങ്ങളും നിഷ്പക്ഷമായി ബാലചന്ദ്രൻ വടക്കേടത്ത് അവതരിപ്പിച്ചിരിക്കുന്നു. കെ.വി.മോഹൻകുമാറിന്റെ യഥാർഥ സ്വാതന്ത്ര്യത്തിന്റെ വെളിച്ചം ഇനിയും അകലെയാണ് എന്ന ലേഖനം സമകാലിക പരിതോവസ്ഥകളെ തിരിച്ചറിഞ്ഞ്, യാഥാർഥ്യബോധം ഉൾക്കൊണ്ട്, അവതരിപ്പിച്ചിരിക്കുന്നു. ശാന്തമായ ജീവിതസഞ്ചാരം, നമ്മൾ എന്താണോ അങ്ങനെ തന്നെ മരണംവരെ ജീവിക്കാനാവുക, സർഗാത്മകതയുടെ ലോകത്ത് കലാകാരനു ലഭിക്കേണ്ട സ്വാതന്ത്ര്യം, ഭാഷയിലും രചനാലോകത്തും പ്രയോഗിക്കാവുന്ന സ്വാതന്ത്ര്യം, സാമൂഹിക, സാമ്പത്തിക, വൈകാരിക, വ്യക്തിഗതസ്വാതന്ത്ര്യം, രാഷ്ട്രീയ സ്വാതന്ത്ര്യം, മതസ്വാതന്ത്ര്യം, ലിംഗസ്വാതന്ത്ര്യം എന്നിങ്ങനെയൊക്കെയുള്ള സ്വാതന്ത്ര്യത്തിന്റെ വിവിധ രൂപഭാവതലങ്ങൾ അനുഭവിച്ച് ആസ്വദിക്കണമെങ്കിൽ ഒളിഞ്ഞുനോട്ടക്കാരുടെയും കടന്നുകയറ്റക്കാരുടെയും ഇടയിൽ ഒരു മികച്ച അഭ്യാസിയായി മാറേണ്ടിയിരിക്കുന്നു.

നവ ഡിജിറ്റൽ മാധ്യമക്കാർ സ്വാതന്ത്ര്യത്തിന്റെ അതിർത്തി കൃത്യമായി തിരിച്ചറിയാനാകാതെ വിവാദങ്ങളിലും നിയമക്കുരുക്കുകളിലും അകപ്പെട്ടുപോകുന്നത് ഇപ്പോൾ പുതുമയല്ലാതായിരിക്കുന്നു. സാമ്പത്തികസമത്വവും സ്വാതന്ത്ര്യവും രണ്ടു ചേരികളിലായി പോർവിളി തുടർന്നുകൊണ്ടേയിരിക്കുന്നു. ലേഖകൻ സൂചിപ്പിച്ചതുപോലെ വിദേശികളിൽനിന്നു നാം സ്വതന്ത്രരായിട്ടുണ്ടാകാം. പക്ഷേ, നാം ആഗ്രഹിക്കുന്ന ഇന്ത്യൻ സ്വാതന്ത്ര്യത്തിന്റെ വെളിച്ചം ഇപ്പോഴും അകലത്ത് എവിടെയോ നിഴൽവീഴ്ത്തി മറഞ്ഞു നില്ക്കുകയാണ്. മാധ്യമങ്ങളും മനുഷ്യരും മതസ്നേഹികളും വർഗീയവാദികളും മറഞ്ഞും തെളിഞ്ഞും ഉഴുതുമറിച്ച സ്വാതന്ത്ര്യത്തിന്റെ നിർവചനങ്ങളിൽ ചില ലേഖനങ്ങൾ എങ്കിലും മൗലികത കണികാണാനാകാതെ ഞെരിപിരികൊള്ളുന്നുണ്ട്. സൂക്ഷ്മവായനയിൽ ലേഖനങ്ങൾ പലതും നഗ്നസത്യങ്ങളുടെ തുറന്നുകാട്ടലായിരുന്നു. എന്നാൽ, ചില ലേഖനങ്ങളെങ്കിലും ന്യൂനപക്ഷ പ്രീണനമോ മതപക്ഷപാതപരമോ ആയിത്തീരുന്ന ദയനീയതയും അനുഭവപ്പെടുന്നു എന്നു പറയാതെ തരമില്ല. ആവിഷ്കാരസ്വാതന്ത്ര്യത്തിന്റെ ചട്ടക്കൂടിൽനിന്നുകൊണ്ട്, സ്വാതന്ത്ര്യത്തിന്റെ വിവിധ കാഴ്ചപ്പാടുകളെ മുഖ്യ അജണ്ടയാക്കുന്ന ഒട്ടേറെ ലേഖനങ്ങളെ വായനക്കാരുടെ മുന്നിൽ അവതരിപ്പിച്ച് സ്വാതന്ത്ര്യം എന്ന ഒരേയൊരു വികാരംകൊണ്ട് വിവിധ രുചികളുള്ള വ്യത്യസ്ത വിഭവങ്ങൾ വിളമ്പി ഒന്നാന്തരം വായനാവിരുന്ന് ഒരുക്കിയ എഴുത്തു മാസികയ്ക്ക് അഭിനന്ദനങ്ങൾ.

ബിന്ദു നന്ദന, തിരുവനന്തപുരം.

## സത്യമേവ ജയതേ

സത്യത്തെക്കുറിച്ച് ജോയ് വാഴയിലിന്റെ സങ്കല്പങ്ങൾ ശുഭസൂചകമാണ്. സത്യം അനുഭവിച്ചു തന്നെ അറിയണം. സത്യം അസത്യമാകുന്ന സന്ദർഭങ്ങൾ ഉണ്ടാകരുത്. സത്യം ഭ്രമാത്മകവും വ്യാമോഹിപ്പിക്കുന്നതുമായിരിക്കരുത്. സത്യഗ്രഹങ്ങൾ മാത്രമാണ് സത്യത്തെ അതിജീവിക്കുന്നത്. വാക്കുകൾ ലളിതവും സത്യസന്ധവുമായിരിക്കണം. ഉറക്കത്തിലും സത്യം കൈവിടരുത്. സത്യം സ്നേഹവും സ്നേഹം സത്യവുമാണ്. ശത്രുവിന്റെ ശത്രു മിത്രമാകുന്നതെങ്ങനെയാണെന്ന് അറിയില്ല. സത്യത്തിന് ഒരു മുഖം മാത്രമല്ലേ ഉള്ളൂ. സത്യത്തെ ഒരിക്കലും തടവിലിടരുത്. നീതി നടപ്പാക്കലും സത്യംതന്നെയാണ്. പക്ഷേ, സത്യവും നീതിയും ഒന്നല്ല. സത്യത്തെ ഭയപ്പെടുന്നവർ ഒരിക്കലും സത്യസന്ധരല്ല. സത്യം പ്രതീക്ഷയും പ്രത്യാശയുമാണ്. സത്യാനന്തരകാലം യാഥാർഥ്യമാണ്; സത്യത്തിന് വിലക്ക് കല്പിക്കുന്ന കാലമാണത്. സത്യം ഒരിക്കലും വധിക്കപ്പെടുന്നില്ല; വധിക്കപ്പെടുന്നത് അസത്യം മാത്രം. 'സത്യമേവ ജയതേ' എന്നത് ആപ്തവാക്യം ആകണം. 'സത്യമേവ ജയതേ' എന്ന കവിത (എഴുത്ത്-ഓഗസ്റ്റ്) സത്യം വിളിച്ചു പറയലാണ്. അതിൽ സത്യം മാത്രമേയുള്ളൂ; അസത്യം ഒട്ടും തന്നെയില്ല. കവിത പ്രത്യാശയും പ്രതീക്ഷയുമാണ്; അത് വിജയിക്കുക തന്നെ ചെയ്യും. സത്യം മാത്രമേ അന്തിമമായി വിജയിക്കുകയുള്ളൂ. സത്യം മിഥ്യയുടെ വിപരീതമാണ്. 'എഴുത്ത്' മാസിയിൽ നല്ല കവിതകൾ എഴുതുന്നവർക്കും മാസികയ്ക്കും ജോയ് വാഴയിലിനും അനുമോദനങ്ങൾ. ❍

സദാശിവൻ നായർ, ചേർത്തല.

# Center for Peace and Justice (XLRI) & LIPI
## ONLINE CERTIFICATE PROGRAM IN
# PEACE STUDIES

CENTRE FOR PEACE AND JUSTICE (XLRI)

CERTIFICATE COURSE IN PEACE STUDIES IS PART OF NON-PROFIT INITIATIVE OF CENTRE FOR PEACE AND JUSTICE, XLRI, JAMSHEDPUR AND LIPI, KOCHI.

Jointly Offered by

**Centre for Peace and Justice (XLRI), JAMSHEDPUR**
**& Loyola Institute of Peace and International Relations (LIPI), KOCHI**

The course will consist of online sessions held on Saturdays, along with project components.

**SCOPE:** The course primarily aims at fostering peace in the contemporary context. It also envisages fostering of right attitudes and values along with enhancing professional skills. The Course Certificate adds to the academic credentials of the participants.

**ASSESSMENT:** Assessment will be based on active engagement and project work. The project work will be supervised by competent faculty of CPJ-XLRI & LIPI.

**TARGET GROUP:** Working Professionals, Bureaucrats, Social Workers, Activists, Artists, Researchers and College/University Students with aptitude for peace and reconciliation.

**CONVOCATION: 4 January 2025**

**MODULES**

01. UNDERSTANDING CONFLICT AND PEACE
02. CONFLICT TRANSFORMATION AND RECONCILIATION
03. IDENTITY, VIOLENCE AND EMPATHY
04. STRUCTURAL INEQUALITIES AND HUMAN RIGHTS
05. GENDER AND CASTE VIOLENCE
06. SCIENCE AND TECHNOLOGY FOR PEACE
07. WORLD RELIGIONS AND INNER PEACE
08. INTERNATIONAL PEACE INITIATIVES
09. ENVIRONMENTAL PEACE
10. EDUCATION FOR PEACE
11. RESEARCH METHODOLOGY
12. PROJECT WORK/INTERNSHIP
13. DISASTER MANAGEMENT
14. INDUSTRIAL PEACE

## FACULTY - RESOURCE PERSONS

01. **Prof. Edgar Antonio Lopez** (Pontificia Universidad Javeriana, Bogota, Colombia).
02. **Dr. Sophia Opatska** (Catholic University, Ukraine)
03. **Dr. Kifle Wansamo** (Hekima Institute of Peace Studies and International Relations, Nairobi)
04. **Dr. Jane Kimathi** (Peace Practitioner, Kenya)
05. **Prof. Ted Peters** (CTNS. Berkeley, California)
06. **Adv. Irfan Ali Engineer** (Director, Centre for Study of Society and Secularism, Mumbai)
07. **Dr. Paramjyot Singh** (Chairperson, Centre for Peace and Justice, XLRI, Jamshedpur)
08. **Prof. Dr. K. Babu Joseph** (Former Vice Chancellor, Cochin University of Science and Technology)
09. **Dr. Jacob Thomas IAS, Retd.** (Editor, Pax Lumina & Ex-Additional Chief Secretary, Uttar Pradesh)
10. **Prof. Dr. M.P. Mathai** (Faculty, LIPI & Adjunct Professor, Gujarat Vidyapeeth)
11. **Dayabai** (Social Activist)
12. **Dr. Shiv Visvanathan** (Professor, OP Jindal Global University, Sonepat, Haryana)
13. **Prof. Kuruvilla Pandikattu** (Chair Professor, JRD Tata Foundation on Business Ethics, XLRI, Jamshedpur)
14. **Dr. Augustine Pamplany** (Director, ISR, Aluva)
15. **Prof. Dr. Neena Joseph** (Formerly Professor, Institute of Management in Government)
16. **Prof. Dr. K.M. Mathew** (Formerly Professor, KUFOS, Kochi)
17. **Dr. Denzil Fernandes** (Director, Indian Social Institute, Delhi)
18. **Dr.Binoy Pichalakkattu** (Direcor, LIPI, Kochi), et al.

**DATE: 26 OCTOBER - 21 DECEMBER 2024**
**ONLY ON SATURDAYS**
**(9.00 AM - 12 NOON IST)**

**ADMISSION OPEN | LIMITED SEATS**

**INTERNSHIP**
Selected students will be offered internships at XLRI and at LIPI

**FOR REGISTRATION**
**Send a brief CV and Statement of Purpose (max. no. of words 350) to directorlipi15@gmail.com**

**CONTACT**
**WhatsApp (+91) 94974 45381**

**COURSE FEE: ₹ 6,000**

**BANK TRANSFER DETAILS**
Cheque/DD/e-transfer
in favor of LOYOLA PEACE TRUST
A/C No: 35112898418
MICR: 682002906
IFSC: SBIN0070327

**BRANCH**
SBI Deshabhimani Jn., Ernakulam



അൽമ മരിയ ഒ. സാൽവദോർ

# വിഭജനത്തിന്റെ പരിഹാരം തേടി

**ദക്ഷിണ ചൈനാക്കടലിൽ ചൈന-ഫിലിപ്പൈൻസ് സംഘർഷം തുടരുന്നതിന്റെ ഭൗമരാഷ്ട്രീയ പിരിമുറുക്കങ്ങൾക്കിടയിൽ ഫിലിപ്പൈൻസ്-ചൈനീസ് ബന്ധത്തെക്കുറിച്ച് ഒരു വിചിന്തനം.**




ഫിലിപ്പൈൻസ്-ചൈനീസ് ബന്ധത്തിന്റെ ആയിരം വർഷം നീണ്ടുനിൽക്കുന്ന ദീർഘചരിത്രത്തിൽ, നയതന്ത്രം, വ്യാപാരം, വാണിജ്യം, ജനങ്ങൾ തമ്മിലുള്ള ഇടപെടൽ എന്നിവ പ്രധാന പങ്കുവഹിച്ചിട്ടുണ്ട്.

ഫിലിപ്പൈൻസ് സ്റ്റാറ്റിസ്റ്റിക്സ് അതോറിറ്റിയുടെ 2023-ലെ ഏറ്റവും പുതിയ കണക്കുകൾ പ്രകാരം, ഫിലിപ്പൈൻസിലെ 108.67 ദശലക്ഷം ജനസംഖ്യയിൽ 1.02 ലക്ഷത്തോളം പേർ ചൈനീസ് വംശജരാണ്. രാജ്യത്തെ വിദേശ വംശീയ വിഭാഗങ്ങളിൽ ഇത് 44.4 ശതമാനം വരും. ഇതു സൂചിപ്പിക്കുന്നത് ഫിലിപ്പൈൻ ജനസംഖ്യയുടെ 1.8 ശതമാനം വംശീയമായി ചൈനീസ്-ഫിലിപ്പിനോകളാണെന്നാണ്. ഫിലിപ്പിനോ പഴമൊഴിയിൽ പറയുന്നതുപോലെ, പല ഫിലിപ്പിനോകൾക്കും തങ്ങളുടെ കുടുംബത്തിൽ ചൈനീസ് വംശീയതയുടെ അംശം കണ്ടെത്താൻ കഴിയും.

ആഭ്യന്തരമായി, ചൈനീസ്-ഫിലിപ്പിനോകളെ 'അപരർ' ആയി കണക്കാക്കുന്നു. അതിനു കാരണം, ഈ ഉപസമൂഹത്തിന്റെ സംസ്കാരപരമായ ആചാരങ്ങൾ, ഭാഷ, സാമ്പത്തിക സ്ഥാനം എന്നിവയിലൂടെതന്നെ പ്രത്യേകതകളുള്ളതാക്കി കാട്ടിയ ചരിത്രപരമായ പ്രവണതകളാണ്. ഇതുകൂടാതെ, കോളനി ഭരണകാലത്തെ അടിച്ചമർത്തലുകൾക്കുശേഷം, ചൈനീസ്-ഫിലിപ്പിനോ സമൂഹം സ്വതന്ത്ര ഫിലിപ്പൈൻ സർക്കാരിന്റെ നയങ്ങളുടെ സ്വാധീനത്തിൽ വളർന്നുവന്നു.

**ഫിലിപ്പൈൻ സമൂഹത്തിൽ ചൈനക്കാർക്കെതിരായ പൊതുവായ ഒരു മുൻവിധി നിലനിന്നിരുന്നു. ചൈനക്കാർ ഫിലിപ്പൈൻസിനോട് വിശ്വസ്തത പുലർത്തുന്നില്ലെന്നും അവർ ഫിലിപ്പൈൻ സമൂഹത്തിൽ അന്യരാണെന്നുമുള്ള ആശയം വ്യാപകമായിരുന്നു. 2000-കളുടെ മധ്യത്തിൽ റോഡ്രിഗോ ദുതെർട്ടെ പ്രസിഡന്റായിരുന്ന കാലഘട്ടത്തിൽ ഈ വികാരം കൂടുതൽ തീവ്രമായി.**

സ്പെയിനിന്റെയും അമേരിക്കയുടെയും പാശ്ചാത്യ കോളനിവത്കരണം ഫിലിപ്പിനോ ചൈനീസ് വിരുദ്ധ വികാരത്തിന് ആക്കം കൂട്ടിയപ്പോൾ, ചൈനീസ് ഉപഗ്രൂപ്പിന്റെ സാംസ്കാരിക സവിശേഷതയും പ്രത്യേകിച്ച് ചൈനയിൽ ജനിച്ച തലമുറയിൽ ഈ വ്യത്യാസങ്ങൾ കൂടുതൽ പ്രകടമായിരുന്നു. സംയോജനത്തിന്റെയും സാംസ്കാരികപക്ഷപാതിത്വത്തിന്റെയും സർക്കാർനയങ്ങളുമാണ് ഫിലിപ്പിനോകളുടെ ചൈനക്കാരുടെ 'അന്യവൽക്കരണത്തിന്' ആക്കം കൂട്ടുന്നത്.

ഫിലിപ്പൈൻ സമൂഹത്തിൽ ചൈനക്കാർക്കെതിരായ പൊതുവായ ഒരു മുൻവിധി നിലനിന്നിരുന്നു. ചൈനക്കാർ ഫിലിപ്പൈൻസിനോട് വിശ്വസ്തത പുലർത്തുന്നില്ലെന്നും അവർ ഫിലിപ്പൈൻ സമൂഹത്തിൽ അന്യരാണെന്നുമുള്ള ആശയം വ്യാപകമായിരുന്നു. 2000-കളുടെ മധ്യത്തിൽ റോഡ്രിഗോ ദുതെർട്ടെ പ്രസിഡന്റായിരുന്ന കാലഘട്ടത്തിൽ ഈ വികാരം കൂടുതൽ തീവ്രമായി. ചൈനയുമായുള്ള സഹകരണത്തെക്കുറിച്ച് അദ്ദേഹം ഉന്നയിച്ച ചില പ്രശ്നങ്ങൾ ചൈനീസ്-ഫിലിപ്പിനോ സമൂഹത്തിലെ വിശ്വാസത്തിന്റെ അടിത്തറയെ ഇളക്കിമറിച്ചു. ചൈനയുടെ സാമ്പത്തിക സഹായങ്ങൾ പ്രതീക്ഷിച്ചവിധം ലഭിക്കാത്ത സാഹചര്യത്തിൽ, ചൈനീസ്-ഫിലിപ്പിനോകളുടെ കൂറിനെ അദ്ദേഹം ചോദ്യംചെയ്തു.

ഫിലിപ്പൈൻസിലെ ചൈനവിരുദ്ധ വികാരങ്ങളുടെ വളർച്ചയിൽ മാധ്യമങ്ങളുടെ പങ്കും നിർണായകമായിരുന്നു. സാമ്പത്തികവിദഗ്ധനും കോളമിസ്റ്റുമായ മൊൺസോഡ് 2018 നവംബറിൽ പ്രസിദ്ധീകരിച്ച "എന്തുകൊണ്ട് ഫിലിപ്പീൻസ് ചൈനയെ അവിശ്വസിക്കുന്നു" എന്ന ലേഖനം ഈ വികാരത്തെ ഊട്ടിയുറപ്പിക്കുന്ന വിധത്തിലുള്ള വിവരണങ്ങൾ അവതരിപ്പിച്ചു.

അദ്ദേഹം ചൈനീസ് ജനതയും ചൈനീസ് സർക്കാരും തമ്മിലുള്ള വ്യത്യാസത്തെക്കുറിച്ചുള്ള പൊതുവെയുള്ള മനസ്സിലാക്കലിന്റെ അഭാവം ചൂണ്ടിക്കാട്ടി. ഫിലിപ്പൈൻസിലെ ധനികരിൽപ്പലരും ചൈനീസ് വംശജരാണെന്നും അവർ ഫിലിപ്പിനോ സ്ത്രീകളെ വിവാഹം കഴിക്കാൻ മടിക്കുന്നതായും അദ്ദേഹം പരാമർശിച്ചു. ഇത്തരം നിരീക്ഷണങ്ങൾ ഫിലിപ്പിനോകൾക്കിടയിൽ ചൈനയെക്കുറിച്ചുള്ള അവിശ്വാസം വളർത്തുന്നതിനു സഹായിച്ചു.

ഫിലിപ്പൈൻസ്, ചൈനീസ്-ഫിലിപ്പിനോ സമൂഹം, ചൈനീസ് പൗരന്മാർ എന്നിവർ തമ്മിലുള്ള ദീർഘകാല സാംസ്കാരിക ബന്ധം ദക്ഷിണ ചൈന കടൽ മേഖല ഭൗമരാഷ്ട്രീയ പിരിമുറുക്കങ്ങൾ മൂലം ഗുരുതരമായ ആഘാതമനുഭവിക്കുന്നു. ഫിലിപ്പൈൻസ്-ചൈന ബന്ധങ്ങളിലെ വഷളായിക്കൊണ്ടിരിക്കുന്ന നയതന്ത്ര സാഹചര്യമാണ് ഇതിനു പ്രധാന കാരണം. പ്രത്യേകിച്ച്, ദക്ഷിണചൈന കടലിലെ ഫിലിപ്പൈൻസിന്റെ അവകാശങ്ങളെ അംഗീകരിച്ച ഹേഗ് ട്രൈബ്യൂണലിന്റെ വിധിയെ ചൈന നിരസിച്ചത് ഈ സംഘർഷത്തിന് ആക്കം കൂട്ടി.

പടിഞ്ഞാറൻ ഫിലിപ്പൈൻ കടൽ ഫിലിപ്പൈൻസിന്റെ വിശേഷാധികാര സാമ്പത്തികമേഖലയുടെ (Exclusive Economic Zone - EEZ) ഭാഗമാണ്. എന്നിരുന്നാലും, ചൈന സ്കാർബറോ ഷോൾ, അയുങ്കിൻ ഷോൾ എന്നീ പ്രദേശങ്ങൾക്കു ചുറ്റുമുള്ള ഈ മേഖലയിൽ അനധികൃതമായി പ്രവർത്തിക്കുന്നത് തുടരുന്നു. ഈ പ്രദേശത്തെ നാവികസംഘർഷങ്ങൾ വർധിച്ചുകൊണ്ടിരിക്കുന്നതും, സായുധസംഘർഷത്തിലേക്ക് നയിക്കാനുള്ള സാധ്യതയെക്കുറിച്ചുള്ള ആശങ്കകൾ വർധിച്ചുകൊണ്ടിരിക്കുന്നതും ഭീതിക്ക് വക നൽകുന്നു. ഈ ഭൗമരാഷ്ട്രീയ പിരിമുറുക്കങ്ങൾ ഫിലിപ്പൈൻസിന്റെ ആഭ്യന്തരരാഷ്ട്രീയത്തെ ഗണ്യമായി സ്വാധീനിച്ചിട്ടുണ്ട്. ഫിലിപ്പൈൻസിലെ ചൈനീസ് പൗരന്മാരുടെ അനധികൃത പ്രവർത്തനങ്ങൾ ഇതിനു കാരണമായിട്ടുണ്ട്. ടാർലാക് പ്രവിശ്യയിലെ ഒരു മേയർ ചൈനീസ് പൗരത്വം പേറുന്നതായി കണ്ടെത്തിയ സംഭവം രാജ്യത്തെ ചാരപ്രവർത്തനങ്ങളെക്കുറിച്ചുള്ള ആശങ്കകൾ വർധിപ്പിച്ചിട്ടുണ്ട്.

2024 മാർച്ചിൽ ഒക്റ്റാ റിസർച്ച് നടത്തിയ സർവേയിൽ ഫിലിപ്പീൻ ജനതയുടെ 70 ശതമാനത്തിലധികം പേർ ചൈനയെ




രാജ്യത്തിന്റെ ഏറ്റവും വലിയ ഭീഷണിയായി കണക്കാക്കുന്നു എന്നത് ഈ സംഭവങ്ങളുടെ ഗൗരവം വ്യക്തമാക്കുന്നു. ഫിലിപ്പീൻ സർക്കാരിന്റെ ഇമിഗ്രേഷൻ നിയമങ്ങളിൽ ചൈനീസ് പൗരന്മാരെ പ്രത്യേകം നിരീക്ഷിക്കുന്നത്, പ്രത്യേകിച്ച് അമേരിക്കയും ഫിലിപ്പൈൻസും തമ്മിലുള്ള സൈനികസഹകരണത്തിന്റെ കേന്ദ്രമായ രാജ്യത്തിന്റെ വടക്കൻ ഭാഗത്തെ ചൈനീസ് വിദ്യാർഥികളെ നിരീക്ഷിക്കുന്നത് ഫിലിപ്പീൻ സമൂഹത്തിൽ വ്യാപകമായി നിലനിൽക്കുന്ന ചൈനവിരുദ്ധ വികാരത്തെ പ്രതിഫലിപ്പിക്കുന്നു.

ചൈനീസ് പഠനങ്ങളിലെ പ്രമുഖ പണ്ഡിതയും ചൈനീസ്-ഫിലിപ്പൈൻ വംശജയുമായ തെരേസിറ്റ ആംഗ് അഭിപ്രായപ്പെടുന്നത്, ഫിലിപ്പൈൻസിലെ ക്രിമിനൽ പ്ര

**ഈ പ്രദേശത്തെ നാവികസംഘർഷങ്ങൾ വർധിച്ചുകൊണ്ടിരിക്കുന്നതും, സായുധസംഘർഷത്തിലേക്ക് നയിക്കാനുള്ള സാധ്യതയെക്കുറിച്ചുള്ള ആശങ്കകൾ വർധിച്ചുകൊണ്ടിരിക്കുന്നതും ഭീതിക്ക് വകനൽകുന്നു. ഈ ഭൗമരാഷ്ട്രീയ പിരിമുറുക്കങ്ങൾ ഫിലിപ്പൈൻസിന്റെ ആഭ്യന്തരരാഷ്ട്രീയത്തെ ഗണ്യമായി സ്വാധീനിച്ചിട്ടുണ്ട്. ഫിലിപ്പൈൻസിലെ ചൈനീസ് പൗരന്മാരുടെ അനധികൃത പ്രവർത്തനങ്ങൾ ഇതിനു കാരണമായിട്ടുണ്ട്.**

വർത്തനങ്ങളുമായി ബന്ധപ്പെട്ട് ചൈനീസ് പൗരന്മാരെ മാത്രം ലക്ഷ്യമാക്കിയുള്ള സുരക്ഷാനടപടികൾ ഗുരുതരമായ പൊതുനയ പ്രശ്നങ്ങൾക്ക് കാരണമാകുമെന്നാണ്. അവർ വാദിക്കുന്നത്, ഈ തരത്തിലുള്ള 'സെക്യൂരിറ്റൈസേഷൻ' ചൈനീസ്-ഫിലിപ്പൈൻ സമൂഹത്തെ അന്യായമായി വേർതിരിക്കുന്നതിനും വിഭജിക്കുന്നതിനും കാരണമാകുമെന്നാണ്.

ഫിലിപ്പൈൻ സാമൂഹ്യശാസ്ത്രജ്ഞനായ റാണ്ടി ഡേവിഡ്, ദക്ഷിണ ചൈന കടലിലെ ചൈനയുടെ അധിനിവേശം മൂലം ഉടലെടുത്ത ചൈനവിരുദ്ധ വികാരങ്ങൾ ഒരു 'പുതിയ ദേശീയതയുടെ' പ്രതിഫലനമാണെന്ന് വിലയിരുത്തുന്നു. അദ്ദേഹത്തിന്റെ വാദമനുസരിച്ച്, ഇന്ന് ഫിലിപ്പൈൻസിൽ വിദേശനയത്തെക്കുറിച്ചുള്ള ഒരു വ്യക്തിയുടെ നിലപാട് അടിസ്ഥാനമാക്കി അയാളെ ചൈനാനുകൂലിയോ വിരുദ്ധനോ ആയി തരംതിരിക്കുന്ന പ്രവണത വർധിച്ചുകൊണ്ടിരിക്കുന്നു.

എല്ലാ വിവരണങ്ങളും അനിവാര്യമായും ചൈനവിരുദ്ധമോ ചൈനീസ്-ഫിലിപ്പിനോ വിരുദ്ധമോ ആയിരിക്കണമെന്നില്ല. ചൈനയുടെ ആധിപത്യം വർധിക്കുന്ന സാഹചര്യത്തിൽ ഫിലിപ്പൈൻസ് സർക്കാർ സ്വീകരിക്കുന്ന തീവ്രനടപടികളെ ന്യായീകരിക്കുന്നതിനുള്ള ശ്രമങ്ങൾക്കിടയിൽ, സമാധാനപര



മായ പരിഹാരത്തിനുള്ള സാധ്യതകളെക്കുറിച്ചുള്ള ചർച്ചകൾക്ക് പ്രാധാന്യം അർഹിക്കുന്നു. പ്രസിഡന്റ് ഫെർഡിനാൻഡ് മാർക്കോസ് ജൂനിയർ പറഞ്ഞതുപോലെ, "ഒരു വലിയ അധികാരമത്സരത്തിൽ പക്ഷം തിരഞ്ഞെടുക്കാൻ ഞങ്ങളെ നിർബന്ധിക്കുന്ന നിയമങ്ങൾക്കനുസൃതമായി കളിക്കാൻ ഞങ്ങൾ വിസമ്മതിക്കുന്നു" എന്ന പ്രസ്താവന ഇത്തരം ഒരു സമീപനത്തിന്റെ ഉദാഹരണമാണ്.

വിദേശകാര്യ സെക്രട്ടറി എൻറിക് മനാലോ, അന്തർദേശീയ നിയമങ്ങളുടെ അടിസ്ഥാനത്തിൽ സംഭാഷണത്തിലൂടെയും നയതന്ത്രമാർഗങ്ങളിലൂടെയും തർക്കങ്ങൾ പരിഹരിക്കുന്നതിന്റെ പ്രാധാന്യം ഊന്നിപ്പറഞ്ഞു. സെനറ്റർ ഫ്രാൻസിസ് എസ്കുഡെറോ, പടിഞ്ഞാറൻ ഫിലിപ്പീൻ കടലിലെ ഭൗമരാഷ്ട്രീയ പിരിമുറുക്കങ്ങൾക്കിടയിൽ ഫിലിപ്പൈൻസിലെ ചൈനീസ്-ഫിലിപ്പിനോ സമൂഹം ഒരു പാലമായി പ്രവർത്തിക്കുമെന്ന പ്രതീക്ഷ പ്രകടിപ്പിച്ചു.

ഇക്കഴിഞ്ഞ മെയ് മാസം ആദ്യവാരം നടത്തിയ പൾസ് ഏഷ്യ സർവേയിൽ പങ്കെടുത്ത 1200 പേരിൽ 41 ശതമാനം പേർ നയതന്ത്രമാർഗങ്ങളിലൂടെ പിരിമുറുക്കം കുറയ്ക്കുന്നതിനെ അനുകൂലിച്ചു. ഇത് ചൈനീസ്-ഫിലിപ്പിനോ ബിസിനസ് സമൂഹം നടത്തിയ സമാധാനത്തിനും സഹകരണത്തിനുമായുള്ള ആഹ്വാനവുമായി യോജിക്കുന്നു.

ചൈനയുമായി സായുധസംഘർഷത്തിന് തയ്യാറെടുക്കണമെന്നുള്ള ദേശീയവാദികളുടെ ആഹ്വാനങ്ങളിൽനിന്ന് വ്യത്യസ്തമായി, ഈ വിവരണങ്ങൾ സമാധാനപരമായ സഹകരണത്തിന്റെ സാധ്യതകളെക്കുറിച്ചുള്ള ചർച്ചകളിലേക്ക് ശ്രദ്ധകേന്ദ്രീകരിക്കുന്നു. അറ്റെനിയോ ഡി മനില സർവകലാശാലയിലെ മിറോയ്, ഫിലോസഫിയിലെ അധ്യാപകനായ ഡോ.ജോവിയുമായി ചേർന്നു നടത്തുന്ന 'പ്രോജക്റ്റ് ചൈന കണക്റ്റ്' പോഡ്കാസ്റ്റ് ഫിലിപ്പൈൻസ്-ചൈന ബന്ധങ്ങളുടെ ദീർഘകാലചരിത്രത്തെക്കുറിച്ചുള്ള ആഴത്തിലുള്ള സംവാദങ്ങൾ രേഖപ്പെടുത്തുന്നു.

പടിഞ്ഞാറൻ ഫിലിപ്പൈൻ കടലിലെ ഭൗമരാഷ്ട്രീയ പിരിമുറുക്കങ്ങൾ പരിഹരിക്കുന്നതിനുള്ള ഫലപ്രദമായ നയങ്ങളുടെ ആവിഷ്കാരത്തിന്, പ്രകോപനപരമായ വാദപ്രതിവാദങ്ങൾ ലഘൂകരിക്കുന്നതിനും ബഹുസ്വരത പ്രോത്സാഹിപ്പിക്കുന്നതിനും കൂടുതൽ പ്രാധാന്യം നൽകേണ്ടിയിരിക്കുന്നു. ഫിലിപ്പീൻസ്-ചൈന ബന്ധത്തിന്റെ ദീർഘകാലചരിത്രത്തെ അടിസ്ഥാനമാക്കി, സംസ്കാരങ്ങളും ജനങ്ങളും തമ്മിലുള്ള പരസ്പരബന്ധത്തെ ശക്തിപ്പെടുത്തുന്നതിനായി ഇത്തരം സംവാദങ്ങൾ പ്രോത്സാഹിപ്പിക്കേണ്ടത് അത്യാവശ്യമാണ്.

ചൈനയുമായുള്ള ഫിലിപ്പൈൻസിന്റെ ശക്തമായ ഉഭയകക്ഷി ബന്ധം രാഷ്ട്രീയത്തിനതീതമാണെന്ന തിരിച്ചറിവ്, കടുത്ത വിദ്വേഷത്തെ ചെറുക്കുന്നതിനും രാഷ്ട്രീയധ്രുവീകരണം കുറയ്ക്കുന്നതിനും സഹായിക്കും. നയതന്ത്രപരമായ സങ്കീർണതകൾ നിറഞ്ഞ ഈ പ്രദേശത്ത് സമാധാനപരമായ സഹവർത്തിത്വത്തിനായി പ്രവർത്തിക്കുന്നതിന്, ഈ സമീപനം സഹായിക്കും.



↘ ഫെർഡിനാൻഡ് മാർക്കോസ് ജൂനിയർ

(ലേഖിക, ഫിലിപ്പൈൻസിലെ അറ്റെനിയോ ഡി മനില സർവകലാശാലയിലെ യൂണിവേഴ്സിറ്റി റാങ്കിംഗ് ആൻഡ് ബെഞ്ച്മാർക്കിംഗ്, സ്ട്രാറ്റജി ആൻഡ് ക്വാളിറ്റി മാനേജ്മെന്റ് ഓഫീസ് മേധാവിയാണ്.) ❍

/ സുദേശ്ന മജുംദാർ



ഗാസയിൽ ഇസ്രയേൽ നടത്തുന്ന വംശഹത്യയുടെ പശ്ചാത്തലത്തിൽ, പലസ്തീൻ കലാകാരന്മാർ നീതിക്കും സ്വാതന്ത്ര്യത്തിനും വേണ്ടിയും നിരന്തരമായ രക്തച്ചൊരിച്ചിൽ അവസാനിപ്പിക്കണമെന്നും ആവശ്യപ്പെട്ട് ശക്തമായ ചെറുത്തുനില്പായി തങ്ങളുടെ സർഗ്ഗാത്മക വൈദഗ്ധ്യം പ്രയോഗിക്കുന്നു. ക്യാൻവാസ് ഒരു യുദ്ധക്കളമായി മാറുന്നു, ഒരു പെയിന്റ് ബ്രഷിന്റെയോ സ്ക്രീനിലെ ഡിജിറ്റൽ ഗ്രാഫിറ്റിയുടെയോ ചെറുവരകൾപോലും ഊർജസ്വലരായ ആളുകളുടെ പോരാട്ടങ്ങളെ പ്രതിഫലിപ്പിക്കുന്ന വികാരാധീനമായ ശബ്ദങ്ങളായി മാറുന്നു.

# പോരാട്ടത്തിന്റെ നാളുകളിൽ കല



ലോകം ഒരിക്കലും പൂർണമായ സമാധാനത്തിലായിരുന്നില്ല എന്നതാണ് യാഥാർഥ്യം. കഴിഞ്ഞ 3400 വർഷങ്ങളിൽ വെറും 268 വർഷങ്ങൾ മാത്രമാണ് മനുഷ്യർ സമ്പൂർണസമാധാനത്തോടെയുണ്ടായിരുന്നത്. അതായത് രേഖപ്പെടുത്തിയ ചരിത്രത്തിന്റെ വെറും എട്ടു ശതമാനം മാത്രം.

പുരാതനകാലംമുതൽതന്നെ പലസ്തീൻ യുദ്ധത്തിൽ തകർന്ന ഒരു രാജ്യമാണ്. കാനാൻദേശക്കാർ, അസീറിയക്കാർ, ബാബിലോണിയക്കാർ, പേർഷ്യക്കാർ, ഗ്രീക്കുകാർ, റോമാക്കാർ, ഈജിപ്തുകാർ, ഓട്ടോമൻമാർ, യഹൂദർ എന്നിവരുടെ ഭരണത്തിനും ആക്രമണത്തിനും വിധേയമായിരുന്നു ഈ ജനത. വിവിധസംസ്കാരങ്ങളുടെ ഈ അധീശത്വം രാജ്യത്തെ സാംസ്കാരിക സഹവർത്തിത്വത്തിന്റെ കേന്ദ്രമാക്കി മാറ്റി.

ഗാസ മുനമ്പിൽ ഇസ്രയേൽ അടുത്തിടെ നടത്തിയ നിരന്തരമായ ആക്രമണം പലസ്തീനിലെ നിരവധി പൈതൃക സ്ഥലങ്ങളുടെ നാശത്തിലേക്ക് നയിച്ചു. പുരാതന പലസ്തീൻ സ്മാരകങ്ങളിൽ പലതും നശിപ്പിക്കപ്പെട്ടു.

പലസ്തീൻ പുരാവസ്തു ഗവേഷകൻ സലാഹ് അൽ ഹൗദാലിഹ് പറഞ്ഞതുപോലെ, "ഗാസ യുദ്ധത്തിന്റെ ആദ്യ ആറു മാസങ്ങളിൽ ഇസ്രയേൽസൈന്യം മുനമ്പിലെ 60 ശതമാനം സാംസ്കാരിക പൈതൃകസ്ഥലങ്ങളും സ്മാരകങ്ങളും നശിപ്പിച്ചു." 1700 വർഷം പഴക്കമുള്ള സെന്റ് ഹിലറിയോൺ മൊണാസ്ട്രി, പതിമൂന്നാം നൂറ്റാണ്ടിലെ പാഷയുടെ കൊട്ടാരം, ഒമാരി ഗ്രാൻഡ് മോസ്ക് എന്നിവ ഇതിൽ ഉൾപ്പെടുന്നു. 2023 ഒക്ടോബറിലെ ഇസ്രയേൽ ആക്രമണത്തെത്തുടർന്ന് ലോകത്തിലെ ഏറ്റവും പഴക്കം ചെന്ന മൂന്നാമത്തെ പള്ളിയാണെന്ന് വിശ്വസിക്കപ്പെടുന്ന സെന്റ് പോർഫിറിയസ് പള്ളി വെറുമൊരു കൽക്കൂമ്പാരമായി മാറിയിരുന്നു. ഇസ്രയേലിന്റെ ആസൂത്രിതമായ ഇത്തരം ആക്രമണങ്ങളും തച്ചുടയ്ക്കലും പലസ്തീൻ കലയ്ക്കും സംസ്കാരത്തിനും നികത്താനാവാത്ത നഷ്ടമാണുണ്ടാക്കിയത്.

ശക്തനായ എതിരാളിയായ ഇസ്രായേലിന്റെ അധീനതയിൽനിന്ന് മോചനം നേടാനുള്ള പോരാട്ടത്തിൽ പലസ്തീനികൾ അടങ്ങാത്ത വീര്യം പ്രകടിപ്പിക്കുന്നുണ്ട്. തങ്ങളുടെ പരമാധികാരം പുനഃസ്ഥാപിക്കാനുള്ള നിശ്ചയദാർഢ്യം അവരുടെ ഓരോ പ്രതിരോധത്തിലും പ്രകടമാണ്. ചരിത്രപരമായ പലസ്തീൻ മണ്ണിൽ അവരുടെ സ്വാഭാവിക അവകാശങ്ങൾ നേടുന്നതിനായി പതിറ്റാണ്ടുകളായി ഫലസ്തീനികൾ വിവിധ പ്രതിരോധ മാർഗങ്ങളും പോരാട്ട രീതികളും ഉപയോഗിച്ചുവരുന്നു, കല അതിൽ മുഖ്യ പങ്കുവഹിക്കുന്നുണ്ട്.



↘ അബെദ് അബ്ദി വരച്ച ചിത്രത്തിനു മുന്നിൽ

**കല ഒരു വ്യക്തിയുടെ ആന്തരികവികാരങ്ങളുടെയും ആഗ്രഹങ്ങളുടെയും പ്രകടനമാണെങ്കിലും, ചിലപ്പോൾ കല അതിജീവനത്തിനുള്ള ഒരു മാർഗവും ചെറുത്തുനില്പിന്റെ ഉപകരണവുമാകാറുണ്ട്.**

ചരിത്രത്തിലുടനീളം, കല പലസ്തീൻ ചെറുത്തുനില്പിൽ ഒരു പ്രധാന ഘടകമായിരുന്നു. ഇത് ആവിഷ്കാരത്തിനുള്ള ഒരു മാർഗമായും രാഷ്ട്രീയ അസ്തിത്വം ഉറപ്പിക്കാനുള്ള ഉപകരണമായും പ്രവർത്തിക്കുന്നു. നിലവിലെ സംഘർഷം പലസ്തീൻ കലാകാരന്മാർക്കിടയിൽ സർഗാത്മകതയുടെ തീജ്വാലകൾ വീണ്ടും ജ്വലിപ്പിച്ചു. കഥകൾ പങ്കിടുന്നതിനും വികാരങ്ങൾ ഉണർത്തുന്നതിനും ആഗോളതലത്തിൽ ഐക്യദാർഢ്യം വളർത്തുന്നതിനും ഈ കരകൗശലവൃത്തി പ്രയോഗിക്കാൻ അവരെ പ്രേരിപ്പിച്ചു.

കല ഒരു വ്യക്തിയുടെ ആന്തരികവികാരങ്ങളുടെയും ആഗ്രഹങ്ങളുടെയും പ്രകടനമാണെങ്കിലും, ചിലപ്പോൾ കല അതിജീവനത്തിനുള്ള ഒരു മാർഗവും ചെറുത്തുനില്പിന്റെ ഉപകരണവുമാകാറുണ്ട്. ഗാസയിലെ റാഫയിൽ നടന്ന കുട്ടികളുടെ ആർട്ട് വർക്ഷോപ്പിൽ പലസ്തീൻ കുട്ടികൾ ബോംബാക്രമണം നടത്തിയ ചരിത്രസ്മാരകങ്ങളുടെ ഓർമകൾ വരച്ചതായ വാർത്തകൾ വന്നിരുന്നു. അവരിൽ പലരും ബോംബ് ആക്രമണങ്ങളെ അതിജീവിക്കാൻ കഴിയാത്ത മഹത്തായ പഴയ രൂപത്തിലുള്ള ഖസ്ർ അൽ-ബാഷ, ഒമാരി മസ്ജിദ് എന്നിവ വരച്ചു. യു.കെയിലെ ചാരിറ്റി ക്രിസ്ത്യൻ എയ്ഡ് ധനസഹായം നല്കുന്ന ഈ പദ്ധതിക്ക് പലസ്തീൻ എൻ.ജി.ഒയായ കൾച്ചർ ആൻഡ് ഫ്രീ തോട്ട് അസോസിയേഷനാണ് നേതൃത്വം നല്കിയത്.

പലസ്തീനിയൻ ദൃശ്യകലാകാരനായ അബെദ് അബ്ദി അഭയാർഥി ക്യാമ്പുകളിൽ താമസിച്ചതിന്റെ ബാല്യകാല ഓർമകൾ തന്റെ കലാസൃഷ്ടികളിൽ ഉപയോഗിക്കുകയുണ്ടായി. 1948-ൽ നക്ബയുടെ സമയത്ത് (1948-ൽ ഇസ്രായേൽ സൈന്യം പലസ്തീനികളെ ഉന്മൂലനം ചെയ്തത്.) പലസ്തീൻ തുറമുഖ നഗരമായ ഹൈഫയിൽനിന്ന് അദ്ദേഹത്തിന് അയൽരാജ്യത്ത് അഭയം തേ


ടേണ്ടിവന്നു. പലസ്തീനിൽ സയണിസ്റ്റ് സേനയുടെ കടുത്ത ഷെല്ലാക്രമണവും താമസക്കാർക്ക് നേരെയുള്ള ആക്രമണങ്ങളും കാരണം ഏകദേശം 750,000 പലസ്തീനികൾ അവരുടെ മാതൃരാജ്യത്തുനിന്ന് ബലമായി കുടിയിറക്കപ്പെട്ടു. പലസ്തീനിലെ ഈ വംശീയ ഉന്മൂലനം നക്ബ എന്ന പേരിൽ അറിയപ്പെടുന്നു. ഇവരിൽ ഭൂരിഭാഗവും അയൽരാജ്യങ്ങളായ ലെബനനിലും സിറിയയിലും അഭയം തേടി.

യുദ്ധത്തെയും പ്രവാസത്തെയും കുറിച്ചുള്ള ഓർമകൾ തന്റെ കലയ്ക്ക് ഉത്തേജകമായി പ്രവർത്തിച്ചതെങ്ങനെയെന്ന് അബ്ദി പറയുന്നത് ഇങ്ങനെയാണ് : "ആ രംഗങ്ങൾ വളരെ വേദനാജനകമാണ്. ആ നിമിഷങ്ങളെക്കുറിച്ചുള്ള എന്റെ ഓർമ എനിക്ക് ഒരു നിധിപോലെയാണ്. ഹൈഫ തുറമുഖത്തെ ജനക്കൂട്ടത്തെ ഞാൻ ഓർക്കുന്നു. ജനങ്ങളുടെ കഷ്ടപ്പാട് ഞാൻ ഓർക്കുന്നു"

ഹൈഫ ആസ്ഥാനമായുള്ള അൽ ഇത്തിഹാദ് പത്രത്തിന്റെയും അൽ ജാദിദ് സാഹിത്യ ജേണലിന്റെയും ചീഫ് ഗ്രാഫിക് ഡിസൈനറായും ചിത്രകാരനായും അബ്ദി പ്രവർത്തിച്ചു. അക്കാലത്തെ പല പ്രശസ്തരായ എഴുത്തുകാർക്കും അദ്ദേഹം ചിത്രങ്ങൾ വരച്ചിരുന്നു. രാജ്യത്തിന്റെ ഭൂതകാലത്തെക്കുറിച്ചും നാടുകടത്തപ്പെട്ട ജനങ്ങളുടെ ചരിത്രത്തെക്കുറിച്ചും പുതിയ തലമുറയിലെ കലാകാരന്മാരുടെ മനസ്സിൽ അവബോധം വളർത്തുക എന്നതായിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യം.

ലെബനനിലെയും സിറിയയിലെയും അഭയാർഥി ക്യാമ്പുകളിലാണ് അബ്ദി കുട്ടിക്കാലം ചെലവഴിച്ചത്. അദ്ദേഹം പറയുന്നു: "ഞാൻ എന്റെ വിഷ്വൽ മെമ്മറി സജീവമാക്കേണ്ട സാഹചര്യമായിരുന്നു എന്നു തിരിച്ചറിഞ്ഞു."അബ്ദിയുടെ പല പെയിന്റിംഗുകളും നക്ബയ്ക്ക് മുമ്പും ശേഷവുമുള്ള ഹൈഫയുടെ ചുറ്റുമുള്ള പ്രദേശങ്ങളെ ചിത്രീകരിക്കുന്നു. അസ്തിത്വത്തിന്റെ പങ്കാളിത്തമായും നമ്മുടെ സാംസ്കാരിക ഉൽപാദനം മെച്ചപ്പെടുത്തുന്നതിനുമാണ് താൻ വിഷ്വൽ ആർട്ട് പരിശീലിക്കുന്നതെന്ന് അബ്ദി പറയുന്നു.

ചാക്കുതുണികൊണ്ട് മറകെട്ടിയാണ് ലെബനനിലെ അഭയാർഥിക്യാമ്പിലെ കുടുംബങ്ങൾതമ്മിൽ വേർതിരിച്ചിരുന്നത്. അദ്ദേഹം ഓർക്കുന്നു. അതിനാൽ, അദ്ദേഹം തന്റെ കൊളാഷിൽ ചാക്കുതുണി വ്യാപകമായി ഉൾപ്പെടുത്തി. കുട്ടിക്കാലത്തെ പലായനത്തിന്റെ ഓർമ്മകളെ അടിസ്ഥാനമാക്കിയുള്ള കല നിർമിക്കാൻ അത് അദ്ദേഹത്തെ പ്രചോദിപ്പിച്ചു.



↘ ലൈല അജ്‌വി വരച്ച ചിത്രത്തിനു മുന്നിൽ

**ക്യാമ്പിന്റെ ഇടുങ്ങിയതും ഒറ്റപ്പെട്ടതുമായ അതിരുകളാണ് ലൈലയെപ്പോലുള്ള അഭയാർഥികളെ ആവിഷ്കാരത്തിനുള്ള മാർഗമായി മങ്ങിയ മതിലുകളിലേക്കും കെട്ടിടങ്ങളിലേക്കും തിരിയാൻ പ്രേരിപ്പിക്കുന്നത്.**



പലസ്തീനിൽനിന്നുള്ള ഡിജിറ്റൽ, ഗ്രാഫിറ്റി ആർട്ടിസ്റ്റായ ലൈല അജ്ജാവി ഒരു ജൈവ ശാസ്ത്രജ്ഞയായിരുന്നു, പിന്നീട് കലയെ പ്രതിഷേധത്തിന്റെ ഒരു രൂപമായി അവർ സ്വീകരിച്ചു. ജോർദാനിലെ ഒരു അഭയാർഥി ക്യാമ്പിലാണ് ലൈല ജനിച്ചത്. നക്ബയുടെ കാലത്ത് പലായനംചെയ്ത പലസ്തീൻ അഭയാർഥികളെ പാർപ്പിക്കുന്നതിനായി 1951–ലാണ് ഇർബിദ് ക്യാമ്പ് സ്ഥാപിതമായത്. അഭയാർഥി ഭൂതകാലം ലൈലയുടെ കലയിലും പ്രതിഫലിക്കുന്നുണ്ട്. ക്യാമ്പിന്റെ ഇടുങ്ങിയതും ഒറ്റപ്പെട്ടതുമായ അതിരുകളാണ് ലൈലയെപ്പോലുള്ള അഭയാർഥികളെ ആവിഷ്കാരത്തിനുള്ള മാർഗമായി മങ്ങിയ മതിലുകളിലേക്കും കെട്ടിടങ്ങളിലേക്കും തിരിയാൻ പ്രേരിപ്പിക്കുന്നത്. യുവ അഭയാർഥികൾക്ക് കിട്ടുന്ന ആദ്യത്തെ കാൻവാസാണ് അവ.

ഒരു സ്ത്രീയെന്ന നിലയിലും അഭയാർഥിയെന്ന നിലയിലും ലൈലയുടെ സൃഷ്ടികൾ പല വേദികളിലും പ്രദർശിപ്പിക്കപ്പെട്ടിരുന്നു. കൂടാതെ പല അന്താരാഷ്ട്ര മാസികകളിലും അവ ഇടംനേടി. ഒരു കലാകാരിയും പലസ്തീനിയുമായതുകൊണ്ട് തന്റെ ജനതയുടെ ദുരിതങ്ങൾ ലോകത്തിനു മുന്നിൽ അവതരിപ്പിക്കേണ്ട ഉത്തരവാദിത്വം തനിക്കുണ്ടെന്ന് അവർ വിശ്വസിക്കുന്നു. കടുത്ത ബുദ്ധിമുട്ടുകൾക്കിടയിലും, ഈ ചുവർചിത്രങ്ങൾ അഭയാർഥികൾക്ക് സ്വാഭാവിക ജീവിതചര്യ നയിക്കാൻ ആവശ്യമായ പ്രചോദനം നൽകുന്നു.


ചെറുത്തുനിൽപ്പ് അഹിംസാത്മകമാകാം എന്നതിന്റെ തെളിവായി അവരുടെ കലാസൃഷ്ടികൾ നിലകൊള്ളുന്നു. പലപ്പോഴും, നീതി, അവകാശങ്ങൾ, സ്വാതന്ത്ര്യം എന്നിവയ്ക്കായുള്ള പോരാട്ടത്തിനും പരിവർത്തനത്തിനുമുള്ള കൂടുതൽ ഫലപ്രദമായ ഉപകരണമാണ് കല എന്നു തെളിയിക്കുന്നു.

മിഷിഗൺ ആസ്ഥാനമായി പ്രവർത്തിക്കുന്ന മറ്റൊരു പലസ്തീനിയൻ ചിത്രകാരിയായ ജെനിൻ യാസീൻ പറയുന്നത് പലസ്തീനികളെന്ന നിലയിൽ അവർ അവരുടെ കോളനിവത്കൃത അവസ്ഥയുമായി എപ്പോഴും ബന്ധപ്പെട്ടിരിക്കുന്നു എന്നാണ്. അവരുടെ കഷ്ടപ്പാടും വീണ്ടെടുക്കലും ഒരു കലാകാരനെ വൈകാരികമായും ശാരീരികമായും പ്രചോദിപ്പിച്ചുകൊണ്ടിരിക്കും.

ലോകമെമ്പാടുമുള്ള കലാകാരന്മാർ ഈ പലസ്തീൻ കലാകാരന്മാർക്ക് പിന്തുണയും ഐക്യദാർഢ്യവും പ്രകടിപ്പിക്കുന്നു. ഒരു പ്രവാസിയെന്ന നിലയിൽ, പലസ്തീനികളുടെ അവസ്ഥ ലോകത്തോട് പറയണമെന്ന് അവർ കരുതുന്നു. യാസീനിന്റെ കൃതികളുടെ തീവ്ര ഉൽപ്പതിഷ്ണുത്വവും രാഷ്ട്രീയ സ്വഭാവവും കാരണം, റോയൽ ഒന്റാറിയോ മ്യൂസിയം ജെനിനോട് 'പലസ്തീൻ', 'പ്രവാസം' എന്നീ വാക്കുകൾ അവരുടെ കൃതികളിൽനിന്ന് നീക്കംചെയ്യാൻ ആവശ്യപ്പെടുകയുണ്ടായി.

കലാപത്തിനും അരാജകത്വത്തിനും എതിരായ ചെറുത്തുനില്പിന്റെ ഒരു മാർഗമായി കലയെ സ്വീകരിക്കുന്നത് കലാകാരന്മാർ മാത്രമല്ല, യുദ്ധത്തിന്റെ ആഘാതത്തിൽനിന്ന് രക്ഷപ്പെടാൻ കലയിൽ അഭയം തേടുന്ന കുട്ടികളെയും നമുക്ക് കാണാം. ഇസ്രയേലിന്റെ ബോംബുകളിൽനിന്ന് അഭയംതേടിയ പലസ്തീൻ കുട്ടികൾക്കായി യൂത്ത് പലസ്തീൻ പ്രവർത്തകർ അൽ-ഷിഫ ആശുപത്രിയിൽ കലാപ്രവർത്തന ക്യാമ്പുകൾ സംഘടിപ്പിക്കുകയുണ്ടായി. ഈ ക്യാമ്പിൽ പങ്കെടുത്ത അഭയാർഥി കുട്ടികൾ പലസ്തീൻ പതാകയും നഷ്ടപ്പെട്ട വീടുകളുമാണ് ചിത്രീകരിച്ചത്. ഗാസയിലെ ബോംബാക്രമണ സമയത്ത് കുട്ടികളുടെ മാനസികാവസ്ഥ ഉയർത്താനുള്ള ശ്രമമായാണ് ഈ ക്യാമ്പ് സംഘടിപ്പിച്ചത്.

ഇസ്രയേൽ ബോംബാക്രമണവും നാശനഷ്ടങ്ങളും കാരണം ഗാസ മുനമ്പിലെ പ്രായമായവർ മുതൽ കുട്ടികൾ വരെ എല്ലാവരും നരകത്തിലൂടെയാണ് കടന്നുപോകുന്നതെന്ന് സംഘാടകരിലൊരാളായ നദീം ഹമീദ് ജാദ് പറഞ്ഞു.



**പലസ്തീനിയൻ ചിത്രകാരിയായ ജെനിൻ യാസീൻ പറയുന്നത് പലസ്തീനികളെന്ന നിലയിൽ അവർ അവരുടെ കോളനിവത്കൃത അവസ്ഥയുമായി എപ്പോഴും ബന്ധപ്പെട്ടിരിക്കുന്നു എന്നാണ്.**



↘ ജെനിൻ യാസീൻ

ഇത്തരം കലപരമായ വിനോദങ്ങളിൽ ഏർപ്പെടുന്നതിലൂടെ അവരുടെ ഭയങ്ങൾ കുറച്ചുനേരത്തെങ്കിലും മാറ്റിവയ്ക്കാൻ അവരെ സഹായിച്ചേക്കാം. അങ്ങനെ ആക്രമണോത്സുകമായ രാഷ്ട്രീയ ധ്രുവീകരണത്തിന്റെയും അക്രമത്തിന്റെയും സമയത്ത്, പലസ്തീനികൾ പരസ്പരം ബന്ധപ്പെടാനും അനുഭവങ്ങൾ പങ്കിടാനും പലസ്തീൻ സംസ്കാരവും സ്വത്വവും സംരക്ഷിക്കാനും കല ഒരു ഉപാധിയാകുന്നു. ചിത്രരചനയിലൂടെ മാത്രമല്ല, ഫോട്ടോഗ്രാഫിയിലൂടെയും ഡോക്യുമെന്ററികളിലൂടെയും പലസ്തീൻ ചെറുത്തുനില്പിന്റെ ഒഴിച്ചുകൂടാനാവാത്ത ഘടകമായ അവരുടെ രാഷ്ട്രീയ അസ്തിത്വം ഊട്ടിയുറപ്പിക്കാനും സമാധാനത്തിന്റെ സന്ദേശം പ്രചരിപ്പിക്കാനുമുള്ള ഒരു ഉപകരണമായും മാറുകയാണ്. ❍

*(ലേഖിക: പശ്ചിമബംഗാളിലെ രാംപൂർഹട്ട് കോളെജിലെ ഇംഗ്ലീഷ് വിഭാഗം അസിസ്റ്റന്റ് പ്രഫസറാണ്).*



എം.കെ.ജോർജ്

# സമാധാനത്തിന്റെ വക്താക്കളാകാൻ തയ്യാറല്ലേ?



സമകാലികലോകം അസ്വസ്ഥതകളാലും അനിശ്ചിതത്വങ്ങളാലും നിറഞ്ഞിരിക്കുന്നു. ദിനപത്രങ്ങളും ദൃശ്യമാധ്യമങ്ങളും സാമൂഹിക മാധ്യമങ്ങളും നമുക്കുമുന്നിൽ അവതരിപ്പിക്കുന്നത് പ്രകൃതി ദുരന്തങ്ങളുടെയും യുദ്ധങ്ങളുടെയും സാമൂഹിക അസ്വസ്ഥതകളുടെയും ദുരന്തചിത്രമാണ്. നിരന്തരമായ ഈ സമ്മർദ്ദം മാനസികാരോഗ്യത്തെ ഗുരുതരമായി ബാധിക്കുന്നതായി കാണാം. വർധിച്ചുവരുന്ന മാനസികരോഗികളുടെ എണ്ണം ഇതിന്റെ തെളിവാണ്.

മലയാളികളായ നമുക്ക് അടുത്തിടെ വയനാട്ടിൽ നടന്ന ദുരന്തം മതി ഒരു ജീവിതായുസ്സ് മുഴുവൻ ദുഃഖിക്കാൻ. നൂറുകണക്കിന് മനുഷ്യജീവിതങ്ങൾ ഒഴുകി മണ്ണിലടിഞ്ഞതും, ഇനിയും കെട്ടിപ്പടുക്കേണ്ട ജീവിതങ്ങളും. മനോഹരിയായ പ്രകൃതി ഇന്നു വെറും ഒരു ചെളിച്ചാലായി മാറിയിരിക്കുന്നു. കുട്ടികൾ ചിരിച്ചുകളിച്ചു ഓടിനടന്നിരുന്ന ഇടത്ത് ഇന്നു വെറും ചെളിയും ബാക്കി നിൽക്കുന്ന ഒരു ദുരന്ത ഓർമയായി ഒറ്റ കെട്ടിടവും. ഇതൊക്കെ കാണുന്ന, ചിന്തിക്കുന്ന ആരും തളർന്നുപോകും.

എന്നാലും നാമോരുത്തരും വിളിക്കപ്പെട്ടിരിക്കുന്നതു സമാധാനം അനുഭവിക്കാനും, സമാധാനത്തിന്റെ വക്താക്കൾ ആകാനുമല്ലേ?

ചുറ്റും നടക്കുന്ന അസ്വസ്ഥകളുടെ മുൻപിൽ നിസ്സഹായരാകുമ്പോഴാണ് നമ്മുടെ സമാധാനം കെടുന്നത്. നാം കാണുകയും കേൾക്കുകയും അനുഭവിക്കുകയുംചെയ്യുന്ന ദുരന്തങ്ങളുടെ മുൻപിൽ നിർമമതയോടെ നില്ക്കാൻ പഠിക്കുമ്പോഴാണ് സമാധാനത്തിന്റെ സ്പന്ദനങ്ങൾ നാം അറിയുന്നത്.

ശ്രീബുദ്ധൻ പഠിപ്പിച്ച പാഠങ്ങൾ എല്ലാവരും മറക്കുന്നു. ദുഃഖാനുഭവങ്ങൾ സർവസാധാരണമാണ്. തന്റെ ഒരേയൊരു കുഞ്ഞു മരിച്ചതിൽ ഹൃദയംതകർന്നു ശ്രീബുദ്ധനെ സമീപിച്ച സ്ത്രീയോട് അദ്ദേഹം പറഞ്ഞത് ഓർക്കണം. ഒരു മരണമെങ്കിലും നടക്കാത്ത ഒരു വീട്ടിൽനിന്ന് കുറച്ചു ധാന്യങ്ങൾ വാങ്ങിവരുക. ദിവസങ്ങളോളം വീട് കയറിയിറങ്ങിയ സ്ത്രീ തിരിച്ചുവന്നത് മനസ്സ് മാറി ആയിരുന്നു. ദുഃഖമില്ലാത്ത വീടുകളില്ല, നാടുകളില്ല. അംഗീകരിക്കുമ്പോൾ ദുഃഖങ്ങൾക്കു നിറം മാറുന്നു, കാഠിന്യം കുറയുന്നു. മനസ്സിന് ശാന്തത ഉണ്ടാവുന്നു.

യേശുവിന്റെ പാഠങ്ങളും ഓർക്കണം. പീഡാനുഭവത്തിന്റെ നടുവിലും കുരിശുമരണത്തിലും ശാന്തിയും സമചിത്തതയും കണ്ടെത്തിയ യേശു എനിക്കും നിങ്ങൾക്കും അപ്രാപ്യനല്ല. 'ഞാൻ ഇതാ ഇപ്പോഴും നിങ്ങളുടെ കൂടെയുണ്ട്' എന്ന ഒറ്റ വാക്ക് വിശ്വസിച്ചു ജീവിച്ചാൽ മതി നമ്മുടെയൊക്കെ ജീവിതങ്ങൾക്ക് അവിശ്വസനീയമായ മാറ്റങ്ങൾ വരും.

ഇതേപോലെ എത്ര മഹനീയവ്യക്തിത്വങ്ങൾ നമ്മുടെ മുൻപിലുണ്ട്. കണ്ണുതുറന്നുകാണാനായാൽ അദ്ഭുതങ്ങൾ കാണാനാവും. എന്നെ സ്പർശിച്ച, സ്പർശിക്കുന്ന ചില പേരുകൾ കൂടി ചേർക്കുന്നു. മഹാത്മാ ഗാന്ധി, മാർട്ടിൻ ലൂതർ കിംഗ്, ദലൈ ലാമ, മദർ തെരേസ, അതേപോലെ ഇന്നു ജീവിച്ചു സേവനംചെയ്യുന്ന സാധാരണ മനുഷ്യർ. വയനാട്ടിൽ ഓടിയെത്തിയ രക്ഷകർ. ഒരു ആദിവാസി കുടുംബത്തെ രക്ഷിക്കാനായി ത്യാഗംചെയ്ത നാലു വനപാലകർ. ഉദാഹരണങ്ങൾ നമ്മുടെ ചുറ്റുമുണ്ട്. കണ്ണുതുറന്നു നോക്കിയാൽ മാത്രം മതി. അതെ, അകക്കണ്ണ് തുറക്കണം.

തോമസ് മെർട്ടൻ നമ്മളെ ഓർമിപ്പിക്കുന്നു: "സമാധാനം ആവശ്യപ്പെടുന്നത് ഏറ്റവും ധീരമായ അധ്വാനവും ഏറ്റവും പ്രയാസമേറിയ ത്യാഗവുമാണ്. അത് സത്യത്തോടുള്ള കൂടുതൽ വിശ്വസ്തതയും മനഃസാക്ഷിയുടെ കൂടുതൽ പരിപൂർണവുമായ ശുദ്ധിയും ആവശ്യപെടുന്നു."

എന്നിലും, എനിക്കു ചുറ്റുമെങ്കിലും അല്പം സമാധാനം സൃഷ്ടിക്കാനുള്ള ശ്രമങ്ങളും വിജയ പരാജയങ്ങളും വലിയ ചലനങ്ങൾക്കു കാരണമാവാം. ലോകത്തിന്റെ ഒരുഭാഗത്ത് ഒരു ചിത്രശലഭം ചിറകുവിടർത്തുമ്പോൾ, അതിനു ലോകത്തിന്റെ മറ്റൊരുഭാഗത്ത് ഒരു ചുഴലിക്കാറ്റ് സൃഷ്ടിക്കാൻ കഴിയുമെങ്കിൽ, സമാധാനം നിറഞ്ഞ ഒരു ആത്മാവിന് ലോകമെമ്പാടും സമാധാനത്തിന്റെ തരംഗങ്ങൾ സൃഷ്ടിക്കാൻ കഴിയും. എന്റെ ഉള്ളിലും എന്റെ ചുറ്റുപാടിലും സമാധാനം സൃഷ്ടിക്കാനും പുലർത്താനുമുള്ള വിളി കേൾക്കുമെങ്കിൽ വലിയ അദ്ഭുതങ്ങൾക്കു ഈ ലോകം സാക്ഷിയാകും. വരുംകാലം സാധാരണക്കാരന്റെ ത്യാഗത്തിന്റെ കഥകൾ കേൾക്കണം.

# സ്വർണ്ണത്തിന്റെ യഥാർത്ഥ മൂല്യം തിരിച്ചറിയൂ...

**സാമ്പത്തിക ബുദ്ധിമുട്ടുകളോട് ഗുഡ്ബൈ പറയൂ...**



വീട്ടിൽ **സ്വർണം** വെച്ചിട്ടെന്തിനീ... **കാശിനു** വേണ്ടി നടപ്പൂ?

OGL Online Gold Loan
Convenient • Liquid • Fully Insured

**OGL ആപ്പ് ഇൻസ്റ്റാൾ ചെയ്യൂ, ഓൺലൈൻ ഗോൾഡ് ലോൺ സേവനം വഴി നിങ്ങളുടെ ഫോണിലൂടെ എവിടെ ഇരുന്നും ഗോൾഡ് ലോൺ നേടൂ.**

- 24 മണിക്കൂർ OGL സേവനങ്ങൾ 24/7 / തിരിച്ചടവിനും ടോപ്പ് അപ്പിനും OGL സൗകര്യം.
- നിങ്ങളുടെ നിലവിലുള്ള ഗോൾഡ് ലോൺ ഏത് ബാങ്കിൽ നിന്നും / എൻബിഎഫ്സിയിൽ നിന്നും മണപ്പുറം ഫൈനാൻസിലേയ്ക്ക് മാറ്റുവാൻ ടേക്ക് ഓവർ സൗകര്യം.
- പണയദിവസങ്ങൾക്ക് മാത്രം പലിശ. മിനിമം 7/15 ദിവസത്തെ പലിശ തുടങ്ങിയ നിബന്ധനകൾ ഇല്ല.
- ഡൊമസ്റ്റിക് മണി ട്രാൻസ്ഫർ വഴി ഇന്ത്യയിൽ ഏത് ബാങ്ക് അക്കൗണ്ടിലേയ്ക്കും നിമിഷങ്ങൾക്കകം ക്യാഷ് ട്രാൻസ്ഫർ ചെയ്യാം.
- ഞങ്ങളുടെ ശാഖകൾ വഴി വിദേശത്ത് നിന്നും തൽക്ഷണം പണം സ്വീകരിക്കാം (മണി ട്രാൻസ്ഫർ സർവീസ് സ്കീം)

**നിങ്ങൾ അധിക വരുമാനം ആഗ്രഹിക്കുന്നുണ്ടോ...?**
**ബിസിനസ്സ് അസോസിയേറ്റായി** ഞങ്ങൾക്കൊപ്പം ചേരൂ. പരിധികളില്ലാത്ത വരുമാനം ജീവിതകാലം മുഴുവൻ നേടുവാൻ അവസരം കണ്ടെത്തൂ.

**മണപ്പുറം ഫിനാൻസ് ലിമിറ്റഡ്**
Make Life Easy

OGL Online Gold Loan 24/7
7594999984 Toll Free : 1800 420 22 33
manappuramfinanceltd www.manappuram.com

EZHUTHU CHINTHIKKUNNA HRUDAYANGALKKU
VOL. 9 / ISSUE 11/ 2024 SEPTEMBER / PRICE ₹ 40

Registered KL/EKM/746/2022-24
RNI REG. NO. KERMAL/2015/65234

MALAYALAM MONTHLY/ KOCHI
NO. OF PAGES: 76/ DATE OF PUBLICATION: 03-09-2024

Licence No. : KL/CR/EKM/WPP-2/2022-24 Licensed to Post Without Prepayment




Printed and Published by Binoy Jacob; On behalf of Loyola Peace Trust; Published from Loyola Research Institute of Peace and International Relations Ponoth Road, Kaloor, Kochi-7, Ernakulam. Printed at Sterling Print House Pvt. Ltd., Ponekkara, Cheranelore Road, Cochin-682041. Editor : Biju George